
07
വെള്ളി
ജനുവരി 2022
1197 ധനു 23
Vol 4 Issue No 57

# കേരള പ്രണാമം

സത്യം വദ ധർമ്മം ചര

തിരുവനന്തപുരം കൊല്ലം പത്തനംതിട്ട ആലപ്പുഴ കോട്ടയം ഇടുക്കി എറണാകുളം തൃശൂർ പാലക്കാട് മലപ്പുറം കോഴിക്കോട് വയനാട് കണ്ണൂർ കാസർഗോഡ്

₹ 7.50
പേജ് 20
www.keralapranamam.com
infokeralapranamam@gmail.com



# സുരക്ഷാ വീഴ്ച; രാഷ്ട്രപതിയുമായി കൂടിക്കാഴ്ച നടത്തി പ്രധാനമന്ത്രി

**ന്യൂഡൽഹി:** പഞ്ചാബിലെ ഹൈവേയിൽ പ്രധാനമന്ത്രി നേരിട്ട സുരക്ഷാവീഴ്ചയിൽ രാഷ്ട്രപതി രാം നാഥ് കോവിന്ദ് ആശങ്ക അറിയിച്ചതിനെത്തുടർന്ന് രാഷ്ട്രപതി ഭവനിലെത്തി നേരിട്ട് സംഭവം വിശദീകരിച്ച് പ്രധാനമന്ത്രി നരേന്ദ്ര മോദി. നാൽപ്പത് മിനിട്ട് നീണ്ട കൂടിക്കാഴ്ചയിൽ പഞ്ചാബിലെ സംഭവങ്ങൾ വിശദമായി തന്നെ അദ്ദേഹം രാഷ്ട്രപതിയെ അറിയിച്ചു. ഗുരുതരമായ വീഴ്ചയാണുണ്ടായതെന്ന് രാഷ്ട്രപതി പ്രതികരിച്ചിരുന്നു. ഉപരാഷ്ട്രപതി വെങ്കയ്യ നായിഡുവും സംഭവത്തിൽ ആശങ്ക വ്യക്തമാക്കിയിരുന്നു. കഴിഞ്ഞ ദിവസം കർഷകരുടെ റോഡ് ഉപരോധത്തെ തുടർന്ന് പഞ്ചാബിൽ പ്രധാനമന്ത്രി നരേന്ദ്രമോദിയുടെ വാഹനവ്യൂഹം ഇരുപത് മിനിട്ടോളം ഫ്ളൈ ഓവറിൽ കുടുങ്ങിയിരുന്നു. തുടർന്ന് യാത്രപൂർത്തിയാക്കാതെ പ്രധാനമന്ത്രി തിരിച്ചുപോയി. വൻസുരക്ഷാ വീഴ്ചയിൽ പഞ്ചാബിലെ കോൺഗ്രസ് സർക്കാരിനോട് കേന്ദ്രം വിശദീകരണം തേടിയിരുന്നു. ഉത്തരവാദികളായവർക്കെതിരെ കർശന നടപടി എടുക്കാൻ കേന്ദ്ര ആഭ്യന്തര മന്ത്രാലയം നിർദ്ദേശിച്ചു. പന്നാലെ ക്രമസമാധാന ചുമതല വഹിച്ചിരുന്ന പൊലീസ് സീനിയർ സൂപ്രണ്ട് ഹർമാൻ ഹാൻസിനെ ഡി.ജി.പി സസ്പെൻഡ് ചെയ്തു. അതേസമയം, സംഭവത്തെക്കുറിച്ച് അന്വേഷിക്കാൻ പഞ്ചാബ് സർക്കാർ ഉന്നതതല സമിതിയെ നിയോഗിച്ചിരിക്കുകയാണ്. മൂന്ന് ദിവസത്തിനകം റിപ്പോർട്ട് സമർപ്പിക്കണമെന്നാണ് നിർദേശം. പഞ്ചാബ്- ഹരിയാന ഹൈക്കോടതി റിട്ടയേർഡ് ജസ്റ്റിസ് മെഹ്താബ് ഗിൽ, ആഭ്യന്തര, നീതിന്യായ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി അനുരാഗ് വർമ എന്നിവരാണ് സമിതിയിലുള്ളത്. ഹുസൈനിവാലയിലെ രക്തസാക്ഷി സ്മാരകം സന്ദർശിക്കാനും 42,750കോടി രൂപയുടെ വികസന പദ്ധതികൾക്ക് തുടക്കമിടാനും ഫിറോസ്പൂരിലെ പാർട്ടി റാലിയിൽ പങ്കെടുക്കാനുമാണ് പ്രധാനമന്ത്രി പഞ്ചാബിൽ എത്തിയത്. സംസ്ഥാനത്തെ വലിയ കർഷക സംഘടനയായ ഭാരതീയ കിസാൻ യൂണിയന്റെ നേതൃത്വത്തിൽ പ്രധാനമന്ത്രിയുടെ സന്ദർശനത്തിനെതിരെ നിരവധി കേന്ദ്രങ്ങളിൽ റോഡ് ഉപരോധം പ്രഖ്യാപിച്ചിരുന്നു. എന്നാൽ സുരക്ഷാവീഴ്ച ഉണ്ടായിട്ടില്ലെന്നും മോദിയുടെ റാലിയ്ക്ക് ആളില്ലാതിരുന്നതു കൊണ്ടാണ് പരിപാടി റദ്ദാക്കേണ്ടി വന്നതെന്നുമാണ് കോൺഗ്രസിന്റെയും സംസ്ഥാന സർക്കാരിന്റെയും നിലപാട്.



# എം ശിവശങ്കറിന് പദവി; സ്പോർട്സ് യുവജനക്ഷേമ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിയായി ചുമതല

**തിരുവനന്തപുരം : തിരുവനന്തപുരം : എം ശിവശങ്കർ സ്പോർട്സ് യുവജനക്ഷേമ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിയാകും. ഒന്നര വർഷത്തിന് ശേഷമാണ് എം ശിവശങ്കർ സർവീസിൽ തിരിച്ചെത്തിയത്. ചൊവ്വാഴ്ച യാണ് ശിവശങ്കറിനെ തിരിച്ചെടുത്തത്. സസ്പെൻഷൻ പിൻവലിച്ചുകൊണ്ടുള്ള ഉത്തരവ് കൈപ്പറ്റാൻ എം ശിവശങ്കർ ഇന്നലെ സെക്രട്ടറിയേറ്റിൽ എത്തിയിരുന്നു. നയതന്ത്രചാനൽ വഴിയുള്ള സ്വർണ കടത്തു കേസിലെ പ്രതികളുമായുള്ള ബന്ധം പുറത്തുവന്നതോടെയാണ് എം ശിവശങ്കറിനെ സസ്പെൻഡ് ചെയ്തത്. കഴിഞ്ഞ വർഷം ജൂലൈ 16നായിരുന്നു സസ്പെൻഷൻ. പിന്നീട് കസ്റ്റംസും, എൻഫോഴ്സമെൻറും, വിജിലൻസും നടത്തിയ അന്വേഷണത്തിൽ ശിവശങ്കർ പ്രതിയായി. സ്വർണക്കടത്ത് കേസിലും, ലൈഫ് മിഷൻ അഴിമതിക്കേസിലുമാണ് പ്രതിചേർത്തത്.**

**2023 ജനുവരിയിൽ ശിവശങ്കർ വിരമിക്കും. സ്വർണക്കടത്ത് കേസിൽ 98 ദിവസമാണ് ശിവശങ്കർ ജയിലിൽ കഴിഞ്ഞത്.**



# രാജ്യത്ത് കൊവിഡ് വ്യാപനം രൂക്ഷം, മുംബയിൽ 20000 കടന്ന് രോഗികൾ, ഡൽഹിയിൽ രോഗം സ്ഥിരീകരിച്ചത് 15097 പേർക്ക്

**ന്യൂഡൽഹി:** രാജ്യത്ത് കൊവിഡ് വ്യാപനം രൂക്ഷമാകുന്നതിനിടെ ഡൽഹിയിലും മുംബയിലും രോഗികളുടെ എണ്ണത്തിൽ വൻവർദ്ധന. ഡൽഹിയിൽ വ്യാഴാഴ്ച 15,097 പേർക്കാണ് കൊവിഡ് സ്ഥിരീകരിച്ചത്. എട്ട് മാസത്തിനിടയിലെ ഏറ്റവും വലിയ പ്രതിദിന കണക്കാണിത്. കഴിഞ്ഞ ദിവത്തെക്കാൾ 41 ശതമാനം വർദ്ധനയാണ് രോഗികളുടെ എണ്ണത്തിൽ ഉണ്ടായത്. 15.34 ശതമാനമാണ് ടെസ്റ്റ് പോസിറ്റിവിറ്റി നിരക്ക്. നിലവിൽ 1091 പേരാണ് ആശുപത്രിയിൽ കഴിയുന്നത്. മുംബയിൽ 20,181 പേർക്കാണ് ഇന്ന് കൊവിഡ് സ്ഥിരീകരിച്ചത്. കഴിഞ്ഞ 24 മണിക്കൂറിനുള്ളിൽ നാല് മരണങ്ങളും റിപ്പോർട്ട് ചെയ്തു. 500 കെട്ടിടങ്ങൾ നഗരത്തിൽ സീൽ ചെയ്തു. മുംബയിലെ പുതിയ കേസുകളിൽ 85 ശതമാനത്തിനും ലക്ഷണങ്ങളുണ്ടായിരുന്നില്ല.1170 പേരെയാണ് ആശുപത്രിയിൽ പ്രവേശിപ്പിച്ചത്. ഇതിൽ 106 പേർക്ക് ഓക്സിജൻ കിടക്കകൾ ആവശ്യമായി വന്നു. ഒമിക്രോൺ കേസുകളിലും മഹാരാഷ്ട്രയാണ് മുന്നിലുള്ളത്. കൊവിഡ് കേസുകൾ വർധിക്കുന്ന പശ്ചാത്തലത്തിൽ ഉത്തർപ്രദേശ് തലസ്ഥാനമായ ലക്നൗവിൽ നിരോധനാജ്ഞ ഏർപ്പെടുത്തി. നിയന്ത്രണങ്ങളുടെ ഭാഗമായി രാത്രി കാല കർഫ്യൂ ഏർപ്പെടുത്തിയിട്ടുണ്ട്. രാത്രി പത്ത് മണി മുതൽ രാവിലെ ആറ് വരെയാണ് രാത്രി കർഫ്യു ഏർപ്പെടുത്തിയത്. കർണാടകയിൽ വാരാന്ത്യ കർഫ്യൂ ഫെബ്രുവരി ആദ്യ ആഴ്ച വരെ നീട്ടി . ബെംഗളൂരു നഗരത്തിലെ സ്കൂളുകളും കോളേജുകളും അടച്ചു. ബസ്, മെട്രോ സർവീസുകൾ വെട്ടിച്ചുരുക്കി. വാരാന്ത്യങ്ങളിൽ മദ്യഷോപ്പുകളും അടച്ചിടാൻ സർക്കാർ തീരുമാനിച്ചു.മൂന്നര ശതമാനത്തിന് അടുത്താണ് കർണാടകയിൽ നിലവിൽ ടി.പി.ആർ. വരുന്ന ആറ് ആഴ്ച അതീവജാഗ്രത തുടരണമെന്നാണ് ആരോഗ്യവകുപ്പിൻറെ നിർദേശം.

# സിൽവർ ലൈൻ പദ്ധതി: സർവേ നടത്താതെ ഭൂമി ഏറ്റെടുക്കുന്നത് എങ്ങനെയെന്ന് സർക്കാരിനോട് കോടതി




**കൊച്ചി:** സിൽവർ ലൈൻ പദ്ധതിക്കായി സർവേ നടത്താതെ 955 ഹെക്ടർ ഭൂമി ഏറ്റെടുക്കുന്നത് എങ്ങനെയെന്ന് ഹൈക്കോടതി. സ്ഥലം ഏറ്റെടുക്കൽ നടപടികൾ റദ്ദാക്കണമെന്ന് ആവശ്യപ്പെട്ട് ഭൂവുടമകൾ നൽകിയ ഹർജി പരിഗണിക്കുമ്ബോഴായിരുന്നു കോടതിയുടെ ചോദ്യം. ശരിയായ സർവേ നടത്താതെ ഏറ്റെടുക്കേണ്ട ഭൂമിയുടെ വിശദാംശങ്ങൾ എങ്ങനെ ലഭിച്ചെന്നും കോടതി ചോദിച്ചു സ്ഥലം ഏറ്റെടുക്കുന്നതിനുള്ള സംസ്ഥാന സർക്കാർ വിജ്ഞാപനം നിയമവിരുദ്ധമെന്ന് ആരോപിച്ചാണ് കോട്ടയം ഏറ്റുമാനൂർ സ്വദേശികളായ നാലുപേർ കോടതിയെ സമീപിച്ചത്. കേന്ദ്ര അനുമതിയില്ലാതെ റെയിൽവെ പദ്ധതികൾക്കായി സംസ്ഥാന സർക്കാരിന് ഭൂമി ഏറ്റെടുക്കാനാവില്ലെന്ന് ഹർജിക്കാർ ചൂണ്ടിക്കാട്ടി. ഭൂമി ഏറ്റെടുക്കാനുള്ള അധികാരം കേന്ദ്രസർക്കാരിനാണെന്നും ഹർജിയിൽ പറയുന്നു. സ്ഥലം ഏറ്റെടുക്കൽ നടപടികൾക്കുള്ള വിജ്ഞാപനം അടിയന്തരമായി സ്റ്റേ ചെയ്യണമെന്നും ഹർജിയിൽ ആവശ്യപ്പെടുന്നു. ഹർജി ഹൈക്കോടതി ബുധനാഴ്ച പരിഗണിക്കാനായി മാറ്റി.


കേരള പ്രണാമം
editorialkeralapranamam@gmail.com

രാഹുകാലം : 07.30 to 09 .00 am
ഗുളികകാലം : 01.30 to03.00 Pm
യമകണ്ടകകാലം : 10.30 to 12.00 pm

സത്യം വദഃ ധർമ്മം ചരഃ

## നേർക്കാഴ്ച

ലോകത്തിന്റെ
വെളിച്ചമാണ് പുസ്തകങ്ങൾ



മഹാത്മാ ഗാന്ധി

## ഈ വീഴ്ച അതീവഗുരുതരമാണ്

പ്രധാനമന്ത്രി നരേന്ദ്ര മോദിയുടെ പഞ്ചാബ് സന്ദർശനത്തിലുണ്ടായ വൻ സുരക്ഷാ പാളിച്ച അതീവ ഗൗരവകരമായി കാണേണ്ടതാണ്. പ്രധാനമന്ത്രിയുടെ വാഹനവ്യൂഹം ഉണ്ടായിരുന്ന അതേ റൂട്ടിൽ പ്രതിഷേധക്കാർക്കും എത്താനായി എന്നതാണ് ആശങ്കയുണ്ടാക്കുന്ന കാര്യം. ഇരുപതു മിനിറ്റോളം വഴിയിൽ കുടുങ്ങിയ മോദി സന്ദർശനത്തിലെ പരിപാടികൾ മാറ്റിവച്ച് ഡൽഹിക്കു മടങ്ങുകയായിരുന്നു. പ്രധാനമന്ത്രിക്കെതിരേ വധശ്രമമാണു നടന്നതെന്നു ബിജെപി ആരോപിക്കുന്നുണ്ട്. സുരക്ഷാ പാളിച്ച മൂലമല്ല, കാണികളില്ലെന്നു കണ്ടാണ് പ്രധാനമന്ത്രിയുടെ പരിപാടികൾ മാറ്റിയതെന്നു സംസ്ഥാനം ഭരിക്കുന്ന കോൺഗ്രസും ആരോപിക്കുന്നു. നിയമസഭാ തെരഞ്ഞെടുപ്പ് പടിവാതിലിൽ എത്തിനിൽക്കെ സുരക്ഷാ വീഴ്ചയെച്ചൊല്ലിയുള്ള രാഷ്ട്രീയ തർക്കങ്ങൾ ശക്തമായി ഉണ്ടാകാം. എന്നാൽ, അതിനും ഉപരിയായി കണക്കിലെടുക്കേണ്ട വിഷയമാണ് പ്രധാനമന്ത്രിയുടെ വഴി തടസപ്പെടുത്താൻ ഒരു സംഘം ആളുകൾക്കു കഴിഞ്ഞു എന്നത്.

രാജ്യത്തിന്റെ ഭരണനായകനാണു പ്രധാനമന്ത്രി. ഏതു വിഭാഗത്തിൽ പെട്ടവരായാലും, രാഷ്ട്രീയ നിറം എന്തായാലും അതൊക്കെ മാറ്റിവച്ച് ആദരവു നൽകേണ്ട കസേരയാണത്. തെരഞ്ഞെടുപ്പു കഴിഞ്ഞാൽ രാജ്യത്തെ മുഴുവൻ ആളുകളെയും പ്രതിനിധാനം ചെയ്യുന്ന നേതാവാണു പ്രധാനമന്ത്രി. ലോകത്തെ ഏറ്റവും ശക്തമായ ജനാധിപത്യം നിലനിൽക്കുന്ന രാജ്യത്ത് അദ്ദേഹത്തിന്റെ സുരക്ഷ പാളുന്നു എങ്കിൽ അതു നിസാരമായി കാണാനേ കഴിയില്ല. ആര്, എങ്ങനെയൊക്കെ പ്രവർത്തിച്ചതുകൊണ്ടാണ് ഇങ്ങനെയൊരു സാഹചര്യം ഉണ്ടായത് എന്നു കണ്ടുപിടിച്ചേ തീരൂ. കുറ്റക്കാർക്കെതിരേ കർശനമായ നടപടിയും സ്വീകരിക്കണം. അതിനു മറ്റൊരു കാരണവും തടസമാവാൻ പാടില്ല.

ആവശ്യത്തിനു സുരക്ഷാ സംവിധാനങ്ങൾ സംസ്ഥാന പൊലീസ് ഒരുക്കിയില്ലെന്ന് കേന്ദ്ര ആഭ്യന്തര മന്ത്രാലയം കരുതുന്നുണ്ട്. ഡിജിപിയുടെ ഉറപ്പിലാണു പ്രധാനമന്ത്രിയുടെ വാഹനവ്യൂഹം നിശ്ചിത റൂട്ടിലൂടെ യാത്ര ആരംഭിച്ചത്. പ്രധാനമന്ത്രി സഞ്ചരിക്കുന്ന റോഡ് സ്വാഭാവികമായും പൊലീസിന്റെ നിയന്ത്രണത്തിലാവണം. ഇവിടെ അതു സംഭവിച്ചിട്ടില്ലെങ്കിൽ സംസ്ഥാന പൊലീസിൻ്റെ അലംഭാവത്തിലേക്കാണു വിരൽ ചൂണ്ടേണ്ടത്. ഹെലികോപ്റ്ററിൽ നിശ്ചയിച്ചിരുന്ന യാത്ര മോശം കാലാവസ്ഥ മൂലം പെട്ടെന്നു റോഡ് മാർഗമാക്കിയതു ചില പ്രശ്നങ്ങൾ ഉണ്ടാക്കിയിട്ടുണ്ടാവാം. എന്നാൽ, പ്രധാനമന്ത്രിയെപ്പോലൊരു വിവിഐപിയുടെ സന്ദർശന പരിപാടികളിൽ ഇത്തരം സാഹചര്യങ്ങൾ പ്രതീക്ഷിക്കണം. അതു മുൻകൂട്ടി കണ്ടു വേണം സുരക്ഷാകാര്യങ്ങൾ ആസൂത്രണം ചെയ്യാൻ. റോഡ് മാർഗമുള്ള യാത്ര പിന്നീട് അറിയിച്ചതാണ് എന്ന സംസ്ഥാന സർക്കാരിൻറെ വിശദീകരണത്തിൽ കാര്യമില്ല എന്നു സാരം. നടപടിക്രമങ്ങൾ അനുസരിച്ച് വളരെ മുൻകൂട്ടി തന്നെ പ്രധാനമന്ത്രിയുടെ സന്ദർശനം സംസ്ഥാന സർക്കാരിനെ അറിയിച്ചിരുന്നുവെന്ന് കേന്ദ്ര ആഭ്യന്തര മന്ത്രാലയം പറയുന്നുണ്ട്.

പഞ്ചാബ് മുൻ മുഖ്യമന്ത്രി അമരീന്ദർ സിങ് ചൂണ്ടിക്കാണിക്കുന്നതു പോലെ പാക്കിസ്ഥാൻ അതിർത്തിയിൽ നിന്ന് 10 കിലോമീറ്റർ മാത്രം ദൂരത്തിലാണു പ്രധാനമന്ത്രിയുടെ സുരക്ഷ ഉറപ്പാക്കാൻ കഴിയാതെ പോയിരിക്കുന്നത്. കേന്ദ്ര സർക്കാരിനെതിരായി നടന്ന ഒരു വർഷക്കാലം നീണ്ട കർഷക പ്രക്ഷോഭത്തിൻറെ അലയൊലികൾ പൂർണമായി അടങ്ങിയിട്ടില്ല. പ്രക്ഷോഭം ഏറ്റവും ശക്തമായിരുന്ന സംസ്ഥാനമാണു പഞ്ചാബ്. മോദിയുടെ പരിപാടിക്കെതിരേ രംഗത്തുവന്നിരുന്ന ചില കർഷക യൂണിയനുകൾ പ്രതിഷേധം സംഘടിപ്പിക്കുമെന്നു മുൻകൂട്ടി പ്രഖ്യാപിക്കുകയും ചെയ്തിരുന്നു. ഇതിനൊക്കെ പുറമേ നിയമസഭാ തെരഞ്ഞെടുപ്പു തീയതി പ്രഖ്യാപിക്കാനിരിക്കുകയുമാണ്. സാഹചര്യങ്ങൾ ഇങ്ങനെയൊക്കെയായതു കൊണ്ടുതന്നെ പ്രത്യേക ശ്രദ്ധ പൊലീസിനു വേണമായിരുന്നു. സുരക്ഷാ? വീഴ്ചയെക്കുറിച്ച് അന്വേഷിക്കാൻ പഞ്ചാബ് സർക്കാർ നിയോഗിച്ചിരിക്കുന്ന പ്രത്യേക സമിതിയുടെ റിപ്പോർട്ട് എല്ലാ സംശയങ്ങൾക്കും വ്യക്തമായ ഉത്തരം നൽകുന്നതാവുമെന്നു പ്രതീക്ഷിക്കാം.

എസ്പിജി നിയമപ്രകാരം പ്രധാനമന്ത്രിയുടെ സുരക്ഷാവീഴ്ചയ്ക്ക് പഞ്ചാബ് പൊലീസ് ഉദ്യോഗസ്ഥർക്കെതിരേ നടപടിയെടുക്കാൻ കേന്ദ്ര സർക്കാരിന് അധികാരമുണ്ട്. കുറ്റക്കാരായ ഉദ്യോഗസ്ഥരെ ഡൽഹിക്കു വിളിച്ചുവരുത്തുക, കേന്ദ്രതല അന്വേഷണം പ്രഖ്യാപിക്കുക തുടങ്ങിയ നടപടികൾ ഇക്കൂട്ടത്തിൽ വരും. വിവിഐപികളുടെ യാത്രകളിൽ എസ്പിജിക്ക് എല്ലാ സഹായവും നൽകാൻ സംസ്ഥാന സർക്കാരിന് ഉത്തരവാദിത്വമുണ്ട്. 2020 ഡിസംബറിൽ ബിജെപി ദേശീയ അധ്യക്ഷൻ ജെ.പി. നഡ്ഡയുടെ വാഹനവ്യൂഹത്തിനു നേരേ പശ്ചിമ ബംഗാളിൽ ആക്രമണം നടന്നപ്പോൾ പൊലീസ് ഉദ്യോഗസ്ഥരെ കേന്ദ്ര സർക്കാർ ഡൽഹിക്കു വിളിച്ചത് രാഷ്ട്രീയ വിവാദമാക്കി മാറ്റുകയായിരുന്നു തൃണമൂൽ കോൺഗ്രസ്. പ്രധാനമന്ത്രിയുടെ സുരക്ഷാ വീഴ്ചയുമായി ബന്ധപ്പെട്ടുള്ള നടപടികളിൽ എന്തായാലും അത്തരത്തിലുള്ള രാഷ്ട്രീയ വിവാദങ്ങളല്ല ഉണ്ടാകേണ്ടത്.



# പ്രധാനമന്ത്രിക്കായി പ്രത്യേക പ്രാർത്ഥന നടത്തി ലുലു ഗ്രൂപ്പ് ചെയർമാൻ എം എ യൂസഫ് അലി

**കൊച്ചി:** പ്രധാനമന്ത്രി നരേന്ദ്രമോദിക്കായി പ്രത്യേക പ്രാർത്ഥന നടത്തി പ്രമുഖവ്യവസായിയും ലുലു ഗ്രൂപ്പ് ചെയർമാനുമായ എം എ യൂസഫ് അലി.ടിറ്ററിലൂടെയാണ് അദ്ദേഹം ഇക്കാര്യം വ്യക്തമാക്കിയത്. പഞ്ചാബിൽ പ്രധാനമന്ത്രിയുടെ യാത്ര തടസപ്പെട്ടത് ദുഖകരവും ദൗർഭാഗ്യകരവുമാണെന്നും അദ്ദേഹം പറഞ്ഞു.'നമ്മുടെ ബഹുമാനപ്പെട്ട പ്രധാനമന്ത്രി നരേന്ദ്രമോദിജിയുടെ റോഡ് യാത്ര പഞ്ചാബിൽ താറുമാറായി. നമ്മുടെ രാജ്യത്തെ നയിക്കുന്നത് തുടരാനും ഭാവി തലമുറയ്ക്കായി മികച്ച പ്രവർത്തനം നടത്താൻ പ്രധാനമന്ത്രിക്ക് നല്ല ആരോഗ്യവും ദീർഘായുസും നൽകുന്നതിനായി ഞങ്ങൾ പ്രത്യേക പ്രാർത്ഥനകൾ നടത്തി'-അദ്ദേഹം ടിറ്ററിൽ കുറിച്ചു.

**It was very sad & unfortunate that our Hon'ble PM Shri @narendramodi ji's road travel was disturbed in Punjab. We have conducted special prayers for our PM to grant good health & long life to continue to lead our country & for the prosperity of our future generation @PMOIndia**
**Yusuffali M. A. (@Yusuffali_MA) January 6, 2022**

കഴിഞ്ഞദിവസമാണ് പ്രധാനമന്ത്രിയുടെ വാഹന വ്യൂഹത്തെ പ്രതിഷേധക്കാർ തടഞ്ഞത്.

ഹുസൈൻവാലയിലെ ദേശീയ രക്തസാക്ഷി സ്മാരകത്തിലേക്കുള്ള യാത്രയ്ക്കിടെയാണ് പ്രതിഷേധമുണ്ടായത്. ഇതോടെ പ്രധാനമന്ത്രിയുടെ വാഹനവ്യൂഹം 15 മിനിട്ടോളം ഫ്ലൈ ഓവറിൽ കുടുങ്ങി. വൻസുരക്ഷാ വീഴ്ചയാണ് പഞ്ചാബ് സർക്കാരിൻറെ ഭാഗത്ത് നിന്നുണ്ടായതെന്ന് കേന്ദ്രം ആരോപിക്കുന്നു. പഞ്ചാബ് സർക്കാർ മനപൂർവം പ്രധാനമന്ത്രിയുടെ ഒരു പരിപാടി അലങ്കോലമാക്കാൻ ശ്രമിച്ചുവെന്നാണ് ബിജെപി ആരോപിക്കുന്നത്.



# പ്രവാസികൾക്ക് ഇനി നേരിട്ട് സൗദിയിലെത്താം , സൗദി എയർലൈൻസ് സർവീസ് ശനിയാഴ്ച മുതൽ, കേരളത്തിൽ സർവീസ് കൊച്ചിയിലേക്ക് മാത്രം

**റിയാദ് :** ഇന്ത്യ-സൗദി എയർബബ്ൾ കരാർ പ്രകാരം സൗദി എയർലൈൻസ് വിമാന സർവീസ് ശനിയാഴ്ച മുതൽ ആരംഭിക്കും.ആദ്യഘട്ടത്തിൽ കേരളത്തിൽ, കൊച്ചിയിലേക്കും തിരികെ ജിദ്ദ, റിയാദ് വിമാനത്താവളങ്ങളിലേക്കും മാത്രമാണ് സർവീസ്. ഇന്ത്യയിലെ മറ്റ് സംസ്ഥാനങ്ങളിലേക്കും സർവീസ് ഷെഡ്യൂൾ പ്രഖ്യാപിച്ചിട്ടുണ്ട്. ടിക്കറ്റ് നിരക്കും താരതമ്യേന കുറവാണ്. . കൊച്ചി വിമാനത്തിലെ ടിക്കറ്റ് നിരക്ക് എക്കണോമി ക്ലാസിൽ 23 കിലോ ബാഗേജ് ഉൾപ്പടെ റിയാദിൽ നിന്ന് 999 റിയാലും ജിദ്ദയിൽ നിന്ന് 1100 റിയാലുമാണ്. 46 കിലോ ബാഗേജ് ഉൾപ്പടെ റിയാദിൽ നിന്ന് 1099 റിയാലും ജിദ്ദയിൽ നിന്ന് 1765 റിയാലുമാണ് ടിക്കറ്റ് നിരക്ക്.ജിദ്ദയിൽ നിന്ന് തിങ്കൾ, ബുധൻ, വെള്ളി, ഞായർ ദിവസങ്ങളിലും റിയാദിൽ നിന്ന് ചൊവ്വ, വ്യാഴം, ശനി ദിവസങ്ങളിലും സർവിസ് നടത്തും. ഇതേ ദിവസങ്ങളിൽ തന്നെ തിരിച്ചും സർവീസ് ഉണ്ടായിരിക്കും.

കഴിഞ്ഞ ദിവസം ഇൻഡിഗോയും ഫ്ളൈനാസും സൗദി-ഇന്ത്യ സെക്ടറിൽ സർവീസുകൾ പ്രഖ്യാപിച്ചിരുന്നു. . വരും ദിവസങ്ങളിൽ കൂടുതൽ വിമാന കമ്പനികൾ യാത്രക്കെത്തുന്നതോടെ ടിക്കറ്റ് നിരക്കിൽ കുറവുണ്ടാകുമെന്ന് ട്രാവൽ ഏജൻസികൾ പ്രത്യാശ പ്രകടിപ്പിച്ചു. എയർ ബബിൾ പ്രകാരമുള്ള സർവീസുകൾ ആരംഭിക്കുന്നതോടെ പ്രവാസികളെ പോലെ ഉംറ തീർത്ഥാടകർക്കും കേരളത്തിൽ നിന്ന് നേരിട്ട് സൗദിയിലേക്ക് വരാനാകും.





## ചരിത്രത്തിലാദ്യം: പാകിസ്ഥാൻ സുപ്രീം കോടതിയിൽ വനിതാ ജഡ്ജി

ഇസ്ലാമാബാദ്: പാകിസ്ഥാന്റെ ചരിത്രത്തിലാദ്യമായി സുപ്രീം കോടതിയിൽ വനിതാ ജഡ്ജിയെ നിയമിച്ചു. ലാഹോർ ഹൈക്കോടതി ജഡ്ജിയായിരുന്ന ആയിഷ മാലിക്കിനെയാണ് ജഡ്ജിയായി ജുഡീഷ്യൽ കമ്മീഷൻ നിയമിച്ചത്.

ഹാർവാർഡ് ലോ സ്കൂളിൽ നിന്ന് എൽഎൽഎം ബിരുദം നേടിയ ആയിഷ മാലിക് 2012ലാണ് ലാഹോർ ഹൈക്കോടതി ജഡ്ജിയായി നിയമിക്കപ്പെടുന്നത്.

ലാഹോർ ഹൈക്കോടതിയിലെ ഏക വനിതാ ജഡ്ജിയും ഇവരായിരുന്നു. സ്ഥാനാർത്ഥികളുടെ സ്വത്ത് വെളിപ്പെടുത്തൽ, കരിമ്പ് കർഷകർക്ക് പണം നൽകൽ തുടങ്ങി നിരവധി സുപ്രധാന ഭരണഘടനാ വിഷയങ്ങളിൽ തീരുമാനമെടുത്തും ആയിഷയാണ്. അതേസമയം, പുതിയ നിയമനത്തിൽ ചില കോണുകളിൽ നിന്ന് എതിർപ്പ് ഉയർന്നിട്ടുണ്ട്

# മൂന്നാം തരംഗ മുന്നൊരുക്കം: ഹോം കെയർ മാനേജ്മെന്റ് പരിശീലനം

കൊവിഡ് മൂന്നാം തരംഗം മുന്നൊരുക്ക പ്രവർത്തനങ്ങളുടെ ഭാഗമായി ആരോഗ്യ പ്രവർത്തകർക്കായി ഹോം കെയർ മാനേജ്മെന്റ് പരിശീലനം സംഘടിപ്പിക്കുന്നതായി മന്ത്രി വീണാ ജോർജ്. സംസ്ഥാനത്ത് കുറഞ്ഞ് വന്ന കൊവിഡ് കേസുകൾ ചെറുതായി ഉയർന്ന് വരികയാണ്. ഒമിക്രോൺ കേസുകളും കൂടുകയാണ്. സംസ്ഥാനത്ത് ആകെ 280 പേർക്കാണ് ഒമിക്രോൺ സ്ഥിരീകരിച്ചത്.

കൂടുതൽ രോഗികൾ ഉണ്ടാകുന്ന സാഹചര്യത്തിൽ ഏറ്റവും ഫലപ്രദമാണ് ഗൃഹ ചികിത്സ. ഇതിലൂടെ ആശുപത്രി സംവിധാനങ്ങൾക്ക് സമ്മർദം നൽകാതെ എല്ലാവർക്കും മികച്ച പരിചരണം നൽകാനാകും. കേരളം വളരെ ഫലപ്രദമായി നടപ്പിലാക്കിയതാണ് ഗൃഹ പരിചരണം. കേസുകൾ കൂടിയാൽ ആശുപത്രി ചികിത്സ ആവശ്യമില്ലാത്തവർക്ക് ഗൃഹ പരിചരണം നൽകുന്നതിന് ആരോഗ്യ പ്രവർത്തകരെ സജ്ജമാക്കാനാണ് പരിശീലനം സംഘടിപ്പിക്കുന്നതെന്നും മന്ത്രി വ്യക്തമാക്കി.കാലാവസ്ഥാ വ്യതിയാനം കാരണം ജലദോഷം, പനി, ചുമ, ശരീര വേദന എന്നിവ കാണപ്പെടുന്നു. ഇത്തരം രോഗലക്ഷണങ്ങളുള്ളവരിൽ കോവിഡോ ഒമിക്രോണോ ഉണ്ടാകാനും സാധ്യതയുണ്ട്. ഇവർക്ക് കൊവിഡ് അല്ലെന്ന് ഉറപ്പ് വരുത്തേണ്ടതാണ്. അതിനായി കൊവിഡ് പരിശോധനയും ആവശ്യമാണ്. കൊവിഡ് കേസുകൾ വർധിച്ചാൽ ജീവനക്കാരെ തയ്യാറാക്കി നിർത്തുന്നതിന്റെ ഭാഗമായാണ് ഈ പരിശീലന പരിപാടി. എല്ലാ ജില്ലകളിലുമുള്ള ആരോഗ്യ പ്രവർത്തകർ, ദിശ കൗൺസിലർമാർ, ഇ സഞ്ജീവനി ഡോക്ടർമാർ എന്നിവർക്കും പരിശീലനം നൽകുന്നു. സുരക്ഷിതമായ ഗൃഹ ചികിത്സ ഉറപ്പ് വരുത്തുന്നതിന് വേണ്ടിയുള്ളതാണ് ഹോം കെയർ മാനേജ്മെന്റ് പരിശീനം.മൂന്നാം തരംഗം മുന്നിൽ കണ്ട് സംസ്ഥാനം വളരെ നേരത്തെ തന്നെ പ്രതിരോധ പ്രവർത്തനങ്ങൾ ആരംഭിച്ചിരുന്നു. ആശുപത്രി സൗകര്യങ്ങൾ, ഐസിയു, വെന്റിലേറ്റർ സംവിധാനങ്ങൾ, പീഡിയാട്രിക് ചികിത്സാ സംവിധാനങ്ങൾ, ഓക്സിജൻ, സുരക്ഷാ സാമഗ്രികൾ എന്നിവ സജ്ജമാക്കിയിരുന്നു. എല്ലാ ആശുപത്രികളിലും ഇൻഫെക്ഷൻ കൺട്രോൺ പരിശീലനം, ഐസിയു മാനേജ്മെന്റ് പരിശീലനം എന്നിവ സംഘടിപ്പിച്ചിരുന്നു. ഈ പരിശീലനങ്ങൾ തുടരാനും തീരുമാനിച്ചു. ഇതു കൂടാതെയാണ് ഹോം കെയർ മാനേജ്മെന്റ് പരിശീനം സംഘടിപ്പിക്കുന്നത്.

സംസ്ഥാന ആരോഗ്യ വകുപ്പും നാഷണൽ ഹെൽത്ത് മിഷനും സംയുക്തമായി സി ഡിറ്റിന്റെ സഹായത്തോടെ വികസിപ്പിച്ച ഓൺലൈൻ പ്ലാറ്റ്ഫോമിൽ കൊവിഡ് പ്രതിരോധത്തിന് മുതൽക്കൂട്ടാകുന്ന തരത്തിലുള്ള എല്ലാ വിഭാഗം ആരോഗ്യ പ്രവർത്തകർക്ക് വേണ്ടിയുള്ള പരിശീലന പരിപാടികൾ നടത്തി വരുന്നു. എല്ലാ ആരോഗ്യ പ്രവർത്തകരും *https://keralahealthtraining.kerala.gov.in/login/signup.php* ഈ ലിങ്കിൽ കയറി രജിസ്റ്റർ ചെയ്ത് വിവിധ പരിശീലന പരിപാടികളിൽ പങ്കെടുക്കണമെന്ന് മന്ത്രി അഭ്യർത്ഥിച്ചു.



SPECIAL-NEWS



# മോൻസൺ മാവുങ്കൽ കേസ്, ഐജി ലക്ഷ്മണയുടെ സസ്പെൻഷൻ നീട്ടും, തീരുമാനം ചീഫ് സെക്രട്ടറിയുടെ അദ്ധ്യക്ഷതയിൽ ചേർന്ന യോഗത്തിൽ

**തിരുവനന്തപുരം:** മോൻസൻ മാവുങ്കൽ കേസിൽ നടപടി നേരിടുന്ന ഐ.ജി ലക്ഷ്മണയുടെ സസ്പെൻഷൻ നീട്ടും. . ഇന്നലെ ചേർന്ന ചീഫ് സെക്രട്ടറി അദ്ധ്യക്ഷനായ അവലോകന സമിതിയാണ് സസ്പെൻഷൻ നീട്ടാൻ ശുപാർശ ചെയ്തത്.പുരാവസ്തു തട്ടിപ്പുകാരൻ മോൻസൻ മാവുങ്കലുമായുള്ള ബന്ധത്തെ തുടർന്ന് നവംബർ പത്തിനാണ് ലക്ഷ്മണയെ സസ്പെൻഡ് ചെയ്തത്. സസ്പെൻഷൻ കാലാവധി 60 ദിവസം പൂർത്തിയാകുന്ന സാഹചര്യത്തിലാണ് വീണ്ടും അവലോകന സമിതി ചേർന്നത്. സസ്പെൻഷൻ കാലാവധി നാല് മാസം കൂടി നീട്ടാൻ അവലോകന സമിതി തീരുമാനിക്കുകയായിരുന്നു. ലക്ഷ്മണയ്ക്കെതിരെയുള്ള ക്രൈംബ്രാഞ്ചിന്റെ അന്വേഷണവും വകുപ്പ് തല അന്വേഷണവും പൂർത്തിയാകാത്ത സാഹചര്യത്തിലാണ് സസ്പെൻഷൻ നീട്ടിയത്.



# വയനാട്ടിൽ ആനക്കൊമ്പുമായി മൂന്നുപേർ പിടിയിൽ

മാനന്തവാടി:മാനത്തവാടി ഫോറസ്റ്റ് ഇന്റലിജൻസിന് ലഭിച്ച രഹസ്യവിവരത്തെ തുടർന്ന് കോഴിക്കോട് ഫ്ളയിംഗ് സ്ക്വാഡ് ഡി.എഫ്.ഒ യുടെ നിർദ്ദേശാനുസരണം ഫോറസ്റ്റ് ഇൻറലിജൻസ് വിങ്ങും കൽപ്പറ്റ ഫ്ലയിംങ് സ്ക്വാഡും ചേർന്ന് നടത്തിയ പരിശോധനയിൽ രണ്ട് ആനക്കൊമ്പുമായി മൂന്നു പേരെ പിടികൂടി. സുനിൽ പള്ളിക്കോണം മനു സി.എസ്, അൻവർ ഷാ പാലം തൊടുക, എന്നിവരെയാണ് കസ്റ്റഡിയിൽ എടുത്തത്. ഫോറസ്റ്റ് ഇൻറലിജൻസ് സെൽ ജീവനക്കാരോടൊപ്പം കൽപ്പറ്റ ഫ്ലയിംഗ് സ്ക്വാഡ് റെയിഞ്ച് ഫോറസ്റ്റ് ഓഫീസർ കെ.ഹാഷിഫ്, ബീറ്റ് ഫോറസ്റ്റ് ഓഫീസർമാരായ സി.രജീഷ്, ജസ്റ്റിൻ ഹോൾഡൻ ഡി റൊസാരിയോ, ഹരികൃഷ്ണ, ഫോറസ്റ്റ് ഡ്രൈവർ രാജീവൻ വി.എസ്. എന്നിവരുടെ നേതൃത്വത്തിലാണ് പിടിച്ചത്. ആനക്കൊമ്പ് പ്രതികൾ എന്നിവരെ കൂടുതൽ അന്വേഷണത്തിനും തുടർ നടപടികൾക്കായി പേര്യ റെയിഞ്ച് ഓഫീസർക്ക് കൈമാറി.

# സ്വകാര്യ യാർഡിൽ നിന്ന് ഉടമയുടെ പീഢനമെന്ന് വീട്ടമ്മ

കൽപ്പറ്റ: കല്ലും മെറ്റലും മണലും വിൽക്കുന്ന സ്വകാര്യ യാർഡിൽ നിന്ന് ഉടമയുടെ പീഢനമെന്ന് വീട്ടമ്മ .ബത്തേരി തൊടുവെട്ടി ആശാൻ പറമ്പിൽ ജോസഫും ഭാര്യ കുഞ്ഞുമോളും കുടുംബവുമാണ് നിരന്തര പീഡത്തിനിരയാകുന്നതായി കൽപ്പറ്റയിൽ വാർത്താ സമ്മേളനത്തിൽ പരാതിപ്പെട്ടത്. ആകെ ഏഴ് സെന്റ് സ്ഥലത്ത് മലിനീകരണവും ശബ്ദവും ഉടമയുടെയും ഗുണ്ടകളുടെയും ഭീഷണിയം മൂലം താമസിക്കാൻ കഴിയാത്ത അവസ്ഥയാണന്ന് കുഞ്ഞുമോൾ പറഞ്ഞു. മുഖ്യമന്ത്രിയടക്കം നിരവധി പരാതികൾ നൽകിയിട്ടും നടപടിയില്ലന്നും പരാതിപ്പെടുമ്പോൾ തങ്ങൾക്കെതിരെ കായിക ആക്രമണം നടത്തുകയാണന്നും ഒരു തവണ കെട്ടിയിട്ട് മർദ്ദിച്ചുവെന്നും കുഞ്ഞുമോൾ പറഞ്ഞു. കഴിഞ്ഞ ദിവസവും തങ്ങൾക്കെതിരെ ആക്രമണവും മർദ്ദനവുണ്ടായതിനാലാണ് ഇപ്പോൾ പരാതിയുമായി വാർത്താ സമ്മേളനം നടത്തിയതെന്നും തങ്ങളുടെ പരാതി അധികൃതർ മുഖവിലക്കെടുക്കാതെ സ്വകാര്യ കമ്പനിക്ക് വേണ്ടിയാണ് പല ഉദ്യോഗസ്ഥരും പെരുമാറുന്നതെന്നും ഇവർ പറഞ്ഞു. ഒരു തവണ ലോറി കയറ്റി വധിക്കാൻ ശ്രമിച്ചുവെന്നും കഴിഞ്ഞ ദിവസം കമ്പിവടി കൊണ്ട് കിഡ്നി രോഗിയും ഹൃദ് രോഗിയുമായ ഭർത്താവിനെയും തന്നെയും മർദ്ദിച്ചുവെന്നും ഇവർ പരാതിപ്പെട്ടു. രാത്രികാലങ്ങളിൽ യാർഡ് ഉടമ ഗുണ്ടകളെ കാവൽ നിർത്തിയിരിക്കുകയാണ്. പ്രദേശത്ത് നാല്പതോളം വീട്ടുകാർക്ക് യാർഡ് മൂലം ജീവിതം പൊറുതിമുട്ടിയിരിക്കയാണ്. ശബ്ദമലിനീകരണം കാരണം പ്രദേശത്തെ കുട്ടികൾക്ക് ഓൺലൈൻ ക്ലാസ്സുകളിൽ പങ്കെടുക്കാൻ കഴിയുന്നില്ല. ഗുണ്ടകളുടെ ആക്രമണം ഭയന്ന് ആൺമക്കൾ വീട്ടിലില്ലാത്തപ്പോൾ വീട് മാറി ബന്ധുക്കളുടെ വീട്ടിൽ പോയാണ് താമസിക്കുന്നത്.

മുമ്പ് തങ്ങളുടെ പരാതിയിൽ ആറ് മാസം പ്രവർത്തനം നിർത്തിവെച്ചങ്കിലും അനധികൃതമായാണ് വീണ്ടും പ്രവർത്തനം തുടങ്ങുന്നതിന് അനുമതി വാങ്ങിയെടുത്തത് എന്ന് ഇവർ ആരോപിച്ചു. യാർഡിന്റെ പ്രവർത്തനം നിർത്തിവെച്ചില്ലങ്കിൽ സ്ഥാപനത്തിന് മുമ്പിൽ കുടിൽ കെട്ടി സമരം നടത്തുമെന്നും ഇവർ പറഞ്ഞു.



# ഗവർണർ ചാൻസിലർ ആയില്ലെങ്കിൽ ഭവിഷത്ത് ഗുരുതരം

**തിരുവനന്തപുരം:** ചാൻസലർ പദവി ഗവർണറിൽ നിന്നു മാറ്റി സർക്കാർ ഏറ്റെടുത്താൽ സർവകലാശാലകളിൽ വഴിവിട്ട കാര്യങ്ങൾ നടക്കാമെന്നതിന്റെ ഉദാഹരണമാണ് കണ്ണൂർ സർവകലാശാലാ ബോർഡ് ഒഫ് സ്റ്റഡീസ് നിയമനം. സർവകലാശാലയുടെ തുടക്കം മുതൽ (1996) ബോർഡ് ഒഫ് സ്റ്റഡീസ് അംഗങ്ങളെ ഗവർണർ നാമനിർദ്ദേശം ചെയ്യുന്നതും ,തുടർന്ന് സിൻഡിക്കേറ്റ് നിയമിക്കുന്നതുമായിരുന്നു രീതി. ഇതിനുള്ള ഗവർണറുടെ അധികാരം എടുത്തുമാറ്റി സർവകലാശാലാ ചട്ടം സിൻഡിക്കേറ്റ് ഭേദഗതി ചെയ്തു. ബോർഡ് ഒഫ് സ്റ്റഡീസ് അംഗങ്ങളെ നേരിട്ട് നിയമിച്ചു. സർക്കാരിന്റെ അറിവോടെയുള്ള സിൻഡിക്കേറ്റ് തീരുമാനത്തിനാണ് ഹൈക്കോടതിയിൽ തിരിച്ചടി കിട്ടിയത്. ബിരുദ, ബിരുദാനന്തര കോഴ്സുകളുടെ സിലബസ് തയ്യാറാക്കാനും അതീവ സുരക്ഷയോടെ ചോദ്യപേപ്പർ തയ്യാറാക്കാനുമുള്ള സമിതികളിൽ സിൻഡിക്കേറ്റിന്റെ ഇഷ്ടക്കാരായ ദിവസക്കൂലിക്കാരായ അദ്ധ്യാപകരെയും മന്ത്രിയുടെ പേഴ്സണൽ സ്റ്റാഫിനെയും ഉൾപ്പെടുത്തി. ഇതിൽ 68പേർ അയോഗ്യരാണെന്ന് ആരോപണമുയർന്നിരുന്നു. ലിസ്റ്റ് ഗവർണർക്കയച്ചാൽ പരിശോധനയുണ്ടാവുമായിരുന്നു. ഇതൊഴിവാക്കുകയായിരുന്നു ലക്ഷ്യം. ചട്ടഭേദഗതിയിലൂടെ കണ്ണൂർ സർവകലാശാല ചാൻസലറെന്ന തന്റെ അധികാരം കവരുകയാണെന്ന് ഗവർണർ ആരിഫ് മുഹമ്മദ്ഖാൻ മുഖ്യമന്ത്രിയെ അറിയിച്ചിരുന്നു. ബോർഡ് ഒഫ് സ്റ്റഡീസ് അംഗങ്ങളെ സിൻഡിക്കേറ്റ് നേരിട്ട് നിയമിടച്ചത് ചട്ടവിരുദ്ധമാണെന്ന് ഹൈക്കോടതിയിൽ ഗവർണർ സത്യവാങ്മൂലം നൽകിയതോടെ സർവകലാശാല വെട്ടിലായി. വിനാശകരമായ രാഷ്ട്രീയ ഇടപെടൽ കാരണം സർവകലാശാലകളുടെ സ്വയംഭരണം ഉറപ്പാക്കാൻ കഴിയാത്തതിനാൽ ചാൻസലർ പദവിയൊഴിയുകയാണെന്നും, ഓർഡിനൻസിലൂടെ മുഖ്യമന്ത്രി പദവിയേറ്റെടുക്കണമെന്നുമാണ് ഗവർണറുടെ നിലപാട്.

**അടുത്ത കുരുക്ക്**

കണ്ണൂർ സർവകലാശാലാ വൈസ്ചാൻസലർ ഡോ.ഗോപിനാഥ് രവീന്ദ്രനെ പുനർനിയമിച്ചതിനെതിരായ അപ്പീൽ 12ന് ഡിവിഷൻ ബെഞ്ച് പരിഗണിക്കും. ഒന്നാം എതിർകക്ഷിയായ ചാൻസലർ സത്യവാങ്മൂലം നൽകാനുള്ള ഹൈക്കോടതി നോട്ടീസ് സർക്കാരിലേക്കയച്ചിരിക്കുകയാണ് ഗവർണർ. ചാൻസലർക്ക് ഹൈക്കോടതി നൽകിയ നോട്ടീസിന് മറുപടി നൽകാനോ, വാദത്തിന് അഭിഭാഷകനെ നിയോഗിക്കാനോ സർക്കാരിന് കഴിയില്ല. മുൻപ് കേസ് പരിഗണിച്ചപ്പോൾ , നിയമനാധികാരിയായ ചാൻസലറുടെ നിലപാടാണ് അറിയേണ്ടതെന്നാണ് കോടതി പറഞ്ഞത്. പുനർനിയമനം ലഭിച്ച ഡോ.ഗോപിനാഥ് രവീന്ദ്രന് സർവകലാശാലാ നിയമപ്രകാരം പ്രായപരിധി കഴിഞ്ഞെന്ന് വാദിഭാഗത്തിന് തെളിയിക്കാനായാൽ അദ്ദേഹത്തിന് പുറത്തുപോകേണ്ടിവരും.

# ആശുപത്രികളുടെ സുരക്ഷ കൂട്ടണം, കർശന നിർദേശവുമായി മന്ത്രി വീണാ ജോർജ്

**തിരുവനന്തപുരം:** കോട്ടയം മെഡിക്കൽ കോളേജ് ആശുപത്രിയിൽ നവജാത ശിശുവിനെ തട്ടിയെടുത്ത സംഭവത്തെ തുടർന്ന് മെഡിക്കൽ കോളേജ് ആശുപത്രികളിലെ സുരക്ഷ വർദ്ധിപ്പിക്കാൻ ആരോഗ്യ വകുപ്പ് മന്ത്രി വീണാ ജോർജ് ആരോഗ്യ വിദ്യാഭ്യാസ ഡയറക്ടർക്ക് നിർദേശം നൽകി. ആശുപത്രി ജീവനക്കാരെല്ലാവരും തന്നെ നിർബന്ധമായും ഐഡി കാർഡുകൾ ധരിക്കണം. മെഡിക്കൽ കോളേജുകളിൽ നിലവിലുള്ള സുരക്ഷാ സംവിധാനങ്ങളുടെ പരിശോധന നടത്തണം. ആവശ്യമായ സ്ഥലങ്ങളിൽ സിസിടിവി ക്യാമറകൾ വച്ച് സുരക്ഷാ സംവിധാനം ശക്തമാക്കുന്നതിന് വേണ്ടിയുള്ള നടപടികൾ സ്വീകരിക്കണമെന്നും മന്ത്രി നിർദേശം നൽകി. നവജാത ശിശുവിന്റെ അമ്മയെ മന്ത്രി ഫോണിൽ വിളിച്ച് കാര്യങ്ങൾ നേരിട്ടറിഞ്ഞു. പോലീസിന്റെ സമയോചിതമായ ഇടപെടലിലൂടെയാണ് കുട്ടിയെ രക്ഷിതാക്കൾക്ക് സുരക്ഷിതമായി തിരിച്ചുകിട്ടിയത്



# നടിയെ ആക്രമിച്ച കേസ്; അന്വേഷണം ക്രൈം ബ്രാഞ്ച് മേധാവി എസ്. ശ്രീജിത്തിന്റെ നേതൃത്വത്തിൽ, പ്രത്യേക സംഘം രൂപീകരിച്ചു

**കൊച്ചി:** പ്രമുഖ നടിയെ തട്ടിക്കൊണ്ടുപോയി ആക്രമിച്ച കേസ് അന്വേഷണത്തിന് പ്രത്യേക അന്വേഷണസംഘത്തെ രൂപീകരിച്ചുകേസിൽ ദിലീപിനെതിരായ പുതിയ വെളിപ്പെടുത്തലുകൾ അന്വേഷിക്കാനാണ് ശ്രീജിത്തിന്റെ നേതൃത്വത്തിൽ പ്രത്യേക സംഘത്തെ നിയമിച്ച് പോലീസ് മേധാവി ഉത്തരവിറക്കിയത്.അതേസമയം കേസിലെ തുടരന്വേഷണം ഡി.വൈ.എസ്.പി ബൈജു പൗലോസിന്റെ നേതൃത്വത്തിലാകും നടക്കുക. കെ.പി ഫിലിപ്പ് ഉൾപ്പെടെയുള്ള മുതിർന്ന ഉദ്യോഗസ്ഥർ പുതുതായി രൂപീകരിച്ച പ്രത്യേക സംഘത്തിലുണ്ടാകുമെന്നാണ് വിവരം.

സംവിധായകനും, ദിലീപിന്റെ സുഹൃത്തുമായ ബാലചന്ദ്രകുമാറിന്റെ നിർണായക വെളിപ്പെടുത്തലുകളാണ് കേസിൽ വഴിത്തിരിവായത്.അക്രമ ദൃശ്യങ്ങൾ ദിലീപിന് വീട്ടിലെത്തിച്ച് നൽകിയതായും, വിഐപി അടക്കമുള്ളവർ ഈ ദൃശ്യങ്ങൾ ദിലീപിന്റെ വീട്ടിലിരുന്ന് കണ്ടതായും ബാലചന്ദ്രകുമാർ മൊഴി നൽകിയിരുന്നു.ദിലീപിന്റെ ജയിൽ വാസത്തിന് കാരണക്കാരനായ അന്വേഷണ ഉദ്യോഗസ്ഥനെ അപായപ്പെടുത്തുമെന്നും ദിലീപ് പറഞ്ഞതായാണ് വെളിപ്പെടുത്തൽ.



# സംസ്ഥാനത്ത് 4649 പുതിയ കൊവിഡ് രോഗികൾ

**തിരുവനന്തപുരം:** സംസ്ഥാനത്ത് 4649 പേർക്ക് കൊവിഡ് സ്ഥിരീകരിച്ചു. എറണാകുളം 928, തിരുവനന്തപുരം 842, തൃശൂർ 471, കോഴിക്കോട് 451, കോട്ടയം 326, കണ്ണൂർ 302, കൊല്ലം 226, പത്തനംതിട്ട 224, ആലപ്പുഴ 206, മലപ്പുറം 175, പാലക്കാട് 172, കാസർകോട് 141, ഇടുക്കി 112, വയനാട് 73 എന്നിങ്ങനേയാണ് ജില്ലകളിൽ ഇ രോഗ ബാധ സ്ഥിരീകരിച്ചത്. കഴിഞ്ഞ 24 മണിക്കൂറിനിടെ 68,325 സാമ്ബിളുകൾ പരിശോധിച്ചു. പ്രതിവാര ഇൻഫെക്ഷൻ പോപ്പുലേഷൻ റേഷ്യോ പത്തിന് മുകളിലുള്ള 5 തദ്ദേശ സ്വയംഭരണ പ്രദേശങ്ങളിലായി 6 വാർഡുകളാണുള്ളത്. ഇവിടെ കർശന നിയന്ത്രണമുണ്ടാകും. സംസ്ഥാനത്തെ വിവിധ ജില്ലകളിലായി 1,05,383 പേർ നിലവിൽ നിരീക്ഷണത്തിലുണ്ട്. ഇവരിൽ 1,03,011 പേർ വീടുകളിലും 2372 പേർ ആശുപത്രികളിലും നിരീക്ഷണത്തിലാണ്. 209 പേരെ പുതുതായി ആശുപത്രിയിൽ പ്രവേശിപ്പിച്ചു. നിലവിൽ 25,157 കൊവിഡ് കേസുകളിൽ, 8.7 ശതമാനം വ്യക്തികൾ മാത്രമാണ് ആശുപത്രികളിൽ പ്രവേശിപ്പിക്കപ്പെട്ടിട്ടുള്ളത്.

THIRUVANANTHAPURAM



# പൊതുവിദ്യാഭ്യാസ വകുപ്പിൽ ഫയലുകൾ കെട്ടിക്കിടക്കരുത്: മന്ത്രി വി ശിവൻകുട്ടി

**തിരുവനന്തപുരം:** പൊതു വിദ്യാഭ്യാസ വകുപ്പിന് കീഴിലുള്ള ഓഫീസുകളിൽ ഫയലുകൾ കെട്ടിക്കിടക്കുന്നത് ഒഴിവാക്കാൻ കർമ്മ പദ്ധതിയുമായി മന്ത്രി വി ശിവൻകുട്ടി. ഇതിന്റെ ഭാഗമായി തിരുവനന്തപുരം ഡിജിഇ ഓഫീസിൽ നേരിട്ടെത്തി മന്ത്രി ഉദ്യോഗസ്ഥരുമായി ചർച്ച നടത്തി. പൊതുവിദ്യാഭ്യാസ വകുപ്പിലെ ഉന്നത ഉദ്യോഗസ്ഥരും യോഗത്തിൽ പങ്കെടുത്തു.ഏതാണ്ട് പതിനയ്യായിരത്തോളം ഫയലുകളാണ് ഡിജിഇ ഓഫീസിൽ കെട്ടിക്കിടക്കുന്നതെന്ന് മന്ത്രി ചൂണ്ടിക്കാട്ടി. ഇതിൽ 6,000 ഫയലുകൾ ഒരു മാസത്തിനകം തീർപ്പാക്കണമെന്ന് മന്ത്രി നിർദ്ദേശിച്ചു. ബാക്കിയുള്ളവയിൽ സമയബന്ധിതമായി തീർപ്പ് കൽപ്പിക്കണം. കെട്ടിക്കിടക്കുന്ന ചില ഫയലുകൾ മന്ത്രി യോഗത്തിൽ ചൂണ്ടിക്കാട്ടി. വകുപ്പിൽ നിന്ന് റിട്ടയർ ചെയ്ത ജീവനക്കാരുടെ പെൻഷനുകളിന്മേൽ 1,271 ഫയലുകളിൽ നടപടി പൂർത്തിയാക്കേണ്ടതുണ്ട്. അധ്യാപക പുനർവിന്യാസം, സംരക്ഷണം എന്നിവയുടെ 918 ഫയലുകൾ കെട്ടിക്കിടക്കുകയാണ്.അധ്യാപകരുടെ നിയമനം , അംഗീകാരം എന്നിവയുമായി ബന്ധപ്പെട്ട 5,088 ഫയലുകളിൽ ഇനിയും തീർപ്പാക്കാനുണ്ട്. എയിഡഡ് /എൽ പി / യു പി അധ്യാപക - അധ്യാപകേതര ജീവനക്കാരുടെ നിയമനാംഗീകാരം സംബന്ധിച്ച അപ്പീലുകളിൽ 1881 ഫയലുകൾ ഉണ്ട്. വിജിലൻസ് സെക്ഷൻ ഫയലുകളിൽ 1204 എണ്ണം ബാക്കിയുണ്ട്. മെഡിക്കൽ റീഇമ്പേഴ്സ്മെന്റുമായി ബന്ധപ്പെട്ട 666 ഫയലുകൾ ഉണ്ട്. ഒരു വർഷത്തിനു മേലെ അഞ്ചുവർഷത്തിനകം ഏതാണ്ട് 576 ഓഡിറ്റ് ഫയലുകളിൽ നടപടി സ്വീകരിച്ചു പൂർത്തിയാക്കേണ്ടതുണ്ട്.സംസ്ഥാനത്തെ സ്കൂളുകളിൽ വിദ്യാർഥികൾക്ക് ഗുണമേന്മാ വിദ്യാഭ്യാസം ഉറപ്പാക്കണം എന്നതാണ് സർക്കാർ നിലപാട്. പ്രീ പ്രൈമറി തലം മുതൽ സ്കൂളിൽ എത്തിച്ചേരുന്ന വിദ്യാർഥികൾക്ക് പന്ത്രണ്ടാം ക്ലാസ് വരെ കാര്യക്ഷമമായ പഠനം നടത്തുന്നതിന് സാഹചര്യമൊരുക്കാൻ വിദ്യാഭ്യാസ വകുപ്പിലെ ഓരോ ജീവനക്കാരനും ജീവനക്കാരിയും ബാധ്യസ്ഥരാണ്.സ്കൂളുകളുടെ മെച്ചപ്പെട്ട പ്രവർത്തനത്തിനും അധ്യാപകരുടെ കാര്യക്ഷമത വർധിപ്പിക്കുന്നതിലും ഡയറക്ടറേറ്റിന്റെ പ്രവർത്തനം പരമപ്രാധാന്യം അർഹിക്കുന്നു. ഓഫീസിൽ സമയബന്ധിതമായി ഫയലുകൾ തീർപ്പാക്കേണ്ടതുണ്ട്. ഭരണതലത്തിലെ പ്രശ്നങ്ങളുണ്ടെങ്കിൽ തന്റെ ഓഫീസിന്റെ ഇടപെടലിലൂടെ അത് പരിഹരിക്കാൻ നടപടിയെടുക്കാമെന്ന് മന്ത്രി ഉറപ്പു നൽകി.വകുപ്പിന്റെ ഏകോപനം സംബന്ധിച്ച് അധ്യാപക-അനധ്യാപക ജീവനക്കാരുടെ സംഘടനകളുടെയും മാനേജ്മെന്റുകളുടെയും യോഗം ചേരുകയുണ്ടായി. ഫയൽ അദാലത്തുകൾ, ഫ്രണ്ട് ഓഫീസ് സംവിധാനം, ലാൻഡ്ഫോൺ സംവിധാനം എന്നിവ സംഘടിപ്പിക്കുമെന്ന് യോഗത്തിൽ അറിയിച്ചിട്ടുണ്ട്. താഴെത്തട്ടിലെ ഓഫീസുകളിൽ അദാലത്തും മറ്റു സംവിധാനങ്ങളും അദാലത്തിനെ തുടർന്നുള്ള പരിശോധനയും നടപടിക്രമങ്ങളും സ്വീകരിക്കാൻ ബാധ്യതയുള്ള ഉദ്യോഗസ്ഥർ തികച്ചും കാര്യക്ഷമമായും അഴിമതിരഹിതമായും പ്രവർത്തിക്കണമെന്ന് മന്ത്രി വ്യക്തമാക്കി. ഓഫീസുകളിലെ ഹാജർ സംബന്ധിച്ച പരിശോധന ബന്ധപ്പെട്ട ഉദ്യോഗസ്ഥർ കാര്യക്ഷമമായി നിർവഹിക്കണം. രാവിലെ പത്ത് മുതൽ വൈകുന്നേരം അഞ്ചുമണി വരെ അന്നേദിവസം ഹാജർ രേഖപ്പെടുത്തിയ ഓരോ ജീവനക്കാരനും ജീവനക്കാരിയും അവരവരുടെ സീറ്റുകളിൽ ഇരുന്ന് കാര്യക്ഷമമായി ജോലികൾ നിർവഹിക്കുന്നുണ്ട് എന്ന് ഉറപ്പു വരുത്തണമെന്നും മന്ത്രി നിർദ്ദേശിച്ചു.

## മണ്ണിടിഞ്ഞ് വീണ് അപകടം; രണ്ടുപേർ ആശുപത്രിയിൽ

**തിരുവനന്തപുരം:** വർക്കല മേലേവെട്ടൂരിൽ മണ്ണിടിഞ്ഞ് വീണ് അപകടം. മണ്ണിനടിയിൽപ്പെട്ട രണ്ട് പേരെ പുറത്തെടുത്ത് ആശുപത്രിയിലേക്ക് മാറ്റി. മതിൽ നിർമാണത്തിനിടെയാണ് അപകടമുണ്ടായത്.പറവൂർ സ്വദേശികളായ രണ്ടുപേരാണ് മണ്ണിനടിയിൽപ്പെട്ടത്. ആറ് നിർമാണ തൊഴിലാളികൾ സ്ഥലത്തുണ്ടായിരുന്നു. ബേസ്മെന്റ് കെട്ടുന്നതിനായി മണ്ണ് മാറ്റുന്നതിനിടെ മതിൽ ഇടിഞ്ഞുവീണത്. വർക്കല ഫയർഫോഴ്സും പൊലീസും സ്ഥലത്തെത്തിയാണ് രക്ഷാപ്രവർത്തനം നടത്തിയത്.



## കൃഷിജീവനക്കാരുടെ വിവാദ സസ്പെൻഷനും മന്ത്രിസഭയുടെ പരിഗണനയിലേക്ക്

**തിരുവനന്തപുരം:** കൃഷിഭവനിലുള്ള മൂന്ന് അസിസ്റ്റന്റുമാരെയും ലൈഫ് പദ്ധതിയുടെ സർവേ ജോലിക്കായി നിയോഗിച്ചാൽ കൃഷി വകുപ്പിൽനിന്നു ജനങ്ങൾക്കു സമയബന്ധിതമായി സേവനം നൽകാൻ കഴിയില്ലെന്നു മന്ത്രി പി. പ്രസാദ് മന്ത്രിസഭയിൽ പറഞ്ഞു. പാലക്കാട് ജില്ലയിലെ കൃഷി വകുപ്പു ജീവനക്കാരെ കൂട്ടത്തോടെ കോവിഡ് ജോലിക്കായി നിയോഗിച്ചു. കൃഷി വകുപ്പ് ജീവനക്കാരെ വിട്ടുനൽകുന്നതിനു തടസമില്ല. പക്ഷേ കൂട്ടത്തോടെ വിട്ടുനൽകാൻ കഴിയില്ലെന്നാണു നിലപാടെന്നു മന്ത്രി മുഖ്യമന്ത്രിയെ നേരിട്ട് അറിയിച്ചിരുന്നു. തിരുവനന്തപുരം ആര്യനാട് കൃഷി ഭവൻ ജീവനക്കാരെ പഞ്ചായത്ത് സസ്പെൻഡ് ചെയ്ത നടപടിയും മന്ത്രിസഭയിൽ കൃഷിമന്ത്രി ഉന്നയിച്ചു. കൃഷി വകുപ്പ് ജീവനക്കാരെ സസ്പൻഡ് ചെയ്യാമെന്നു ശിപാർശ ചെയ്യുന്നതിനു പകരം ശിക്ഷാ നടപടി സ്വീകരിക്കുന്ന നിലപാടാണ് തദ്ദേശ സ്ഥാപനാധികൃതർ സ്വീകരിച്ചതെന്നും പ്രസാദ് ചൂണ്ടിക്കാട്ടി. ശിക്ഷാ നടപടി സ്വീകരിക്കേണ്ടത് അതതു വകുപ്പ് മേധാവിമാരാണെന്നും അദ്ദേഹം പറഞ്ഞു.വകുപ്പുകൾ തമ്മിലുള്ള തർക്കത്തെത്തുടർന്ന് ലൈഫ് ഗുണഭോക്താക്കളെ കണ്ടെത്താനുള്ള സർവേ തടസപ്പെട്ടിരിക്കുകയാണ്. കേന്ദ്ര വിദ്യാഭ്യാസ അവകാശ നിയമപ്രകാരം അധ്യാപകരെ മറ്റുജോലികൾക്കായി നിയോഗിക്കുന്നതു നിയമവിരുദ്ധമാണെന്ന് അധ്യാപക സംഘടനകളും ചൂണ്ടിക്കാട്ടിയിരുന്നു.

## കോവിഡ് മരണം: നിരവധി പേരുടെ മരണ സർട്ടിഫിക്കറ്റ് ആശുപത്രിയിൽ നിന്നും നഷ്ടപ്പെട്ടു

**വെഞ്ഞാറമൂട്:** കോവിഡ് ബാധിച്ച് മരിച്ചവരുടെ മരണ സർട്ടിഫിക്കറ്റ് നഗരൂർ പ്രാഥമികാരോഗ്യ കേന്ദ്രത്തിൽ നിന്നും നഷ്ടപ്പെട്ടു. സർട്ടിഫിക്കറ്റ് ലഭിക്കേണ്ട സമയം കഴിഞ്ഞിട്ടും കിട്ടാതായതോടെ മരിച്ചവരുടെ ബന്ധുക്കൾ അന്വേഷിച്ചെത്തിയപ്പോഴാണ് സർട്ടിഫിക്കറ്റുകൾ കളഞ്ഞുപോയെന്ന് അധികൃതർ പറഞ്ഞത്. തുടർന്ന് നടത്തിയ അന്വേഷണത്തിലാണ് മറ്റ് എട്ട് പേരുടെകൂടി മരണ സർട്ടിഫിക്കറ്റുകൾ നഷ്ടമായതായി കണ്ടെത്തിയത്. നഗരൂർ ചെമ്മരത്തുമുക്ക് കാവുവിള വീട്ടിൽ അജി തന്റെ പിതാവ് ഗോപാലകൃഷ്ണൻ നായരുടെ കോവിഡ് മരണ സർട്ടിഫിക്കറ്റിന് അപേക്ഷ നൽകിയിരുന്നു. മരണ സർട്ടിഫിക്കറ്റ് യഥാസമയം ലഭിക്കാത്തതോടെ കഴിഞ്ഞമാസം നഗരൂർ പിഎച്ച്സിയിൽ അന്വേഷിച്ചെങ്കിലും ഫലമുണ്ടായില്ല. തുടർന്ന് ജില്ലാ മെഡി ക്കൽ ഓഫീസുമായി ബന്ധപ്പെട്ടപ്പോഴാണ് വിവരങ്ങൾ പുറത്തായത്. 2021 ഓഗസ്റ്റ് 15 ന് ഗോപാലകൃഷ്ണൻ നായരുടെ അടക്കം ഒമ്പത് പേരുടെ മരണ സർട്ടിഫിക്കറ്റ് സിഎംഒയിൽ നിന്നും തപാലിൽ അയച്ചിട്ടുണ്ടെന്ന് കണ്ടെത്തിയത്.ഫയൽ നമ്പർ 291/20, 629/20, 638/20, 258/21, 737/21, 2094/21, 2186/21, 2273/21, 2332/ 21 എന്നീ സർട്ടിഫിക്കറ്റുകളാണ് നഗരൂർ പിഎച്ച്സിയിൽ നിന്നും നഷ്ടമായത്. ആൽത്തറമൂട് പോസ്റ്റ് ഓഫീസിൽ നിന്നും എത്തിച്ചതപാൽ ഓഗസ്റ്റ് 27 ന് ആശുപത്രിയിൽ ക്ലാർക്ക് ഏറ്റുവാങ്ങിയിട്ടുള്ളതായി രേഖയുമുണ്ട്. എന്നാൽ പിന്നെ ഈ സർട്ടിഫിക്കറ്റുകൾക്ക് എന്ത് സംഭവിച്ചുവെന്ന് ആശുപത്രിയിലെ ജീവനക്കാർക്ക് അറിയില്ല. ആശുപത്രിയിൽ നിന്നും വ്യക്തമായ മറുപടി ലഭിക്കാത്തതോടെയാണ് ഉദ്യോഗസ്ഥരുടെ കൃത്യവിലോപത്തിൽ നടപടി ആവശ്യപ്പെട്ട് മുഖ്യമന്ത്രി, ആരോഗ്യ വകുപ്പ് മന്ത്രി, മനുഷ്യാവകാശ കമ്മീഷൻ, ഡിഎംഒ എന്നിവർക്ക് പരാതി നൽകിയത്. അതേസമയം ഡിഎംഒയിൽ നി ന്നുമെത്തിയ തപാൽ എങ്ങനെ നഷ്ടമായി എന്നതിനെ കുറിച്ച് അറിയില്ലെന്ന് ആശുപത്രി മെഡിക്കൽ ഓഫീസർ ഡോ. സരിഗ പറഞ്ഞു. സർ ട്ടിഫിക്കറ്റുകൾ തിരിച്ചു കിട്ടാത്ത വിധം നഷ്ടപ്പെട്ടതായി കാണിച്ച് നഗരൂർ പോലീസിൽ ലോസ്റ്റ് സർട്ടിഫിക്കറ്റിന് അപേക്ഷ നൽകിയിരുന്നതായും തിങ്കളാഴ്ച കിട്ടിയ ലോസ്റ്റ് സർട്ടിഫിക്കറ്റ് ഡിഎംഒയിൽ എത്തിച്ചതായും പിഎച്ച്സി മെഡിക്കൽ ഓഫീസർ ഡോ. സരിഗ പറഞ്ഞു. ആരോഗ്യവകുപ്പിന്റെ അനാസ്ഥമൂലം ഒമ്പത് പേരുടെ മരണസർട്ടിഫിക്കറ്റ് നഷ്ടപ്പെട്ട സംഭവത്തിൽ യൂത്ത് കോൺഗ്രസിന്റെ നേതൃത്വത്തിൽ നഗരൂർ പിഎച്ച്സിയിൽ ഉപരോധ സമരം നടത്തി. യൂത്ത് കോൺഗ്രസ് മണ്ഡലം പ്രസിഡന്റ് കെ.രോഹൻ , ആറ്റിങ്ങൽ നിയോജക മണ്ഡലം വൈസ് പ്രസിഡന്റ് എ.ജെ.അനസ് തുടങ്ങിയവർ നേതൃത്വം നൽകി.

## ഇ–സമൃദ്ധ പദ്ധതി മൃഗ സംരക്ഷണത്തിൽ സമഗ്രമായ മാറ്റങ്ങൾക്ക് വഴിവയ്ക്കും: മന്ത്രി ജെ. ചിഞ്ചുറാണി

**തിരുവനന്തപുരം:** മൃഗസംരക്ഷണ വകുപ്പിന്റെ പൂർണ്ണമായ ഡിജിറ്റൽവത്ക്കരണം ലക്ഷ്യംവെച്ച് ഇന്ത്യയിൽ ആദ്യമായി നടപ്പിലാക്കുന്ന ഇ-സമൃദ്ധ പദ്ധതിയിലൂടെ പാൽ ഉൽപ്പാദന ശേഷി അന്താരാഷ്ട്ര നിലവാരത്തിലേക്ക് വർദ്ധിപ്പിക്കാനും കന്നുകാലികളിൽ രോഗ നിർണയം നടത്താനും പ്രതിരോധപ്രവർത്തനങ്ങൾ ശക്തമാക്കാനും കേരളത്തിലെ തനത് പശുക്കളെ സംരക്ഷിക്കാനുള്ള നടപടികൾ കൈക്കൊള്ളാനുമാകുമെന്ന് മൃഗ സംരക്ഷണം - ക്ഷീരവികസന മന്ത്രി ജെ. ചിഞ്ചുറാണി പറഞ്ഞു.പദ്ധതി നടപ്പാക്കുന്നതുമായി ബന്ധപ്പെട്ട് മൃഗസംരക്ഷണ വകുപ്പും കേരള ഡിജിറ്റൽ യൂണിവേഴ്സിറ്റിയും തമ്മിലുള്ള ധാരണാപത്രം കൈമാറുന്ന ചടങ്ങിൽ സംസാരിക്കുകയായിരുന്നു മന്ത്രി.പദ്ധതിയുടെ ഭാഗമായിഅതിസൂക്ഷ്മമായ ഇലക്ട്രോണിക് ചിപ്പ് റേഡിയോ ഫ്രീക്വൻസി ഐഡന്റിറ്റി ഫിക്കേഷൻ ഡിവൈസ് (ആർ.എഫ്.ഐ.ഡി) മൃഗങ്ങളുടെ ചെവിക്കു താഴെ ഘടിപ്പിക്കും. ഇപ്രകാരം ടാഗു ചെയ്ത മൃഗങ്ങളുടെ ഉത്പാദനശേഷിയും ആരോഗ്യവും ഉടമസ്ഥരുടെ വിവരങ്ങളും ഉൾപ്പെട്ട സമഗ്രമായ ഒരു ഡാറ്റാബേസ് ഇ-സമൃദ്ധ പദ്ധതിയിലൂടെ ലഭ്യമാകുമെന്ന് മന്ത്രി പറഞ്ഞു.റീബിൽഡ് കേരള പദ്ധതി വഴി ലഭ്യമായ 7.2 കോടി രൂപ ഉപയോഗപ്പെടുത്തിയാണ് പത്തനംതിട്ടയിൽ പരീക്ഷണാടിസ്ഥാനത്തിൽ പദ്ധതി നടപ്പാക്കുന്നത്.ഇന്ത്യയിലാദ്യമായി പരീക്ഷണാടിസ്ഥാനത്തിൽ നടപ്പാക്കുന്ന പദ്ധതിയുടെ ഭാഗമായി ജില്ലയിലെ എഴുപത്തി അയ്യായിരത്തോളം കന്നുകാലികളെ ചിപ്പ് ഉപയോഗിച്ച് ഡിജിറ്റൽ ടാഗ് ചെയ്ത ഡാറ്റാബേസ് നിർമ്മിക്കും. കാർഡ് റീഡറോ സ്മാർട്ട് ഫോണോ ഉപയോഗിച്ച് ടാഗ് ചെയ്ത ഓരോ മൃഗത്തിന്റേയും വിശദാംശങ്ങൾ കർഷകർക്കും മൃഗസംരക്ഷണ വകുപ്പ് ഉദ്യോഗസ്ഥർക്കും ഡിജിറ്റലായി ലഭ്യമാകും. ഇതിലൂടെ വകുപ്പിന്റെ പ്രവർത്തനങ്ങൾ കൂടുതൽ ചിട്ടപ്പെടുത്തുന്നതിനും പുതിയതും സങ്കീർണവുമായ രോഗങ്ങൾ കൈകാര്യം ചെയ്യുന്നതിനും ഉൽപ്പാദനശേഷിയും പ്രതിരോധശേഷിയും കൂടുതലുള്ള കന്നുകാലികളെ കണ്ടെത്തി കൃത്രിമ ബീജസങ്കലനത്തിലൂടെ പാൽ ഉത്പാദനം കൂട്ടി കർഷകരുടെ വരുമാനം വർദ്ധിപ്പിക്കാനും സാധിക്കും.സംസ്ഥാനത്ത് ഓരോ ബ്ലോക്കിലും വെറ്ററിനറി ആംബുലൻസ് സംവിധാനം നിലവിൽ വരുമെന്നും മന്ത്രി പറഞ്ഞു. ഏപ്രിൽ മാസത്തോടെ പത്തനംതിട്ട ജില്ലയിലെ എല്ലാ കന്നുകാലികളുടെയും ടാഗിംഗ് പൂർത്തിയാക്കി വിവരശേഖരണം ആരംഭിക്കും. കേരളത്തിലാകെയുള്ള 67 ലക്ഷം മൃഗങ്ങളെയും കന്നുകാലികളെയും ഡാറ്റാബേസ് ഇത്തരത്തിൽ തയ്യാറാക്കും.മന്ത്രിയുടെ സാന്നിധ്യത്തിൽ ഡയറക്ടർ എ.കൗശികനും ഡിജിറ്റൽ യൂണിവേഴ്സിറ്റി വൈസ് ചാൻസിലർ ഡോ. സജി ഗോപിനാഥും ഇ-സമൃദ്ധ പദ്ധതിയുടെ ധാരണാപത്രം കൈമാറി. പദ്ധതിയുടെ ഭാഗമായ ഡാറ്റാബേസും മൊബൈൽ ആപ്പും ഡിജിറ്റൽ യൂണിവേഴ്സിറ്റി നിർമ്മിക്കും. വകുപ്പ് സെക്രട്ടറി ടിങ്കു ബിസ്വാളും സന്നിഹിതയായിരുന്നു.

## അതിദാരിദ്ര്യ നിർണ്ണയ പ്രക്രിയ അന്തിമഘട്ടത്തിലേക്ക്: മന്ത്രി



**തിരുവനന്തപുരം:** അഞ്ചുവർഷം കൊണ്ട് സംസ്ഥാനത്ത് അതിദാരിദ്ര്യം ഇല്ലാതാക്കുക എന്ന ലക്ഷ്യം കൈവരിക്കുന്നതിനായി സാമൂഹിക പങ്കാളിത്തത്തോടെ നടപ്പിലാക്കുന്ന അതി ദരിദ്രരെ കണ്ടെത്തുന്നതിനുള്ള നിർണ്ണയ പ്രക്രിയ അന്തിമ ഘട്ടത്തിലേക്ക് കടന്നതായി തദ്ദേശ സ്വയംഭരണ, എക്സൈസ് വകുപ്പ് മന്ത്രി എം വി ഗോവിന്ദൻ മാസ്റ്റർ പറഞ്ഞു.സംസ്ഥാനത്ത് 98 ശതമാനം ഫോക്കസ് ഗ്രൂപ്പ് ചർച്ചകൾ പൂർത്തിയാക്കി കഴിഞ്ഞു. സംസ്ഥാനത്താകെ 59,852 ഫോക്കസ് ഗ്രൂപ്പ് ചർച്ചകളിലൂടെ 82,422 പേരെ അതിദരിദ്രരുടെ സാധ്യത പട്ടികയിൽ ഉൾപ്പെടുത്തുകയും അതിൽ 77,847 പേരെ മൊബൈൽ അപ്ലിക്കേഷനിൽ പ്രീ എന്യുമെറേഷന് വിധേയമാക്കി. 68,617 പേരുടെ ഫീൽഡ് തല വിവരശേഖരണവും പൂർത്തിയാക്കി. ഫോക്കസ് ഗ്രൂപ്പ് ചർച്ചകളും, പ്രീ എന്യുമറേഷനും, എന്യുമറേഷനും പൂർത്തിയാക്കിയ തദ്ദേശ സ്ഥാപനങ്ങളിൽ 7,513 സൂപ്പർ ചെക്കും പൂർത്തിയാക്കിയെന്ന് മന്ത്രി പറഞ്ഞു.നടപടിക്രമങ്ങളെല്ലാം പൂർത്തിയാക്കിയ തദ്ദേശസ്ഥാപനങ്ങൾ കരട് പട്ടിക പ്രസിദ്ധീകരിച്ചു. ഇത് ഗ്രാമസഭകളിൽ അംഗീകാരത്തിനായി സമർപ്പിച്ചിട്ടുണ്ട്. കോട്ടയം, തൃശൂർ ജില്ലകളിൽ അതിദാരിദ്ര്യ നിർണ്ണയ പ്രക്രിയയുടെ കരട് പട്ടികയുടെ അംഗീകാരത്തിനായി ഗ്രാമസഭകൾ ചേർന്നുകൊണ്ടിരിക്കുകയാണെന്ന് മന്ത്രി വ്യക്തമാക്കി.

അറിയിപ്പ്



## പ്രോജക്ടുകൾ ക്ഷണിച്ചു

സംസ്ഥാന വിദ്യാഭ്യാസ ഗവേഷണ പരിശീലന സമിതി (എസ്.സി.ഇ.ആർ.ടി) യുമായി ചേർന്ന് ഗവേഷണ പ്രോജക്ടുകൾ നടത്തുന്നതിന് യൂണിവേഴ്സിറ്റികൾ, കോളേജുകൾ, ഡയറ്റുകൾ, മറ്റു വിദ്യാഭ്യാസ സ്ഥാപനങ്ങൾ എന്നിവയിൽ നിന്ന് പ്രൊപ്പോസലുകൾ ക്ഷണിച്ചു. മിശ്രിതപഠനം, മൂല്യനിർണയം എന്നീ തീമുകളിലാണ് ഗവേഷണം നടത്താൻ ഉദ്ദേശിക്കുന്നത്. പ്രൊപ്പോസലുകൾ ജനുവരി 10ന് മുമ്പ് scertresearch@gmail.com ൽ സ്ഥാപനമേധാവിയുടെ ശുപാർശയോടെ സമർപ്പിക്കണം. പരമാവധി 12 ലക്ഷം രൂപയായിരിക്കണം ഗവേഷണ ബജറ്റിൽ ഉൾപ്പെടുത്തേണ്ടത്. പ്രൊപ്പോസലുകൾ ഇംഗ്ലീഷിലോ മലയാളത്തിലോ തയാറാക്കാം. പ്രൊപ്പോസലിന്റെ ഫോർമാറ്റ്, മറ്റ് വിശദാംശങ്ങൾ എന്നിവ ww.scertkerala.gov.in ൽ ലഭ്യമാണ്. പി.എൻ.എക്സ്. 5321/2021

## അപേക്ഷ ക്ഷണിച്ചു

കേരള കർഷക തൊഴിലാളി ക്ഷേമനിധി ബോർഡിൽ അംഗങ്ങളായ കർഷക തൊഴിലാളികളുടെ കുട്ടികൾക്ക് ഉന്നത വിദ്യാഭ്യാസ ധനസഹായത്തിനുള്ള അപേക്ഷ ക്ഷണിച്ചു. കുട്ടികൾ കേരളത്തിനകത്തുള്ള സർക്കാർ / എയ്ഡഡ് കോളേജുകളിൽ പഠിച്ചവരായിരിക്കണം. വിവിധ പരീക്ഷകളിൽ നിശ്ചിത ശതമാനത്തിൽ കുറയാതെ മാർക്ക് നേടിയ വിദ്യാർഥികളുടെ മാതാപിതാക്കളിൽ നിന്നും നിശ്ചിത ഫോറത്തിലുള്ള അപേക്ഷ തിരുവനന്തപുരം ജില്ലാ എക്സിക്യൂട്ടീവ് ഓഫീസിൽ ജിനുവരി 10ന് വൈകിട്ട് അഞ്ചുവരെ സ്വീകരിക്കും. അപേക്ഷയോടൊപ്പം മാർക്ക് ലിസ്റ്റിന്റെ പകർപ്പ്, സർട്ടിഫിക്കറ്റ് (പ്രൊഫഷണൽ/ഒറിജിനൽ പകർപ്പ്) സ്വയം സാക്ഷ്യപ്പെടുത്തിയ അംഗത്വ പാസ് ബുക്കിന്റെ പകർപ്പ്, ആധാർ കാർഡിന്റെ പകർപ്പ്, ബാങ്ക് പാസ് ബുക്കിന്റെ ആദ്യ പേജിന്റെ പകർപ്പ്, റേഷൻ കാർഡിന്റെ പകർപ്പ്, കർഷക തൊഴിലാളിയാണെന്ന് തെളിയിക്കുന്ന യൂണിയന്റെ സാക്ഷ്യപത്രം എന്നിവയും സമർപ്പിക്കണം. പരീക്ഷാ തീയതിക്ക് തൊട്ടു മുമ്പുള്ള മാസത്തിൽ അംഗം 12 മാസത്തെ അംഗത്വം പൂർത്തീകരിച്ചിരിക്കണം. പരീക്ഷാ തീയതിയിൽ 24 മാസത്തിൽ കൂടുതൽ കുടിശ്ശിക ഉണ്ടാകാൻ പാടില്ല. വിശദവിവരങ്ങൾക്ക്: 0471-2729175.

## കർശന നടപടി

ഇലക്ട്രിക്കൽ ഇൻസ്പെക്ടറേറ്റ് വകുപ്പിന്റെ അനുമതിയില്ലാതെ അനധികൃതമായി ജനറേറ്ററുകൾ സ്ഥാപിക്കുകയും സുരക്ഷാ മാനദണ്ഡങ്ങൾ പാലിക്കാതെ പ്രവർത്തിപ്പിക്കുകയും ചെയ്താൽ കർശന നടപടിയെടുക്കുമെന്ന് ഇലക്ട്രിക്കൽ ഇൻസ്പെക്ടർ അറിയിച്ചു. 10 കെ.വി.എ. യും അതിനു മുകളിലും ശേഷിയുള്ള ജനറേറ്ററുകൾ ഉപയോഗിക്കുന്നവർ ഇലക്ട്രിക്കൽ ഇൻസ്പക്ടറേറ്റിൽ നിന്ന് സുരക്ഷാ സർട്ടിഫക്കറ്റ് വാങ്ങണം. അനധികൃതമായി സ്ഥാപിച്ച ജനറേറ്ററുകൾ ലൈസൻസുള്ള ഇലക്ട്രിക്കൽ കോൺട്രാക്ടർ മുഖേന അപേക്ഷിച്ച് സുരക്ഷാ സർട്ടിഫിക്കറ്റ് നേടുന്നതിന് 2022 ജനുവരി 15 വരെ അവസരമുണ്ട്. താൽക്കാലിക ആവശ്യങ്ങൾക്കുള്ള ജനറേറ്ററുകൾ സ്ഥാപിക്കുന്നതിന് ഒരാഴ്ച മുൻപ് അപേക്ഷിക്കണം. വൈദ്യുത അപകടങ്ങൾ ഒഴിവാക്കുന്നതിനുള്ള സുരക്ഷാ മുൻകരുതൽ നടപടികളുമായി പൊതുജനങ്ങൾ സഹകരിക്കണമെന്നും ഇലക്ട്രിക്കൽ ഇൻസ്പെക്ടർ അറിയിച്ചു. ഫോൺ: 04994 256930.

## അറിയിപ്പ്

### പരിശോധന ജനുവരി 16ന്

പരമ്പരാഗത മത്സ്യബന്ധന യാനങ്ങൾക്ക് മണ്ണെണ്ണ പെർമിറ്റ് അനുവദിക്കുന്നതിനുള്ള സംയുക്ത എഞ്ചിൻ പരിശോധന ജനുവരി 16ന് ജില്ലയിലെ 17 കേന്ദ്രങ്ങളിലായി നടക്കും. 10 വർഷം പഴക്കമുള്ളതും 2012 ജനുവരി 15ന് ശേഷം വാങ്ങിയതുമായ എഞ്ചിനുകളാണ് പരിശോധനയ്ക്ക് ഹാജരാക്കേണ്ടത്. കേരള സമുദ്ര മത്സ്യ ബന്ധന നിയമ പ്രകാരം സാധുവായ ലൈസൻസുള്ള യാനങ്ങൾക്ക് മാത്രമാണ് പെർമിറ്റ് അനുവദിക്കുക. മത്സ്യ ഭവനുകൾ മുഖേന അപേക്ഷകൾ സ്വീകരിച്ചു വരികയാണ്. ലൈസൻസ് പുതുക്കുന്നതിന് ആവശ്യമായ ക്യാമ്പുകൾ സർക്കാർ മാർഗ്ഗനിർദ്ദേശങ്ങൾക്ക് അനുസൃതമായി തങ്കശ്ശേരി, നീണ്ടകര, അഴീക്കൽ ഹാർബറുകൾ കേന്ദ്രീകരിച്ച് നടത്തുന്നുണ്ട്. എല്ലാ മത്സ്യത്തൊഴിലാളികളും അവസരം പ്രയോജനപ്പെടുത്തി ക്രമസമാധാന പ്രശ്നങ്ങൾ ഉണ്ടാകാതെ പരിശോധന പൂർത്തിയാക്കണം

### ഇ-ടെണ്ടർ ക്ഷണിച്ചു

മുഖത്തല ബ്ലോക്ക് പഞ്ചായത്തിന്റെ വാർഷിക പദ്ധതിയുടെ ഭാഗമായി ഭിന്നശേഷിയുള്ളവർക്ക് ജോയ്സ്റ്റിക്ക് ഓപ്പറേറ്റഡ് ഇലക്ട്രോണിക് വീൽ ചെയർ വിതരണം ചെയ്യുന്നതിന് ഇ-ടെണ്ടർ ക്ഷണിച്ചു. അവസാന തീയതി ജനുവരി ഏഴ്. കൂടുതൽ വിവരങ്ങൾ https://etenders.kerala.gov.in വെബ്സൈറ്റിലും 0474 2504411, 8281999106 നമ്പറുകളിലും ലഭിക്കും

### അപേക്ഷ ക്ഷണിച്ചു

വയോജനങ്ങളുടെ ക്ഷേമവും സംരക്ഷണവും ഉറപ്പു വരുത്തുന്നതിനായി മികച്ച രീതിയിൽ വിവിധ പദ്ധതികളും പ്രവർത്തനങ്ങളും നടപ്പിലാക്കിവരുന്ന സർക്കാർ, സർക്കാരിതര വിഭാഗങ്ങൾക്കും, വിവിധ കലാ -കായിക , സാംസ്കാരിക മേഖലകളിൽ മികവ് തെളിയിച്ച മുതിർന്ന പൗരന്മാർക്കും വയോ സേവന അവാർഡ് നൽകുന്നതിന് അപേക്ഷ ക്ഷണിച്ചു. മികച്ച പ്രവർത്തനം നടത്തിയ ജില്ലാ പഞ്ചായത്ത്, മെയിന്റനൻസ് ട്രിബ്യൂണലുകൾ, ഗ്രാമ- ബ്ലോക്ക് പഞ്ചായത്ത്, സർക്കാർ/ സർക്കാരിതര സ്ഥാപനങ്ങൾ, സർക്കാർ വൃദ്ധമന്ദിരം, മികവ് തെളിയിച്ച മുതിർന്ന പൗരന്മാർ എന്നിവർക്കാണ് അവാർഡ് നൽകുന്നത്. ജില്ലാ പഞ്ചായത്ത്, മെയിന്റനൻസ് ട്രിബ്യൂണലുകൾ എന്നിവയുടെ അപേക്ഷകൾ നേരിട്ട് സാമൂഹ്യനീതി ഡയറക്ടർക്കും, മറ്റ് അപേക്ഷകൾ ജില്ലാ സാമൂഹ്യനീതി ഓഫീസർക്കും സമർപ്പിക്കണം. അവസാന തീയതി ജനുവരി 10. കൂടുതൽ വിവരങ്ങൾ, അപേക്ഷാഫോം എന്നിവ വകുപ്പിന്റെ വെബ്സൈറ്റിൽ ലഭ്യമാണ്. ഫോൺ : 0474 -2790971

### തീയതി നീട്ടി

ഐ.എച്ച്.ആർ.ഡിയുടെ കരുനാഗപ്പള്ളി മോഡൽ പോളിടെക്നിക്കിലെ ആറു മാസ കോഴ്സുകളിലേക്കുള്ള പ്രവേശന തീയതി ജനുവരി 10 വരെ നീട്ടി. സർട്ടിഫിക്കറ്റ് കോഴ്സ് ഇൻ കമ്പ്യൂട്ടർ നെറ്റ് വർക്ക് അഡ്മിനിസ്ട്രേഷന് ( CNA ) സി.ഒ. ആൻഡ് പി.എ പാസ്സായവർ/കമ്പ്യൂട്ടർ/ഇലക്ട്രോണിക്സ്/ഇലക്ട്രിക്കൽ വിഷയത്തിൽ ബി.ടെക്, ത്രിവത്സര ഡിപ്ലോമ പാസായവർക്ക് അപേക്ഷിക്കാം. ഡിപ്ലോമ ഇൻ കമ്പ്യൂട്ടർ ആപ്ലിക്കേഷന് ( DCA , പ്ലസ് ടുവും, സർട്ടിഫിക്കറ്റ് കോഴ്സ് ഇൻ ലൈബ്രറി ആൻഡ് ഇൻഫർമേഷൻ സയൻസ്ന് ( CCLIsc ) എസ്.എസ്.എൽ.സിയുമാണ് യോഗ്യത. എസ്.സി./ എസ്.ടി./ ഒ.ബി.സി വിദ്യാർഥികൾക്ക് ഫീസ് ഇളവ് ലഭിക്കും. കൂടുതൽ വിവരങ്ങൾക്ക് ഫോൺ 0476 -2623597,9447488348




# അനധികൃത ചീനവലകൾക്കെതിരെ മത്സ്യതൊഴിലാളികളുടെ പ്രതിഷേധം

**കൊല്ലം**: അഷ്ടമുടി കായലിലെ നിയമ വിരുദ്ധമായ ചീനവലകൾ ഉടൻ നീക്കം ചെയ്യണമെന്ന് ആവശ്യപ്പെട്ടു പരമ്പരാഗത മത്സ്യതൊഴിലാളികൾ നടത്തിയ പ്രതിഷേധം കടലോളം ഇരമ്പി. അഖില കേരള സ്വതന്ത്ര മത്സ്യതൊഴിലാളി യൂണിയന്റ നേതൃത്വത്തിലാണ് മാർച്ച് സംഘടിപ്പിച്ചത്. തേവള്ളി ഫിഷറീസ് ഓഫീസിലേക്ക് നടത്തിയ കായൽപ്രതിഷേധ മാർച്ച് പ്രസിഡന്റ് ഫ്രാൻസിസ് ജെ. നെറ്റോ ഉദ്ഘാടനം ചെയ്തു. അഷ്ടമുടി, പത്താംകല്ല്, ചവറ, കരുനാഗപ്പള്ളി, പെരുങ്ങാലം എന്നീ ഭാഗങ്ങളിൽ കായലിൻറെ മധ്യഭാഗത്തുള്ള ചാലുകളിൽ സ്ഥാപിച്ച ചീനവലകളുടെ മരതൂണുകളിൽ മത്സ്യബന്ധനവള്ളങ്ങൾ ഇടിച്ച് അപകടമുണ്ട ാകുന്നു. ഇത് മത്സ്യതൊഴിലാളികൾക്ക് ഭീഷണിയായി മാറിയിരിക്കുയാണെന്ന് അദ്ദേഹം പറഞ്ഞു. കരയിൽ നിന്ന് കിലോമീറ്ററോളം മുളകഴകൾ ഉറപ്പിച്ച് കായലിനു കുറുകെ ഇലക്ട്രിക് വയറുകൾ വലിച്ച് കായൽ കൈയേറ്റങ്ങൾ നടത്തുന്നത് അംഗീകരിക്കാനാവില്ല. പവർ ബൾബുകൾ ഉപയോഗിക്കുന്നത് കൊണ്ട് വെളിച്ചം കണ്ട് ഈയലുകളെ പോലെ എത്തുന്ന ചെറുമത്സ്യങ്ങൾ ഇത്തരം പറ്റുകണ്ണി വലകളിൽ കുടുങ്ങുന്നത് ഇവർ നശിപ്പിച്ചുകളയുകയാണ്.ഇത് മത്സ്യവംശനശീകരണത്തിനും തൊഴിലാളികളുടെ ഉപജീവനം തകർക്കുന്നതിനും സാഹചര്യം സൃഷ്ടിക്കും. ഇത്തരം ചീനവലകൾ സംരക്ഷിക്കുന്ന ഫിഷറീസ് നടപടി അവസാനിപ്പിച്ചില്ലെങ്കിൽ സമരം ശക്തമാക്കുമെന്ന് ഫ്രാൻസിസ് ജെ. നെറ്റോ മുന്നറിയിപ്പ് നൽകി. യൂണിയൻ സംസ്ഥാന ജനറൽ സെക്രട്ടറി സുധീർ തോട്ടുവാൽ അധ്യക്ഷത വഹിച്ചു. കടവൂർ ജോസഫ്, കല്ലട സോളമൻ, പ്രാക്കുളം പ്രകാശ് എന്നിവർ പ്രസംഗിച്ചു. കടവൂർ സെന്റ് കാസ്മീർ പള്ളിക്ക് സമീപം ബോട്ട് ജെട്ടിയിൽ നിന്നും രാവിലെ 10.30 ന് ആരംഭിച്ച മാർച്ച് തേവള്ളി ഫിഷറീസ് ഓഫീസിലേക്ക് ചെറുവള്ളങ്ങളിൽ യൂണിയൻ പതാകയുമേന്തിയാണ് പ്രതിഷേധിച്ചത്. കടവൂർ ജോസഫ്, റോമൻ തോബിയാസ്, ജോസ് വിൻസന്റ്, റോബിൻ വിൻസന്റ് എന്നിവർ മാർച്ചിന് നേതൃത്വം നൽകി.

## ട്രെയിൻ നിരക്ക് വർധനയും നിയന്ത്രണങ്ങളും പിൻവലിക്കണം

**കൊല്ലം:** കോവിഡ് നിയന്ത്രണത്തിൻറെ പേരിൽ റെയിൽവേയിൽ ഏർപ്പെടുത്തിയ നിരക്ക് വർധനവും നിയന്ത്രണങ്ങളും പൂർണമായി പിൻവലിക്കാൻ റെയിൽവേ അധികാരികൾ തയാറാകണമെന്ന് സതേൺ റെയിൽവേ പാസഞ്ചേഴ്സ് അസോസിയേഷൻ ആവശ്യപ്പെട്ടു. പാസഞ്ചർ ട്രെയിനുകളിലെ മിനിമം നിരക്ക് 10 രൂപയായിരുന്നത് ഇപ്പോൾ 30- രൂപയായി മാറിയിരിക്കുകയാണ്. ഇത് സാധാരണക്കാരായ യാത്രക്കാർക്ക് വളരെ ബുദ്ധിമുട്ട് സൃഷ്ടിച്ചിരിക്കുകയാണെന്നും പാസഞ്ചറിലും മെമുവിനും മുമ്പുണ്ടായിരുന്ന പല സ്റ്റോപ്പുകളും നിയന്ത്രണത്തിന്റെ മറവിൽ ഒഴിവാക്കിയിരിക്കുകയുമാണ്. കോവിഡ് നിയന്ത്രണങ്ങൾക്കു മുന്പ് ഉണ്ടായിരുന്ന എല്ലാ സ്റ്റോപ്പുകളും പുനഃസ്ഥാപിക്കണമെന്നും നിരക്ക് വർധനവ് പിൻവലിക്കണമെന്നും അസോസിയേഷൻ പ്രസിഡന്റ് സജീവ് പരിശവിളയും ജനറൽ സെക്രട്ടറി കണ്ണനല്ലൂർ നിസാമും ആവശ്യപ്പെട്ടു. സീനിയർ സിറ്റിസണും മറ്റ് മുൻഗണനാ വിഭാഗത്തിൽപ്പെട്ടവർക്കും നിലവിലുണ്ടായിരുന്ന യാത്രകൂലി ഇളവ് പുനഃസ്ഥാപിക്കണമെന്നും വിദ്യാർഥികൾക്ക് കൺസെൺഷൻ നിരക്കിൽ സീസൺ ടിക്കറ്റ് പുനഃസ്ഥാപിക്കണമെന്നും ആവശ്യപ്പെട്ടു.സ്ഥിരം യാത്രക്കാർ കൂടുതലായി ഉപയോഗിക്കുന്ന ഐലന്റ് (16525), മംഗലാപുരം (16347) ട്രെയിനുകളിൽ ജനറൽ ടിക്കറ്റും സീസൺ ടിക്കറ്റും പുനഃസ്ഥാപിക്കണമെന്നും അസോസിയേഷൻ ആവശ്യപ്പെട്ടു. വഞ്ചിനാട്, ഇൻറർസിറ്റി, വേണാട്, പരശുറാം തുടങ്ങിയ ട്രെയിനുകളിൽ ആകെയുള്ള 18 ബോഗികളിൽ 16 ലും യാത്ര ചെയ്യാൻ സീസൺ ടിക്കറ്റ്, ജനറൽ ടിക്കറ്റ് യാത്രക്കാർക്ക് നേരത്തേ അനുവാദം ഉണ് ായിരുന്നത് ഇപ്പോൾ 6 ബോഗികളിൽ മാത്രമാക്കിയത് പ്രതിഷേധാർഹമാണെന്നും ഇത് സ്ഥിരം യാത്രക്കാരോടുള്ള അനീതിയാണെന്നും, കോവിഡിനു മുമ്പുള്ള സ്ഥിതി പുനസ്ഥാപിക്കണമെന്നും അസോസിയേഷൻ യോഗം ആവശ്യപ്പെട്ടു. ട്രെയിൻ യാത്രക്കാർക്ക് സാമൂഹ്യനീതി ഉറപ്പു വരുത്തുവാനും യാത്രാനുകൂല്യങ്ങൾ പുനഃസ്ഥാപിക്കാനും രാഷ്ട്രീയ പാർട്ടികൾ സമ്മർദ്ദ സമരങ്ങളുമായി മുന്നോട്ട് വരണമെന്നും സതേൺ റെയിൽവേ പാസഞ്ചേഴ്സ് അസോസിയേഷൻ പ്രസിഡന്റ് സജീവ് പരിശവിള ആവശ്യപ്പെട്ടു. യോഗത്തിൽ ജനറൽ സെക്രട്ടറി കണ്ണനല്ലൂർ നിസാം അധ്യക്ഷത വഹിച്ചു.

## ക്ഷേത്രത്തിലെ ഉച്ചഭാഷിണി പൂട്ടി താക്കോലെടുത്ത പോലീസിനെതിരെ മനുഷ്യാവകാശ കമ്മീഷൻ

**കൊല്ലം:** ക്ഷേത്രത്തിലെ ഉച്ചഭാഷിണി പ്രവർത്തിപ്പിക്കാനുള്ള അപേക്ഷ പോലീസിന്റെ പരിഗണനയിലിരിക്കെ ഉച്ചഭാഷിണി സൂക്ഷിക്കുന്ന സ്ഥലം പൂട്ടി താക്കോൽ കൈക്കലാക്കി ക്ഷേത്രം ഭാരവാഹികൾക്കെതിരെ കേസെടുത്ത പോലീസിനെതിരെ സംസ്ഥാന മനുഷ്യാവകാശ കമ്മീഷൻ. ക്ഷേത്രത്തിൽ ഉച്ചഭാഷിണി പ്രവർത്തിപ്പിക്കുന്നതിനുള്ള അപേക്ഷ പരിഗണിച്ച് രണ്ടാഴ്ചയ്ക്കകം ഉചിതമായ നടപടികൾ സ്വീകരിക്കണമെന്നും കമ്മീഷൻ അംഗം വി.കെ. ബീനാകുമാരി ആവശ്യപ്പെട്ടു. കൊല്ലം സിറ്റി പോലീസ് കമ്മീഷണർക്കാണ് കമ്മീഷൻ ഉത്തരവ് നൽകിയത്. കൊച്ചു കൂനമ്പായികുളം ദുർഗാദേവി ക്ഷേത്രം ട്രസ്റ്റ് സെക്രട്ടറി വിക്രമൻ സമർപ്പിച്ച പരാതിയിലാണ് നടപടി. കൊല്ലം ജില്ലാ പോലീസ് മേധാവിയിൽ നിന്നും കമ്മീഷൻ റിപ്പോർട്ട് വാങ്ങി. പരാതിക്കാരൻ സെക്രട്ടറിയായിട്ടുള്ള ക്ഷേത്രത്തിലെ ഉച്ചഭാഷിണിയിൽ നിന്നും ശബ്ദമലിനീകരണമുണ്ടാകുന്നതായി ആരോപിച്ച് സമീപവാസി ഹൈക്കോടതിയിൽ ഹർജി നൽകിയിരുന്നു. എന്നാൽ ശബ്ദ മലിനീകരണ വിഷയത്തിൽ നിയമപരമായി സമീപിക്കേണ്ട അധികാരിയെ പരാതിക്കാരൻ സമീപിക്കണമെന്നായിരുന്നു ഹൈക്കോടതി ഉത്തരവ്.പരാതി പരിശോധിച്ച് രണ്ടാഴ്ചയ്ക്കുള്ളിൽ അന്തിമ നടപടി സ്വീകരിക്കണമെന്നും ഉത്തരവിൽ പറയുന്നു. ഇതിനിടയിലാണ് സൗണ്ട് സിസ്റ്റം പ്രവർത്തിപ്പിക്കുന്ന ആംപ്ലിഫയറും വോളിയം കൺട്രോൾ സംവിധാനവും പോലീസുദ്യോഗസ്ഥർ ഇരുമ്പു പെട്ടിയിൽ പൂട്ടി താക്കോൽ കൈക്കലാക്കിയതെന്ന് പരാതിയിൽ പറയുന്നു. എന്നാൽ ഹൈക്കോടതി വിധിക്ക് ശേഷവും ഉച്ചഭാഷിണി പ്രവർത്തിപ്പിച്ചതു കൊണ്ടാണ് ക്ഷേത്രം സെക്രട്ടറിക്കെതിരെ ഇരവിപുരം പോലീസ് കേസെടുത്തതെന്ന് കൊല്ലം ജില്ലാ പോലീസ് മേധാവി കമ്മീഷനെ അറിയിച്ചു.

## ശാപമോക്ഷം കാത്ത് കോട്ടാത്തല മൂഴിക്കോട് ചിറ ; നടപടിയെടുകാതെ അധികൃതർ

**കൊട്ടാരക്കര**: വേനൽ കാലത്തും വറ്റാത്ത നീരുറവയായ കോട്ടാത്തല മൂഴിക്കോട് ചിറ തകർച്ചയിലേക്ക്. കൊട്ടാരക്കര- പുത്തൂർ റോഡരികിലായുള്ള മൂഴിക്കോട് ചിറ തീർത്തും നാശത്തിലേക്ക് കൂപ്പുകുത്തുമ്പോഴും അധികൃതർക്ക് കുലുക്കമില്ല. ചിറയിൽ സ്ഥാപിച്ചിരുന്ന പമ്പ് ഹൗസ് അടുത്തിടെ തകർന്ന് വെള്ളത്തിൽ പോവുകയും ചെയ്തു. ഏറെക്കാലമായി ഉപയോഗമില്ലാതിരുന്നതാണ് പമ്പ് ഹൗസ്. ചുറ്റും കമ്പിവേലി സ്ഥാപിച്ചതിൽ കുറ്റിക്കാടും വള്ളിപ്പടർപ്പും മൂടി. ചിറയിലെ വെള്ളം തീർത്തും ഉപയോഗശൂന്യമാണ്. വരുന്ന വേനൽക്കാലത്തും ഇവിടുത്തെ വെള്ളം ഉപയോഗിക്കാൻ കഴിയില്ല. ഒരു വർഷം മുൻപ് കോട്ടാത്തല കോട്ടവിള വീട്ടിൽ രാജേഷിന്റെ (37) ചിറ വൃത്തിയാക്കാനായി ഒറ്റയ്ക്ക് പരിശ്രമം തുടങ്ങിയിരുന്നു. ഇത് വലിയ വാർത്താപ്രാധാന്യം നേടിയെങ്കിലും ലക്ഷ്യത്തിലെത്തിയില്ല. പിന്നീട് ചിറ ആരും ഗൗനിക്കാതെയായി. റോഡരികിലെ ചിറയിൽ നിരവധി വാഹനങ്ങൾ മറിഞ്ഞിട്ടുണ്ട്. ആത്മഹത്യകളും ഏറെയുണ്ടായി. തുടർന്നാണ് നാലാൾ പൊക്കത്തിൽ കമ്പിവേലി നിർമിച്ചത്. ഇപ്പോൾ വേലി കാട് മൂടിയതിനാൽ വഴിയാത്രക്കാർക്ക് ചിറ കാണാൻ പറ്റില്ലെന്ന സ്ഥിതിയായി. ചിറയിലെ ജലത്തെ ആശ്രയിച്ചുമാത്രം വേനൽക്കാല കൃഷി നടത്തിയിരുന്ന ഏലായാണ് ഇതിനടുത്തുള്ളത്. മഴക്കാലത്തും വേനൽക്കാലത്തും ചിറയിൽ നിന്നുള്ള വെള്ളം റോഡിന്റെ അടിയിലൂടെ നിർമിച്ച കനാൽ വഴി ഏലായിലേക്ക് തുറന്നുവിടാറുണ്ടായിരുന്നു. വേനൽക്കാലത്ത് വെള്ളമൊഴുക്ക് കാര്യമായി നടക്കാതെ വന്നപ്പോഴാണ് പമ്പ് സ്ഥാപിച്ച് വെള്ളം ഒഴുക്കാൻ തീരുമാനിച്ചത്. ഗാർഹിക ആവശ്യങ്ങൾക്കും ഇതുവഴി വെള്ളമെടുക്കാമെന്നും കണക്കുകൂട്ടിയിരുന്നു. എന്നാൽ പദ്ധതികളെല്ലാം വെറുതെയായി. വിഖ്യാത ചിത്രകാരൻ അടൂർ ഗോപാലകൃഷ്ണൻ വർഷങ്ങൾക്ക് മുൻപ് സംവിധാനം ചെയ്ത എലിപ്പത്തായമെന്ന സിനിമയിൽ ഈ ചിറ ഇടം നേടിയിട്ടുണ്ട്. വേനൽക്കാലത്തും ചിറയിലെ വെള്ളം വറ്റാറില്ല. മുമ്പ് പ്രദേശവാസികൾ തുണി അലക്കാനും കുളിക്കാനും ചിറയെയാണ് ആശ്രയിച്ചിരുന്നത്. ഇടക്കാലത്ത് വൃത്തിയാക്കിയപ്പോൾ നീന്തൽ കുളമായും മാറിയിരുന്നു. എന്നാൽ കൃത്യമായ സംരക്ഷണ പദ്ധതികളുണ്ടായില്ല. ചിറ ഓരോ വർഷവും നാശത്തിലേക്ക് കൂപ്പുകുത്തുകയും ചെയ്തു. അടിയന്തിരമായി ചിറ വൃത്തിയാക്കാൻ മൈലം ഗ്രാമപഞ്ചായത്തും ജനപ്രതിനിധികളും മുൻകൈയെടുത്താൽ നാടിന്റെ ജലക്ഷാമത്തിന് ഒരളവോളം പരിഹാരമാകും.



## അഴീക്കൽ ബീച്ചിലെ ടോയ്‌ലറ്റുകൾ നോക്കുകുത്തി



**കരുനാഗപ്പള്ളി**: ഭംഗിയായി പണിത ടോയ്‌ലറ്റ് ഉണ്ടെങ്കിലും അഴീക്കൽ ബീച്ചിലെത്തുന്ന ടൂറിസ്റ്റുകൾ ഉൾപ്പടെയുള്ളവർക്ക് അത് ഉപയോഗിക്കാൻ ഇതുവരെ യോഗമുണ്ടായിട്ടില്ല.സ്ത്രീകളും പെൺകുട്ടികളുമാണ് കൂടുതൽ ബുദ്ധിമുട്ടുന്നത്. ബീച്ചിനു സമീപത്തെ വീട്ടുകാർ തങ്ങളുടെ ടോയ്‌ലറ്റ് ചെറിയ ഫീസ് ഈടാക്കി വിട്ടുനൽകുന്നതാണ് അത്യാവശ്യ ഘട്ടങ്ങളിൽ സഞ്ചാരികൾക്ക് ആശ്വാസം പകരുന്നത്.ഒന്നര വർഷം മുമ്പാണ് അഴീക്കൽ പാലത്തിന് സമീപം ആധുനിക സൗകര്യങ്ങളോട് കൂടിയ ടോയ്‌ലറ്റ് സമുച്ചയം നിർമ്മിച്ചത്.കൊല്ലം ജില്ലാ പഞ്ചായത്തിന്റെ 'തണ്ണീർ പന്തൽ' പദ്ധതിയിൽ ഉൾപ്പെടുത്തി 25 ലക്ഷം രൂപയാണ് ടോയ്‌ലറ്റ് സമുച്ചയത്തിന് ചെലവിട്ടത്. രണ്ട് കക്കൂസ് മുറികളും ഒരു വിശ്രമ മുറിയും ഒരു എ.ടി.എം കൗണ്ടറും ഉൾക്കൊള്ളുന്നതാണ് ഈ സമുച്ചയം. എന്നാൽ, ഉദ്ഘാടനം കഴിഞ്ഞ് ഒരു വർഷം പിന്നിട്ടിട്ടും ടോയ്‌ലറ്റ് സമുച്ചയം തുറന്നുകൊടുക്കാനായില്ല. വൈദ്യുതിയും പൈപ്പ് ലൈൻ കണക്ഷനും ലഭിക്കാത്തതാണ് കെട്ടിട സമുച്ചയം തുറക്കാൻ തടസ്സമായി നിൽക്കുന്നതെന്നാണ് അറിയുന്നത്. ആലപ്പാട് ഗ്രാമപഞ്ചായത്തിൽ നിന്ന് കെട്ടിടത്തിന് നമ്ബർ ലഭിക്കാത്തതിനാൽ വൈദ്യുതി, വെള്ളം കണക്ഷനുകൾക്ക് അപേക്ഷിക്കാൻ പോലും കഴിയാത്ത സ്ഥിതിയാണ്.കായൽ തീരത്ത് നിന്ന് 50 മീറ്റർ ഉള്ളിലായിട്ടാണ് കെട്ടിടം നിർമ്മിച്ചിരിക്കുന്നത്. തീരദേശ പരിപാലന നിയന്ത്രണ ബോർഡാണ് കെട്ടിടത്തിന് നമ്ബർ നൽകാൻ അനുവാദം നൽകേണ്ടത്. ആവശ്യമെങ്കിൽ കക്കൂസ് മുറികൾക്ക് അനുവാദം നൽകാൻ അവർ തയ്യാറാണ്. എന്നാൽ, വിശ്രമ മുറിക്കും എ.ടി.എം കൗണ്ടറിനും നമ്പർ നൽകാൻ നിയമം അനുവദിക്കുന്നില്ലെന്നാണ് ബന്ധപ്പെട്ട അധികൃതരുടെ നിലപാട്. തീരദേശ നിയന്ത്രണ ബോർഡിന്റെ അനുവാദമില്ലാതെ ഗ്രാമപഞ്ചായത്തിന് കെട്ടിടത്തിന് നമ്പർ ഇട്ട് നൽകാനും കഴിയുകയില്ല.തുറമുഖവകുപ്പ് അനുവദിച്ച സ്ഥലത്താണ് ജില്ലാ പഞ്ചായത്ത് ടോയിലറ്റ് സമുച്ചയം നിർമ്മിച്ചത്. പേ ഇൻ യൂസ് ലക്ഷ്യമിട്ട് നിർമ്മിച്ച ടോയ്‌ലറ്റ് പാട്ടത്തിന് നൽകാനാണ് ജില്ലാ പഞ്ചായത്ത് ലക്ഷ്യമിട്ടിരുന്നത്. സ്ഥലത്തിന്റെ കൈവശവകാശ സർട്ടിഫിക്കറ്റ് ഉണ്ടെങ്കിൽ കണക്ഷന് അപേക്ഷ നൽകാൻ കഴിയുമെന്നാണ് ഇതുമായി ബന്ധപ്പെട്ടവർ പറയുന്ന്.ബീച്ചിനു സമീപത്തെ സ്വകാര്യ വ്യക്തികൾ വീടുകളിലെ ടോയ്‌ലറ്റ് ചെറിയ ഫീസ് ഈടാക്കി നൽകുന്നതാണ് ടൂറിസ്റ്റുകൾ ഉൾപ്പടെയുള്ളവരുടെ ആകെയുള്ള ആശ്വാസം. നിലവിൽ ആലപ്പാട് ഗ്രാമപഞ്ചായത്തോ ഡി.ടി.പി.സി യോ വിനോദ സഞ്ചാരികളിൽ നിന്ന് പ്രവേശന ഫീസ് വാങ്ങുന്നില്ല. ഒരു ദിവസം 3000 ലേറെ സഞ്ചാരികൾ ഇവിടെ എത്തുന്നണ്ടെന്നാണ് കണക്കുകൾ സൂചിപ്പിക്കുന്നത്. ഗ്രാമപഞ്ചായത്ത് മുൻകൈയ്യെടുത്താൽ നിലവിലെ പ്രതിസന്ധിക്ക് പരിഹാരം കാണാൻ കഴിയുമെന്നാണ് നാട്ടുകാർ പറയുന്നത്.

## വീടിന്റെ വാതിൽ തകർത്ത് 10 പവൻ കവർന്നു

**പുനലൂർ:** ആളില്ലാത്ത വിമുക്തഭടന്റെ വീട്ടിൽ നിന്ന് പത്ത് പവന്റെ ആഭരണങ്ങൾ കവർന്നു. ഇടമൺ ചെറതന്നൂർ ലക്ഷ്മി ഭവനിൽ ഗോപാലന്റെ വീട്ടിലെ അലമാരയിൽ സൂക്ഷിച്ചിരുന്ന ആഭരണങ്ങളാണ് മോഷണം പോയത്.ബന്ധുവീട്ടിൽ പോയിരുന്ന മരുമകൾ സുസ്മി കഴിഞ്ഞ ദിവസം വീട്ടിലെത്തിയപ്പോഴാണ് മോഷണ വിവരം അറിഞ്ഞത്. വീടിന്റെ അടുക്കളയുടെ വാതിൽ തകർത്താണ് മോഷ്ടാവ് അകത്തുകടന്നത്. അലമാര വെട്ടിപ്പൊളിച്ചാണ് സ്വർണ്ണം അപഹരിച്ചതെന്ന് പൊലീസ് പറഞ്ഞു. തെന്മല പൊലീസ് അന്വേഷണം ആരംഭിച്ചു. സുസ്മിതയുടെ മോഴിയെടുത്ത ശേഷമേ മോഷണം പോയ സ്വർണ്ണത്തിന്റെ കൂടുതൽ വിവരങ്ങൾ അറിയാൻ കഴിയൂവെന്ന് പൊലിസ് പറഞ്ഞു.

## അറിയിപ്പ്



### ഗതാഗത നിയന്ത്രണം

**ആലപ്പുഴ:** ദേശീയപാത 66-ൽ റീടാറിംഗ് ജോലികൾ നടക്കുന്ന ഹരിപ്പാട് മാധവ ജംഗ്ഷൻ മുതൽ കായംകുളം കൊറ്റുകുളങ്ങര വരെ 2021 ഡിസംബർ 16 മുതൽ ഗതാഗത നിയന്ത്രണം ഏർപ്പെടുത്തിയതായി നാഷണൽ ഹൈവേ സബ് ഡിവിഷൻ അസിസ്റ്റൻറ് എക്സിക്യൂട്ടീവ് എൻജിനീയർ അറിയിച്ചു.രാത്രി എട്ടു മുതൽ രാവിലെ ഏഴു വരെയുള്ള നിയന്ത്രണം ഡിസംബർ 31 വരെ തുടരും.

### ഡ്രൈവർ നിയമനം

**ആലപ്പുഴ:** ജില്ലാ മെഡിക്കൽ ഓഫീസിലേക്ക് (ആരോഗ്യം) ദിവസവേതനത്തിന് രണ്ട് ഡ്രൈവർമാരെ താത്ക്കാലികമായി നിയമിക്കുന്നു. ഏഴാം ക്ലാസ് വിജയിച്ച ഹെവി ഡ്യൂട്ടി ലൈസൻസ് (എച്ച്.ഡി.വി) ബാഡ്ജ്, അനുബന്ധ സർട്ടിഫിക്കറ്റ് ഉള്ളവരെയാണ് പരിഗണിക്കുന്നത്. താത്പര്യമുള്ളവർ യോഗ്യത തെളിയിക്കുന്ന സർട്ടിഫിക്കറ്റിൻറെ അസലും പകർപ്പും സഹിതം ഡിസംബർ 17ന് രാവിലെ 10ന് ആലപ്പുഴ ജില്ലാ മെഡിക്കൽ ഓഫീസിലെത്തണം. ഫോൺ 0477- 2251650.

### രജിസ്ട്രേഷൻ പുതുക്കണം

**ആലപ്പുഴ:** കേരള ഷോപ്സ് ആൻറ് കൊമേഴ്സ്യൽ എസ്റ്റാബ്ളിഷ്മെൻറ്, മോട്ടോർ തൊഴിലാളി നിയമങ്ങൾ ബാധകമായ സ്ഥാപനങ്ങളുടെ രജിസ്ട്രേഷൻ ഡിസംബർ 20നകം പുതുക്കണമെന്ന് ജില്ലാ ലേബർ ഓഫീസർ (എൻഫോഴ്സ്മെൻറ്) അറിയിച്ചു. www.lc.kerala.gov.in എന്ന വെബ്സെറ്റ് മുഖേനയാണ് പുതുക്കൽ നടത്തേണ്ടത്. വിശദ വിവരങ്ങൾക്ക് അസിസ്റ്റൻറ് ലേബർ ഓഫീസർമാരെ ബന്ധപ്പെടണം. ഫോൺ നമ്പരുകൾ ചുവടെ. ആലപ്പുഴ ഒന്നാം സർക്കിൾ -8547655384, ആലപ്പുഴ രണ്ടാം സർക്കിൾ -8547655385, ആലപ്പുഴ മൂന്നാം സർക്കിൾ - 8547655386, അമ്പലപ്പുഴ - 8547655383, മങ്കൊമ്പ് - 8547655382, ചെങ്ങന്നൂർ - 8547655380, മാവേലിക്കര -8547655379, കായംകുളം -8547655378, ഹരിപ്പാട് -8547655381, ചേർത്തല സൗത്ത് - 8547655387, ചേർത്തല നോർത്ത് -8547655388.

### ക്വട്ടേഷൻ ക്ഷണിച്ചു

ആലപ്പുഴ: ജില്ലാ ഇലക്ട്രിക്കൽ ഇൻസ്പെക്ടറുടെ ഓഫീസിൽ പുതിയതായി നിലവിൽ വരുന്ന മീറ്റർ ടെസ്റ്റിംഗ് ആൻഡ് സ്റ്റാൻേറർഡ് ലാബിൽ വയറിംഗ് ചെയ്യുന്നതിന് പി.ഡബ്ല്യൂ.ഡി നിരക്കിൽ ക്വട്ടേഷൻ ക്ഷണിച്ചു. ഡിസംബർ 24നകം സമർപ്പിക്കണം. ഫോൺ: 0477 2962229

### സ്പോട്ട് അഡ്മിഷൻ

സ്റ്റേറ്റ് ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മെഡിക്കൽ എഡ്യൂക്കേഷൻ ആൻഡ് ടെക്നോളജിയുടെ (സി-മെറ്റ്) കീഴിൽ പ്രവർത്തിക്കുന്ന കാസർകോട് ഉദുമ നഴ്സിംഗ് കോളേജിൽ (ഫോൺ: 0467-2953935, 9447544974) ഒഴിവുള്ള ബി.എസ്സി നഴ്സിംഗ് എൻ.ആർ.ഐ സീറ്റുകളിൽ സ്പോട്ട് രജിസ്ട്രേഷൻ 17 മുതൽ 19 വരെ നടത്തും. രജിസ്ട്രേഷൻ ०००.ശൊാലേ.സല്യമഹമ.ഴീ.ശി ൽ നടത്താം. സിമെറ്റിലെ ബി.എസ്സി നഴ്സിംഗ് മാനേജ്മെന്റ് റാങ്ക് ലിസ്റ്റിൽ ഉൾപ്പെട്ടവരും എൻ.ആർ.ഐ സീറ്റിൽ അഡ്മിഷൻ എടുക്കാൻ താത്പര്യമുള്ളവർക്ക് സ്പോട്ട് രജിസ്ട്രേഷനിൽ പങ്കെടുക്കാം. രജിസ്റ്റർ ചെയ്ത വിദ്യാർത്ഥികളുടെ റാങ്ക് ക്രമത്തിൽ ഒഴിവുള്ള സീറ്റുകളിൽ അലോട്ട്മെന്റ് നടത്തും. സ്പോട്ട് രജിസ്ട്രേഷൻ ചെയ്യാത്ത വിദ്യാർഥികളെ എൻ.ആർ.ഐ അലോട്ട്മെന്റിൽ പരിഗണിക്കില്ല. കൂടുതൽ വിവരങ്ങൾക്ക്: 0471-2302400, www.simet.in.



# ജനങ്ങളെ വലച്ച് കനത്ത ചൂട് ; ജില്ലയിൽ കഴിഞ്ഞ ചില ദിവസങ്ങളിൽ രേഖപ്പെടുത്തിയത് രാജ്യത്തെ തന്നെ ഉയർന്ന ചൂട്

**ആലപ്പുഴ :** ജില്ലയിൽ കഴിഞ്ഞ ചില ദിവസങ്ങളിൽ രേഖപ്പെടുത്തിയത് രാജ്യത്തെ തന്നെ ഉയർന്ന ചൂട്. 36 ഡിഗ്രി സെൽഷ്യസ് ചൂട് വരെ രേഖപ്പെടുത്തിയതോടെ ആരോഗ്യത്തിലും പ്രത്യേക ശ്രദ്ധ വേണമെന്ന് വിദഗ്ധർ. 37 ഡിഗ്രിയാണു ശരീരത്തിന്റെ ഊഷ്മാവ്. രണ്ടോ മൂന്നോ ഡിഗ്രി ചൂടുയർന്നാൽതന്നെ ശരീരത്തിനു താങ്ങാൻ സാധിക്കില്ല. നിർജലീകരണം, വിശപ്പ് കുറയൽ, ശാരീരിക പ്രവർത്തനങ്ങളുടെ മന്ദത എന്നിവയ്ക്ക് വേനൽ കാരണമാകും. ചർമരോഗങ്ങളും വർധിക്കുന്ന കാലമാണ്.പ്രായമായവർ, കുട്ടികൾ, ഗർഭിണികൾ, രോഗികൾ തുടങ്ങിയവർക്ക് സൂര്യാതപം ഏൽക്കാനും ചർമരോഗങ്ങൾ വർധിക്കാനും സാധ്യതയുണ്ട്. കുട്ടികൾ മണിക്കൂറുകളോളം തുടർച്ചയായി കളിക്കുന്നത് ഒഴിവാക്കണം. വെയിലത്തു പാർക്കു ചെയ്യുന്ന കാറുകളിലും മറ്റും കുട്ടികളെ ഇരുത്തിയിട്ടു പോകരുത്.കാലാവസ്ഥയിലെ മാറ്റം കോവിഡ് രോഗികൾക്കും കോവിഡ് വന്നു മാറിയവർക്കും ആരോഗ്യ പ്രശ്നങ്ങൾ ഉണ്ടാക്കും. ശ്വാസകോശരോഗങ്ങൾ, ന്യുമോണിയ, കിതപ്പ്, ക്ഷീണം, ഫംഗസ് രോഗങ്ങൾ എന്നിവ ഉണ്ടാക്കാം. രാത്രി തണുപ്പ് കൂടുന്നതിനാൽ ശ്വാസകോശ രോഗങ്ങൾ ഉള്ളവർ പ്രത്യേക ശ്രദ്ധ പുലർത്തണം. കോവിഡ് വന്നവർ വേനൽക്കാലത്ത് അമിത വ്യായാമം ചെയ്യുന്നത് താപശരീര ശോഷണത്തിന് ഇടയാക്കും.ശരീരത്തിൽനിന്ന് ജലവും ലവണങ്ങളും വിയർപ്പിലൂടെ നഷ്ടപ്പെടുമ്പോൾ ഉണ്ടാകുന്ന അവസ്ഥയാണിത്. വിയർപ്പിലൂടെ സോഡിയം, പൊട്ടാസ്യം തുടങ്ങിയ ലവണങ്ങൾ നഷ്ടപ്പെടും. തന്മൂലം ക്ഷീണവും തളർച്ചയും ഉണ്ടാകും. കരിക്കിൻവെള്ളം, ഉപ്പിട്ട നാരങ്ങാവെള്ളം, ചൂടുവെള്ളം എന്നിവ ക്ഷീണം മാറാനും ശരീരത്തിലെ ലവണനഷ്ടം പരിഹരിക്കാനും സഹായിക്കും. ചൂടു കൂടിയതോടെ സൂര്യാതപമേൽക്കാനുള്ള സാധ്യതയും കൂടി. ചൂടു കൂടുമ്പോൾ ശരീരത്തിന്റെ സ്വാഭാവിക താപനിയന്ത്രണ സംവിധാനം തകരാറിലാകുന്നതാണു സൂര്യാതപത്തിനു കാരണം. സൂര്യാതപം എല്ലാ അവയവങ്ങളുടെയും പ്രവർത്തനത്തെ ബാധിക്കാം. വൃക്കകളുടെയും തലച്ചോറിന്റെയും പ്രവർത്തനത്തെ ബാധിക്കാനിടയുണ്ട്.കനത്ത വെയിലത്തു ജോലി ചെയ്യുന്നവരിലും പ്രായാധിക്യമുള്ളവരിലും രക്താതിമർദം തുടങ്ങിയ രോഗങ്ങളുള്ളവരിലുമാണ് ഇത് അധികമായി കണ്ടുവരുന്നത്. 11 മണി മുതൽ 3 മണിവരെയുള്ള സമയത്ത് നേരിട്ടു സൂര്യപ്രകാശം ഏൽക്കുന്ന സാഹചര്യം ഒഴിവാക്കണം. ചുവന്ന നിറമോ കുമിളകളോ പ്രത്യക്ഷപ്പെട്ടാൽ അവ പൊട്ടിക്കരുത്. ഉടൻ വൈദ്യസഹായം തേടണം.' കോവിഡ് അനന്തര ആരോഗ്യപ്രശ്നങ്ങൾ ഉള്ളവരും ശ്വാസകോശ രോഗമുള്ളവരും പ്രത്യേക ശ്രദ്ധ പുലർത്തണം. കാലാവസ്ഥാമാറ്റം കോവിഡ് വന്നവരിൽ ആരോഗ്യ പ്രശ്നങ്ങളുണ്ടാക്കാം. ശാരീരിക അധ്വാനം കൂടുതലുള്ള തൊഴിലുകളും അമിത വ്യായാമവും ഇക്കാലത്ത് ഉചിതമല്ല. ചൂടും തണുപ്പും മാറിമാറി അനുഭവപ്പെടുന്നതിനാൽ ആരോഗ്യസംരക്ഷണത്തിൽ പ്രത്യേക ശ്രദ്ധ പുലർത്തണം.' കഠിനമായ ചൂടിലുണ്ടാകുന്ന നിർജലീകരണമാണ് കുട്ടികളിൽ മറ്റു രോഗങ്ങൾക്കു വഴിവയ്ക്കുന്നത്. പെട്ടെന്നുള്ള കാലാവസ്ഥാമാറ്റത്തിൽ അവരിൽ തളർച്ചയും ക്ഷീണവും അനുഭവപ്പെടും. ചിക്കൻപോക്സ്, തക്കാളിപ്പനി പോലുള്ള പകർച്ചവ്യാധികളും ഈ കാലാവസ്ഥയിൽ കണ്ടുവരുന്നുണ്ട്. രോഗങ്ങൾ തടയാൻ, കുട്ടികൾ ആവശ്യത്തിനു വെള്ളം കുടിക്കുന്നുണ്ടെന്ന് മാതാപിതാക്കൾ ഉറപ്പാക്കണം. പകൽ 10നും 4നും ഇടയിൽ വെയിൽ കൊള്ളാനോ തുറസ്സായ ഇടങ്ങളിൽ കളിക്കാനോ അനുവദിക്കരുത്. ത്വക്‌രോഗങ്ങൾ അകറ്റാൻ ദിവസവും രണ്ടുനേരം കുളിക്കണം.



# ദേവീക്ഷേത്രത്തിൽ നിന്ന് 2.45 ലക്ഷം രൂപയും ഒരുപവൻ സ്വർണവും കവർന്നു

**ആലപ്പുഴ** മോഷ്ടാക്കളുടെ 'അഴിഞ്ഞാട്ടത്തിനാണ്' കുറച്ചു നാളായി ജില്ല സാക്ഷ്യം വഹിക്കുന്നത്. മോഷണങ്ങൾ വർധിക്കുന്നതോടെ കള്ളന്മാരെ പിടിക്കാൻ പൊലീസ് കൂടുതൽ ജാഗ്രത പുലർത്തുന്നുണ്ട്. സാഹസികമായി കള്ളനെ കുടുക്കിയ കഥകളും വിരളമല്ല. പക്ഷേ, കനത്ത ജാഗ്രതയുടെ വല പൊട്ടിച്ചും വിലസുന്ന കള്ളന്മാർ ഒട്ടേറെ. ചിങ്ങോലി കാവിൽപടിക്കൽ ദേവീക്ഷേത്രത്തിൽ നിന്ന് 2.45 ലക്ഷം രൂപയും ഒരുപവൻ സ്വർണവും കവർന്നത് കഴിഞ്ഞ മാസം 20ന് രാത്രിയിലായിരുന്നു. കരീലക്കുളങ്ങര പൊലീസ് സ്റ്റേഷൻ പരിധിയിൽ നടന്ന ഈ കവർച്ച അന്വേഷിക്കാൻ പ്രത്യേക സംഘത്തെ രൂപീകരിച്ചെങ്കിലും യാതൊരു സൂചനയും ലഭിച്ചിട്ടില്ല. മാവേലിക്കര നഗരത്തിലെ സ്വകാര്യ സ്കൂൾ, ജല അതോറിറ്റി ഓഫിസ്, കൊറ്റാർകാവിലെ വീട് എന്നിവിടങ്ങളിൽ നടന്ന മോഷണങ്ങളിലെ പ്രതികളെ പിടികൂടാനുണ്ട്. നൂറിലേറെ സിസിടിവി ദൃശ്യങ്ങൾ പരിശോധിച്ചുവരികയാണ്. കഴിഞ്ഞ ഫെബ്രുവരിയിൽ ദേശീയപാതയോരത്ത് കരുവാറ്റ കടുവൻകുളങ്ങര ജംക്ഷനിലെ ബ്രദേഴ്സ് സ്വർണക്കട കുത്തിത്തുറന്ന് 16 പവൻ കവർന്ന കേസിൽ പ്രതികളെ പിടികൂടാൻ കഴിഞ്ഞിട്ടില്ല. കരുവാറ്റ, ഹരിപ്പാട് സ്വദേശികളായ മോഷ്ടാക്കളുടെ മൊബൈൽ ഫോൺ വിവരങ്ങൾ ശേഖരിച്ച് അന്വേഷണം ഊർജിതമാക്കിയിട്ടുണ്ടെന്നു പൊലീസ് പറഞ്ഞു. കുത്തിയതോട് പൊലീസ് സ്റ്റേഷനു കീഴിൽ കഴിഞ്ഞ മാസം ചമ്മനാട് ഭാഗത്ത് ക്ഷേത്രദർശനം കഴിഞ്ഞു മടങ്ങിയ വീട്ടമ്മയുടെ ഒന്നരപ്പവന്റെ മാല കവർന്ന കേസിൽ പ്രതികളെ പിടികൂടാനായില്ല. അമ്പലപ്പുഴ കരൂർ അയ്യൻകോയിക്കൽ ധർമശാസ്താ ക്ഷേത്രത്തിലെ നാലമ്പലത്തിന്റെ ഓടിളക്കി അകത്തുകടന്ന് കാണിക്കവഞ്ചിയിലെ പണം അപഹരിച്ച കേസിൽ 3 മാസമായിട്ടും പ്രതികളെ പിടികൂടാനായില്ല. കുട്ടനാട് പൊങ്ങ പാലത്തിക്കാട് ഭദ്രാദേവി ക്ഷേത്രം ഓഫിസ് കുത്തിത്തുറന്ന് 25,000 രൂപയും 10 പവൻ സ്വർണവും കവർന്നിട്ട് 3 മാസമായിട്ടും പ്രതികളെ പിടികൂടാൻ സാധിച്ചിട്ടില്ല. ഒക്ടോബർ 9ന് ആണ് ക്ഷേത്രത്തിൽ മോഷണം നടന്നത്. തലവടി തെക്ക് ചക്കുളം എസ്എൻഡിപി ഗുരുമന്ദിരത്തിൽ നടന്ന മോഷണത്തിൽ പ്രതികളെ കണ്ടെത്തിയില്ല. ചേർത്തല തിരുവിഴ, അരീപ്പറമ്പ് മേഖലയിലെ വീടുകളിൽ വ്യാപക മോഷണശ്രമം. സെപ്റ്റംബർ 13ന് വെള്ളിയാകുളം ഭാഗത്ത് രണ്ടു വീട്ടിൽ മോഷണവും 4 വീട്ടിൽ മോഷണശ്രമവും നടന്നു. പ്രതികളെ പിടികൂടിയിട്ടില്ല. അടിവസ്ത്രവും മുഖംമൂടിയും ധരിച്ച് മോഷ്ടാക്കൾ പോകുന്നത് സിസിടിവി ദൃശ്യങ്ങളിൽ ഉണ്ടെങ്കിലും വ്യക്തമല്ല.



# റെഡിമെയ്ഡ് വസ്ത്രങ്ങളെന്ന പേരിൽ ട്രെയിനിൽ 436 കിലോ പുകയില ഉൽപന്നങ്ങൾ പിടികൂടി

**ആലപ്പുഴ :** റെഡിമെയ്ഡ് വസ്ത്രങ്ങളെന്ന പേരിൽ പാഴ്സലായി ബുക്ക് ചെയ്ത് ട്രെയിനിൽ എത്തിച്ച 436 കിലോ നിരോധിത പുകയില ഉൽപന്നങ്ങൾ റെയിൽവേ സംരക്ഷണസേന പിടിച്ചെടുത്തു.ഇന്നലെ രാവിലെ മൈസൂരുവിൽ നിന്നു കൊച്ചുവേളിക്കു പോയ ട്രെയിനിൽ ആലപ്പുഴ റെയിൽവേ സ്റ്റേഷനിലേക്ക് ബുക്ക് ചെയ്തതായിരുന്നു 9 ചാക്കുകളിലായി 10,000 പാക്കറ്റ് പുകയില ഉൽപന്നങ്ങൾ. ബെംഗളൂരു സ്റ്റേഷനിൽ നിന്നാണ് പാഴ്സൽ ബുക്ക് ചെയ്തത്. ഇതിന് അവിടെ 2 ലക്ഷം രൂപയെങ്കിലും വിലവരും. വിൽക്കുമ്പോൾ 10 ലക്ഷം രൂപയ്ക്കുമേൽ വിലവരുമെന്ന് ആർപിഎഫ് പറയുന്നു. റെഡിമെയ്ഡ് ഗാർമെന്റ്സ്, ഇലക്ട്രോണിക്സ് ഗുഡ്സ് എന്നീ പേരുകളിൽ 2 വിഭാഗമായിട്ടാണ് പാഴ്സൽ ബുക്ക് ചെയ്തത്. ആർപിഎഫ് നടത്തുന്ന പ്രത്യേക ഡ്രൈവിനെ തുടർന്നുള്ള പരിശോധനയിലാണ് സംശയം തോന്നിയ പാഴ്സൽ പിടിച്ചെടുത്തത്. സർക്കിൾ ഇൻസ്പെക്ടർ ബിനുകുമാർ, എഎസ്ഐ അജിമോൻ, ഓമനക്കുട്ടൻ പിള്ള എന്നിവരുടെ നേതൃത്വത്തിൽ നടത്തിയ പരിശോധനയിൽ സംശയം തോന്നിയാണ് പാഴ്സൽ പൊട്ടിച്ചു പരിശോധിച്ചത്. ഉൽപന്നങ്ങൾ പൂർണമായി എക്സൈസിനു കൈമാറി. ആർപിഎഫ് കേസെടുത്തു.

# താലൂക്ക് ആശുപത്രി വികസനം യാഥാർഥ്യത്തിലേക്ക്

**കായംകുളം** ഗവ. താലൂക്ക് ആശുപത്രി വികസനം യാഥാർഥ്യത്തിലേക്ക്. പഴയ കെട്ടിടങ്ങൾ പൊളിച്ചുതുടങ്ങി. ഭൗതിക സാഹചര്യം മെച്ചപ്പെടുത്താൻ കിഫ്ബിയിൽ അനുവദിച്ച 45.70 കോടി ഉപയോഗിച്ചാണ് നവീകരണം. പഴയ 14 കെട്ടിടത്തിൽ പേവാർഡ് പ്രവർത്തിക്കുന്ന രണ്ട് കെട്ടിടം ഒഴികെ 12 കെട്ടിടംപൊളിക്കും. എക്സ്റേ, പഴയ പ്രസവവാർഡ്, അഭയ കേന്ദ്രം, ജലസംഭരണി, പവർഹൗസ് കെട്ടിടങ്ങളാണ് ആദ്യം പൊളിക്കുന്നത്.ഇവിടെ പ്രവർത്തിച്ച വിഭാഗങ്ങൾ പുതിയ ഒപി ബ്ലോക്കിന്റെ മുകളിലേക്ക് മാറ്റും. ഇതിനായി സൗകര്യമൊരുക്കാൻ 25 ലക്ഷം അനുവദിച്ചു.

# ആലപ്പുഴ ജില്ലയിൽ കോവിഡ് കേസുകളിൽ വർധന

ആലപ്പുഴ ജില്ലയിൽ ഒരു മാസത്തിനിടെ ഏറ്റവും കൂടുതൽ പ്രതിദിന കോവിഡ് കേസുകൾ റിപ്പോർട്ട് ചെയ്തത് ഇന്നലെ. 232 പേർക്കാണ് ഇന്നലെ കോവിഡ് സ്ഥിരീകരിച്ചത്. ഇതിനു മുൻപ് കഴിഞ്ഞ മാസം 8നാണ് കോവിഡ് ബാധിതരുടെ എണ്ണം 200ൽ എത്തിയത്. സ്ഥിരീകരണ നിരക്കിലും (ടിപിആർ) വർധനയുണ്ട്. 6.40 ശതമാനമാണ് ഇന്നലത്തെ ടിപിആർ. കോവിഡ് വ്യാപനം ഏറിയാൽ കൂടുതൽ നിയന്ത്രണങ്ങൾ നടപ്പാക്കേണ്ടി വരുമെന്ന് കലക്ടർ എ.അലക്സാണ്ടർ അറിയിച്ചു. ഇന്നലെ കോവിഡ് സ്ഥിരീകരിച്ചവരിലൊരാൾ വിദേശത്തുനിന്ന് എത്തിയതാണ്. ആരോഗ്യപ്രവർത്തകരിൽ ഒരാൾക്കും രോഗം സ്ഥിരീകരിച്ചിട്ടുണ്ട്. 14 പേരുടെ സമ്പർക്ക ഉറവിടം വ്യക്തമല്ല. 67 പേർ കോവിഡ് മുക്തരായി. നിലവിൽ 1834 പേരാണു ചികിത്സയിലുള്ളത്. ജില്ലയിൽ 21 കേന്ദ്രങ്ങളിലായി ഇന്നലെ വിതരണം ചെയ്തത് 1890 ഡോസ് വാക്സീനാണ്. രണ്ടാം ഡോസ് സ്വീകരിക്കാനുള്ളവരുടെ എണ്ണം 185,956. 29,79,652 ഡോസ് വാക്സീനാണ് ജില്ലയിൽ ഇതുവരെ വിതരണം ചെയ്തത്. ഒന്നാം ഡോസ്: 15,82,804. രണ്ടാം ഡോസ്: 13,96,848. കുട്ടികൾക്കുള്ള വാക്സീൻ വിതരണം ഇന്നുണ്ടാകും.

## അറിയിപ്പ്

### നിയമനം

ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മെന്റൽ ഹെൽത്ത് ആന്റ് ന്യൂറോ സയൻസസ് (ഇംഹാൻസ്), കോഴിക്കോട്, ന്യൂറോ സയൻസ് റിസർച്ച് ലബോറട്ടറിയിൽ ജൂനിയർ റിസർച്ച് ഫെല്ലോയുടെ ഒരു ഒഴിവിലേക്ക് അപേക്ഷ ക്ഷണിച്ചു. യോഗ്യത :ബയോ ടെക്നോളജി/ മോളിക്യുലർ ബയോളജി വിഷയത്തിൽ ഒന്നാംക്ലാസ് ബിരുദാനന്തര ബിരുദവും നെറ്റ് /ഗേറ്റ് /തത്തുല്യയോഗ്യത. അനിമൽ സെൽ കൾച്ചർ, മോളിക്യുലാർ ബയോളജി മേഖലയിൽപ്രവർത്തിപരിചയം. പ്രായപരിധി 35 വയസ് കഴിയരുത് (നിയമാനുസൃതമായ വയസിളവ് ബാധകം) നിർദിഷ്ട മാതൃകയിൽ അപേക്ഷ അയയ്ക്കേണ്ട അവസാന തീയതി 2022 ജനുവരി 15. കൂടുതൽ വിവരങ്ങൾക്ക് www.imhans.ac.in വെബ്സൈറ്റ് സന്ദർശിക്കുക. ഫോൺ: 8129166196.

### ആർട്സ് കോഴ്സ്

സ്റ്റേറ്റ് റിസോഴ്സ് സെന്ററിന്റെ ആഭിമുഖ്യത്തിലുള്ള എസ്.ആർ.സി കമ്മ്യൂണിറ്റി കോളജ് 2022 ജനുവരി സെഷനിൽ നടത്തുന്ന മാർഷ്യൽ ആർട്സ് സർട്ടിഫിക്കറ്റ് പ്രോഗ്രാമിന് അപേക്ഷ ക്ഷണിച്ചു. പത്താം ക്ലാസ് പാസായവർക്ക് അപേക്ഷിക്കാം. ആറുമാസം ദൈർഘ്യമുള്ള പ്രോഗ്രാമിൽ കളരിപ്പയറ്റ്, കുങ്ഫു എന്നിവ പഠന വിഷയങ്ങളാണ്. തിയറി, പ്രാക്ടിക്കൽ ക്ലാസുകൾ അംഗീകൃത പഠനകേന്ദ്രത്തിന്റെ സഹായത്തോടെ നടത്തും. അപേക്ഷാ ഫോറവും പ്രോസ്പെക്ടസും തിരുവനന്തപുരത്ത് നന്ദാവനം പോലീസ്ക്യാമ്പിനു സമീപം പ്രവർത്തിക്കുന്ന എസ്ആർസി ഓഫീസിൽ നിന്നും ലഭിക്കും. വിലാസം: ഡയറക്ടർ, സ്റ്റേറ്റ് റിസോഴ്സ് സെന്റർ, നന്ദാവനം, വികാസ് ഭവൻ പി.ഒ, തിരുവനന്തപുരം-33. ഫോൺ: 0471 2325101, 2325102. htthps://srccc.in/download എന്ന ലിങ്കിൽ നിന്നും അപേക്ഷാ ഫാറം ഡൗൺലോഡ് ചെയ്യാം.15 വയസിനുമേൽ പ്രായമുള്ള ആർക്കും അപേക്ഷിക്കാം. ഉയർന്ന പ്രായപരിധി ഇല്ല. വിശദാംശങ്ങൾ www.srccc.in എന്ന വെബ്സൈറ്റിൽ ലഭ്യമാണ്. പൂരിപ്പിച്ച അപേക്ഷകൾ ലഭിക്കേണ്ട അവസാന തീയതി ജനുവരി 15. ഫോൺ: 9447683169.

### അപേക്ഷ ക്ഷണിച്ചു

വൊക്കേഷണൽ ഹയർ സെക്കൻഡറി വിദ്യാർഥികൾക്കായി സ്കോൾ കേരള നടത്തുന്ന അഡീഷണൽ മാത്തമാറ്റിക്സ് കോഴ്സിന് അപേക്ഷ ക്ഷണിച്ചു. അപേക്ഷകർ 2021-23 ബാച്ചിൽ സംസ്ഥാനത്തെ ഏതെങ്കിലും ഒരു റെഗുലർ വൊക്കേഷണൽ ഹയർ സെക്കൻഡറി സ്കൂളിൽ ഒന്നാംവർഷം ബി ഗ്രൂപ്പിൽ പ്രവേശനം നേടിയവരായിരിക്കണം. www.scolekerala.org എന്ന വെബ്സൈറ്റ് മുഖേനെ ഓൺലൈനായി രജിസ്റ്റർ ചെയ്യാം. കോഴ്സ്ഫീസ് 500 രൂപയാണ്. കോഴ്സ് ഫീസ് ഓൺലൈനായും (ഇന്റർനെറ്റ് ബാങ്കിംഗ്/ ഡെബിറ്റ്/ക്രഡിറ്റ് കാർഡ് മുഖേനെ), പോസ്റ്റ് ഓഫീസ് മുഖേനയും അടയ്ക്കാൻ സൗകര്യമുണ്ട്. ഫീസ് വിവരങ്ങൾക്കും, രജിസ്ട്രേഷനുള്ള മാർഗനിർദ്ദേശങ്ങൾക്കും സ്കോൾ കേരളയുടെ വെബ്സൈറ്റിൽ പ്രസിദ്ധപ്പെടുത്തിയിട്ടുള്ള പ്രോസ്പെക്ടസ് കാണുക.പിഴകൂടാതെ 2022 ജനുവരി 12 വരെയും, 60 രൂപ പിഴയോടെ 2022 ജനുവരി 19 വരെയും ഫീസടച്ച് രജിസ്റ്റർ ചെയ്യാം. ഓൺലൈൻ രജിസ്ട്രേഷന് ശേഷം ഡൗൺലോഡ് ചെയ്ത അപേക്ഷയുടെ പ്രിന്റൗട്ടും, അനുബന്ധരേഖകളും രണ്ട് ദിവസത്തിനകം അതത് സ്കൂൾ പ്രിൻസിപ്പാളിന്റെ സാക്ഷ്യപ്പെടുത്തലോടുകൂടി എക്സിക്യൂട്ടീവ് ഡയറക്ടർ, സ്കോൾ കേരള വിദ്യാഭവൻ, പൂജപ്പുരപി.ഒ, തിരുവനന്തപുരം-12 എന്ന വിലാസത്തിൽ തപാൽ മാർഗം അയച്ചു തരണം. അന്വേഷണങ്ങൾക്ക് സംസ്ഥാന ജില്ലാ ഓഫീസുകളിലെ ഫോൺ നമ്പറുകളിൽ ബന്ധപ്പെടാം. ഫോൺ : 0471 2342950, 2342271, 2342369.



# അടൂർ ജനറൽ ആശുപത്രിയിൽ സൂപ്രണ്ടിനെ ഉപരോധിച്ചു

**അടൂർ:** ജനറൽ ആശുപത്രി സൂപ്രണ്ടിനെ കോൺഗ്രസ് പ്രവർത്തകർ ഉപരോധിച്ചു. ആശുപത്രിയിലെ അടിസ്ഥാന സൗകര്യ വികസനം ആവശ്യപ്പെട്ടായിരുന്നു ഉപരോധം. പേവാർഡ് പത്ത് ദിവസത്തിനകം തുറന്ന് കൊടുക്കുമെന്ന് സൂപ്രണ്ട് ഉറപ്പ് നൽകിയിട്ട് ഒരുമാസമായെങ്കിലും നടപടി ഉണ്ടായില്ലെന്ന് കോൺഗ്രസ് ആരോപിച്ചു. ട്രോമാ കെയർ പ്രവർത്തനങ്ങളിൽ മതിയായ ജീവനക്കാരെ നിയമിക്കുകയോ കേന്ദ്രം പ്രവർത്തനസജ്ജമാക്കുകയോ ചെയ്തിട്ടില്ല. ആശുപത്രിക്ക് ലഭിച്ച ആംബുലൻസുകൾ അപകടത്തിൽ പെട്ടിട്ട് മാസങ്ങളായി. രാത്രി ഡ്യൂട്ടിയിൽ ആവശ്യമായ ഡോക്ടർമാരില്ല തുടങ്ങിയ വിഷയങ്ങൾ ഉന്നയിച്ചായിരുന്നു സമരം.അര മണിക്കൂർ നീണ്ടുനിന്ന ഉപരോധത്തിനൊടുവിൽ പോലീസ് എത്തി പ്രവർത്തകരെ അറസ്റ്റു ചെയ്തു നീക്കി. യൂത്ത് കോൺഗ്രസ് ജില്ലാ പ്രസിഡൻറ് എം. ജി. കണ്ണൻ കോൺഗ്രസ് അടൂർ മണ്ഡലം പ്രസിഡൻറ് ഷിബു ചിറക്കരോട്ട്, സലാവുദ്ദീൻ, അംജദ് അടൂർ, ബിജു ചാങ്കൂർ, എബി തോമസ്, ഗോപിനാഥ്, നെസ്മൽ കാവിളയിൽ, ഷിബു ബേബി എന്നിവരുടെ നേതൃത്വത്തിലാണ് ഉപരോധ സമരം നടത്തിയത്.

# ഉപകരണങ്ങൾക്ക് 19.64 കോടി: മന്ത്രി വീണാ ജോർജ്

**കോന്നി :** കോന്നി മെഡിക്കൽ കോളേജ് വിപുലീകരണത്തിന്റെ ഭാഗമായി കൂടുതൽ മെഡിക്കൽ ഉപകരണങ്ങളും ഫർണിച്ചറുകളും വാങ്ങാൻ 19,63,90,095 രൂപയുടെ അനുമതി ഉടൻ ലഭ്യമാക്കുമെന്ന് ആരോഗ്യമന്ത്രി വീണാ ജോർജ്. എത്രയും വേഗം ഭരണാനുമതി നൽകും. ഇതിനാവശ്യമായ വിവരം നൽകാൻ ഹൈറ്റ്സിനോട് കിഫ്ബി ആവശ്യപ്പെട്ടു. ആദ്യവർഷ എംബിബിഎസ് ക്ലാസുകൾക്കുള്ള സാമഗ്രികളുടെ തുകയാണിത്. ഇതോടെ ജനങ്ങൾക്ക് മികച്ച ചികിത്സാ സൗകര്യം ലഭിക്കുമെന്നും മന്ത്രി പറഞ്ഞു. അത്യാഹിത വിഭാഗം 2.09 കോടി രൂപ, മാതൃ, നവജാത ശിശു സംരക്ഷണം ഉൾപ്പെടെയുള്ള വിഭാഗത്തിന് 2.12 കോടി, മോഡ്യൂലാർ ലാബ് 2.47 കോടി, 2 മോഡ്യുലാർ ഓപ്പറേഷൻ തീയറ്റർ 1.4 കോടി, ഓപ്പറേഷൻ തീയറ്ററിനാവശ്യമായ മെഡിക്കൽ ഗ്യാസ് പൈപ്പ് ലൈൻ സംവിധാനം 2.87 കോടി, ബ്ലഡ് ബാങ്ക് 1.15 കോടി, അനാട്ടമി, ബയോകെമിസ്ട്രി, ഫിസിയോളജി എന്നീ വിഭാഗങ്ങൾക്ക് 3.32 കോടി, മൈക്രോബയോളജി, പത്തോളജി, കമ്മ്യൂണിറ്റി മെഡിസിൻ എന്നീ വിഭാഗങ്ങൾക്കായി 1.69 കോടി,



ലെക്ചർ ഹാൾ, അനാട്ടമി മ്യൂസിയം എന്നിവയ്ക്കായി 1.7 കോടി എന്നിങ്ങനെ വിവിധ വിഭാഗങ്ങൾക്ക് അനുമതിയ്ക്കായാണ് സമർപ്പിച്ചിരിക്കുന്നത്.മെഡിക്കൽ കോളേജിന്റെ ആദ്യഘട്ട നിർമാണം പൂർത്തിയായി. ഒപി, ഐപി, അത്യാഹിത വിഭാഗം എന്നിവ പ്രവർത്തനം തുടങ്ങി. നാഷണൽ മെഡിക്കൽ കൗൺസിലിന്റെ അനുമതിയ്ക്ക് മതിയായ ജീവനക്കാരെയും നിയമിച്ചു. രണ്ടാംഘട്ട നിർമാണത്തിന് 218.39 കോടി രൂപ അനുവദിച്ച് നിർമാണം ആരംഭിച്ചു. ഇതിന് പുറമേയാണ് ആദ്യ വർഷ ക്ലാസ് തുടങ്ങാൻ മികച്ച സൗകര്യങ്ങൾ ഒരുക്കുന്നത്.

# മാരാമൺ കൺവൻഷന്റെ പന്തലിന് കാൽനാട്ടി

**മാരാമൺ :** 127-ാം മാരാമൺ കൺവൻഷന് പന്തൽ കാൽനാട്ടി. ഡോ.തിയഡോഷ്യസ് മാർത്തോമ്മാ മെത്രാപ്പൊലീത്താ കാൽനാട്ടൽ കർമം നിർവഹിച്ചു.ഡോ. യുയാക്കിം മാർ കൂറിലോസ് സഫ്രഗൻ മെത്രാപ്പൊലീത്താ സന്നിഹിതനായി. ജനറൽ സെക്രട്ടറി റവ.ജിജി മാത്യൂസ്, ലേഖക സെക്രട്ടറി പ്രൊഫ.ഡോ.അജിത് വർഗീസ് ജോർജ്, സഞ്ചാര സെക്രട്ടറി റവ.സജി പി. സൈമൺ, ട്രഷറാർ ജേക്കബ് ശാമുവേൽ, ജില്ലാ പഞ്ചായത്തംഗങ്ങളായ സാറാ തോമസ്, ജിജി മാത്യു, തോട്ടപ്പുഴശേരി പഞ്ചായത്ത് പ്രസിഡന്റ് സി എസ് ബിനോയ് , കോഴഞ്ചേരി പഞ്ചായത്ത് പ്രസിഡന്റ് ജിജി വർഗീസ് ജോൺ, വൈസ് പ്രസിഡന്റുമാരായ ഷെറിൻ റോയി (തോട്ടപ്പുഴശേരി), മിനി സുരേഷ് (കോഴഞ്ചേരി), ബ്ലോക്ക് പഞ്ചായത്തംഗങ്ങളായ അജി അലക്സ്, അനീഷ് കുന്നപ്പുഴ, സാലി ലാലു, സാറാമ്മ ഷാജൻ, പഞ്ചായത്തംഗങ്ങളായ ബിജിലി പി. ഈശോ, രശ്മി ആർ. നായർ, റെൻസി കെ. രാജൻ, തുടങ്ങിയവർ പങ്കെടുത്തു. ഫെബ്രുവരി 13 മുതൽ 20 വരെയാണ് മാരാമൺ കൺവൻഷൻ.

# വിദ്യാഭ്യാസ നയത്തിലെ പ്രതിലോമ നിർദേശങ്ങൾ പിൻവലിക്കണം

**അടൂർ :** ഫെഡറലിസം ഇല്ലാതാക്കുന്നതും വർഗീയ, സ്വകാര്യവൽകരണ താത്പര്യങ്ങൾ നിറഞ്ഞതുമായ ദേശീയ വിദ്യാഭ്യാസ നയത്തിലെ എല്ലാ പ്രതിലോമ നിർദേശങ്ങളും പിൻവലിക്കണമെന്ന് കെഎസ്ടിഎ 31--ാം ജില്ലാ സമ്മേളനത്തിന്റെ ഭാഗമായി നടന്ന സെമിനാർ ആവശ്യപ്പെട്ടു.എല്ലാ വിദ്യാലയങ്ങളെയും കേന്ദ്ര സർക്കാർ നിയന്ത്രണത്തിലാക്കുന്നത് പ്രാദേശിക സംസ്ഥാന സർക്കാരുകളുടെ ഇടപെടൽ, പിന്തുണ അതുവഴിയുള്ള സജീവ പങ്കാളിത്തം എന്നിവ ഇല്ലാതാക്കും. 'ദേശീയ വിദ്യാഭ്യാസനയവും പാഠ്യ പദ്ധതി പരിഷ്കരണവും' എന്ന വിഷയത്തിൽ നടന്ന സെമിനാർ താലൂക്ക് സർക്കിൾ സഹകരണ യൂണിയൻ ചെയർമാൻ പി ബി ഹർഷകുമാർ ഉദ്ഘാടനം ചെയ്തു. കെഎസ്ടിഎ അടൂർ സബ് ജില്ലാ പ്രസിഡന്റ് ഡി അജിതകുമാരി അധ്യക്ഷയായി. സംസ്ഥാന വിദ്യാഭ്യാസ ഗവേഷണ പരിശീലന കൗൺസിൽ റിസർച്ച് ഓഫീസർ ഡോ. എം നാരായണനുണ്ണി, കേരള ശാസ്ത്ര സാഹിത്യ പരിഷത് കേന്ദ്ര നിർവാഹക സമിതിയംഗം ജി സ്റ്റാലിൻ എന്നിവർ വിഷയാവതരണം നടത്തി.ജില്ലാ സെക്രട്ടറി എസ് രാജേഷ് , പ്രസിഡന്റ് ബിനു ജേക്കബ് നൈനാൻ, സംസ്ഥാന കമ്മിറ്റിയംഗം പി കെ പ്രസന്നൻ, , എസ് ശൈലജുമാരി, പി ജി ആനന്ദൻ, എ കെ പ്രകാശ്, ബി മനീഷ, ഉബൈദ് താഹ എന്നിവർ സംസാരിച്ചു.

# കടയിൽ നിന്ന് പണംതട്ടി; പ്രതി പിടിയിൽ

**അടൂർ :** കടയിൽ നിന്നും വയോധികനെ കബളിപ്പിച്ച് പണം തട്ടിയെടുത്ത കേസിൽ പ്രതി അറസ്റ്റിൽ. പെരിങ്ങനാട് പതിനാലാം മൈൽ ജങ്ഷനിലെ ചിം ചിം ബേക്കറിക്കുള്ളിലെ മേശവലിപ്പിൽ നിന്നാണ് 30,000 രൂപ മോഷ്ടിച്ചത്. പ്രതി കുണ്ടറ സ്വദേശി ശ്യാംകുമാർ(32) നെ അടൂർ പൊലീസ് അറസ്റ്റ് ചെയ്തു.ഡിസംബർ 30ന് പുലർച്ചെ 4.30ഓടെയാണ് സംഭവം. ബേക്കറി ഉടമ സുഭാഷ് കട തുറന്നപ്പോൾ കടയിലേക്ക് സാധനം വാങ്ങാനെന്ന വ്യാജേന എത്തിയ പ്രതി തന്ത്രപൂർവം പണം കൈക്കലാക്കി രക്ഷപ്പെടുകയായിരുന്നു. പ്രതി സഞ്ചരിച്ച വാഹനത്തിന്റെ നിറത്തെ കുറിച്ച് സ്ഥലത്തുണ്ടായിരുന്ന പത്ര ഏജന്റുമാർ നൽകിയ വിവരമനുസരിച്ച് അന്വേഷണം നടത്തി. വിവിധ സ്ഥലങ്ങളിലെ സിസിടിവി ദൃശ്യങ്ങളിലൂടെ വാഹനം തിരിച്ചറിഞ്ഞു. കുണ്ടറ, കൊല്ലം, ശാസ്താംകോട്ട, കായംകുളം തുടങ്ങിയ സ്ഥലങ്ങൾ കേന്ദ്രീകരിച്ചു നടത്തിയ അന്വേഷണത്തിൽ ശാസ്താംകോട്ട പള്ളിശ്ശേരിക്കലെ വാടക വീട്ടിൽ നിന്നും പ്രതിയെ അറസ്റ്റ് ചെയ്തു. അടൂർ ഡിവൈഎസ്പി ആർ ബിനുവിന്റെ നേതൃത്വത്തിൽ അടൂർ ഇൻസ്പെക്ടർ ടി ഡി പ്രജീഷ്, എസ് ഐ എം മനീഷ്, സൂരജ്, റോബി, പ്രവീൺ,അൻസാജു, അമൽ എന്നിവരാണ് പ്രതിയെ പിടികൂടിയത്.



# നാറാണംമൂഴിയിൽ ഉപാധിരഹിത പട്ടയം അനുവദിക്കണം: ബികെഎംയു

**റാന്നി:** നാറാണംമൂഴി പഞ്ചായത്തിലെ തെക്കേതൊട്ടി, വലിയപതാൽ മേഖലയിലെ താമസക്കാർക്ക് ഉപാധിരഹിത പട്ടയം നൽകണമെന്ന് ബികെഎംയു മേഖലാ സമ്മേളനം ആവശ്യപ്പെട്ടു. കർഷകരും കർഷകതൊഴിലാളികളും പിന്നോക്ക വിഭാഗത്തിൽപെടുന്നവരും താമസിക്കുന്ന പ്രദേശത്തെ നിരവധിയാളുകളാണ് പട്ടയമില്ലാതെ ബുദ്ധിമുട്ടിലായിരിക്കുന്നത്. സർക്കാരിൽ നിന്നുള്ള പല ആനുകൂല്യങ്ങളും പ്രദേശവാസികൾക്കു നിഷേധിക്കപ്പെടുന്നു. വനമേഖലയിൽ നിന്നു കിലോമീറ്ററുകൾ അകലെയാണെങ്കിലും വന നിയമമാണ് പട്ടയം ലഭിക്കാൻ കാലതാമസം വരുത്തുന്നത്. കൈവശവകാശ രേഖകൾ സമർപ്പിച്ചാണ് വീടിന് വൈദ്യുതിയും മറ്റും ഇവിടുത്തുകാർ ലഭ്യമാക്കിയിരിക്കുന്നത്. പട്ടയം ഇല്ലാത്തതിനാൽ കർഷകരും കർഷക തൊഴിലാളികളും സർക്കാരിൻറെ പല ആനുകൂല്യങ്ങളുടേയും പുറത്താണ്. കൃഷി ഭവനുകൾ വഴി വിതരണം ചെയ്യുന്ന ആനുകൂല്യങ്ങൾക്കെല്ലാം കരം തീർത്ത രസീതുകൾ ആവശ്യമാണ്.പട്ടയം ലഭ്യമല്ലാത്തതിനാൽ കർഷകർ വെച്ചു പിടിപ്പിച്ച മരങ്ങൾ പോലും മുറിക്കുവാൻ കഴിയുന്നില്ല. ഇതിനു വേണ്ട നടപടികളെടുക്കാൻ ബന്ധപ്പെട്ടവർ തയാറാകണമെന്ന് സമ്മേളനം ആവശ്യപ്പെട്ടു. തെക്കേപ്പുറം വാസുദേവൻ ഉദ്ഘാടനം ചെയ്തു. അനിൽ അത്തിക്കയം അധ്യക്ഷത വഹിച്ചു. എം.വി. പ്രസന്നകുമാർ, ജോജോ കോവൂർ, പി.സി. ഏബ്രഹാം, എം.ശ്രീജിത്ത്, എം.ജി സതീഷ്, സ്റ്റീഫൻ ജോസഫ്, പ്രമോദ് ഉണ്ണികൃഷ്ണൻ എന്നിവർ പ്രസംഗിച്ചു. ഭാരവാഹികളായി ടി.ടി. കുര്യൻ - പ്രസിഡൻറ്, ടി. ടി. തങ്കച്ചൻ - വൈസ് പ്രസിഡൻറ്, അനിൽ അത്തിക്കയം - സെക്രട്ടറി, ദാമോധരൻ ഈട്ടിക്കാലായിൽ - ജോയിൻറ് സെക്രട്ടറി എന്നിവരെ തെരഞ്ഞെടുത്തു.

# വരുൺ ഇടിക്കൂട്ടിലെ പൊൻതിളക്കം

**പത്തനംതിട്ട :** ദേശീയ കിക്ക് ബോക്സിങ് ചാമ്പ്യൻഷിപ്പിൽ സ്വർണത്തിളക്കവുമായി പത്തനംതിട്ട സ്വദേശി വരുൺ എം കുമാർ. കഴിഞ്ഞ മാസം പൂനെയിൽ നടന്ന മത്സരത്തിലാണ് മഹാരാഷ്ട്രയുടെ അതികായനെ ഇടിച്ചുവീഴ്ത്തി വരുൺ മലയോര ജില്ലയിൽ സ്വർണമെത്തിച്ചത്.ബംഗളുരു വിപ്രോയിൽ ജോലി ചെയ്യുന്ന വരുൺ ലേക്ഡൗൺ സമയത്തെ വർക്ക് ഫ്രം ഹോം മടുപ്പിൽനിന്ന് മോചനം നേടാനാണ് കിക്ക് ബോക്സിങ് പരിശീലനത്തിന് ചേർന്നത്. കായിക ഇനങ്ങളോട് ചെറുപ്പം മുതലേയുള്ള താത്പര്യം മാത്രമായിരുന്നു കൈമുതൽ. വെറുതെയൊരു നേരംപോക്കിനായി ക്ലാസുകൾക്ക് പോയി തുടങ്ങി. പിന്നീട് കിക്ക് ബോക്സിങ് ആവേശമായി മാറി.ആഗ്രഹത്തിനൊപ്പം സുവീഷ് വിശ്വനാഥൻ എന്ന മാസ്റ്ററിന്റെ കൃത്യമായ ക്ലാസുകളും കുടുംബത്തിന്റെ പിന്തുണയും ചേർന്നപ്പോൾ വരുൺ നാടിന്റെ അഭിമാനതാരമായി. ജില്ലാതലത്തിൽ നടന്ന ചാമ്പ്യൻഷിപ്പിൽ നേടിയ സ്വർണമായിരുന്നു ദേശീയ തലത്തിൽ പങ്കെടുക്കാൻ ആവേശം പകർന്നത്. അങ്ങനെ സ്വർണമെഡലെന്ന സ്വപ്നനേട്ടത്തിലെത്തി. പത്തനംതിട്ട ഡിവൈഎഫ്ഐ സൗത്ത് മേഖലാകമ്മറ്റി അംഗം കൂടിയായ വരുൺ വിദേശത്ത് ജോലി ചെയ്യുന്ന മോഹനന്റേയും പ്രേമയുടേയും മകനാണ്. ജില്ലാ പബ്ലിക് റിലേഷൻ വകുപ്പിൽ ജോലി ചെയ്യുന്ന ഗീതുവാണ് ഭാര്യ. ആര്യൻ മകനാണ്. ഇനി അന്താരാഷ്ട്ര മത്സരമെന്ന ആഗ്രഹം പങ്ക് വയ്ക്കുമ്പോൾ വരുണിന്റെ കണ്ണുകളിൽ സ്വർണത്തേക്കാൾ തിളക്കം.

# നാറാണംമൂഴിയിൽ ഉപാധിരഹിത പട്ടയം അനുവദിക്കണം: ബികെഎംയു

**റാന്നി:** നാറാണംമൂഴി പഞ്ചായത്തിലെ തെക്കേതൊട്ടി, വലിയ പതാൽ മേഖലയിലെ താമസക്കാർക്ക് ഉപാധിരഹിത പട്ടയം നൽകണമെന്ന് ബികെഎംയു മേഖലാ സമ്മേളനം ആവശ്യപ്പെട്ടു. കർഷകരും കർഷകതൊഴിലാളികളും പിന്നോക്ക വിഭാഗത്തിൽപെടുന്നവരും താമസിക്കുന്ന പ്രദേശത്തെ നിരവധിയാളുകളാണ് പട്ടയമില്ലാതെ ബുദ്ധിമുട്ടിലായിരിക്കുന്നത്. സർക്കാരിൽ നിന്നുള്ള പല ആനുകൂല്യങ്ങളും പ്രദേശവാസികൾക്കു നിഷേധിക്കപ്പെടുന്നു. വനമേഖലയിൽ നിന്നു കിലോമീറ്ററുകൾ അകലെയാണെങ്കിലും വന നിയമമാണ് പട്ടയം ലഭിക്കാൻ കാലതാമസം വരുത്തുന്നത്. കൈവശവകാശ രേഖകൾ സമർപ്പിച്ചാണ് വീടിന് വൈദ്യുതിയും മറ്റും ഇവിടുത്തുകാർ ലഭ്യമാക്കിയിരിക്കുന്നത്. പട്ടയം ഇല്ലാത്തതിനാൽ കർഷകരും കർഷക തൊഴിലാളികളും സർക്കാരിൻറെ പല ആനുകൂല്യങ്ങളുടേയും പുറത്താണ്. കൃഷി ഭവനുകൾ വഴി വിതരണം ചെയ്യുന്ന ആനുകൂല്യങ്ങൾക്കെല്ലാം കരം തീർത്ത രസീതുകൾ ആവശ്യമാണ്.പട്ടയം ലഭ്യമല്ലാത്തതിനാൽ കർഷകർ വെച്ചു പിടിപ്പിച്ച മരങ്ങൾ പോലും മുറിക്കുവാൻ കഴിയുന്നില്ല. ഇതിനു വേണ്ട നടപടികളെടുക്കാൻ ബന്ധപ്പെട്ടവർ തയാറാകണമെന്ന് സമ്മേളനം ആവശ്യപ്പെട്ടു. തെക്കേപ്പുറം വാസുദേവൻ ഉദ്ഘാടനം ചെയ്തു. അനിൽ അത്തിക്കയം അധ്യക്ഷത വഹിച്ചു. എം.വി. പ്രസന്നകുമാർ, ജോജോ കോവൂർ, പി.സി. ഏബ്രഹാം, എം.ശ്രീജിത്ത്, എം.ജി സതീഷ്, സ്റ്റീഫൻ ജോസഫ്, പ്രമോദ് ഉണ്ണികൃഷ്ണൻ എന്നിവർ പ്രസംഗിച്ചു. ഭാരവാഹികളായി ടി.ടി. കുര്യൻ - പ്രസിഡൻറ്, ടി. ടി. തങ്കച്ചൻ - വൈസ് പ്രസിഡൻറ്, അനിൽ അത്തിക്കയം - സെക്രട്ടറി, ദാമോധരൻ ഈട്ടിക്കാലായിൽ - ജോയിൻറ് സെക്രട്ടറി എന്നിവരെ തെരഞ്ഞെടുത്തു.

# അടൂർ ഡിപ്പോ അവഗണനയിൽ

**അടൂർ:** ആവശ്യത്തിന് ഡ്രൈവർമാരും കണ്ടക്ടർമാരും ഇല്ലാത്തത് കെഎസ്ആർടിസി അടൂർ ഡിപ്പോയിൽ നിന്നുള്ള സർവീസുകളെ പ്രതികൂലമായി ബാധിക്കുന്നു. 103 കണ്ടക്ടർമാരുടെ തസ്തികയുള്ള ഡിപ്പോയിൽ 77 പേർ മാത്രമാണ് ഡ്യൂട്ടിക്കുള്ളത്. 93 ഡ്രൈവർ തസ്തികയുള്ളിടത്ത് 75 പേരാണുള്ളത്. 40 ഷെഡ്യൂളുകൾക്കായി 44 ബസുകൾ ഡിപ്പോയ്ക്കുണ്ട്. ലോക്ഡൗൺ ആരംഭിച്ചപ്പോൾ ജില്ലാ കോമൺപൂൾ (പാർക്കിംഗ്) വ്യവസ്ഥയിൽ ഇവിടെ ഉണ്ടായിരുന്ന 15 ബസുകൾ കായംകുളം, ആറ്റിങ്ങൽ ഡിപ്പോകളിലേക്ക് കൊണ്ടു പോയിരുന്നു. നല്ല നിലയിലുള്ള ബസുകളാണ് അന്നു മാറ്റിയതെന്നു പറയുന്നു. കോവിഡ് നിയന്ത്രണങ്ങൾ നീങ്ങിയതോടെ ഓർഡിനറി സർവീസുകൾ പുനരാരംഭിക്കാനായി ഈ ബസുകൾ തിരികെ ആവശ്യപ്പെട്ടെങ്കിലും രണ്ട് ബസുകൾ മാത്രമാണ് തിരികെ ലഭിച്ചത്. ഇവിടെ നിന്നും കൊണ്ടുപോയ ബസുകൾ തിരികെ കൊണ്ടുവന്നെങ്കിലേ കൂടുതൽ ഓർഡിനറി സർവീസുകൾ ആരംഭിക്കാനാകൂ.അടൂർ ഡിപ്പോയുടെ ശോച്യാവസ്ഥ പരിഹരിക്കാനായി വകുപ്പ് മന്ത്രി ആൻറണി രാജു, ഡെപ്യൂട്ടി സ്പീക്കർ ചിറ്റയം ഗോപകുമാറിൻറെ സാന്നിധ്യത്തിൽ യോഗം ചേർന്നെങ്കിലും ഇവിടെ നിന്നു കൊണ്ടുപോയ ഓർഡിനറി ബസുകൾ തിരികെ കൊണ്ടുവരാനോ മുടങ്ങിക്കിടക്കുന്ന ഷെഡ്യൂളുകൾ പുനരാരംഭിക്കാനോ നടപടി ഉണ്ടായില്ല. കൂടാതെ ജീവനക്കാരുടെ കുറവ് പരിഹരിക്കുമെന്ന ഉറപ്പും പാലിക്കപ്പെട്ടില്ല. എംസി റോഡിൽ സർവീസ് നടത്തിയിരുന്ന ബസുകൾ ഉപയോഗപ്പെടുത്തിയാണ് ഗ്രാമീണ മേഖലയിലേക്കുള്ള ഷെഡ്യൂളുകൾ പലതും നടത്തുന്നത്. ഇതോടെ എംസി റോഡിൽ യാത്രാക്ലേശം രൂക്ഷമായി. ചെറിയ ജംഗ്ഷനുകളിൽ ഇറങ്ങേണ്ടവരാണ് ബുദ്ധിമുട്ടുന്നത്. ശബരിമല തീർഥാടനം ആരംഭിച്ചിട്ടും സ്റ്റാൻഡിൽ ഒരു പോലീസ് എയ്ഡ് പോസ്റ്റ് പോലും ആരംഭിച്ചിട്ടില്ല. പോലീസ് സാന്നിധ്യമില്ലാത്തതിനാൽ സാമൂഹിക വിരുദ്ധശല്യവും രൂക്ഷമാണ്. കഴിഞ്ഞ ആഴ്ചയിൽ സന്ധ്യകഴിഞ്ഞ് ബസ് കാത്തുനിന്ന തമിഴ്നാട് സ്വദേശികളായ ദമ്പതികളെ മദ്യപർ അസഭ്യം പറഞ്ഞ സംഭവം ഉണ്ടായി. സ്റ്റാൻഡിനുള്ളിൽ വൈദ്യുത വിളക്കുകളും ഇല്ല. മോഷണവും പോക്കറ്റടിയും മദ്യപരുടെ വിളയാട്ടവും പതിവാണ്.

KOTTAYAM

അറിയിപ്പ്



## നിയമനം

**കോട്ടയം:** കോട്ടയം ജില്ലയിൽ വനിതാ ഹോംഗാർഡുകളെ നിയമിക്കുന്നതിന് അപേക്ഷ ക്ഷണിച്ചു. 10-ാം ക്ലാസ് അല്ലെങ്കിൽ തത്തുല്യ പരീക്ഷ പസായ ആർമി, നേവി, എർഫോഴ്സ് / ബി. എസ്.എഫ്, സി.ആർ.പി.എഫ്, സി.ഐ.എസ്.എഫ്, എൻ.എസ്. ജി, എസ്.എസ്.ബി, അസം റൈഫിൽസ് / കേരള പോലീസ്, ഫയർ ഫോഴ്സ്, ഫോറസ്റ്റ്, എക്സൈസ്, ജയിൽ തുടങ്ങിയവയിൽ നിന്ന് വിരമിച്ച വനിതാ സേനാംഗങ്ങൾക്കാണ് അവസരം. പ്രായം 35നും 58 നും മധ്യേ. അപേക്ഷ സ്വീകരിക്കുന്ന അവസാന തീയതി ജനുവരി 30. അപേക്ഷാ ഫോറവും വിശദ വിവരവും ജില്ലാ ഫയർ ഓഫീസിൽ ലഭിക്കും.

## തൊഴിൽ മേള

**കോട്ടയം:** കെ-ഡിസ്കും കേരള നോളജ് എക്കണോമി മിഷനും ചേർന്ന് നടത്തുന്ന തൊഴിൽമേള ജനുവരി ഏഴിന് ഏറ്റുമാനൂർ മംഗളം കോളജ് ഓഫ് എൻജിനീയറിങ്ങിൽ നടക്കും. അഞ്ചു വർഷത്തിൽ 20 ലക്ഷം അഭ്യസ്തവിദ്യരായ തൊഴിൽ രഹിതർക്ക് തൊഴിൽ ഉറപ്പാക്കുന്നതിന് സർക്കാർ പ്രഖ്യാപിച്ച പദ്ധതിയുടെ ഭാഗമായാണ് മേള നടത്തുന്നത്. മേളയിലൂടെ 10000 പേർക്ക് ജോലി ലഭ്യമാക്കുകയാണ് ലക്ഷ്യം.ജില്ലാ തലത്തിൽ നടക്കുന്ന തൊഴിൽമേളയ്ക്കുശേഷം 2022 ജനുവരി അവസാനം ഓൺലൈനായും മേള സംഘടിപ്പിക്കും. ഇന്ത്യയ്ക്കകത്തും പുറത്തുമുള്ള നിരവധി കമ്പനികൾ പങ്കെടുക്കുന്ന മേളയിൽ തൊഴിലന്വേഷകർക്ക് അവരവരുടെ അഭിരുചിക്കും നൈപുണ്യത്തിനും അനുയോജ്യമായ തൊഴിൽ തെരഞ്ഞെടുക്കുന്നതിന് അവസരമുണ്ടാകും.തൊഴിൽ മേളകളിൽ പങ്കെടുക്കാൻ രജിസ്റ്റർ ചെയ്തിട്ടുള്ള ഉദ്യോഗാർഥികൾക്ക് ജോബ് റെഡിനെസ്സ്, ഇന്റർവ്യൂ സ്കിൽ എന്നിവ സംബന്ധിച്ച് സൗജന്യ പരിശീലനവും കെ-ഡിസ്ക്കും കുടുംബശ്രീ സ്കിൽ വിഭാഗവും ചേർന്ന് ഒരുക്കിയിട്ടുണ്ട്. തൊഴിൽ അന്വേഷകർക്ക് knowledgemission.kerala.gov.in എന്ന വെബ്സൈറ്റിൽ രജിസ്റ്റർ ചെയ്യാം. വിശദവിവരങ്ങൾക്ക് ഫോൺ: 9074989772, 9947872616.

## അക്ഷയ സംരംഭകരെ തിരഞ്ഞെടുക്കൽ

**കോട്ടയം:** ജില്ലയിലെ പുതിയതായി 20 കേന്ദ്രങ്ങളിലേക്ക് അക്ഷയ സംരംഭകരെ തിരഞ്ഞെടുക്കുന്നതിനുള്ള ഓൺലൈൻ പരീക്ഷ ജനുവരി 13, 14 തീയതികളിൽ നടക്കും. നാഗമ്പടം മുനിസിപ്പൽ ഷോപ്പിംഗ് കോംപ്ലക്സിലെ ഒന്നാം നിലയിൽ പ്രവർത്തിക്കുന്ന കെൽട്രോൺ നോളജ് സെന്ററിൽ വെച്ചാണ് പരീക്ഷ . 2019 ഒക്ടോബറിൽ അപേക്ഷ നൽകിയവർക്കാണ് അവസരം. കരൂർ, ഇടനാട്, മുക്കാലി, മുണ്ടത്താനം, പാ താമ്പുഴ, ഇടമറുക് ഹോസ്പിറ്റൽ ജംഗ്ഷൻ, മേലുകാവ് സെന്റർ, നെടുമണ്ണി, ഓണംതുരുത്ത്, ചന്തകവല, താമരക്കാട്, ചെറുവള്ളി, അരുവിച്ചാംകുഴി, പൂതക്കുഴി, ഇളംകാട്, മേവിട, പൈക്കാട്, കാരിക്കോട്, ചേന്നാട്, വെള്ളികുളം എന്നിവിടകളിലേക്കാണ് അപേക്ഷ ക്ഷണിച്ചിരുന്നത്. പരീക്ഷ സംബന്ധിച്ച കൂടുതൽ വിവരങ്ങൾക്ക് അക്ഷയ ജില്ലാ പ്രോജക്ട് ഓഫീസുമായി ബന്ധപ്പെടുക . ഫോൺ: 0481 2574477

## സൊസൈറ്റികളുടെ റിട്ടേൺ ഫയൽ കുടിശിക; ഒറ്റത്തവണ തീർപ്പാക്കൽ

**കോട്ടയം:** രജിസ്ട്രേഷൻ വകുപ്പിൽ 1955ലെ ചാരിറ്റബിൾ സൊസൈറ്റീസ് നിയമപ്രകാരം രജിസ്റ്റർ ചെയ്ത സൊസൈറ്റികളുടെ റിട്ടേൺ ഫയൽ ചെയ്യുന്നതിന് കുടിശികയുള്ളവർക്കായി ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതി നടപ്പാക്കുന്നു. ഒരു വർഷത്തേക്ക് 500 രൂപ നിരക്കിൽ പിഴയൊടുക്കി ബന്ധപ്പെട്ട രേഖകൾ ജില്ലാ രജിസ്ട്രാർ (ജനറൽ) ഓഫീസിൽ നൽകി 2022 മാർച്ച് 31 നകം സൊസൈറ്റിയുടെ റിട്ടേൺ ഫയൽ ചെയ്യാം. അവസാന ദിവസത്തെ തിരക്ക് ഒഴിവാക്കുന്നതിനായി സൊസൈറ്റികൾ അവസരം പ്രയോജനപ്പെടുത്തണമെന്ന് കോട്ടയം ജില്ലാ രജിസ്ട്രാർ ജനറൽ അറിയിച്ചു. ഫോൺ: 04812563822.





# മെഡിക്കൽ കോളജിൽനിന്ന് നവജാത ശിശുവിനെ തട്ടിക്കൊണ്ടുപോയി; മണിക്കൂറുകൾക്കിള്ളിൽ പോലീസ് കുട്ടിയെ കണ്ടെത്തി

**കോട്ടയം:** മെഡിക്കൽ കോളജിൽനിന്ന് നവജാത ശിശുവിനെ കടത്തിക്കൊണ്ടുപോയി. പോലീസിന്റെ സമയോചിത ഇടപെടലിലൂടെ കുഞ്ഞിനെ തിരികെ ലഭിച്ചു. ആശുപത്രിക്കു പുറത്തുള്ള ഹോട്ടലിൽനിന്ന് കുഞ്ഞിനെയും തട്ടിക്കൊണ്ടുപോയ സ്ത്രീയേയും പോലീസ് കണ്ടെത്തുകയായിരുന്നു. മുണ്ടക്കയം സ്വദേശിനിയുടെ മൂന്നു ദിവസം മാത്രം പ്രായമുള്ള കുട്ടിയെ ആണ് തട്ടിക്കൊണ്ടുപോയത്. നഴ്സിംഗ് അസ്റ്റൻറ് എന്ന് പരിചയപ്പെടുത്തി എത്തിയ സ്ത്രീയാണ് കുട്ടിയെ എടുത്തുകൊണ്ടുപോയത്. വ്യാഴാഴ്ച ഉച്ചയോടെ മെഡിക്കൽ കോളജിലെ പ്രസവ വാർഡിലായിരുന്നു സംഭവം. കുട്ടിക്ക് മഞ്ഞ നിറമുണ്ടെന്നും കുട്ടികളുടെ തീവ്രപരിചരണ വിഭാഗത്തിൽ കാണിക്കണമെന്നും വിശ്വസിപ്പിച്ചായിരുന്നു കുട്ടിയെ എടുത്തുകൊണ്ടുപോയത്. ഏറെനേരം കഴിഞ്ഞിട്ടും കുഞ്ഞിനെ കാണാതായതോടെ അമ്മ നഴ്സിംഗ് സ്റ്റേഷനിലെത്തി കുട്ടിയെ തിരക്കി. എന്നാൽ നഴ്സുമാരാരും കുഞ്ഞിനെ ആവശ്യപ്പെട്ട് ചെന്നിട്ടില്ലെന്ന വിവരമാണ് ലഭിച്ചത്. ഇതോടെ പരിഭ്രാന്തരായ കുഞ്ഞിന്റെ അമ്മയും ബന്ധുക്കളും ബഹളം വയ്ക്കുകയും പോലീസിൽ വിവരം അറിയിക്കുകയുമായിരുന്നു. പോലീസ് നടത്തിയ തെരച്ചിലിൽ ആശുപത്രി പരിസരത്തെ ഹോട്ടലിൽനിന്ന് കുട്ടിയെ തട്ടിക്കൊണ്ടുപോയ സ്ത്രീയെ കണ്ടെത്തി. ഇവരിൽനിന്ന് പോലീസ് കുട്ടിയെ തിരികെ വാങ്ങി അമ്മയെ ഏൽപ്പിച്ചു. കുട്ടിയെ തട്ടിയെടുത്ത സ്ത്രീയെ പോലീസ് കസ്റ്റഡിയിലെടുത്തു. ഇവരെ ചോദ്യം ചെയ്തുവരികയാണ്.

## മുനിസിപ്പൽ സ്റ്റേഡിയവും സിന്തറ്റിക് ട്രാക്കും നവീകരിക്കണം: മാണി സി കാപ്പൻ

**പാലാ:** പാലായിലെ ചെറിയാൻ ജെ കാപ്പൻ സ്മാരക മുനിസിപ്പൽ സ്റ്റേഡിയവും സിന്തറ്റിക് ട്രാക്കും അടിയന്തിരമായി അറ്റകുറ്റപണികൾ നടത്തി സംരക്ഷിക്കാൻ നടപടി സ്വീകരിക്കണമെന്നാവശ്യപ്പെട്ടു മുഖ്യമന്ത്രി പിണറായി വിജയൻ, കായിക മന്ത്രി വി അബ്ദുറഹ്മാൻ എന്നിവർക്കു മാണി സി കാപ്പൻ എം .എൽ .എ നിവേദനം നൽകി. കാലോചിതമായ അറ്റകുറ്റപ്പണികൾ നടക്കാത്തതിനാൽ സ്റ്റേഡിയവും ട്രാക്കും ഉപയോഗ്യമല്ലാത്ത രീതിയിൽ നശിച്ചുകൊണ്ടിരിക്കുകയാണെന്ന് നിവേദനത്തിൽ ചൂണ്ടിക്കാട്ടി.ആറ് ഏക്കറിലധികം വിസ്തീർണ്ണമുള്ള സ്റ്റേഡിയം 2017 ലാണ് 23 കോടി രൂപ ചിലവിൽ അന്താരാഷ്ട്രാനിലവാരത്തിൽ പുനർനിർമ്മിച്ചത്. 400 മീറ്റർ നീളത്തിൽ 8 ലെയിൽ സിന്തറ്റിക് ട്രാക്ക്, വോളിബോൾ, ബാസ്ക്കറ്റ് ബോൾ, ഫുട്ബോൾ കോർട്ടുകൾ, സിന്തറ്റിക് വാക്ക് വേ, എന്നിവയും അത് ലറ്റിക്സ് ഇനങ്ങൾക്ക് ആവശ്യമായ സൗകര്യവും സ്റ്റേഡിയത്തിൽ ഒരുക്കിയിട്ടുണ്ട്. പാലാ ജംപ്സ് അക്കാദമി ഇതിനോടനുബന്ധിച്ചു പ്രവർത്തിക്കുന്നുണ്ടെന്നും എം എൽ എ നിവേദനത്തിൽ പറഞ്ഞു. സ്റ്റേഡിയം അറ്റകുറ്റപ്പണികൾക്കൊപ്പം നവീകരിക്കണമെന്നും മാണി സി കാപ്പൻ ആവശ്യപ്പെട്ടിട്ടുണ്ട്.

## കുതിരപ്പന്തി വട്ടക്കോട്ട റോഡ് തകർന്ന്



**കോട്ടയം:** തകർന്ന് തരിപ്പണമായി കുടയംപടിക്ക് സമീപമുള്ള കുതിര പന്തി വട്ടക്കോട്ട റോഡ്.ജലനിധി പദ്ധതിയുടെ പൈപ്പ് ഇടുന്നതിന്റെ ഭാഗമായാണ് റോഡ് മുഴുവൻ കുഴിച്ചത്. പൈപ്പ് സ്ഥാപിച്ച് കുഴി താൽക്കാലികമായി മൂടിയതല്ലാതെ റീടാറിംഗ് നടത്തിയില്ല. ഇതാണ് പ്രദേശവാസികളെയും യാത്രക്കാരെയും ദുരിതത്തിലാക്കുന്നത്. അയ്മനം പഞ്ചായത്തിലെ 10-ാം വാർഡിലാണ് റോഡ് സ്ഥിതി ചെയ്യുന്നത്. 2021,22 വർഷത്തെ വികസനഫണ്ട് ഉപയോഗിച്ചാണ് ഈ റോഡിലെ തന്നെ 70 മീറ്റർ സ്ഥലം ആറ് മാസം മുൻപ് 2 ലക്ഷം രൂപ ഉപയോഗിച്ച് ടാർ ചെയ്തെങ്കിലും ബാക്കി ഭാഗത്തെ സ്ഥിതി തുടരുകയാണ്. കുടയംപടി, ഒളശ്ശ, അയ്മനം റോഡ് നിർമ്മാണം നടക്കുന്നതിനാൽ അയ്മനം ഭാഗത്തേയ്ക്ക് പോകുന്ന വാഹനങ്ങൾ ഈ റോഡിലൂടെയാണ് കടന്നു പോകുന്നത്. ഫണ്ട് ലഭിക്കാത്തത് കൊണ്ടാണ് ബാക്കി ഭാഗം ടാറിംഗ് നടത്താതെന്നാണ് അധികൃതർ പറയുന്നതെന്ന് നാട്ടുകാർ പറയുന്നു.റോഡിന്റെ നടുവശം പൊട്ടിപ്പൊളിഞ്ഞ് ചെറുതും വലുതുമായ നിരവധി കുഴികൾ രൂപപ്പെട്ടു. കല്ലും മണ്ണും നിറഞ്ഞു കിടക്കുന്നതിനാൽ, ഇരുചക്ര വാഹനങ്ങൾ കല്ലിലും മണ്ണിലും കയറി നിയന്ത്രണം വിട്ട് മറിയുന്നത് പതിവാണ്. കാൽനടയാത്രികരും വിദ്യാർത്ഥികളും ഉൾപ്പെടെ നിരവധി പേർ ഇവിടെ വീണിട്ടുണ്ടെന്നും ഭാഗ്യം കൊണ്ടാണ് ഗുരുതരമായ പരിക്കേൽക്കാതെ രക്ഷപ്പെടുന്നതെന്നും സമീപവാസികൾ പറയുന്നു. കുത്തനെയുള്ള കയറ്റവും അപകടം നിറഞ്ഞ വളവുമുള്ള ഭാഗവും അപകടങ്ങളുടെ തോതും ഉയർത്തുന്നു. സമീപത്തെ വീടുകളുടെ മതിലിലും ഗേറ്റിലുമാണ് വാഹനങ്ങളും യാത്രക്കാരും വീഴുന്നതും. പ്രദേശവാസികളുടെ നിരന്തര പരാതിയെ തുടർന്ന്, റോഡിന്റെ പലയിടങ്ങളിലായി പേരിനുമാത്രം കോൺക്രീറ്റ് ചെയ്തിട്ടുണ്ട്.

## വേട്ടടി തോടിന്റെ സംരക്ഷണം ഒരു കോടി രൂപയുടെ പദ്ധതി



**ചങ്ങനാശേരി:** വേട്ടടി തോടിനെ സംരക്ഷിക്കുവാനും തോടിന്റെ വശങ്ങളിൽ താമസിക്കുന്ന ജനങ്ങൾക്ക് സഞ്ചാര സൗകര്യം ഉറപ്പാക്കുവാനും ഒരു കോടി രൂപയുടെ പദ്ധതിക്ക് അംഗീകാരം. എംഎൽഎയുടെ ആസ്തി വികസന ഫണ്ടിൽനിന്നും അനുവദിച്ച ഒരു കോടി രൂപയുടെ പദ്ധതിക്കാണ് ഭരണാനുമതി ലഭിച്ചതെന്നു ജോബ് മൈക്കിൾ എംഎൽഎ പറഞ്ഞു. ബോട്ട്ജെട്ടിയിൽ ആരംഭിച്ച് എസി റോഡിൽ മനയ്ക്കച്ചിറയിൽ എത്തിച്ചേരുന്ന തോടാണിത്. ജലസേചന വകുപ്പിനാണ് നിർമാണച്ചുമതല. ജില്ലാ ജലസേചന വകുപ്പിൻറെ സാങ്കേതികാനുമതി ലഭ്യമാക്കി ടെൻഡർ നടപടികൾ പൂർത്തിയാക്കി നിർമാണപ്രവർത്തനങ്ങൾ ആരംഭിക്കും. മനയ്ക്കച്ചിറ ഭാഗത്തുനിന്നുമാണ് നിർമാണം ആരംഭിക്കുന്നത്. മുഖ്യമന്ത്രിയുടെ സിഎംഎൽആർ പദ്ധയിൽനിന്നും ലഭ്യമായ 50 ലക്ഷം രൂപകൂടി സംയോജിപ്പിച്ചാണ് നിർമാണം രൂപ കൽപന ചെയ്തിരിക്കുന്നത്. സിഎംഎൽആർ പദ്ധതിയിൽ 200 മീറ്ററോളം ബണ്ടിന്റെ കരിങ്കൽ കെട്ടി ബലപ്പെടുത്തും. തോടിന്റെ ആഴം കൂടുമ്പോൾ ലഭ്യമാകുന്ന എക്കൽ ഉപയോഗിച്ച് നിലവിലുള്ള ബണ്ട് ഒരു മീറ്റർ ഉയർത്താനും പദ്ധതിയുണ്ട്. ക്വാറി മക്കുപയോഗിച്ചു ബണ്ട് സഞ്ചാര യോഗ്യമാക്കും.വേട്ടടി തോടിന്റെ വശങ്ങളിലുള്ള കുടുംബങ്ങൾക്ക് പദ്ധതി ഉപകരിക്കും വേട്ടടി തോടിന്റെ നവീകരണം മത്സ്യത്തൊഴിലാളികൾക്കും വിനോദ സഞ്ചാരികൾക്കും വശങ്ങളിലുള്ള കുടുംബങ്ങൾക്കും ഗുണകരമാകും. തോടിന്റെ വശങ്ങളിൽ ജെട്ടികളും കടവുകളും പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. തോടിന്റെ സമീപത്തു താമസിക്കുന്ന നൂറുകണക്കിന് കുടുംബാഗങ്ങൾക്ക് പദ്ധതി പ്രയോജനപ്പെടും. വെള്ളം പൊങ്ങിയാൽ വീടിനു പുറത്തിറങ്ങാൻപോലും ഉള്ള സാഹചര്യം ഇല്ലാത്ത അവസ്ഥയിലാണ് നിലവിൽ തദ്ദേശവാസികൾ. വേട്ടടി തോടിന്റെ കുറുകേയുള്ള എസി റോഡിലെ പാലം ഉയർത്തി പണിയുന്നതോടെ ഹൗസ് ബോട്ടുകൾ ഉൾപ്പെടെയുള്ള വലിയ വഞ്ചികൾക്ക് എസി കനാലിൽ പ്രവേശിക്കാൻ സാധിക്കുമെന്നുള്ളത് വിനോദ സഞ്ചാരത്തിനു വലിയ ഒരു മുതൽക്കൂട്ടാകും.

## കോടികൾ മുടക്കി ; ടൂറിസം പദ്ധതികൾ താളംതെറ്റി



**കുമരകം:** വിനോദ സഞ്ചാര കേന്ദ്രമായ കുമരകത്ത് സാധാരണക്കാർക്ക് കായൽ കാഴ്ച്ചകൾ കണ്ടാസ്വദിക്കാൻ സാധിക്കുന്ന പ്രധാനപ്പെട്ട രണ്ടിടങ്ങളായ ചീപ്പുങ്കലും നാലുപങ്കും സാമൂഹ്യ വിരുദ്ധരുടെ താവളമായി മാറി.ടൂറിസം വികസനത്തിന് കോടികൾമുടക്കി നടത്തിയ പദ്ധതികളാണ് ഇപ്പോൾ നാട്ടുകാർക്ക് സ്വര്യജീവിതം ഇല്ലാതാക്കും വിധം മാറിയത്. കിലോമീറ്ററോളം നീണ്ട കുറ്റികാടുകൾ നിറഞ്ഞ വിജനമായ പ്രദേശങ്ങൾ ഇതിനോട് ചേർന്നുള്ളതിനാലാണ് സാമൂഹ്യ വിരുദ്ധ പ്രവർത്തനങ്ങൾക്കായി ഇവിടം തിരഞ്ഞെടുക്കാൻ ഇത്തരക്കാർക്ക് പ്രേരണ ആകുന്നത്. സ്കൂൾ , കോളേജ് വിദ്യാർത്ഥികൾ ഉൾപ്പെടെയുള്ളവർ ഇവിടെ രാവിലെ മുതൽ തമ്പടിക്കുകയും സഞ്ചാരികൾക്കും പൊതുജനങ്ങൾക്കും ശല്യമായി തീരുകയാണ്. വിനോദ സഞ്ചാര വികസനത്തിനായി കോടികൾ മുടക്കിയ ഈ രണ്ടു പ്രദേശങ്ങളും അധികൃതർ പിന്നീട് അവഗണിച്ചതോടെയാണ് ഈ ദുർഗതി. അനാശാസ്യ പ്രവർത്തനങ്ങളും കഞ്ചാവും , ലഹരി പദാർത്ഥങ്ങളും ഉപയോഗിച്ചുള്ള അഴിഞ്ഞാട്ടങ്ങളും അതിരു കടന്നതോടെ പരാതിയുമായി നാട്ടുകാർ ബന്ധപെട്ടെ വരെ സമീപിച്ചെങ്കിലും നാളിതുവരെ പ്രയോജനം ഒന്നും ഉണ്ടായില്ല. കഴിഞ്ഞ ദിവസം ചീപ്പുങ്കലിലെ കാടു പിടിച്ച പ്രദേശത്ത് എത്തിയ കമിതാക്കളിൽ യുവാവ് അത്മഹത്യ ചെയ്യുകയും കൂടെയുണ്ടായിരുന്ന പെൺകുട്ടിയെ കാണാതാവുകയും പിറ്റേ ദിവസം സമീപത്തെ പൊന്തക്കാട്ടിൽ നിന്നും അവശ നിലയിൽ കണ്ടെത്തുകയും ചെയ്തത് ഏറെ കോളിളക്കം സൃഷ്ടിച്ചിരുന്നു.കോട്ടയം വെസ്റ്റ് പൊലീസ്റ്റേഷന്റെ പരിധിയിലാണ് ചീപ്പുങ്കൽ പ്രദേശം എന്നാൽ അടിയന്തര ഘട്ടങ്ങളിൽ 17 കിലോമീറ്റർ അകലെയുള്ള സ്റ്റേഷനിൽ നിന്നും പൊലീസിന് ഇവിടെ എത്തേണ്ടിവരുന്നത് പ്രശ്നമാകാറുണ്ട്. തൊട്ടടുത്തുള്ള കുമരകം സ്റ്റേഷന്റെ പരിധിയിലേയ്ക്ക് ഇവിടം മാറ്റണമെന്ന നിർദേശം ഇനിയും പ്രാവർത്തികമായിട്ടില്ലനാലു പങ്കിന്റെ സ്ഥിതിയും വിഭിന്നമല്ല. ഉദ്ഘാടനത്തിനു ശേഷം കുമരകം പഞ്ചായത്തും ഡി. റ്റി. പി. സി യും തമ്മിൽ ബോട്ട് ടെർമിനലിന്റെ അവകാശത്തെ ചൊല്ലി നിലനിൽക്കുന്ന തർക്കം മൂലം ഇതുവരെയും ഇതിന്റെ പ്രവർത്തനം തുടങ്ങിയില്ല. ഇതോടെ ടെർമിനലിന്റെ പരിസര പ്രദേശങ്ങളും പള്ളിക്കായലിന്റെ പടിഞ്ഞാറേ പുറംബണ്ടും സാമൂഹ്യ വിരുദ്ധരുടെ വിളഭൂമിയായി മാറി. ന്യൂ ജെൻ ഇരുചക്ര വഹനങ്ങളിൽ ഇവിടെങ്ങളിൽ എത്തി ലഹരി ഉപയോഗിക്കുകയും പിന്നീട് നടത്തുന്ന മത്സര ഓട്ടവുമാണ് കുമരകം റോഡിലെ പല അപകടങ്ങൾക്കും മുഖ്യ കാരണം

## പഞ്ചായത്തും ദേവസ്വവും ഭിന്നതയിൽ; ഇട്ട മാലിന്യം തിരികെയെടുപ്പിച്ചു



**എരുമേലി:** ശബരിമല തീർഥാടന തിരക്കിനിടെ മാലിന്യ പ്രശ്നത്തിൽ തർക്കമായി പഞ്ചായത്തും ദേവസ്വം ബോർഡും. മാലിന്യങ്ങൾ ഇടുന്നത് നിരോധിച്ച് പഞ്ചായത്ത് സ്ഥാപിച്ച മുന്നറിയിപ്പ് ബോർഡിൻറെ ചുവട്ടിൽ ദേവസ്വം ബോർഡിൽനിന്നുള്ള മാലിന്യങ്ങൾ കരാർ തൊഴിലാളികൾ ഇട്ടതാണ് പ്രശ്നത്തിന് തുടക്കം. പഞ്ചായത്ത് പ്രസിഡന്റ്, സെക്രട്ടറി ഉൾപ്പെടെ സ്ഥലത്തെത്തി തൊഴിലാളികളെ വിളിച്ചുവരുത്തി മാലിന്യം തിരികെ എടുപ്പിച്ചു. ദേവസ്വം ഗ്രൗണ്ടുകളിലെ മാലിന്യങ്ങൾ സ്വന്തം നിലയിൽ നീക്കണമെന്ന് അറിയിച്ച് ദേവസ്വം ബോർഡ് അധികൃതർക്ക് പഞ്ചായത്ത് സെക്രട്ടറി കത്തും നൽകി. ഇതോടെ സംഭവം വിവാദമാവുകയായിരുന്നു. പഞ്ചായത്തിന്റെ നടപടി തെറ്റാണെന്ന് ദേവസ്വം അധികൃതർ പറയുന്നു. മാലിന്യങ്ങൾ നീക്കാൻ എരുമേലിയിൽ നിയോഗിച്ചിരിക്കുന്ന തമിഴ്നാട്ടുകാരായ വിശുദ്ധി സേനയ്ക്ക് ശമ്പളം നൽകുന്നത് ദേവസ്വം ബോർഡാണ്. ലേലത്തിലൂടെ ദേവസ്വത്തിൻറെ കടകളും പാർക്കിംഗ് ഗ്രൗണ്ടുകളും മറ്റും നടത്തുന്നവർ പഞ്ചായത്ത് ഓഫീസിൽ ഫീസ് അടച്ചാണ് ലൈസൻസ് എടുത്തിട്ടുള്ളത്. മാലിന്യം നീക്കുന്നതിന് ഇതോടൊപ്പം ഫീസ് അവർ നൽകിയിട്ടുമുണ്ടെന്ന് ദേവസ്വം ബോർഡ് ഉദ്യോഗസ്ഥർ പറയുന്നു. ഇങ്ങനെയിരിക്കെ മാലിന്യങ്ങൾ നീക്കേണ്ടത് പഞ്ചായത്തിന്റെ ഉത്തരവാദിത്വമാണെന്ന് ദേവസ്വം പറയുന്നു. അയ്യപ്പ ഭക്തരുടെ പ്രധാന കേന്ദ്രമായ എരുമേലിയിൽ പാതയോരങ്ങളിൽ മാലിന്യ ശേഖരണത്തിന് സംവിധാനങ്ങൾ ഏർപ്പെടുത്തേണ്ട ചുമതല പഞ്ചായത്തിന്റേതാണ്. എന്നാൽ, ഒരിടത്തും ഇതിനുള്ള സംവിധാനം പഞ്ചായത്ത് ഏർപ്പെടുത്തിയിട്ടില്ല. വനിതകളുടെ ഹരിത കർമസേന വന്ന് ഫീസ് വാങ്ങി മാലിന്യങ്ങൾ എടുക്കുമെന്നാണ് പഞ്ചായത്തിന്റെ നിലപാട്. എന്നാൽ ഹരിത കർമസേന വരുന്നതുവരെ അയ്യപ്പ ഭക്തർ മാലിന്യങ്ങളുമായി കാത്തിരിക്കണമോയെന്ന് ദേവസ്വം ഉദ്യോഗസ്ഥർ ചോദിക്കുന്നു. മാലിന്യങ്ങൾ ഇടാൻ പൊതു സംവിധാനം എന്ന നിലയിൽ പോലീസിന്റെ നേതൃത്വത്തിലുള്ള പുണ്യം പൂങ്കാവനം പദ്ധതി പ്രവർത്തകർ വച്ച വീപ്പകളും പഞ്ചായത്ത് നീക്കം ചെയ്തിരുന്നു. തീർഥാടന കേന്ദ്രം എന്ന നിലയിൽ മാലിന്യ ശേഖരണത്തിനും സംസ്കരണത്തിനും ഫലപ്രദമായ പ്രവർത്തനങ്ങൾ നടത്താൻ പഞ്ചായത്ത് തയാറാകണമെന്ന് ഉദ്യോഗസ്ഥർ ആവശ്യപ്പെട്ടു. അതേസമയം ഹരിതകർമസേനയെ ഏൽപ്പിക്കുകയോ കിയോസ്കുകളിൽ നിക്ഷേപിക്കുകയോ ചെയ്യാതെ പൊതു സ്ഥലത്ത് മാലിന്യം ഇട്ടാൽ പിഴ ഉൾപ്പെടെ നടപടികൾ സ്വീകരിക്കുമെന്ന് പഞ്ചായത്ത് അധികൃതർ പറയുന്നു. വിഷയത്തിൽ പരിഹാരം കണ്ടെത്താനുള്ള ശ്രമം ആരംഭിച്ചിട്ടുണ്ടെന്ന് റവന്യു കൺട്രോൾ റൂം അറിയിച്ചു.

## അറിയിപ്പ്

### അപേക്ഷിക്കാം

2019 ലെ രാജീവ് ഗാന്ധി സംസ്ഥാന ഉപഭോക്തൃ സംരക്ഷണ അവാർഡിന് സംസ്ഥാനത്ത് രജിസ്റ്റർ ചെയ്ത് പ്രവർത്തിക്കുന്ന ഉപഭോക്തൃ സംഘടനകളിൽ നിന്നും അപേക്ഷ ക്ഷണിച്ചു. ഉപഭോക്തൃ സംരക്ഷണ രംഗത്ത് ശ്രദ്ധേയമായ പ്രവർത്തനങ്ങൾ നടത്തുകയും മൂന്ന് വർഷത്തെ പ്രവർത്തന പരിചയവുമുള്ള സംഘടനകൾക്ക് അവാർഡിന് അപേക്ഷിക്കാം. വിശദ വിവരങ്ങൾ ഉപഭോക്തൃ കാര്യ വകുപ്പ്, പൊതു വിതരണ വകുപ്പ്, ഡയറക്ട്രേറ്റ്, ജില്ലാ സപ്ലൈ ഓഫീസുകൾ എന്നിവിടങ്ങളിൽ നിന്നും ലഭ്യമാണ്. അപേക്ഷകൾ 2022 ജനുവരി 15 വൈകിട്ട് 5 മണിയ്ക്ക് മുൻപ് അഡീഷണൽ ചീഫ് സെക്രട്ടറി, ഉപഭോക്തൃകാര്യ വകുപ്പ്, ഗവ. സെക്രട്ടറിയേറ്റ്, തിരുവനന്തപുരം -1 എന്ന വിലാസത്തിൽ ലഭിക്കണം. അപൂർണ്ണമോ വൈകിക്കിട്ടുന്നതോ ആയ അപേക്ഷകൾ നിരുപാധികം നിരസിക്കും.. 2019-ൽ ഓരോ സംഘടനയും നടത്തിയ പ്രവർത്തനങ്ങൾക്ക് പോയിന്റ് നിശ്ചയിച്ചായിരിക്കും അവാർഡ് നിർണയം നടത്തുക.തൻ വർഷം പ്രസിദ്ധീകരിച്ച പുസ്തകം (പുനഃപ്രസിദ്ധീകരണങ്ങൾ പരിഗണിക്കുന്നതല്ല)സംസ്ഥാന ഉപഭോക്തൃതർക്ക പരിഹാര കമ്മിഷനിൽ ഫയൽ ചെയ്ത കേസുകൾ, കമ്മീഷനുകൾക്ക് പുറത്ത് ഒത്തുതീർപ്പാക്കിയ കേസുകൾ, നവമാധ്യമങ്ങളിലെ ഇടപെടലുകൾ (ഫേസ് ബുക്ക് ഓരോ പേജ്, ടിറ്റർ അക്കൗണ്ട് മുതലായവ), (ലൈക്കുകൾ, ഷെയറുകൾ, പിന്തുടരുന്നവർ തുടങ്ങിയവ പരിഗണിച്ച്), ജില്ല ഉപഭോക്തൃതർക്ക പരിഹാര കമ്മീഷനുകളിൽ ഫയൽ ചെയ്ത കേസുകൾ, സെമിനാറുകൾ, പ്രസിദ്ധീകരച്ച മാഗസിനുകൾ, കൺസ്യൂമർ ക്ലബ് പ്രവർത്തനങ്ങൾ, ഉൽപ്പന്ന പരിശോധനകൾ, പ്രസിദ്ധീകരിച്ച ലഘുലേഖകൾ എന്നിവ മാനദണ്ഡമായിരിക്കും.

### ക്വട്ടേഷൻ ക്ഷണിച്ചു

സംസ്ഥാന വിനോദ സഞ്ചാര വകുപ്പിന്റെ കീഴിലുള്ള പത്തനംതിട്ട സർക്കാർ അതിഥി മന്ദിരത്തിലെ പൂന്തോട്ട പരിപാലനം ഒരു വർഷത്തേക്ക് കരാർ വ്യവസ്ഥയിൽ വകുപ്പിന്റെ നിബന്ധനകൾക്ക് വിധേയമായി നടത്തുവാൻ പൂന്തോട്ട പരിപാലനത്തിൽ ഏതെങ്കിലും അംഗീകൃത സ്ഥാപനത്തിൽ നിന്നും കുറഞ്ഞത് രണ്ടു വർഷമെങ്കിലും പ്രവൃത്തിപരിചയമുള്ള ഏജൻസികൾ/ വ്യക്തികളിൽ നിന്നും മുദ്ര വച്ച ക്വട്ടേഷനുകൾ ക്ഷണിച്ചു. ക്വട്ടേഷനുകൾ ജനുവരി 10 ന് ഉച്ചക്ക് രണ്ടു വരെ പത്തനംതിട്ട സിവിൽ സ്റ്റേഷനിലുള്ള വിനോദ സഞ്ചാരവകുപ്പിന്റെ ജില്ലാ ഓഫീസിൽ നേരിട്ടോ തപാൽ മുഖേനയോ സ്വീകരിക്കും. കൂടുതൽ വിവരങ്ങൾക്കും ക്വട്ടേഷൻ സംബന്ധിച്ച വ്യവസ്ഥകൾക്കും പത്തനംതിട്ട കളക്ട്രേറ്റിൽ പ്രവർത്തിക്കുന്ന ടൂറിസം വകുപ്പിന്റെ ജില്ലാഓഫീസുമായി നേരിട്ടോ ഫോൺ മുഖേനയോ ബന്ധപ്പെടുക. ഫോൺ: 0468 2326409

### അപേക്ഷ ക്ഷണിച്ചു

സംസ്ഥാന സർക്കാർ വനിതാ ശാക്തീകരണം, പട്ടികജാതി/ പട്ടികവർഗ്ഗ ക്ഷേമം എന്നീ ലക്ഷ്യങ്ങൾ മുന്നിൽ കണ്ട് 2021-22 സാമ്പത്തിക വർഷത്തിൽ വനിതകളുടെ സംവിധാനത്തിൽ രണ്ട് ഫീച്ചർ ഫിലിമും, പട്ടികജാതി/ പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെടുന്ന വ്യക്തികളുടെ സംവിധാനത്തിൽ രണ്ട് ഫീച്ചർ ഫിലിമും നിർമ്മിക്കുന്നു. കെ.എസ്.എഫ്.ഡി.സിക്കാണ് നിർമ്മാണ ചുമതല. സിനിമ സംവിധാനം ചെയ്യാൻ ആഗ്രഹിക്കുന്നവർ ജനുവരി 17ന് വൈകുന്നേരം അഞ്ച് മണിക്ക് മുമ്പ് കെ.എസ്.എഫ്.ഡി.സിയിൽ പ്രൊപ്പോസൽ സമർപ്പിക്കണം. ഇതിനകം പ്രൊപ്പോസൽ സമർപ്പിച്ചവർ വീണ്ടും പ്രൊപ്പോസൽ നൽകേണ്ടതില്ല. കൂടുതൽ വിവരങ്ങൾക്ക്: www.ksfdc.in.



# കെ- റെയിൽ പദ്ധതി,കോൺഗ്രസിന്റെ അതൃപ്തി വികസന മുരടിപ്പിന്റെ പ്രതീകം: പിണറായി, 'പദ്ധതി എന്തു വിലകൊടുത്തും നടപ്പാക്കും'

കുമളി: കെ. റെയിൽ പദ്ധതിയിൽ കോൺഗ്രസിന്റെ അതൃപ്തി വികസന മുരടിപ്പിന്റെ പ്രതീകമെന്ന് മുഖ്യമന്ത്രി പിണറായി വിജയൻ.സംസ്ഥാനത്ത് കെ-റെയിൽ പദ്ധതി എന്തു വില കൊടുത്തും നടപ്പാക്കുമെന്നും പിണറായി വിജയൻ വ്യക്തമാക്കി. സി.പി.ഐ.എം. ഇടുക്കി ജില്ലാ സമ്മേളനത്തിന്റെ സമാപന സമ്മേളനം ഉദ്ഘാടനം ചെയ്യുകയായിരുന്നു അദ്ദേഹം.വികസന പദ്ധതികൾ നാടിന്റെ ഉയർച്ചയ്ക്ക് അനിവാര്യമാണ്. പുതിയ തലമുറകളുടെ ശോഭനമായ ഭാവിക്ക് ഇത്തരം പദ്ധതി നടപ്പാക്കുന്നതിൽ സർക്കാർ പ്രതിജ്ഞാബദ്ധരാണ്. കെ- റെയിൽ പദ്ധതി കേരളത്തിൽ നടപ്പാക്കുന്നതിൽ കോൺഗ്രസിന്റെ അതൃപ്തി വികസന മുരടിപ്പിന്റെ പ്രതീകമാണ്. പദ്ധതിയുടെ നടത്തിപ്പിനായി പാത കടന്നുപോകുന്ന സ്ഥലങ്ങളിൽ സ്ഥാപിച്ച സർവേ കല്ലുകൾ പിഴുതെറിഞ്ഞ് പദ്ധതിയെ തന്നെ ഇല്ലാതാക്കി കളയുമെന്ന കോൺഗ്രസിന്റെ ചില മുതിർന്ന നേതാക്കൾ ഇതിനോടകം പ്രഖ്യാപനം നടത്തിയതായിട്ട് അറിയാൻ കഴിഞ്ഞു. എന്നാൽ സംസ്ഥാനത്ത് ഇത് വിലപ്പോകില്ല. എതിർപ്പിന്റെ പ്രതീകമായി ചിലപ്പോൾ അവർക്ക് കുറച്ച് കല്ലുകൾ പിഴുതെറിയാൻ കഴിഞ്ഞേക്കും എന്നാൽ പദ്ധതി പദ്ധതിയായി തന്നെ മുമ്ബോട്ട് കൊണ്ടുപോകുക തന്നെ ചെയ്യും. സർക്കാർ പദ്ധതിയിൽ പിടിവാശി കാട്ടുന്നു. സ്ഥലം ഏറ്റെടുക്കുന്നവരൊക്കെ വഴിയാധാരമാകുമെന്ന് പറഞ്ഞ് കോൺഗ്രസ് ജനങ്ങളെ തെറ്റിദ്ധരിപ്പിക്കാനുള്ള ശ്രമം നടത്തുന്നുണ്ട് പക്ഷേ അത് വെറുതെയാണെന്ന് കാലം തെളിയിക്കും.ഒരു ജനവിരുദ്ധമായ ഒരു കാര്യവും സർക്കാർ ചെയ്യില്ലെന്നുറപ്പുള്ള ജനത കെ- റെയിൽ പദ്ധതി നടപ്പാക്കുന്നതിൽ പൂർണമായി സഹകരിക്കുമെന്ന ഉറപ്പുണ്ട്. ഒരിക്കലും നടപ്പാകില്ലെന്ന് കരുതിയ ഗെയിൽ പൈപ്പ് ലൈൻ പദ്ധതി പോലെയുള്ളവ നാടിന്റെ വികസനം മുൻനിർത്തി പദ്ധതി നടപ്പിലാക്കി കാണിച്ചിട്ടുള്ള പാരമ്പര്യം സർക്കാരിനുണ്ടെന്നത് വികസന പദ്ധതികൾക്ക് തുരങ്കംവെക്കാൻ ശ്രമിക്കുന്നവർ മറന്നുകളയരുതെന്നും അദ്ദേഹം ഓർമിപ്പിച്ചു.ഇടുക്കി ജില്ലയുടെ ഭൂ പ്രശ്നങ്ങൾ സർക്കാർ ഗൗരവത്തോടെയാണ് കാണുന്നത്. ഒരു പരിധി വരെ വിഷയത്തിൽ പരിഹാരവും സർക്കാർ ഇതിനോടകം കണ്ടുകഴിഞ്ഞിട്ടുണ്ട്. ജില്ലയിലെ മുഴുവൻ ഭൂ പ്രശ്നങ്ങളും പരിഹരിക്കുന്നതിന് മുൻഗണന നൽകിയുള്ള പ്രവർത്തനങ്ങൾ ഉടൻതന്നെ നടപ്പിലാക്കുമെന്നദ്ദേഹം പറഞ്ഞു. നിയുക്ത ജില്ലാ സെക്രട്ടറി സി.വി. വർഗീസ് യോഗത്തിൽ അധ്യക്ഷത വഹിച്ചു.

# സി.പി.എമ്മിനെ നയിക്കാൻ സി.വി. വർഗീസ് പൊതുരംഗത്തെത്തുന്നത് കെ.എസ്.വൈ.എഫിലൂടെ

കുമളി: നിയുക്ത സി.പി.എം ഇടുക്കി ജില്ലാ സെക്രട്ടറി സി.വി. വർഗീസ് പൊതുരംഗത്തേക്കെത്തുന്നത് കെ.എസ്.വൈ.എഫിലൂടെ.45 വർഷം നീണ്ട പൊതുപ്രവർത്തനത്തിനിടെ സംഘടനാ രംഗത്ത് നിർണായക പദവികൾ വഹിച്ചു. 20 വർഷമായി ജില്ലാ സെക്രട്ടേറിയറ്റംഗമാണ്. നിലവിൽ കർഷക സംഘം ജില്ലാ പ്രസിഡന്റുമാണ്. ഡി.വൈ.എഫ്.ഐ. ജില്ലാ പ്രസിഡന്റ്, സെക്രട്ടറി എന്നീ ചുമതലകൾ വഹിച്ചിട്ടുണ്ട്. ജില്ലാ ആസൂത്രണ സമിതി ഉപാധ്യക്ഷനുമാണ്.1961 ഒക്ടോബർ ഏഴിന് ചെള്ളക്കുഴിയിൽ വർഗീസ്-ഏലിയാമ്മ ദമ്പതികളുടെ മകനായി ചീന്തലാറിൽ ജനിച്ചു. 1979ൽ 18-ാം വയസിൽ പാർട്ടിയംഗമായി. കെ.എസ്.വൈ.എഫ്. അമ്പലമേട് യൂണിറ്റ് സെക്രട്ടറിയായി രാഷ്ട്രീയ പ്രവർത്തനം ആരംഭിച്ചു. 1980ൽ ഉദയഗിരി ബ്രാഞ്ച് സെക്രട്ടറി, 1981ൽ തങ്കമണി ലോക്കൽ സെക്രട്ടറി, 1984ൽ ഇടുക്കി ഏരിയാകമ്മിറ്റിയംഗവും 1997ൽ ഏരിയാ സെക്രട്ടറിയുമായി. 1991 ൽ ജില്ലാ കമ്മിറ്റിയംഗവുമായി. 2001 മുതൽ ജില്ലാ സെക്രട്ടറിയേറ്റ് അംഗവുമാണ് .1982ൽ ഡി.വൈ.എഫ്.ഐ. ഇടുക്കി ഏരിയാ സെക്രട്ടറിയും 1986ൽ ജില്ലാ പ്രസിഡന്റും 1987 മുതൽ 97 വരെ 10 വർഷം ജില്ലാ സെക്രട്ടറിയുമായി പ്രവർത്തിച്ചു. 1991 മുതൽ 97 വരെ ഡി.വൈ.എഫ്.ഐ. സംസ്ഥാന വൈസ് പ്രസിഡന്റായി. 2014 മുതൽ കർഷകസംഘം ജില്ലാ പ്രസിഡന്റാണ്.സുഭിക്ഷകേരളം, പാലിയേറ്റീവ് കെയർ, നവമാധ്യമം, എ.കെ.എസ്. എന്നിവയുടെ ചുമതലകളും നിലവിൽ വഹിക്കുന്നു. ഇടുക്കി മെഡിക്കൽ കോളജ് എച്ച്.എം.സി മെമ്പറുമാണ്. കട്ടപ്പന, തങ്കമണി, ബഥേൽ സഹകരണ ആശുപത്രിയുടെ സ്ഥാപകനും ജൈവഗ്രാം ജില്ലാ സഹകരണ സംഘം പ്രസിഡന്റുമാണ്.ആയിരത്തിൽപ്പരം പാലിയേറ്റീവ് രോഗികൾക്ക് പരിചരണ മേകുന്ന സ്വാന്ത്വനം ചാരിറ്റബിൾ സൊസൈറ്റിയുടെ സ്ഥാപകനും അഡ്മിനിസ്ട്രേറ്ററുമാണ്. 2006 ലും 2011ലും ഇടുക്കിയിൽ നിന്നും എൽ.ഡി.എഫ്. സ്ഥാനാർഥിയായി നിയമസഭയിലേക്ക് മത്സരിച്ചു. കർഷകപ്രക്ഷോഭങ്ങൾ ഉൾപ്പെടെയുള്ള പോരാട്ടങ്ങളിൽ ജില്ലയുടെ മുഖമായി മാറാൻ സി.വി. വർഗീസിനായി. ഭാര്യ: ജിജിമോൾ. മക്കൾ: ജീവാ മോൾ, അമൽ. മരുമകൻ: സജിത്. എസ്. രാജേന്ദ്രൻ ചരടുപൊട്ടിയ പട്ടം: സി.വി. വർഗീസ് കുമളി: ദേവികുളം മുൻ എം.എൽ.എ. എസ്. രാജേന്ദ്രൻ ചരടുപൊട്ടിയ പട്ടമാണെന്ന് സി.പി.എം. നിയുക്ത ഇടുക്കി ജില്ലാ സെക്രട്ടറി സി.വി വർഗീസ്. പാർട്ടി നയങ്ങളും തീരുമാനങ്ങളും നടപ്പാക്കുന്നതാണ് രീതിയും പാർട്ടിക്കാരന്റെ ചുമതലയും. ഇത് ലംഘിക്കുന്നവർക്കെതിരേ ബന്ധപ്പെട്ട പാർട്ടി ഘടകം തീരുമാനമെടുക്കുന്നുമെന്നും സി.വി. വർഗീസ് പറഞ്ഞു.



# ഓഫീസിൽ ക്രമക്കേടുകൾ നടന്നതായി വിവരം

തൊടുപുഴ: ഇടുക്കി ജില്ലാ പട്ടിക ജാതി വികസന വകുപ്പുമായി ബന്ധപ്പെട്ട് വർഷം തോറും ലക്ഷക്കണക്കിന് രൂപയുടെ ക്രമക്കേടുകളാണ് നടക്കുന്നതെന്ന് ആരോപണം.കൈക്കൂലി വാങ്ങുന്നതിനിടെ ഇതേ ഓഫീസിലെ സീനിയർ ക്ലർക്ക് തൊടുപുഴ ഇടവെട്ടി വലിയജാരം പനക്കൽ വീട്ടിൽ റഷീദ് കെ. പനക്കൽ വിജിലൻസ് പിടിയിലായതോടെയാണ് വിവിധ ക്രമക്കടുകൾ സംബന്ധിച്ച രേഖകൾ പുറത്തുവന്നത്.റഷീദിനും മറ്റ് ഉദ്യോഗസ്ഥർക്കുമെതിരെ മേലുദ്യോഗസ്ഥർ ഉൾപ്പെടെ നടത്തിയ അന്വേഷണങ്ങളും റിപ്പോർട്ടുകളും പൂഴ്ത്തിവച്ച് വീണ്ടും അഴിമതിക്ക് അവസരമൊരുക്കുകയായിരുന്നെന്നാണ് വിവരം.പദ്ധതി നിർവഹണ വിഭാഗം ചാകരഓഫീസിലെ പദ്ധതി നിർവഹണ വിഭാഗത്തിന്റെ ചുമതലയിൽ റഷീദ് ഇരുന്ന കാലയളവിൽ നിരവധി ക്രമക്കേടുകൾ നടന്നതായി അന്വേഷണ സംഘം കണ്ടെത്തിയിരുന്നു. പട്ടിക ജാതി വികസന വകുപ്പിലെ വിവിധ പദ്ധതികൾക്ക് അനുമതി നൽകുന്നത് പദ്ധതി നിർവഹണ വിഭാഗത്തിലൂടെയാണ്. വർഷം തോറും കോടിക്കണക്കിന് രൂപയാണ് ഇതുവഴി ചെലവഴിക്കുന്നത്. തട്ടിപ്പിനായി ഓഫീസ് കേന്ദ്രീകരിച്ച് ഒരു സംഘംതന്നെ പ്രവർത്തിച്ചിരുന്നു. ഭൂമാഫിയകളും ദല്ലാളൻമാരും ഉദ്യോഗസ്ഥരും സംഘത്തിലുണ്ട്.രേഖകൾ ചോർത്തും;ഗുണഭോക്താക്കളെ വലയിലാക്കും സ്വന്തമായി വീടും സ്ഥലവും ഇല്ലാത്തവർക്കായി ഭൂമി വാങ്ങി നൽകിയതുമായി ബന്ധപ്പെട്ടാണ് ഏറ്റവും കൂടുതൽ ക്രമക്കേടുകൾ നടക്കുന്നത്. ഇതിന്റെ ഭാഗമായി ഭൂമാഫിയകൾക്കും വസ്തു ബ്രോക്കർമാർക്കും ഓഫീസ് രേഖകൾ ചോർത്തിക്കൊടുക്കുകയാണ് ആദ്യം ചെയ്യുക. ഈ രേഖകളിൽനിന്നും ഗുണഭോക്താക്കളുടെ പേരും വിലാസവും ലഭിക്കുന്ന തട്ടിപ്പ് സംഘം നേരിട്ട് അവരെ സമീപിക്കും. വാസയോഗ്യമായ ഭൂമി ലഭ്യമാക്കാമെന്ന വാഗ്ദാനം നൽകും. പണവും മദ്യവും നൽകി ഗുണഫോക്താക്കളെ വലയിലാക്കിയ സംഭവവും ഉണ്ടായിട്ടുണ്ട്. കെണിയിൽപ്പെടുക നിർധനർഭൂമാഫിയയ്ക്ക് പുറമേ ഉദ്യോഗസ്ഥരിൽനിന്നുള്ള സമ്മർദം കൂടിയാകുന്നതോടെ നിർധനരായ പല ഗുണഫോക്താക്കളും ഇവരുടെ വാഗ്ദാനത്തിൽ വീഴും. ഇപ്പോൾ പറയുന്ന സ്ഥലം വാങ്ങിയില്ലെങ്കിൽ പദ്ധതിപ്രകാരം പിന്നീട് പണം ലഭിക്കില്ലെന്നാണ് ഉദ്യോഗസ്ഥർ ഗുണഭോക്താക്കളോട് പറയുന്നത്. ഇത്തരത്തിൽ എട്ടും പത്തും ഗുണഭോക്താക്കളെ ഒരുമിച്ചാണ് വരുതിയിലാക്കുക. തുടർന്ന് സെന്റൊന്നിന് തുച്ഛമായ വിലയ്ക്ക് ലഭിക്കുന്ന ഭൂമി മൂന്നും നാലും ഇരട്ടി വിലയ്ക്ക് ഗുണഭോക്താക്കളെക്കൊണ്ട് വാങ്ങിപ്പിക്കുകയും സർക്കാർ നൽകുന്ന പണം തട്ടിയെടുക്കുകയുമാണ് ചെയ്യുന്നത്. ഭൂമി വിൽക്കുന്നവരുടെ അക്കൗണ്ടിലേക്ക് നേരിട്ടാണ് പദ്ധതി പ്രകാരം വകുപ്പിൽനിന്നുള്ള പണം ലഭിക്കുന്നത്. ഗുണഭോക്താക്കളുമായി പണം ഇടപാടിന് നേരിട്ട് ബന്ധമില്ല.തട്ടിപ്പു തിരിച്ചറിയുന്നത്വൈകി മാത്രംഭൂമി കൈമാറ്റം കഴിഞ്ഞ് നാളുകൾക്കുശേഷം വീട് നിർമാണത്തിനുള്ള നടപടി ആരംഭിക്കുമ്ബോഴാണ് പലരും തട്ടിപ്പ് മനസിലാക്കുക. പരാതി ഉയർന്ന സ്ഥലങ്ങളിൽ നടത്തിയ പരിശോധനയിൽ ഒട്ടുമിക്കയിടത്തും ഗുണഭോക്താക്കൾക്ക് വാങ്ങിനൽകിയത് വാസയോഗ്യം അല്ലായിരുന്നുവെന്ന് കണ്ടെത്തിയിട്ടുണ്ട്. അപ്പോഴേക്കും ഭൂമി വാങ്ങിയതുമായി ബന്ധപ്പെട്ട സാമ്ബത്തിക ഇടപാടുകൾ ഉദ്യോഗസ്ഥരുടെ സഹായത്തോടെ ഭൂമാഫിയ പൂർത്തീകരിച്ചിട്ടുണ്ടാവും. ജില്ലയിലെ നിരവധി സ്ഥലങ്ങളിൽ ഇത്തരം ഭൂമി ഇടപാടുകൾ നടന്നിട്ടുണ്ട്.സെക്ഷൻ ഏതാണെങ്കിലും തട്ടിപ്പിന് സാധ്യത പരാതി ഉയർന്നതോടെ വകുപ്പുതല ഉദ്യോഗസ്ഥർ പരിശോധന നടത്തിയിരുന്നു. സെന്റിന് 25000 ത്തിനും 50000 ത്തിനും ഇടയിൽ വിലയുള്ള ഭൂമി ഗുണഭോക്താക്കൾക്ക് വാങ്ങി നൽകിയശേഷം സർക്കാർ നിശ്ചയിച്ച സെന്റിന് 150000 ലക്ഷം രൂപാ വീതം തട്ടിയെടുക്കുകയായിരുന്നു എന്ന് കണ്ടെത്തിയിരുന്നു. തട്ടിപ്പിൽ പങ്കുണ്ടെന്ന് ആരോപണം ഉയർന്നതോടെയാണ് റഷീദിനെ പദ്ധതി നിർവഹണ വകുപ്പിൽ നിന്നും എഡ്യുക്കേഷൻ വിഭാഗത്തിലേക്ക് മാറ്റിയത്.പുതിയ ചുമതല കൈകാര്യം ചെയ്യുന്നതിനിടെയാണ് വിദ്യാർഥിക്ക് സ്കോളർഷിപ്പ് നൽകുന്നതുമായി ബന്ധപ്പെട്ട് കൈക്കൂലി വാങ്ങിയതിന് അറസ്റ്റിലാകുന്നത്. റഷീദ് ചുമതലയിലിരുന്ന കാലയളവിൽ മാത്രം 66 ലക്ഷം രൂപയായാണ് സ്കോളർഷിപ്പ് ഇനത്തിൽ ഇടുക്കി ജില്ലാ പട്ടിക ജാതി വികസന ഓഫീസ് വഴി വിതരണം ചെയ്തത്.

# ലക്ഷങ്ങൾ അനുവദിച്ചിട്ടും നാട്ടുകാർക്ക് ഇപ്പോഴും താൽക്കാലിക പാലം ആശ്രയം

കുഞ്ചിത്തണ്ണി: പന്നിയാർകുട്ടിയിൽ മുതിരപ്പുഴയാറിനു കുറുകെ പാലം നിർമിക്കാൻ ലക്ഷങ്ങൾ സർക്കാർ അനുവദിച്ചിട്ടും നാട്ടുകാർ നിർമിച്ച താൽക്കാലിക പാലംമാത്രമാണ് ഇപ്പോഴും ആശ്രയം.വെള്ളത്തൂവൽ, കൊന്നത്തടി, രാജാക്കാട് പഞ്ചായത്തുകൾ തമ്മിൽ അതിർത്തി പങ്കിടുന്നതും, പന്നിയാർ പുഴയും, മുതിരപ്പുഴയാറും സംഗമിക്കുന്ന ഇടവുമാണ് പന്നിയാർകുട്ടി. വർഷങ്ങൾക്കുമുമ്ബ് ഇവിടുത്തെ ജനങ്ങൾ അക്കരെയിക്കരെ കടന്നിരുന്നത് വള്ളം ഉപയോഗിച്ചാണ്.ഇതിനുശേഷം ജനകീയാസൂത്രണ പദ്ധതിയിൽപ്പെടുത്തി വെള്ളത്തൂവൽ പഞ്ചായത്ത് നടപ്പാലം നിർമിച്ചിരുന്നു. കൊന്നത്തടി വെള്ളത്തൂവൽ പഞ്ചായത്തുകളെ തമ്മിൽ ബന്ധിപ്പിച്ചാണ് നടപ്പാലം നിർമിച്ചത്. ഈ പാലം 2018-ലെ പ്രളയത്തിൽ തകർന്നിരുന്നു.ഇതിനുശേഷം രണ്ടു പ്രാവശ്യം നാട്ടുകാർ താൽക്കാലിക പാലം നിർമിച്ചെങ്കിലും പിന്നീടുണ്ടായ മലവെള്ളപ്പാച്ചിലിൽ തകർന്നു. നാട്ടുകാരുടെ നിവേദനത്തെത്തുടർന്ന് കോൺക്രീറ്റ് പാലം നിർമിക്കാനാവശ്യമായ ഫണ്ട് അനുവദിച്ച് ഒരു വർഷമായിട്ടും കോൺക്രീറ്റ് പാലം നിർമിച്ചിട്ടില്ല. തുടർന്ന് നാട്ടുകാർ വീണ്ടും മുതിരപ്പുഴയാർ കടക്കുന്നതിനു താൽക്കാലിക പാലം നിർമിക്കുകയായിരുന്നു. എത്രയും വേഗം പാലം പണിപുർത്തിയാക്കുന്നതിനുള്ള നടപടി സ്വീകരിക്കണമെന്ന് നാട്ടുകാർ ആവശ്യപ്പെട്ടു.

# അവശ്യസൗകര്യങ്ങളില്ല, ജീവനക്കാരില്ല, ശാപമോക്ഷം കാത്ത് ആതുരാലയം

രാജകുമാരി: ഇത് രാജാക്കാട് സർക്കാർ ആശുപത്രിയുടെ ഗതികേടിന്റെ കഥ. 35 വർഷങ്ങൾക്ക് മുമ്ബ് മുല്ലക്കാനത്തുള്ള വാടകക്കെട്ടിടത്തിൽ പി.എച്ച്.സിയായി പ്രവർത്തനമാരംഭിച്ചു.രോഗികളുടെ ബാഹുല്യവും ഭൗതിക സൗകര്യങ്ങളുടെ കുറവും സ്വന്തമായി കെട്ടിടം വേണമെന്ന ആവശ്യത്തിന് വഴിതെളിച്ചു. നാട്ടുകാരുടെ യും വിവിധ സന്നദ്ധ സംഘടനകളുടെയും നേതൃത്വത്തിൽ നിവേദനങ്ങളുമായി രംഗത്തെത്തുകയും ചെയ്തു. സൗജന്യമായി സ്ഥലം ലഭിച്ചാൽ കെട്ടിടം നിർമി ക്കാമെന്ന് അധികാരികൾ അറിയിച്ചു.ഇതേത്തുടർന്ന് പ്രദേശത്തെ പൗരപ്രമുഖരുടെ നേതൃത്വത്തിൽ പണം സ്വരൂപിച്ച് രണ്ടേക്കർ സ്ഥലം വാങ്ങി സർക്കാരിന് സൗജന്യമായി കൊടുക്കുകയും ചെയ്തു. തുടർന്ന് അവിടെ കെട്ടിടം നിർമിക്കുകയും അതിൽ പ്രാഥമികാരോഗ്യ കേന്ദ്രത്തിന്റെ പ്രവർത്തനം ആരംഭിക്കുകയും ചെയ്തു.രാജാക്കാട്, ബൈസൺവാലി, രാജകുമാരി , ചിന്നക്കനാൽ, സേനാപതി, ശാന്തൻപാറ തുടങ്ങിയ പഞ്ചായത്തുകളിലെ ആയിരക്കണക്കിനുള്ള ജനങ്ങളുടെ ആവശ്യം പരിഗണിച്ച് ഈ സ്ഥാപനം സി.എച്ച്.സിയായി ഉയർത്തുകയാണുണ്ടായത്.അന്നത്തെ ആരോഗ്യ വകുപ്പുമന്ത്രി നേരിട്ടെത്തി പൊതുവേദിയിൽ വൻ ജനാവലിയെ സാക്ഷിനിർത്തിയാണ് പ്രഖ്യാപിച്ചത്. തുടർന്ന് ഭാഗികമായി രോഗികളെ കിടത്തിച്ചികിത്സയും തുടങ്ങിയിരുന്നു. ഇത് അധികം വൈകാതെ നിലയ് ക്കുകയും ചെയ്തു. അതാതു കാലത്തെ ഭരണകർത്താക്കളുടെയും ദേശീയ ആരോഗ്യമിഷന്റേയും ശ്രമഫലമായി ആവശ്യത്തിന് കെട്ടിടങ്ങൾ പണിതീർത്ത് ഭൗതിക സൗകര്യങ്ങൾ ഒരുക്കുകയും ചെയ്തിട്ടുണ്ട്. എന്നാൽ കിടത്തിച്ചികിത്സ ഇന്നും സ്വപ്നമായി തുടരുകയാണ് .സി.എച്ച്.സിയായി ഉയർത്തിയെന്ന ഭരണാധികാരികളുടെ വാക്കുകൾ ഇന്നും കടലാസിൽ മാത്രമായി അവശേഷിക്കുകയാണ്. 7 ൽ പരം ഡോക്ടർമാരും 12 ഓളം നഴ്സുമാരും അനുബന്ധമായുള്ള ജീവനക്കാരും കമ്മ്യൂണിറ്റി ഹെൽത്ത് സെന്ററിന് ആവശ്യമാണെന്നാണ് ആരോഗ്യ വകുപ്പ് നിഷ്ക്കർഷിക്കുന്നത്.എന്നാൽ മാറി മാറി വന്ന സർക്കാരുകൾ ഇതിനാവശ്യമായ നടപടി സ്വീകരിക്കാതെ കാലം കഴിക്കുകയാണ്. സ്റ്റാഫ് പാറ്റേൺ അനുവദിക്കാത്തതാണ് ഇതിന് പ്രധാന തടസം. ബോർഡും രേഖകളും സി.എച്ച്.സി എന്നാണെങ്കിലും ഫലത്തിൽ പി.എച്ച്.സിക്ക് ആവശ്യമായ ജീവനക്കാരെ പോലും ഇവിടെ നിയമിച്ചിട്ടില്ല. 100 കണക്കിന് രോഗികൾ ദിനം തോറും ചികിത്സ തേടി ഇവിടെ എത്തുന്നുണ്ടെങ്കിലും ജലദോഷത്തിനുള്ള ക്ലിനിക് പോലെയാണ് ഇപ്പോഴത്തെ ഇതിന്റെ പ്രവർത്തനം. സാധാരണക്കാരായ ആയിരക്കണക്കിന് കർഷകരും തൊഴിലാളികളുമാണ് കൂടുതലായും ഇവിടെ അധിവസിക്കുന്നത്. നിലവിൽ 28, 30 കിലോമീറ്ററുകൾ അകലെയുള്ള അടിമാലിയിലോ നെടുങ്കണ്ടത്തോ പോയി ചികിത്സ തേടേണ്ട ഗതികേടിലാണ് പ്രദേശത്തെ ജനങ്ങൾ. ദുർഘടമായ വഴികൾ താണ്ടി അവിടെ എത്തുമ്ബോൾ ജീവൻ തന്നെ നഷ്ടപ്പെട്ടേക്കാവുന്ന സ്ഥിതിയാണുള്ളത്. സൗജന്യമായി ഡയാലിസിനുള്ള യൂണിറ്റുകൾ ലയൺസ് ക്ലബ് ഉൾപ്പെടെയുള്ള സന്നദ്ധ സംഘടനകൾ വാഗ്ദാനം ചെയ്തതാണ്.എന്നാൽ അതിനനുബന്ധമായ സൗകര്യങ്ങൾ ചെയ്തുകൊടുക്കുന്നതിനും അധികൃതർക്കായില്ല. നെടുംകണ്ടം ബ്ലോക്ക് പഞ്ചായത്തിന്റെ ഭരണത്തിൻ കീഴിലാണ് ഈ ആശുപത്രിയുടെ പ്രവർത്തനം. തൃതല പഞ്ചായത്തുകൾ വിവിധ രാഷ്ട്രീയ പാർട്ടികൾ ഭരിച്ചിരുന്നതിനാൽ ചക്കളത്തിൽ പോരായിരുന്നു കഴിഞ്ഞ കാലങ്ങളിൽ ആശുപത്രിയുടെ കാര്യങ്ങളിൽ തടസമായിരുന്നതെന്നാണ് പുറത്തുവരുന്ന സൂചനകൾ.നിലവിൽ തൃതല പഞ്ചായത്തുകളും സംസ്ഥാനവും ഒരേ കക്ഷി തന്നെ ഭരിക്കുന്നതിനാൽ അങ്ങിനെയുള്ള തടസങ്ങൾ ഒഴിവാകുമെന്നാണ് കരുതപ്പെടുന്നത്. മുൻ മന്ത്രിയും ഇപ്പോഴത്തെ എം.എൽ.എയുമായ എം.എം. മണി ഇത് താലൂക്ക് ആശുപത്രിയായി ഉയർത്തുമെന്ന് പറഞ്ഞിട്ടുള്ളതിൽ പ്രതീക്ഷ അർപ്പിച്ചു കഴിയുകയാണ് ആറു പഞ്ചായത്തുകളിലെ ജനങ്ങൾ. എന്നാൽ നടപടി ക്രമങ്ങൾ നീളുകയാണ്.

IDUKKI

## അറിയിപ്പ്



### അപേക്ഷ ക്ഷണിച്ചു

കേരള കർഷക തൊഴിലാളി ക്ഷേമനിധി ബോർഡിൽ അംഗങ്ങളായ കർഷക തൊഴിലാളികളുടെ കുട്ടികൾക്ക് ഉന്നത വിദ്യാഭ്യാസ ധനസഹായത്തിനുള്ള അപേക്ഷ ക്ഷണിച്ചു. കുട്ടികൾ കേരളത്തിനകത്തുള്ള സർക്കാർ / എയ്ഡഡ് കോളേജുകളിൽ പഠിച്ചവരായിരിക്കണം. വിവിധ പരീക്ഷകളിൽ നിശ്ചിത ശതമാനത്തിൽ കുറയാതെ മാർക്ക് നേടിയ വിദ്യാർഥികളുടെ മാതാപിതാക്കളിൽ നിന്നും നിശ്ചിത ഫോറത്തിലുള്ള അപേക്ഷ തിരുവനന്തപുരം ജില്ലാ എക്സിക്യൂട്ടീവ് ഓഫീസിൽ ജിനുവരി 10ന് വൈകിട്ട് അഞ്ചു വരെ സ്വീകരിക്കും. അപേക്ഷയോടൊപ്പം മാർക്ക് ലിസ്റ്റിന്റെ പകർപ്പ്, സർട്ടിഫിക്കറ്റ് (പ്രൊഫഷണൽ/ ഒറിജിനൽ പകർപ്പ്) സ്വയം സാക്ഷ്യപ്പെടുത്തിയ അംഗത്വ പാസ് ബുക്കിന്റെ പകർപ്പ്, ആധാർ കാർഡിന്റെ പകർപ്പ്, ബാങ്ക് പാസ് ബുക്കിന്റെ ആദ്യ പേജിന്റെ പകർപ്പ്, റേഷൻ കാർഡിന്റെ പകർപ്പ്, കർഷക തൊഴിലാളിയാണെന്ന് തെളിയിക്കുന്ന യൂണിയന്റെ സാക്ഷ്യപത്രം എന്നിവയും സമർപ്പിക്കണം. പരീക്ഷാ തീയതിക്ക് തൊട്ടു മുമ്പുള്ള മാസത്തിൽ അംഗം 12 മാസത്തെ അംഗത്വം പൂർത്തീകരിച്ചിരിക്കണം. പരീക്ഷാ തീയതിയിൽ 24 മാസത്തിൽ കൂടുതൽ കുടിശ്ശിക ഉണ്ടാകാൻ പാടില്ല. വിശദവിവരങ്ങൾക്ക്: 0471-2729175.

### അപേക്ഷ ക്ഷണിച്ചു

ഹാർഡ്വെയർ മേഖലയിൽ നൂതന ആശയങ്ങളുള്ളവർക്ക് ലഭിക്കുന്ന ധനസഹായ പദ്ധതിയായ നിധി പ്രയാസിലേക്ക് കേരള സ്റ്റാർട്ടപ്പ് മിഷൻ വഴി അപേക്ഷിക്കാം. മികച്ച ആശയങ്ങളുടെ ഉത്പന്നമാതൃകകൾ ഉണ്ടാക്കുന്നതിനു 10 ലക്ഷം രൂപവരെ ധനസഹായം ലഭിക്കുന്നതാണ് ഈ പദ്ധതി. ഹാർഡ്വെയർ മേഖലയിലുള്ളവർക്കു മാത്രമേ അപേക്ഷിക്കാൻ അർഹതയുള്ളൂ.ഈ പദ്ധതി വഴി സഹായം ലഭിക്കാനാഗ്രഹിക്കുന്ന യുവ സംരംഭകർ ജനുവരി 10 നകം https://startupmission.kerala.gov.in/nidhiprayaas എന്ന വെബ്സൈറ്റിലൂടെ അപേക്ഷിക്കണം. സ്വന്തമായി സ്റ്റാർട്ടപ്പ് ഉള്ളതോ ഇല്ലാത്തതോ ആയ 18 വയസ് കഴിഞ്ഞ ഇന്ത്യൻ പൗരന്മാർക്ക് അപേക്ഷിക്കാം. കൂടുതൽ വിവരങ്ങൾക്ക് nidhiprayas@startupmission.in എന്ന ഇ മെയിൽ വിലാസത്തിൽ ബന്ധപ്പെടാം. കേന്ദ്ര ശാസ്ത്ര സാങ്കേതിക വകുപ്പാണ് നിധി പ്രയാസ് പദ്ധതി നടപ്പാക്കി വരുന്നത്. പ്രയാസ് കേന്ദ്രങ്ങൾ വഴി നടത്തുന്ന പ്രയാസ് പിച്ച് വീക്കിലൂടെയാണു സംരംഭകർ ധനസഹായ പദ്ധതിക്കായി അപേക്ഷിക്കേണ്ടത്. കേരള സ്റ്റാർട്ടപ്പ് മിഷനിലെ പ്രയാസ് കേന്ദ്രത്തിലെ പദ്ധതി നിർവഹണ കേന്ദ്രം വഴിയാണു ധനസഹായം ലഭിച്ച ആശയങ്ങളുടെ മാതൃകാരൂപീകരണം നടക്കുന്നത്. പരാജയ ഭീതിയില്ലാതെ നൂതനാശയങ്ങളുള്ള യുവാക്കൾക്ക് സധൈര്യം സ്വന്തം ആശയങ്ങളുമായി മുന്നോട്ടു പോകാൻ സഹായിക്കുന്നതാണ് ഈ പദ്ധതിയുടെ സവിശേഷത.വ്യക്തമായ സാങ്കേതിക പരിജ്ഞാനം, മാതൃകാരൂപീകരണത്തിനുള്ള വ്യക്തമായ മാർഗം എന്നിവ അപേക്ഷകർക്ക് ആവശ്യമാണ്. ധനസഹായം ലഭിച്ച് ഒന്നര വർഷത്തിനുള്ളിൽ മാതൃക രൂപീകരിക്കുകയും വേണം. തെരഞ്ഞെടുക്കപ്പെടുന്നവർക്കു വ്യവസായ പ്രമുഖരിൽ നിന്നുള്ള വിദഗ്ധോപദേശം, ആധുനിക സൗകര്യങ്ങൾ അടങ്ങുന്ന ജോലി സ്ഥലം, വിജയകരമായ മാതൃകകളുടെ വാണിജ്യ സാധ്യതകൾ തേടാനായുള്ള സഹായം എന്നിവയും ഈ പദ്ധതിയിലൂടെ ലഭിക്കും.

### നിയമനം

പെരുമ്പാവൂർ നഗരസഭയുടെ കടുവാളിലുള്ള പട്ടികജാതി വികസന വകുപ്പിന്റെ പെൺകുട്ടികൾക്കുള്ള പ്രീ മെട്രിക് ഹോസ്റ്റലിലേക്കു വിദ്യാർഥിനികൾക്ക് ട്യൂഷൻ എടുക്കുന്നതിനു ട്യൂഷൻ ടീച്ചർമാരെ 2021-22 അധ്യയന വർഷത്തേക്ക് തിരഞ്ഞെടുക്കുന്നതിന് അപേക്ഷകൾ ക്ഷണിച്ചു. അപേക്ഷിക്കുന്നവർ വനിതകളായിരിക്കണം. യോഗ്യത: ഹൈസ്കൂൾ തലം- ഹിന്ദി, കണക്ക്, ഫിസിക്കൽ സയൻസ് എന്നീ വിഷയങ്ങൾ പഠിപ്പിക്കുന്നതിന് ബിഎഡ് യോഗ്യതയുള്ളവരായിരിക്കണം. അപേക്ഷകൾ കൂവപ്പടി ബ്ലോക്ക് പട്ടികജാതി വികസന ഓഫീസിൽ ജനുവരി 10 വൈകിട്ട് 5 നകം ലഭ്യമാക്കണം



# കൊച്ചിക്കുള്ളത് വികസനത്തിനായി ഏത് ത്യാഗവും സഹിച്ച ചരിത്രം: മന്ത്രി പി രാജീവ്

**എറണാകുളം :** വികസനത്തിനായി ഏത് ത്യാഗവും സഹിക്കാൻ തയ്യാറായ ചരിത്രമുള്ള നാടാണ് കൊച്ചിയെന്ന് മന്ത്രി പി രാജീവ്. ലോകത്തിന്റെ മുന്നിൽ കൊച്ചിയുടെ അടയാളമായ കൊച്ചിൻ ഷിപ്പ് യാർഡിന് വേണ്ടി സെമിത്തേരി വരെ വിട്ടു നൽകിയതാണ് കൊച്ചിയിലെ വിശ്വാസികൾ. ആ സ്ഥാപനമാണ് ഇന്ന് പ്രതിരോധ സേനക്ക് വേണ്ടി ഇന്ത്യയുടെ ആദ്യ തദ്ദേശീയ വിമാന വാഹിനിക്കപ്പൽ നിർമിക്കുന്ന വിധത്തിൽ നക്ഷത്ര പദവിയോടെ തിളങ്ങി നിൽക്കുന്നതെന്നും മന്ത്രി പറഞ്ഞു. ജനസമക്ഷം സിൽവർ ലൈൻ പരിപാടിയിൽ അധ്യക്ഷത വഹിച്ച് സംസാരിക്കുകയായിരുന്നു അദ്ദേഹം.സാമൂഹ്യ സൂചനകളിൽ കേരളം വികസിത രാജ്യങ്ങളുമായി കിടപിടിക്കാവുന്ന മികവുള്ള ഇടമാണ്. എന്നാൽ പശ്ചാത്തല സൗകര്യത്തിലും ഉല്പാദന മേഖലയിലും നാം പിന്നോക്കാവസ്ഥയെ അഭിമുഖീകരിക്കുന്നുണ്ട്. ആ മേഖലയും വികസിത രാജ്യങ്ങളോടൊപ്പം എത്തുന്നതിനുള്ള വലിയ ശ്രമത്തിന്റെ ഭാഗമാണ് സിൽവർ ലൈൻ പദ്ധതി. പദ്ധതിയുടെ ഏറ്റവും വലിയ നേട്ടം വരാൻ പോകുന്നത് എറണാകുളം ജില്ലയിലാണ്. ഇവിടെ നിന്നും വടക്കോട്ടും തെക്കോട്ടും രണ്ട് മണിക്കൂർ വേണ്ട എന്നുള്ളതാണ് നമ്മുടെ നേട്ടം. ആ വലിയൊരു നേട്ടം നമ്മുടെ വ്യവസായ മേഖലക്കും വാണിജ്യ മേഖലക്കും ടൂറിസം മേഖലക്കും ഉണർവ് നൽകാൻ സഹായമാകുന്നതാണെന്നും പി രാജീവ് പറഞ്ഞു.

# അക്പാഹി സംസ്ഥാന സമ്മേളനം ജനുവരി മുതൽ ആലുവയിൽ

**ആലുവ:** ശ്രവണ - സംസാര വൈകല്യമുള്ളവരുടെ വിദ്യഭ്യാസ തൊഴിൽ പുനരധിവാസം ലക്ഷ്യമാക്കി പ്രവർത്തിക്കുന്ന 'ആൾ കേരള പേരെന്റ്സ് അസോസിയേഷൻ ഓഫ് ഹിയറിംഗ് ഇംപയേർഡ്' (അക്പാഹി) 14 -ാം സംസ്ഥാന സമ്മേളനവും രജതജൂബിലിയാഘോഷവും ജനുവരി എട്ട്, ഒമ്പത് തീയതികളിൽ തോട്ടുമുഖം വൈ.എം.സി.എ ഹാളിൽ നടക്കുമെന്ന് ജില്ലാ പ്രസിഡന്റ് ബേബി ജോസഫ്, സ്വാഗതസംഘം ചെയർമാൻ ആർ.കെ. ശിവൻ എന്നിവർ പത്രസമ്മേളനത്തിൽ അറിയിച്ചു.സംഘടനയുടെ ശ്രമഫലമായി വിദ്യാഭ്യാസ - ക്ഷേമപുനരധിവാസ രംഗങ്ങളിൽ ഒട്ടനവധി നേട്ടങ്ങൾ കൈവരിക്കാനായിട്ടുണ്ടെന്ന് ഭാരവാഹികൾ പറഞ്ഞു. എട്ടിന് രാവിലെ ഒമ്പതിന് സംസ്ഥാന ചെയർമാൻ ഡോ: കെ.വി. ജയചന്ദ്രൻ പതാക ഉയർത്തും. 10ന് പ്രതിപക്ഷ നേതാവ് വി.ഡി. സതീശൻ ഉദ്ഘാടനം ചെയ്യും. പ്രസിഡന്റ് ബേബി ജോസഫ് അദ്ധ്യക്ഷത വഹിക്കും. 11.30ന് 'കേൾവി വൈകല്യമുള്ളവർ നേരിടുന്ന വെല്ലുവിളികളും പരിഹാര മാർഗങ്ങളും' എന്ന സെമിനാർ സംസ്ഥാന ഭിന്നശേഷി കമ്മീഷണർ എസ്.എച്ച്. പഞ്ചാപകേശൻ ഉദ്ഘാടനം ചെയ്യും. ഭിന്നശേഷി അഡ്വൈസറി ബോർഡ് മെമ്പർ എ. ഷൺമുഖം വിഷയാവതരണം നടത്തും.ഒമ്പതിന് രാവിലെ 10.30ന് പൊതുസമ്മേളനം മന്ത്രി പി. രാജീവ് ഉദ്ഘാടനം ചെയ്യും. ഭിന്നശേഷി മേഖലകളിൽ സമഗ്രസംഭാവനകൾ നൽകിയ ബെന്നി ബഹനാൻ എം.പിക്ക് 'ബധിര ക്ഷേമ അവാർഡും' ഗോപിനാഥ് മുതുകാടിന് 'ഭിന്നശേഷി സൗഹൃദ അവാർഡും' സിസ്റ്റർ അഭയയ്ക്ക് 'ബധിരസ്നേഹ അവാർഡും' മന്ത്രി ഡോ: ആർ. ബിന്ദു കൈമാറും. അബ്ദുൾനസ്സാർ, രശ്മിമോഹൻ, കെ.എം. അബ്ദുൾ ഷുക്കൂർ, എം. രാഘവൻ, ലൈസാമ്മ വി. കോര എന്നിവരെ ആദരിക്കും. ബെന്നി ബെഹനാൻ എം.പി, അൻവർസാദത്ത് എം.എൽ.എ, നഗരസഭ ചെയർമാൻ എം.ഒ. ജോൺ, കെ.എൻ. ഹാരിസ് എന്നിവർ സംസാരിക്കും.ജനറൽ കൺവീനർ ടി.ബി. ബോസ്, ട്രഷറർ എം.കെ.സുരേഷ് കുമാർ എന്നിവരും പത്രസമ്മേളനത്തിൽ പങ്കെടുത്തു.വധുവരന്മാരെ കണ്ടെത്താൻ 'ബധിരസംഗമം' 'ആൾ കേരള പേരെന്റ്സ് അസോസിയേഷൻ ഓഫ് ഹിയറിംഗ് ഇംപയേർഡ്' (അക്പാഹി) 14 -ാം സംസ്ഥാന സമ്മേളനത്തിന്റെ ഭാഗമായി 30ന് കേൾവി, സംസാര വൈകല്യമുള്ളവർക്ക് അനുയോജ്യരായ വധുവരന്മാരെ കണ്ടെത്തുന്നതിനായി ബധിര സംഗമം സംഘടിപ്പിക്കും. മാതാപിതാക്കളുടെ സാന്നിധ്യത്തിൽ വധുവരന്മാരെ കണ്ടെത്താം. 9ന് ഉച്ചയ്ക്ക് 2.30നാണ് പരിപാടി. ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് ഉല്ലാസ്. കെ. തോമസ് ഉദ്ഘാടനം ചെയ്യും. അക്പാഹി സംസ്ഥാന സെക്രട്ടറി ബിനോയ് ജോസഫ് യുവതീ യുവാക്കളെ പരിചയപ്പെടുത്തും. പ്രിയരാജ് ആംഗ്യഭാഷാ പരിഭാഷ നടത്തും.

# 2021ൽ 10 ലക്ഷം അധിക യാത്രക്കാർ ; പ്രതിസന്ധിയിലും സിയാൽ കുതിപ്പിൽ

**നെടുമ്പാശേരി :** കോവിഡ് പ്രതിസന്ധികൾക്കിടയിലും സർവീസുകളുടെയും യാത്രക്കാരുടെയും എണ്ണത്തിൽ കൊച്ചി അന്താരാഷ്ട്ര വിമാനത്താവളം ലിമിറ്റഡ് (സിയാൽ) കുതിപ്പിൽ. 2020ൽ 33,37,830 യാത്രക്കാരാണ് എത്തിയതെങ്കിൽ 2021-ൽ 43,06,661 ആയി.രാജ്യാന്തര യാത്രക്കാരുടെ എണ്ണത്തിൽ രാജ്യത്തെ മൂന്നാമത്തെ തിരക്കുള്ള വിമാനത്താവളമെന്ന സ്ഥാനം സിയാൽ നിലനിർത്തി. 2020-ൽ 14,82,004 രാജ്യാന്തര യാത്രക്കാരെത്തിയപ്പോൾ 2021-ൽ 18,69,690 ആയി. വിമാനസർവീസുകൾ മുൻവർഷം 30,737 എന്നത് 41,437 ആയി ഉയർന്നു. കൂടുതൽ എയർലൈനുകളെ ആകർഷിക്കുന്നതിനുള്ള നടപടികളാണ് വളർച്ചയ്ക്ക് സഹായിച്ചതെന്ന് സിയാൽ മാനേജിങ് ഡയറക്ടർ എസ് സുഹാസ് പറഞ്ഞു.എല്ലാ അന്താരാഷ്ട്ര ട്രാവൽ ഹബ്ബുകളിൽനിന്നും കൊച്ചിയിലേക്കുള്ള എയർ കണക്റ്റിവിറ്റി പുനഃസ്ഥാപിക്കാൻ സാധിച്ചു. ഗൾഫ് രാജ്യങ്ങൾ, യൂറോപ്പ്, ശ്രീലങ്ക തുടങ്ങി നിലവിൽ ആഴ്ചയിൽ 185 സർവീസുകൾക്ക് സൗകര്യമൊരുക്കിയിട്ടുണ്ട്. ലണ്ടനിലേക്കും സിംഗപ്പൂരിലേക്കും നേരിട്ടുള്ള സർവീസുകൾ പുനരാരംഭിച്ചു. എയർ അറേബ്യ, ഷാർജ എന്നിവയ്ക്കുപുറമേ ഇന്ത്യയിൽനിന്ന് ആദ്യമായി അബുദാബിയിലേക്കുള്ള ദിവസേന സർവീസും തുടങ്ങി.പകർച്ചവ്യാധിക്കുമുമ്പുള്ള കാലഘട്ടത്തിനുസമാനമായ വളർച്ച ആഭ്യന്തരമേഖലയിലും ഉണ്ടായി. 2021 ഒക്ടോബർമുതൽ പ്രാബല്യത്തിൽ വന്ന ശൈത്യകാല ഷെഡ്യൂൾപ്രകാരം ദിവസം 50 ഡിപാർച്ചർ സർവീസുകൾ സിയാലിൽനിന്നുണ്ട്. വിമാനത്താവളത്തിൽ റാപിഡ് പിസിആർ, ആർടിപിസിആർ പരിശോധനകളുടെ എണ്ണവും വർധിപ്പിച്ചു. മൂന്ന് ടെസ്റ്റിങ് ലാബുകളിൽ ഒരേസമയം 900 പരിശോധന നടത്താം.

# നെടുമ്പാശേരിയിലും കാക്കനാട്ടും സ്റ്റേഷനുകൾ

**കൊച്ചി :** അർധ അതിവേഗ റെയിൽ പദ്ധതിയായ സിൽവർ ലൈൻ യാഥാർഥ്യമായാൽ കൊച്ചിയിൽനിന്ന് 1.30 മണിക്കൂറിനുള്ളിൽ തിരുവനന്തപുരത്ത് എത്താം. കൊച്ചിയിൽനിന്ന് കോഴിക്കോട്ട് എത്താൻ 75 മിനിറ്റ് മതി. കിലോമീറ്ററിന് 2.75 രൂപയാണ് യാത്രാനിരക്ക്. കൊച്ചി-തിരുവനന്തപുരം യാത്രയ്ക്ക് 540 രൂപയാകും ചെലവ്.ജില്ലയിൽ കൊച്ചി അന്താരാഷ്ട്ര വിമാനത്താവളത്തിനുസമീപവും കാക്കനാട്ടുമാകും സ്റ്റേഷനുകൾ. 11 ജില്ലകളിലൂടെയാണ് സിൽവർലൈൻ കടന്നുപോകുന്നത്. തിരുവനന്തപുരം, കൊല്ലം, ചെങ്ങന്നൂർ, കോട്ടയം, എറണാകുളം, കൊച്ചി വിമാനത്താവളം, തൃശൂർ, തിരൂർ, കോഴിക്കോട്, കണ്ണൂർ, കാസർകോട് നഗരങ്ങളെ പാത ബന്ധിപ്പിക്കും.രണ്ട് സ്റ്റേഷനും ഒരു ഡിപ്പോയും ജില്ലയിൽ കൊച്ചി അന്താരാഷ്ട്ര വിമാനത്താവളത്തിനുസമീപവും കാക്കനാട്ടുമുള്ള സ്റ്റേഷൻ ഉൾപ്പെടെ 11 യാത്രാസ്റ്റേഷനും അഞ്ച് റോ റോ സ്റ്റേഷനുമാണ് ആദ്യഘട്ടത്തിലുള്ളത്. ട്രക്കുകൾ ഉൾപ്പെടെ റോ റോ പ്ലാറ്റ്ഫോമിലേക്ക് കയറ്റാനാകും. കൊല്ലം, കിഴക്കമ്പലത്തെ പഴങ്ങനാട്, തിരൂർ, കണ്ണൂർ എന്നിവിടങ്ങളിൽ അറ്റകുറ്റപ്പണി ഡിപ്പോകളുണ്ടാകും.ടൂറിസം, വാണിജ്യ മേഖലകൾക്ക് കുതിപ്പേകും കൊച്ചിയിലെ ചരക്കുഗതാഗതത്തിനും വിനോദസഞ്ചാരമേഖലയ്ക്കും കെ-റെയിൽ ഗുണകരമാകും. കൊച്ചിയിലെ വിനോദസഞ്ചാരകേന്ദ്രങ്ങളിലേക്ക് എത്തുന്നവരുടെ എണ്ണവും കൂടും.ഗതാഗതക്കുരുക്ക് അഴിയും പദ്ധതി യാഥാർഥ്യമായാൽ ദിവസവും റോഡ് ഉപയോഗിക്കുന്നവരിൽ 46,206 പേർ സിൽവർലൈനിലേക്ക് മാറുന്നത് ഗതാഗതക്കുരുക്കിന് പരിഹാരമാകും. 529.45 കിലോമീറ്റർ ദൈർഘ്യമുള്ള സിൽവർലൈനിൽ മണിക്കൂറിൽ 200 കിലോമീറ്റർ വേഗത്തിലാകും ട്രെയിനുകൾ സഞ്ചരിക്കുക. 1435 എംഎം സ്റ്റാൻഡേർഡ് ഗേജിലാണ് പാതയുടെ നിർമാണം. തെക്കുനിന്ന് വടക്കേ അറ്റംവരെ യാത്ര ചെയ്യാൻ നിലവിൽ 10-12 മണിക്കൂർ വേണമെങ്കിൽ സിൽവർലൈനിൽ നാലുമണിക്കൂറായി ചുരുങ്ങും.പരിസ്ഥിതിസൗഹൃദ പാത പൂർണമായും പരിസ്ഥിതിസൗഹൃദമാണ് പദ്ധതി. ഏറ്റവും കുറഞ്ഞ കാർബൺ ബഹിർഗമനമേ ഉണ്ടാകൂ. പരിസ്ഥിതിലോല പ്രദേശങ്ങളിലൂടെയോ വന്യജീവിമേഖലകളിലൂടെയോ പാത കടന്നുപോകില്ല. നെൽപ്പാടങ്ങളിലും തണ്ണീർത്തടങ്ങളിലും പാത തൂണുകളിലൂടെയാകും. പദ്ധതിക്കായി നിർമിക്കുന്ന മൺതിട്ടമൂലം വെള്ളപ്പൊക്കമുണ്ടാകില്ല. പതിനൊന്ന് ജില്ലയിലും ആരാധനാലയങ്ങളും പാടവും കാവുകളും പരമാവധി സംരക്ഷിച്ചാകും പദ്ധതി നടപ്പാക്കുക. 9314 കെട്ടിടങ്ങളെമാത്രമാണ് ബാധിക്കുന്നത്.സ്ഥലം നൽകുന്നവർക്ക് പ്രത്യേക പാക്കേജ് 63,941 കോടി രൂപ ചെലവ് പ്രതീക്ഷിക്കുന്നതാണ് പദ്ധതി. സ്ഥലം ഏറ്റെടുപ്പിന് 13,362.32 കോടി രൂപ വേണ്ടിവരും. സ്ഥലം വിട്ടുകൊടുക്കുന്നവർക്ക് പ്രത്യേക പാക്കേജ് നടപ്പാക്കും. സംസ്ഥാന സർക്കാരും റെയിൽവേ മന്ത്രാലയവും ചേർന്നുള്ള കേരള റെയിൽ ഡെവലപ്മെന്റ് കോർപറേഷൻ ലിമിറ്റഡ് (കെ--റെയിൽ) എന്ന കമ്പനിയാണ് പദ്ധതിയുടെ നിർമാണം നടത്തുക. പുനരധിവാസത്തിന് ഉൾപ്പെടെ 1383 ഹെക്ടർ ഭൂമി വേണ്ടിവരും. ഇതിൽ 1198 ഹെക്ടർ സ്വകാര്യഭൂമിയാണ്. രാജ്യാന്തര ധനസ്ഥാപനങ്ങളിൽനിന്നുള്ള വായ്പ ഉപയോഗിച്ചാകും പദ്ധതിനടത്തിപ്പ്.

# തപാൽ ജീവനക്കാരുടെ സത്യഗ്രഹം സമാപിച്ചു

**കൊച്ചി :** തപാൽവകുപ്പിലെ അശാസ്ത്രീയപരിഷ്കാരങ്ങൾക്കും തൊഴിലാളിദ്രോഹ നടപടിക്കുമെതിരെ സംയുക്ത സമരസമിതി നടത്തിയ ത്രിദിന സത്യഗ്രഹം സമാപിച്ചു. കൊച്ചി പിഎംജി ഓഫീസിനുമുന്നിൽ സമാപനസമ്മേളനം ഐഎൻടിയുസി ജില്ലാ പ്രസിഡന്റ് കെ കെ ഇബ്രാഹിംകുട്ടി ഉദ്ഘാടനം ചെയ്തു.എൻഎഫ്പിഇ ജില്ലാ സെക്രട്ടറി എം ബി വിശ്വനാഥൻ അധ്യക്ഷനായി. വിവിധ സംഘടനാ നേതാക്കളായ കെ സുധീർകുമാർ, എസ് ധന്യ, നിക്സൺ ജോൺ, ജി സുനിൽ, കോൺഫെഡറേഷൻ ജില്ലാ പ്രസിഡന്റ് ജോസി കെ ചിറപ്പുറം, പി ബി സുധീഷ് ബാബു, സി സി ശബരീഷ്, പി പി രാധാകൃഷ്ണൻ, കെ സി പ്രഭ, കെ എ രാജൻ, എസ് ടി സിഗ്ന, ടി ഡി ജോസ്, കെ എം ബെന്നി, ജോർജുകുട്ടി ജോൺ, ടി എസ് ശ്രീജ, കെ സജീവ്കുമാർ, എം കെ സുകുമാരൻ എന്നിവർ സംസാരിച്ചു.ഗ്രാമീണ ഡാക് ജീവനക്കാർക്ക് അർഹമായ പ്രൊമോഷൻ അനുവദിക്കുക, വിരമിക്കൽ അലവൻസ് നൽകുന്നതിലെ കാലതാമസം ഒഴിവാക്കുക, തപാൽ സ്വകാര്യവൽക്കരണം പിൻവലിക്കുക തുടങ്ങി ഇരുപതിന ആവശ്യങ്ങൾ ഉന്നയിച്ചാണ് സമരം നടത്തിയത്.

# കാലടിയിൽ ഒരു മാസമായി വിസിയും പിവിസിയുമില്ല ; ഗവർണർക്ക് അധ്യാപകരുടെ നിവേദനം

**കൊച്ചി :** കാലടി സംസ്കൃത സർവകലാശാലയിൽ എത്രയുംവേഗം വിസിയെയും പ്രോ വിസിയെയും നിയമിക്കണമെന്ന് ആവശ്യപ്പെട്ട് ചാൻസലർകൂടിയായ ഗവർണർ ആരിഫ് മൊഹമ്മദ് ഖാന് നിവേദനം. വകുപ്പ് അധ്യക്ഷരും അക്കാദമിക് കൗൺസിൽ അംഗങ്ങളും ഒപ്പിട്ടാണ് നിവേദനം നൽകിയത്. ഒരു മാസത്തിലേറെയായി വൈസ് ചാൻസലറും പ്രോ വൈസ് ചാൻസലറും ഇല്ലാത്തതിനാൽ സർവകലാശാലയുടെ അക്കാദമിക്, ഭരണ രംഗത്ത് കടുത്ത പ്രതിസന്ധിയാണ്. പരീക്ഷാനടത്തിപ്പും സിലബസ് പരിഷ്കരണവും ഗവേഷണപ്രവർത്തനങ്ങളും ഉൾപ്പെടെ തടസ്സപ്പെട്ടിരിക്കുകയാണെന്നും നിവേദനത്തിൽ ചൂണ്ടിക്കാട്ടി.കഴിഞ്ഞ നവംബറിലാണ് വൈസ് ചാൻസലർ ഡോ. ധർമരാജ് അടാട്ടും പ്രോ വൈസ് ചാൻസലർ ഡോ. കെ എസ് രവികുമാറും വിരമിച്ചത്. തുടർന്ന് കലിക്കറ്റ് വിസിക്ക് പകരംചുമതല നൽകി. ഒരുമാസത്തിലേറെയായിട്ടും കാലടിയിൽ സ്ഥിരം വിസിയെ നിയമിച്ചിട്ടില്ല. ഇതുമൂലം വിസി ചെയർമാനായ അക്കാദമിക് കൗൺസിലും ഫിനാൻസ് കമ്മിറ്റിയും നിർജീവമായി. മാർച്ചിൽ അടുത്തവർഷത്തെ ബജറ്റ് അവതരിപ്പിക്കാനുള്ള തയ്യാറെടുപ്പുകളൊന്നും നടക്കുന്നില്ല. സർവകലാശാലയിലെ നിർമാണജോലികളും പ്രതിസന്ധിയിലാണ്. വിസി ഇല്ലാത്തതിനാൽ കരാറുകാരുടെ ബില്ലുകൾ മാറാനായിട്ടില്ല.വിവിധ അക്രഡിറ്റേഷൻ ഏജൻസികൾക്കുള്ള അസസ്മെന്റുകൾ തയ്യാറാക്കി അയക്കേണ്ടതിന്റെ മേൽനോട്ടച്ചുമതല വിസിക്കാണ്. വളരെ ശ്രദ്ധയോടെ ചെയ്യേണ്ട കാര്യത്തിൽ വീഴ്ചയുണ്ടായാൽ സർവകലാശാലയുടെ അക്കാദമിക് നിലവാരത്തിന് കനത്ത തിരിച്ചടിയാണുണ്ടാകുക. മൂന്നുവർഷം കൂടുമ്പോൾ നടപ്പാക്കുന്ന സിലബസ്, പരീക്ഷാ പരിഷ്കാരം ഈവർഷം നടക്കേണ്ടതാണ്. സമയബന്ധിതമായി പൂർത്തിയാക്കാത്തപക്ഷം അക്രഡിറ്റേഷൻ ഏജൻസികളിൽനിന്ന് ദോഷകരമായ തീരുമാനങ്ങളുണ്ടാകുന്നത് ഗുരുതര പ്രത്യാഘാതമുണ്ടാക്കും. സർവകലാശാലയ്ക്കുള്ള ഫണ്ടുകൾ തടസ്സപ്പെടുന്നത് വിദ്യാർഥി, അധ്യാപക സമൂഹത്തെ ബാധിക്കും. ഗവേഷണ പ്രവർത്തനങ്ങൾ നിലയ്ക്കും. അടുത്ത അധ്യയനവർഷത്തെ പ്രവേശന നടപടികൾ ആരംഭിക്കേണ്ട സമയമായിട്ടും ആലോചനകൾപോലും തുടങ്ങാനായിട്ടില്ല. പരീക്ഷ, ഭരണ വിഭാഗങ്ങളുടെ ഡിജിറ്റലൈസേഷൻ ജോലികളും തടസ്സപ്പെടുമെന്ന് ആശങ്കയുയരുന്നു. ഈ വിഷയങ്ങളിൽ അടിയന്തരശ്രദ്ധ പതിപ്പിക്കണമെന്നും എത്രയുംവേഗം വിസി, പ്രോ വിസി നിയമനങ്ങൾ നടത്തണമെന്നും അധ്യാപകർ ആവശ്യപ്പെട്ടു. വിസി സ്ഥാനത്തേക്ക് മൂന്നംഗ സെർച്ച് കമ്മിറ്റി തെരഞ്ഞെടുത്തയാളുടെ പേര് ഗവർണർ അംഗീകരിക്കാൻ വിസമ്മതിച്ചതാണ് പ്രതിസന്ധിക്ക് കാരണം. ഗവർണറുടെ അംഗീകാരത്തോടെ രൂപീകരിച്ച സെർച്ച് കമ്മിറ്റി 10 പേരെ ഇന്റർവ്യു നടത്തിയശേഷമാണ് ഒരാളെ കണ്ടെത്തി അനുമതിക്ക് സമർപ്പിച്ചത്.



# എംജിക്ക് വിജയത്തുടക്കം

**കോതമംഗലം :** ദക്ഷിണമേഖലാ അന്തർ സർവകലാശാല ഫുട്ബോൾ ചാമ്പ്യൻഷിപ്പിന്റെ ആദ്യദിനം ആതിഥേയർക്ക് ജയം. എംജി സർവകലാശാല, കർണാടകത്തിലെ റാണി ചന്നമ്മ യൂണിവേഴ്സിറ്റിയെ എതിരില്ലാതെ ഒമ്പത് ഗോളുകൾക്ക് പരാജയപ്പെടുത്തി. കുസാറ്റ്, കാലടി സംസ്കൃത സർവകലാശാലകളും വിജയിച്ചു. കാസർകോട് കേന്ദ്ര സർവകലാശാലയും തൃശൂർ കാർഷിക സർവകലാശാലയും കൊച്ചി നുവാൽസും ആദ്യമത്സരത്തിൽ പരാജയപ്പെട്ടു. മാർ അത്തനേഷ്യസ് കോളേജ് ഫുട്ബോൾ സ്റ്റേഡിയത്തിൽ അഡ്വ. ഡീൻ കുര്യാക്കോസ് എംപി ഉദ്ഘാടനം ചെയ്തു. എംജി സർവകലാശാലാ സിൻഡിക്കറ്റ് അംഗം അഡ്വ. റെജി സക്കറിയ അധ്യക്ഷനായി.എംഎ കോളേജ് അസോസിയേഷൻ സെക്രട്ടറി ഡോ. വിന്നി വറുഗീസ്, അസോസിയേഷൻ ചെയർമാൻ ഡോ. മാത്യൂസ് മാർ അപ്രേം, മുനിസിപ്പൽ കൗൺസിലർ അഡ്വ. ഷിബു കുര്യാക്കോസ്, ഡോ. മാത്യൂസ് ജേക്കബ് എന്നിവർ സംസാരിച്ചു. ആദ്യദിനം 30 മത്സരങ്ങളാണ് നടന്നത്.

## അറിയിപ്പ്

### ഒഴിവ്

സെന്റർ ഫോർ ഡെവലപ്മെന്റ് ഓഫ് ഇമേജിങ് ടെക്നോളജി (സി-ഡിറ്റ് നടപ്പിലാക്കി വരുന്ന എഫ്. എം.എസ് എം.വി.ഡി പ്രോജക്കിലേയ്ക്ക് അസിസ്റ്റന്റ് സിസ്റ്റം അഡ്മിനിസ്ട്രേറ്റർ തസ്തികയിൽ മലപ്പുറം, കോഴിക്കോട്, കണ്ണൂർ, കാസർഗോഡ് എന്നീ ജില്ലകളിലെ ഒഴിവുകളിലേക്ക് പരിഗണിക്കുന്നതിനായി, ഇലക്ട്രോണിക്സിലോ, കമ്പ്യൂട്ടർ ഹാർഡ് വെയറിലോ ഉള്ള മൂന്ന് വർഷത്തെ ഡിപ്ലോമ/ബി.സി.എ/ബി.എസ്.സി (കമ്പ്യൂട്ടർ സയൻസ് ) എന്നീ യോഗ്യതയുള്ള ഉദ്യോഗാർത്ഥികളുടെ വാക്-ഇൻ-ഇന്റർവ്യൂ കോഴിക്കോട് ഡെപ്യൂട്ടി ട്രാൻസ്പോർട്ട് കമ്മീഷണറുടെ ഓഫീസിൽ നടത്തുന്നു. താൽപര്യമുള്ളവർ ബയോഡാറ്റ, വിദ്യാഭ്യാസയോഗ്യത, പ്രവർത്തി പരിചയം എന്നിവ തെളിയിക്കുന്ന അസൽ സർട്ടിഫിക്കറ്റുകൾ, പകർപ്പുകൾ സഹിതം ഡിസംബർ 21ന് രാവിലെ 10.00 മണി മുതൽ 1.00 മണി വരെ അഭിമുഖത്തിന് നേരിട്ട് ഹാജരാകണം. പ്രതിമാസ വേതനം- ഞൈ. 15,500. കൂടുതൽ വിവരങ്ങൾക്ക് www.cdi-tor; സന്ദർശിക്കുക.

### ദർഘാസ് ക്ഷണിച്ചു

തൃശൂർ ജില്ലാ വനിതാ ശിശു വികസന ഓഫീസിലെ ആവശ്യത്തിലേക്കായി ഉപയോഗിക്കുന്നതിന് ടാക്സി പെർമിറ്റ് ഉള്ള വാഹനം കരാറടിസ്ഥാനത്തിൽ എടുക്കുന്നതിന് ദർഘാസ് ക്ഷണിച്ചു. 7 വർഷത്തിൽ കുറവ് പഴക്കമുള്ള 1000 സിസിയിൽ കുറയാത്ത എഞ്ചിൻ കപ്പാസിറ്റിയുള്ള വാഹനം ഒരു വർഷത്തേക്കാണ് കരാർ എടുക്കുന്നത്. താൽപര്യമുള്ള വ്യക്തികൾ/സ്ഥാപനങ്ങൾ എന്നിവർക്ക് അപേക്ഷിക്കാം. വാഹനത്തിന് 1500 കിലോ മീറ്ററിന് പ്രതിമാസം 30,000 രൂപ നിരക്കിലും അധികരിച്ചു വരുന്ന ഓരോ കിലോമീറ്ററുകൾക്ക് അതാത് സമയങ്ങളിൽ നിശ്ചയിക്കുന്ന നിരക്കിലും പരമാവധി 250 കിലോ മീറ്റർ വരെ വാടക നിശ്ചയിക്കും. ആർ സി ബുക്ക്, ഇൻഷുറൻസ്, ടാക്സി പെർമിറ്റ്, ടാക്സ് ചലാൻ തുടങ്ങിയ രേഖകൾ ഉൾപ്പെടെ www.etenders.kerala.gov.in എന്ന ഓൺലൈൻ പോർട്ടലിൽ ഡിസംബർ 21 ന് വൈകീട്ട് 5 മണിക്ക് മുൻപായി സമർപ്പിക്കണം. ഡിസംബർ 23ന് ഉച്ചയ്ക്ക് 3 മണിക്ക് ദർഘാസ് തുറക്കും. വിശദവിവരങ്ങൾക്ക് അയ്യന്തോളിലുള്ള ജില്ലാ വനിത ശിശു വികസന ഓഫീസിലോ 0487 2361500 എന്ന നമ്പറിലോ ബന്ധപ്പെടുക.

### വാഹനം ആവശ്യമുണ്ട്

ഹോമിയോപ്പതി തൃശൂർ ജില്ലാ മെഡിക്കൽ ഓഫീസിലെ ദൈനംദിന ഉപയോഗത്തിന് കരാർ വ്യവസ്ഥയിൽ വാഹനം ആവശ്യമുണ്ട്. 2022 ജനുവരി 1 മുതൽ മൂന്ന് മാസത്തേക്ക് വാഹനം ലഭ്യമാക്കാൻ തയ്യാറുള്ളവരിൽ നിന്നും മത്സര സ്വഭാവത്തിലുള്ള സീൽ ചെയ്ത ക്വട്ടേഷൻ ക്ഷണിച്ചു. അഞ്ച് വർഷത്തിനുള്ളിൽ രജിസ്റ്റർ ചെയ്ത വാഹനമാണ് ആവശ്യം. ഇന്ധന ക്ഷമതയുള്ള, സെഡാൻ ടൈപ്പ് വാഹനത്തിന് മുൻഗണനയുണ്ട്. വാഹനം എല്ലാ ദിവസവും ഓഫീസ് അധികൃതർ നിർദ്ദേശിക്കുന്ന സ്ഥലത്ത് സൂക്ഷിക്കണം. പരമാവധി 30,000 രൂപയാണ് ക്വട്ടേഷൻ തുക. പിന്നീട് വരുന്ന ഓരോ കിലോമീറ്ററിനും എത്ര തുകയാണെന്ന് ക്വട്ടേഷനിൽ കാണിക്കണം. ക്വട്ടേഷനോടൊപ്പം 1000 രൂപയുടെ എസ് ബി ഐ ബാങ്ക് ഡിമാൻഡ് ഡ്രാഫ്റ്റ്, ഇ എം ഡി ആയി നൽകണം. ഫോൺ: 0487 2366643



# മത്സ്യബന്ധന യാനങ്ങൾക്കു കാലാവധി മത്സ്യത്തൊഴിലാളികൾക്കു തിരിച്ചടി

**കൊടുങ്ങല്ലൂർ** മത്സ്യബന്ധന യാനങ്ങൾക്കു ( ഔട്ട് ബോർഡ് എൻജിൻ) മണ്ണെണ്ണ പെർമിറ്റ് നൽകുന്നതിനു വള്ളങ്ങൾക്കു ഏർപ്പെടുത്തിയ കാലാവധി ഒട്ടേറെ പരമ്പരാഗത മത്സ്യത്തൊഴിലാളികൾക്കു പെർമിറ്റ് നഷ്ടമാകും. വള്ളങ്ങൾക്കു 8 വർഷം, ഫൈബർ വള്ളങ്ങൾക്കു 12 വർഷം 10 വർഷമാണ് കാലാവധി നിശ്ചയിച്ചിട്ടുള്ളത്. തീരദേശത്തെ മത്സ്യത്തൊഴിലാളികളിൽ ഒട്ടേറെ പേർക്കു 8 വർഷവും 12 വർഷം പിന്നിട്ട വള്ളങ്ങളാണുള്ളത്. ഫിഷറീസ് വകുപ്പിന്റെ പുതിയ നിർദേശ പ്രകാരം പരമ്പരാഗതമായ മത്സ്യബന്ധനം നടത്തുന്ന തൊഴിലാളികൾക്കു പെർമിറ്റ് നഷ്ടപ്പെടും.ജനുവരി 16 നാണ് മണ്ണെണ്ണ പെർമിറ്റ് നൽകുന്നതിനുള്ള പ്രത്യേക എൻജിൻ പരിശോധന. ഫിഷറീസ് വകുപ്പ്, മത്സ്യഫെഡ്, സിവിൽ സപ്ലൈസ് വകുപ്പ് എന്നിവ ചേർന്നു ജില്ലയിൽ 10 കേന്ദ്രങ്ങളിൽ പരിശോധന നടത്തുന്നത്. അഴീക്കോട് മുനക്കൽ, അഴീക്കോട് ലൈറ്റ് ഹൗസ്, പി. വെമ്പല്ലൂർ ശ്രീകൃഷ്ണമുഖം ബീച്ച്, പെരിഞ്ഞനം ആറാട്ട് കടവ്, കയ്പമംഗലം കൂരിക്കുഴി, കഴിമ്പ്രം ബീച്ച്, നാട്ടിക ബീച്ച്, തളിക്കുളം നമ്പിക്കടവ്, ബ്ലാങ്ങാട് ബീച്ച്, എടക്കഴിയൂർ ബീച്ച് എന്നിവിടങ്ങളിലാണു പരിശോധന സെന്ററുകൾ.സംയുക്ത പരിശോധനയ്ക്കു മുൻപ് ഫിഷറീസ് വകുപ്പ് തീരുമാനം പുനഃ പരിശോധക്കണമെന്ന് ആവശ്യപ്പെട്ടു മത്സ്യത്തൊഴിലാളികൾ ജനപ്രതിനിധികളെ സമീപിച്ചെങ്കിലും തൊഴിലാളികൾക്കു അനുകൂല മറുപടിയല്ല ലഭിച്ചില്ല. കോവിഡ് പ്രതിസന്ധിയും മത്സ്യക്ഷാമവും ഇന്ധന വില വർധനയും കാരണം മത്സ്യമേഖലയാകെ തകർന്നിരിക്കുകയാണ്. ഇതിനിടിയിലാണു സർക്കാരിന്റെ നിർദേശം. ഇതിനു മുൻപ 2015 മാർച്ച് 8 നായിരുന്നു സംയുക്ത പരിശോധന. ജില്ലയിൽ 623 പെർമിറ്റാണ് നിലവിലുള്ളത്. ഈ വർഷം 400 മണ്ണെണ്ണ പെർമിറ്റിനു 400 അപേക്ഷകളാണു ലഭിച്ചിട്ടുള്ളതെന്നു അധികൃതർ അറിയിച്ചു.

## ചിറ്റണ്ട ആന സംരക്ഷണ കേന്ദ്രം ആദ്യഘട്ടം ഉദ്ഘാടനം 10ന്

**വടക്കാഞ്ചേരി** നാട്ടാനകളുടെ ചികിത്സക്കും പരിപാലനത്തിനുമായി ചിറ്റണ്ടയിൽ സംരക്ഷണകേന്ദ്രം 'ഗണേഷ് ഫോർട്ട് ' യാഥാർഥ്യമാകുന്നു. എരുമപ്പെട്ടി പഞ്ചായത്ത് ഏഴാം വാർഡിൽ വനത്തിനോട് ചേർന്നാണ് 30 ഏക്കർ 66 സെന്റിൽ ആനകേന്ദ്രം. ആനകളുടെ പ്രജനനകേന്ദ്രം കൂടിയാക്കി മാറ്റാനാണ് ലക്ഷ്യം.സംസ്ഥാനത്തെ ആദ്യ സംരംഭമാണിത്. 10ന് ആദ്യഘട്ടം ഉദ്ഘാടനം ചെയ്യും. സംസ്ഥാനത്തെ ആനയുടമകൾ, ദേവസ്വങ്ങൾ, ആനത്തൊഴിലാളികൾ, പൂരപ്രേമികൾ ഉൾപ്പെടുന്ന എലിഫന്റ് വെൽഫെയർ ട്രസ്റ്റ് ഓഫ് ഇന്ത്യയുടെ നേതൃത്വത്തിലാണ് 150 കോടിയുടെ പദ്ധതി തുടങ്ങുന്നത്. ഇതിനായി വനംവകുപ്പിന്റെ അനുമതി ലഭിച്ചു. കേന്ദ്രസർക്കാർ അനുമതി ലഭിക്കുന്നതോടെ കൂടുതൽ വിപുലപ്പെടുത്തും. കേന്ദ്ര-സംസ്ഥാന സർക്കാരുകളുടെ സഹായത്തോടെ പദ്ധതി നടപ്പാക്കാനാണ് ലക്ഷ്യം. ആദ്യഘട്ടത്തിൽ ആനകളെ ഈ കേന്ദ്രത്തിൽ പാർപ്പിക്കാനും മദകാല ചികിത്സക്കും സൗകര്യമൊരുക്കും. വനംവകുപ്പ്, പാപ്പാന്മാർക്കും ആന ഉടമകൾക്കും ഉത്സവക്കമ്മിറ്റിക്കാർക്കും നൽകുന്ന പരിശീലന ക്യാമ്പുകൾക്ക് ഈ കേന്ദ്രം പ്രയോജനപ്പെടുത്തും.പ്രകൃതി ആവാസ വ്യവസ്ഥയോട് ഇണങ്ങി ആനകൾക്ക് ജീവിക്കാനുള്ള സൗകര്യം, മ്യൂസിയം, ലൈബ്രറി എന്നിവയും ലക്ഷ്യമിടുന്നു. കേന്ദ്രത്തിൽ ആകാശപാതയും നിർമിക്കും. ഇതിനു മുകളിലൂടെ നടന്നാൽ ആനകളേയും വനചാരുതയും കാണാം. ചിറ്റണ്ട ചെറുചക്കിച്ചോലയുമായി ബന്ധിപ്പിച്ച് ടൂറിസം കേന്ദ്രമാക്കാനും ലക്ഷ്യമുണ്ട്.ഡോ. സുന്ദർ മേനോൻ ചെയർമാനും കെ ബി ഗണേഷ്കുമാർ രക്ഷാധികാരി യും പി ശശികുമാർ സെക്രട്ടറിയും ഡോ. പി ബി ഗിരിദാസ് കോ-ഓർഡിനേറ്ററുമാണ്. കേന്ദ്രം തിങ്കളാഴ്ച രാവിലെ 10ന് എ സി മൊയ്തീൻ ആന പരിപാലന സംരക്ഷണ കേന്ദ്രം ഉദ്ഘാടനം ചെയ്യും.

## കർഷകസമരവിജയം രാജ്യത്തിന്റെ താക്കീത് : ഡോ. വിജു കൃഷ്ണൻ

**വടക്കാഞ്ചേരി** സമീപകാല ലോകചരിത്രത്തിൽ കോർപറേറ്റുകൾക്കെതിരായ മഹാസമരമായിരുന്നു കർഷകപോരാട്ടമെന്ന് സിപിഐ എം കേന്ദ്രകമ്മിറ്റി അംഗം ഡോ. വിജു കൃഷ്ണൻ പറഞ്ഞു. കർഷകർ ഉന്നയിച്ച എല്ലാ ആവശ്യങ്ങളും അംഗീകരിച്ച് മോദി സർക്കാരിന് മുട്ടുമടക്കേണ്ടി വന്നു. ഇത് ജനങ്ങളുടെയും വിജയമാണ്. അടിച്ചമർത്താൻ ശ്രമിച്ചവർക്ക് രാജ്യം നൽകിയ താക്കീതാണ്. എടുത്ത തീരുമാനത്തിൽ പിന്നോട്ടുപോവില്ലെന്നു പറഞ്ഞ മോദിക്കും സംഘപരിവാറുകാർക്കും കനത്ത തിരിച്ചടിയും ഭയവും വിതച്ചാണ് സമരം വിജയിച്ചത്. സിപിഐ എം ജില്ലാ സമ്മേളനത്തിന്റെ ഭാഗമായി വടക്കാഞ്ചേരിയിൽ സംഘടിപ്പിച്ച 'കർഷകപ്രക്ഷോഭം നൽകുന്ന സന്ദേശം' സെമിനാർ ഉദ്ഘാടനം ചെയ്യുകയായിരുന്നു അദ്ദേഹം.ഒരു വർഷം നീണ്ട സമരത്തിൽ എഴുന്നൂറ്റി അമ്പതോളം കർഷകരുടെ ജീവൻ നഷ്ടപ്പെട്ടു. കർഷകരുടെ ജീവിതം തകർക്കാനുള്ള നീക്കത്തിനെതിരെ സ്വന്തം ജീവിതം ബലിയർപ്പിച്ചായിരുന്നു മുന്നേറ്റം. താൻ ട്രാക്ടർ റാലി നടത്തിയതിനാലാണ് സമരം വിജയിച്ചതെന്നാണ് കോൺഗ്രസ് നേതാവ് രാഹുൽ ഗാന്ധി പറയുന്നത്. അദ്ദേഹം ട്രാക്ടർ റാലി നടത്തിയത് കോൺഗ്രസ് ഭരിക്കുന്ന പഞ്ചാബിലും എൽഡിഎഫ് ഭരിക്കുന്ന കേരളത്തിലുമാണ്. ബിജെപി ഭരിക്കുന്ന സംസ്ഥാനങ്ങളിൽ റാലി നടത്തിയില്ല. കാരണം കോൺഗ്രസ് ഭരണകാലത്ത് കൊണ്ടുവന്ന കർഷക വിരുദ്ധബില്ലുകളാണ് ബിജെപിയും കൊണ്ടുവന്നത്.മോദി സർക്കാർ അധികാരത്തിൽ വരുമ്പോൾ കർഷകർക്ക് മോഹന വാഗ്ദാനം നൽകിയിരുന്നു. ആദായം ഇരട്ടിയാവും. ഉൽപ്പാദനച്ചെലവിന്റെ 50 ശതമാനം അധികം വില നൽകും. ഇതെല്ലാമായിരുന്നു വാഗ്ദാനം. എന്നാൽ അധികാരത്തിലെത്തിയശേഷം കർഷകസംഘടനകൾ കേന്ദ്ര കൃഷിമന്ത്രിയെ കണ്ടപ്പോൾ തെരഞ്ഞെടുപ്പു വാഗ്ദാനം വോട്ടിന് വേണ്ടി മാത്രമെന്നായിരുന്നു മറുപടി. ഇത്തരത്തിൽ ജനങ്ങളേയും കർഷകരേയും വഞ്ചിച്ചു. ഒരു ലക്ഷം കർഷകർ ആത്മഹത്യ ചെയ്തു. ഇതിനെതിരായ മഹാസമരങ്ങളുടെ തുടർച്ചയാണ് വിജയം കണ്ടതെന്നും ബിജു കൃഷ്ണൻ പറഞ്ഞു.ചടങ്ങിൽ സേവ്യർ ചിറ്റിലപ്പിള്ളി എംഎൽഎ അധ്യക്ഷനായി. കർഷകസംഘം ജില്ലാസെക്രട്ടറി പി കെ ഡേവിസ്, സംസ്ഥാന കമ്മിറ്റി അംഗം കെ വി സജു, വടക്കാഞ്ചേരി ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റ് കെ വി നഫീസ, വടക്കാഞ്ചേരി നഗരസഭാ ചെയർമാൻ പി എൻ സുരേന്ദ്രൻ, സിപിഐ എം വടക്കാഞ്ചേരി ഏരിയ സെക്രട്ടറി കെ ഡി ബാഹുലേയൻ, ജില്ലാ കമ്മിറ്റി അംഗം മേരി തോമ

## തോന്നുംപോലെ തുറന്ന് ബീയ്യം ഷട്ടർ; നൂറടി തോട്ടിലെ ജലനിരപ്പ് താഴുന്നു

പുന്നയൂർക്കുളം ബീയ്യം ഷട്ടർ തോന്നുംപടി തുറന്നിടുന്നതിൽ നൂറടി തോട്ടിലെ ജലനിരപ്പ് താഴ്ന്നു. തോട്ടിൽ വെള്ളം കെട്ടിനിർത്തേണ്ട സമയമായിട്ടും കഴിഞ്ഞ ആഴ്ച 5 ദിവസം ഷട്ടർ തുറന്നിട്ടു. ഇന്നലെയും ഏതാനും മണിക്കൂർ ഷട്ടർ തുറന്നു. ബീയ്യം മുതൽ കാട്ടകാമ്പാൽ പഞ്ചായത്ത് വരെ 8000 ഏക്കറോളം സ്ഥലത്താണു പുഞ്ച കൃഷി. പാടം വറ്റിക്കുന്ന സമയമായതിനാൽ തോട്ടിൽ വെള്ളം കൂടുതലാണ്. ഈ ജലനിരപ്പ് കണ്ടാണ് ഇറിഗേഷൻ അധികൃതർ ഷട്ടർ തുറക്കുന്നത്. ഇത് അശാസ്ത്രീയ നടപടിയാണെന്നു കർഷകർ പറയുന്നു.മുൻ വർഷങ്ങളിലും ഇതുതന്നെയാണു ചെയ്തത്. നടീൽ കഴിഞ്ഞ പാടങ്ങളിലേക്കു വെള്ളം തിരിച്ചടിക്കുന്നതോടെ തോട്ടിലെ വെള്ളം കുറയും. കുന്നംകുളം തിരുത്തിക്കാട് ബണ്ട് റിസർവോയറിലേക്ക് പമ്പിങ് തുടങ്ങിയാൽ തോട്ടിലെ ജലനിരപ്പ് വീണ്ടും താഴും. ബാക്കി വെള്ളം മാത്രമാണു കൊയ്ത്ത് കഴിയും വരെ ആശ്രയം. മേഖലയിൽ ബണ്ട് ഇല്ലാത്തെ ഏതാനും പാടശേഖരങ്ങൾക്കു വേണ്ടിയാണു വെള്ളം തുറന്നിടുന്നത്.നൂറുകണക്കിനു മറ്റു കർഷകരുടെ ബുദ്ധിമുട്ട് ബന്ധപ്പെട്ടവർ പരിഗണിക്കുന്നില്ലെന്നാണു പരാതി. പൊന്നാനി കൃഷി അസിസ്റ്റന്റ് ഡയറക്ടർ കത്ത് തന്നതിനാലാണു ഷട്ടർ തുറന്നതെന്ന് ഇറിഗേഷൻ എഎക്സ്ഇ എ.എസ്. സുരേഷ് പറഞ്ഞു. ഇനി ഷട്ടർ തുറക്കില്ലെന്നു ബന്ധപ്പെട്ടവരെ അറിയിച്ചതായും അദ്ദേഹം പറഞ്ഞു.

## ഉപേക്ഷിച്ച ബൈക്കിന്റെ ഉടമസ്ഥനെ തേടി പോലീസ്

**മാള:** മാളയിൽ ഉപേക്ഷിക്കപ്പെട്ട നിലയിൽ കണ്ടെത്തിയ ബൈക്കിന്റെ ഉടമയെ കണ്ടെത്താൻ പോലീസ് അന്വേഷണം തുടങ്ങി. ഉടമയുടെ മേൽവിലാസം തിരിച്ചറിഞ്ഞിട്ടുണ്ട്.എറണാകുളം ജില്ലയിലെ കരുമാല്ലൂർ പനായിക്കുളം മൈനാട്ട് വീട്ടിൽ അജിത്തിന്റെ പേരിലുള്ളതാണ് വാഹനം. ദിവസങ്ങളായി ബൈക്ക് മാളക്കുളത്തിന് സമീപം വഴിയോരത്ത് ഉപേക്ഷിക്കപ്പെട്ട നിലയിലാണ്.വാഹന ഉടമയെ കണ്ടെത്തിയാൽ മാത്രമേ കൂടുതൽ വിവരങ്ങൾ ലഭ്യമാകൂ. മാള സ്റ്റേഷനിലെ രഹസ്യാന്വേഷണ വിഭാഗം ഉദ്യോഗസ്ഥൻ ഒ.എച്ച്. ബിജുവാണ് പ്രാഥമികാന്വേഷണം നടത്തിയത്.



PALAKKAD

## അറിയിപ്പ്



### അംഗത്വം പുതുക്കാം

കേരള കെട്ടിട നിർമ്മാണ തൊഴിലാളി ക്ഷേമനിധി ബോർഡിൽ 2021 ലെ അംഗത്വം പുതുക്കൽ 2022 ജനുവരി ഒന്നു മുതൽ മാർച്ച് 31 വരെ നടക്കും. തൊഴിലാളികൾ നിർദ്ദിഷ്ട അപേക്ഷാ ഫോറത്തിലെ തൊഴിൽ പരിചയ സർട്ടിഫിക്കറ്റ് അംഗീകൃത ട്രേഡ് യൂണിയനുകൾ, അസിസ്റ്റന്റ് ലേബർ ഓഫീസർ, ഗ്രാമപഞ്ചായത്ത് നഗരസഭാ സെക്രട്ടറി എന്നിവരിൽ നിന്നും സാക്ഷ്യപ്പെടുത്തി ആധാർ കാർഡിന്റെ പകർപ്പും അവസാനം അംശാദായം അടച്ച രസീതും സഹിതം ലഭ്യമാക്കണമെന്ന് ജില്ലാ എക്സിക്യൂട്ടീവ് ഓഫീസർ അറിയിച്ചു. അപേക്ഷയിൽ നിർബന്ധമായും ഫോൺ നമ്പർ രേഖപ്പെടുത്തണം. ഫോൺ: 0491 2546873.

### ജലവിതരണം ഫെബ്രുവരി ആദ്യവാരം മുതൽ

കാഞ്ഞിരപ്പുഴ കനാലുകളിലൂടെയുള്ള ജലവിതരണം ഫെബ്രുവരി ആദ്യവാരം മുതൽ ആരംഭിക്കാനും പ്രധാന കനാലിന്റെയും ഉപകനാലുകളുടെയും ശുചീകരണം തൊഴിലുറപ്പ് പദ്ധതിയിൽ ഉൾപ്പെടുത്തി പൂർത്തിയാക്കാനും കാഞ്ഞിരപ്പുഴ ജലസേചന പദ്ധതി ഉപദേശ സമിതി യോഗത്തിൽ തീരുമാനിച്ചു.കനാലുകളിൽ മണ്ണെടുത്ത് ആഴം കൂട്ടുന്നത് ഉൾപ്പെടെയുള്ള എല്ലാതരം പ്രവൃത്തികളും ഇറിഗേഷൻ ഉദ്യോഗസ്ഥരുടെ മേൽനോട്ടത്തിൽ നടത്തണമെന്ന് ജില്ലാ കലക്ടർ നിർദ്ദേശിച്ചു.കലക്ടറേറ്റ് കോൺഫറൻസ് ഹാളിൽ നടന്ന ഉപദേശക സമിതി യോഗത്തിൽ ജില്ലാ കലക്ടർ മൃൺമയി ജോഷി അധ്യക്ഷയായി. അഡ്വ. ശാന്തകുമാരി എം.എൽ.എ, ഡെപ്യൂട്ടി കലക്ടർ, ഷാഫി, എക്സിക്യൂട്ടീവ് എ9ജിനീയ4 ലെവിൻസ് ബാബു കോട്ടൂർ എന്നിവർ യോഗത്തിൽ സംസാരിച്ചു.

### സർട്ടിഫിക്കറ്റ് പരിശോധന

ജില്ലയിലെ വിദ്യാഭ്യാസ വകുപ്പിൽ എൽ.പി സ്കൂൾ ടീച്ചർ (മലയാളം മാധ്യമം, കാറ്റഗറി നമ്പർ: 516/2019) തസ്തികയുടെ തിരഞ്ഞെടുപ്പിനായി ചുരുക്കപ്പട്ടികയിൽ ഉൾപ്പെട്ട സർട്ടിഫിക്കറ്റ് പരിശോധനയ്ക്ക് അർഹരായവരുടെ മൂന്നാംഘട്ട അഭിമുഖം പി.എസ്.സി ജില്ലാ ഓഫീസിൽ ജനുവരി 5, 6, 7 തീയതികളിൽ നടക്കും. ഇത് സംബന്ധിച്ച് ബന്ധപ്പെട്ടവർക്ക് പ്രൊഫൈൽ/ എസ്.എം.എസ് വഴി അറിയിപ്പ് നൽകിയിട്ടുണ്ട്. അഭിമുഖത്തിന് വൺ ടൈം വെരിഫിക്കേഷൻ സർട്ടിഫിക്കറ്റ്, അസൽ പ്രമാണങ്ങളുമായി എത്തണമെന്ന് പി.എസ്.സി ജില്ലാ ഓഫീസർ അറിയിച്ചു.

### അപേക്ഷിക്കാം

2019 ലെ രാജീവ് ഗാന്ധി സംസ്ഥാന ഉപഭോക്തൃ സംരക്ഷണ അവാർഡിന് സംസ്ഥാനത്ത് രജിസ്റ്റർ ചെയ്ത ഉപഭോക്തൃ സംഘടനകളിൽ നിന്നും അപേക്ഷ ക്ഷണിച്ചു. ഉപഭോക്തൃ സംരക്ഷണ രംഗത്ത് ശ്രദ്ധേയമായ പ്രവർത്തനങ്ങൾ നടത്തിയ മൂന്നു വർഷത്തെ പ്രവർത്തന പരിചയമുള്ള സംഘടനകൾക്ക് അവാർഡിന് അപേക്ഷിക്കാം. 2019 ൽ സംസ്ഥാന, ജില്ലാ ഉപഭോക്തൃ തർക്കപരിഹാര കമ്മീഷൻ ഫയൽ ചെയ്ത കേസുകൾ, കമ്മീഷനുകൾക്ക് പുറത്ത് ഒത്തുതീർപ്പാക്കിയ കേസുകൾ, നവമാധ്യമങ്ങളിലെ ഇടപെടലുകൾ, സെമിനാറുകൾ, പ്രസിദ്ധീകരിച്ച മാഗസിനുകൾ, ലഘുലേഖകൾ, കൺസ്യൂമർ ക്ലബ് പ്രവർത്തനങ്ങൾ, ഉത്പന്ന പരിശോധനകൾ തുടങ്ങിയവയിൽ ഓരോ സംഘടനയും നടത്തിയ പ്രവർത്തനങ്ങൾ പരിഗണിച്ചാണ് അവാർഡ് നിർണയം നടത്തുക. അപേക്ഷകൾ ജനുവരി 15 വൈകിട്ട് അഞ്ചിനകം അഡീഷണൽ ചീഫ് സെക്രട്ടറി, ഉപഭോക്തൃകാര്യ വകുപ്പ്, ഗവൺമെന്റ് സെക്രട്ടറിയേറ്റ്, തിരുവനന്തപുരം- 1 വിലാസത്തിൽ ലഭ്യമാക്കണം. വിശദവിവരങ്ങൾ ഉപഭോക്തൃകാര്യ വകുപ്പ്, പൊതുവിതരണ വകുപ്പ് ഡയറക്ടറേറ്റിലും ജില്ലാ സപ്ലൈ ഓഫീസുകളിലും ലഭിക്കും.



# പക്ഷിനിരീക്ഷകർക്കു പഠന സാധ്യതയൊരുക്കി നിളാതടത്തിലെ ദേശാടന പക്ഷികൾ

**ഷൊർണൂർ**: പക്ഷിനിരീക്ഷകർക്കു പഠനസാധ്യതകളുടെ വാതായനങ്ങൾ തുറന്ന് ദേശാടന പക്ഷികൾ. നിളാതടത്തിൽ ഏറ്റവുമവസാനം കണ്ടെത്തിയിരിക്കുന്നത് ഡൺലിൻ എന്ന ദേശാടന പക്ഷിയെയാണ്. തൃത്താലയിൽ നിളാതടത്തിലെ നെൽവയലിൽ നിന്നുമാണ് കഴിഞ്ഞ ദിവസം ഈ പക്ഷിയെ കണ്ടെത്തിയത്. താരതമ്യേന വലിപ്പംകുറഞ്ഞ ഇനമായ ഇവ ദീർഘദൂരം ദേശാടനം നടത്തുന്ന പക്ഷികളിലൊന്നാണ്. മഞ്ഞുകാലത്ത് ഇവ വടക്കൻ യൂറോപ്പിലെ വിഹാരകേന്ദ്രത്തിൽനിന്ന് ആഫ്രിക്ക, തെക്കുകിഴക്കൻ ഏഷ്യ, മിഡിൽ ഈസ്റ്റ് എന്നിവിടങ്ങളിലേക്കു ദേശാടനം ആരംഭിക്കുമെന്നാണ് പറയപ്പെടുന്നത്. പക്ഷിനിരീക്ഷകർ അവരുടെ കണ്ടെത്തലുകൾ രേഖപ്പെടുത്തുന്ന വെബ്സൈറ്റായ ഇ-ബേർഡിലെ വിവരപ്രകാരം ജില്ലയിൽ ഈ പക്ഷിയെ ആദ്യമായാണ് കണ്ടെത്തുന്നതെന്ന് പക്ഷിനിരീക്ഷകനും വന്യജീവി ഫോട്ടോഗ്രാഫറുമായ ഷിനോ ജേക്കബ് പറയുന്നു. ഷിനോ ജേക്കബാണ് നിരന്തര നിരീക്ഷണത്തിലൂടെ പക്ഷിയെ തിരിച്ചറിഞ്ഞതും ഇതിന്റെ ചിത്രമെടുത്തതും. ഒട്ടേറെ പ്രത്യേകതകളുള്ള ദേശാടനപ്പക്ഷിയാണിത്. 16 മുതൽ 22 സെൻറീമീറ്റർവരെ നീളമുള്ള ഇവയ്ക്ക് 40 മുതൽ 77 ഗ്രാം വരെ ഭാരമുണ്ടാകും. പ്രജനനകാലത്ത് ഇവയുടെ വയർഭാഗം കറുപ്പ് നിറമാവും. മഞ്ഞുകാലത്ത് വയർഭാഗം വെള്ളനിറവും പുറംഭാഗം ചാരനിറത്തിലുമാണ് ഉണ്ടാവുക. കൊക്ക് കറുത്ത നിറത്തിലുള്ളതും നീളമുള്ളതും താഴേക്കു വളവുള്ളതുമാണ്. ആൺപക്ഷിയെ അപേക്ഷിച്ച് പെൺപക്ഷിയുടെ കൊക്കിനു നീളം കൂടുതലുണ്ടാവും.ചതുപ്പുനിലങ്ങളിലും തീരപ്രദേശങ്ങളിലും ചെളിയിൽ ഇരതേടുന്ന ഇവ മണ്ണിൽനിന്നുള്ള ചെറുജീവികളെയാണ് ഭക്ഷണമാക്കുന്നത്. ഭാരതപ്പുഴയോടു ചേർന്ന തൃത്താലയിലെ നെൽവയലിൽ മറ്റു ദേശാടനപ്പക്ഷികൾക്കൊപ്പം ഇരതേടുന്ന നിലയിൽ നാലെണ്ണത്തെയാണ് കണ്ടെത്തിയത്. പ്രജനനകാലത്ത് ഇവ വടക്കൻ യൂറോപ്പിലേക്കു തിരിച്ചുപോകും. ദേശാടനക്കാലമായതോടെ നിളാതടത്തിലും ഇതിനോടുചേർന്നുള്ള നെൽവയലുകളിലും ദേശാടനപ്പക്ഷികൾ കൂട്ടമായി എത്താൻ തുടങ്ങിയിട്ടുണ്ട്. ഭാരതപ്പുഴയുടെ വൃഷ്ടിപ്രദേശങ്ങളിൽ വേറെയും ദേശാടനപക്ഷികൾ വിരുന്നെത്തുന്ന കാലമാണിത്. ഇവയെ കണ്ടെത്തുന്നതിനും മനസിലാക്കുന്നതിനും പക്ഷിനിരീക്ഷകർ ഭാരതപ്പുഴയുടെ പരിസരങ്ങളിൽ നിരീക്ഷണം നടത്തുന്നുണ്ട്.

# ചരിത്ര മ്യൂസിയം സ്ഥാപിക്കാൻ ഭരണസമിതി തീരുമാനം



**അഗളി:** അട്ടപ്പാടിയിൽ കണ്ടെത്തിയ ചരിത്രവസ്തുക്കൾ ശേഖരിച്ചു ഷോളയൂർ പഞ്ചായത്തിൽ ചരിത്ര മ്യൂസിയം സ്ഥാപിക്കുന്നതിന് ബന്ധപ്പെട്ടവർക്ക് ശിപാർശ നൽകുവാൻ ഷോളയൂർ പഞ്ചായത്ത് ഭരണ സമിതി യോഗം തീരുമാനിച്ചു. ഷോളയൂർ ഗ്രാമപഞ്ചായത്തിലെ കൊടുങ്ങരപള്ളം പുഴയെ കേന്ദ്രീകരിച്ച് അതിപുരാതനമായ സംസ്കാരം ഉറങ്ങി കിടപ്പുണ്ടെന്നു ചരിത്ര ഗവേഷകൻ ഡോ.മണികണ്ഠൻ നടത്തിയ ഗവേഷണത്തിൽ കണ്ടെത്തിയിരുന്നു. അട്ടപ്പാടിയിൽ പത്തുവർഷമായി പുരാവസ്തു ഗവേഷണം നടത്തുന്ന ഡോ.മണികണ്ഠൻ 3000 വർഷം വരെ പഴക്കമുള്ള പുരാതന വസ്തുക്കൾ കണ്ടെത്തിയതായി അവകാശപ്പെടുന്നു. വിഷയം ഷോളയൂർ പഞ്ചായത്ത് സമിതിയുടെ ശ്രദ്ധയിൽപ്പെടുത്തിയതിനെ തുടർന്ന് ഷോളയൂർ പഞ്ചായത്ത് പ്രതിനിധികൾ കഴിഞ്ഞ ദിവസം വിവിധ പ്രദേശങ്ങൾ സന്ദർശിക്കുകയും പുരാവസ്തുക്കൾ നേരിൽകണ്ട് ബോധ്യപ്പെടുകയുമുണ്ടായി.തുടർന്ന് പഞ്ചായത്തിൽ നടന്ന ഭരണസമിതി യോഗത്തിലാണ് മ്യൂസിയം നിർമ്മിക്കുന്നത് സംബന്ധിച്ചു തീരുമാനമുണ്ടായത്. ചരിത്രം ഉറങ്ങിക്കിടക്കുന്ന പ്രധാനപ്പെട്ട സ്ഥലങ്ങൾ കണ്ടെത്തി മാപ്പ് തയ്യാറാക്കുവാനും തീരുമാനിച്ചു.കൂടാതെ കൊടുങ്ങരപള്ളം തീരത്തും ഇഴക്കനട്ടപ്പടി പ്രദേശത്തും നിലനിൽക്കുന്ന സംസ്കാരത്തെക്കുറിച്ച് വിശദപഠനം നടത്തുന്നതിന് പുരാവസ്തു വകുപ്പിന് കത്ത് എഴുതുവാനും ഇതിന്റെ പ്രാധാന്യം വ്യക്തമാക്കി സർക്കാരിലേക്ക് റിപ്പോർട്ട് സമർപ്പിക്കുനും യോഗം തീരുമാനിച്ചു.

# അന്വേഷണം ഊർജിതമെന്നു പോലീസ്

**കാഞ്ഞിരപ്പുഴ:** മുണ്ടക്കുന്ന് ഹോളി ഫാമിലി കോൺവെന്റ് യുപി സ്കൂളിൽ ഉണ്ടായ സംഭവത്തിൽ ശക്തമായ നടപടി ഉണ്ടാകുമെന്ന് മണ്ണാർക്കാട് ഡിവൈഎസ്പി വി.എ. കൃഷ്ണദാസ് പറഞ്ഞു. പ്രതികൾക്കായുള്ള അന്വേഷണം ഊർജിതമാക്കിയിട്ടുണ്ട്. വിരലടയാള വിദഗ്ധരും ഡോഗ് സ്ക്വാഡും സ്ഥലത്തെത്തി പരിശോധന നടത്തിയിട്ടുണ്ട്. വിരലടയാള വിദഗ്ധരുടെ റിപ്പോർട്ടും ഡോഗ് സ്ക്വാഡ് കണ്ടെത്തിയ തെളിവുകളും ഉപയോഗിച്ച് അന്വേഷണം നടത്തും. സാമൂഹ്യവിരുദ്ധർ ആവാം ഇത്തരത്തിലൊരു സംഭവം നടത്തിയതെന്നാണ് പ്രാഥമിക നിഗമനം. മറ്റു കാര്യങ്ങൾ അന്വേഷിച്ച് കണ്ടെത്തുമെന്നും കുറ്റക്കാർക്കെതിരെ നടപടിയെടുക്കുമെന്നും പോലീസ് പറഞ്ഞു. ചൊവ്വാഴ്ച രാവിലെ വിദ്യാലയം തുറക്കാൻ വന്നപ്പോൾ സ്കൂളിന്റെ മുൻവശത്തുള്ള ഗ്രോട്ടോയിലെ വിശുദ്ധ മറിയം ത്രേസ്യയുടെ രൂപവും ചുറ്റുമുള്ള രൂപങ്ങളും നിലയിൽ കണ്ടെത്തുകയായിരുന്നു.വിശുദ്ധ മറിയം ത്രേസ്യയുടെ പുതുതായി സ്ഥാപിച്ച ഫോട്ടോയും ഓഫീസിനു മുന്നിൽ സ്ഥാപിച്ചിരുന്ന ഹെൽപ് ഡെസ്കിന്റെ ബോക്സും സമീപത്തെ വാഴത്തോട്ടത്തിൽ നിന്നാണ് കണ്ടെത്തിയത്. സ്കൂളിൽ നടന്ന സാമൂഹ്യവിരുദ്ധ പ്രവർത്തനത്തിനെതിരെ വ്യാപകമായ പ്രതിഷേധമാണ് ഉയർന്നിരിക്കുന്നത്. പാലക്കാട് രൂപതയും കാഞ്ഞിരപ്പുഴ ഫൊറോനയും കത്തോലിക്ക കോൺഗ്രസ് കാഞ്ഞിരപ്പുഴ ഫൊറോന സമിതിയും വിവിധ രാഷ്ട്രീയ പാർട്ടികളും സംഘടനകളും പ്രതിഷേധമറിയിച്ചു. വിവിധ രാഷ്ട്രീയ പാർട്ടി പ്രതിനിധികളും നേതാക്കളും സ്കൂളിൽ നേരിട്ടെത്തി അധികൃതരുമായി സംസാരിച്ചു.

# ജംഗ്ഷനിൽ താത്കാലിക അറ്റകുറ്റപ്പണി നടത്തുമെന്ന് അധികൃതർ

**വടക്കഞ്ചേരി:** തകർന്നു കിടക്കുന്ന മംഗലംപാലം ജംഗ്ഷൻ പുതിയ പാലത്തിൻറെ അപ്രോച്ച് റോഡ് ടാറിംഗിനൊപ്പം റിപ്പയർ വർക്കുകൾ നടത്തുമെന്നു പൊതുമരാമത്ത് വകുപ്പ് അധികൃതർ അറിയിച്ചു. ടാറില്ലാത്ത വിധം പൊട്ടിപ്പൊളിഞ്ഞ് വലി യ കുഴികളായിരുന്ന റോഡിൽ പാറക്കല്ലുകൾ നിരത്തിയാണ് ഇപ്പോൾ വാഹനങ്ങൾ കുടുങ്ങുന്നത് ഒഴിവാക്കിയിട്ടുള്ളത്.നല്ല രീതിയിലുള്ള റോഡ് വർക്കിനായി എസ്റ്റിമേറ്റ് തയ്യാറാക്കി നൽകിയിട്ടുണ്ടെങ്കിലും സാന്പത്തിക പ്രതിസന്ധിയിൽ നടപടി വൈകുകയാണെന്ന് പൊതുമരാമത്ത് റോഡ്സ് വിഭാഗം എഇ ഗിരീഷ് പറഞ്ഞു.ഇതിനാലാണ് പാലം വർക്കുകളുടെ ഫിനിഷിംഗ് ഘട്ടത്തിൽ താല്ക്കാലികമായി റിപ്പയർ പണികൾ നടത്തുന്നത്. ശബരി തീർത്ഥാടകരുടെ വാഹനങ്ങളും ഏറെ പ്രയാസപ്പെട്ടാണ് ഇപ്പോൾ ഇതിലൂടെ കടന്നുപോകുന്നത്.കല്ലുകൾക്ക് മുകളിലൂടെ വാഹനങ്ങൾ കയറിയിറങ്ങി നിരവധി വാഹനങ്ങളുടെ ടയറുകൾ പഞ്ചറാകുന്നതും ടയർ പൊട്ടുകയും ചെയ്യുന്ന സ്ഥിതിയുണ്ട്.സ്ഥലത്ത് പൊടി നിറയുന്നതിനാൽ ദിവസത്തിൽ പലതവണ വെള്ളം നനച്ചാണ് വ്യാപാരികളും കടകളിൽ കഴിയുന്നത്.

# കുറ്റവാളികളെ അറസ്റ്റുചെയ്യണമെന്ന് കത്തോലിക്ക കോൺഗ്രസ്

**കല്ലടിക്കോട്**: കാഞ്ഞിരപ്പുഴ മുണ്ടക്കുന്ന് ഹോളിഫാമിലി സ്കൂളിലെ മറിയം ത്രേസ്യയുടെ ചിത്രം വലിച്ചെറിയുകയും രൂപങ്ങൾ തകർക്കുകയും വരാന്തയിലും ഓഫീസിലും അഴി ഞ്ഞാടുകയും ചെയ്ത കുറ്റവാളികളെ ഉടൻ അറസ്റ്റു ചെയ്യണമെന്ന് കത്തോലിക്കാ കോൺഗ്രസ് പാലക്കാട് രൂപത സമിതി സർക്കാരിനോട് ആവശ്യപ്പെട്ടു. ഹോളിഫാമിലി കോൺവെന്റിനോട് ചേർന്നുള്ള സ്കൂളിൽ സാമൂഹ്യ വിരുദ്ധർ മനപൂർവം അതിക്രമിച്ചുകടന്ന് അലങ്കോലമാക്കുകയും നാശങ്ങൾ വരുത്തുകയും ചെയ്തതിൽ കത്തോലിക്കാ കോൺഗ്രസ് പ്രതിഷേധിച്ചു. ക്രൈസ്തവ വിശ്വാസികൾക്കെതിരെയും സ്ഥാപനങ്ങൾക്കെതിരെയും വർദ്ധിച്ചുവരുന്ന അക്രമങ്ങൾ തടയാൻ ആഭ്യന്തര വകുപ്പ് നടപടികൾ സ്വീകരിക്കണമെന്നും ഇത്തരം സംഭവങ്ങൾ ഒറ്റപ്പെട്ടതാണെന്ന രീതിയിൽ ലളിതവത്ക്കരിക്കരുതെന്നും കുറ്റാളികളെ മാതൃകാപരമായി ശിക്ഷിക്കണമെന്നും സമിതി ആവ്യപ്പെട്ടു. രൂപതാ പ്രസിഡൻറ് തോമസ് ആന്റണി, ഗ്ലോബൽ വൈസ് പ്രസിഡന്റ് മാത്യു കല്ലടിക്കോട്, രൂപതാ സെക്രട്ടറിമാരായ ബോബി പൂവത്തിങ്കൽ, ബെന്നി ചിറ്റേട്ട് എന്നിവർ സ്ഥലം സന്ദർശിച്ച് ഹോളി ഫാമിലി കോൺവന്റിലെ മദർ സിസ്റ്റർ ടെസ്മരിയ, പ്രധാന അധ്യാപിക സിസ്റ്റർ ബിൽസി എന്നിവരുമായി ചർച്ചനടത്തി.

# കുട്ടികളുടെ അരിയും പയറുമെടുത്തു ഭക്ഷണമുണ്ടാക്കി മോഷ്ടാക്കൾ

**പാലക്കാട്:** കൽപാത്തി അയ്യപുരത്തെ അങ്കണവാടിയിൽ മോഷണം. കെട്ടിടത്തിനുള്ളിലുണ്ടായിരുന്ന ഫാനും വിളക്കുകളും മോഷണം പോയി.കുട്ടികൾക്കുള്ള അരിയും പയറുമെടുത്ത് കഞ്ഞിവെച്ച് കുടിച്ച ശേഷമാണ് കള്ളൻ സാധനങ്ങളുമായി കടന്നുകളഞ്ഞത്. ചൊവ്വാഴ്ച രാത്രിയോടെയായിരുന്നു സംഭവം.അങ്കണവാടി വൃത്തിയാക്കാൻ എത്തിയ ജീവനക്കാരിയാണ് സംഭവം ആദ്യം അറിഞ്ഞത്. ഉടനെ വിവരം പോലീസിനെ അറിയിക്കുകയായിരുന്നു. മുൻവശത്തെ വാതിൽ തുറന്നാണ് മോഷ്ടാവ് അകത്തേക്ക് കടന്നത്. തുടർന്ന് കുട്ടികൾക്കായി സൂക്ഷിച്ച അരിയും പയറുമെടുത്ത് പാകം ചെയ്തു കഴിക്കുകയായിരുന്നു.അങ്കണവാടിയുടെ അടുക്കള അലങ്കോലമാക്കിയിട്ടുണ്ട്. ബാക്കി വന്ന ഭക്ഷണവും പാത്രങ്ങളും പുറത്തേക്ക് വലിച്ചെറിഞ്ഞ നിലയിലാണ് ജീവനക്കാർ കണ്ടത്.ജീവനക്കാരുടെ പരാതിയിൽ ടൗൺ നോർത്ത് പോലീസ് കേസ് എടുത്ത് അന്വേഷണം ആരംഭിച്ചു.മോഷ്ടാവിനെ കണ്ടെത്താൻ പ്രദേശത്തെ സിസിടിവി ദൃശ്യങ്ങൾ പരിശോധിച്ചുവരികയാണെന്ന് പോലീസ് അറിയിച്ചു.



കേരള പ്രണാമം





## അറിയിപ്പ്

### അപേക്ഷ ക്ഷണിച്ചു

സർക്കാർ/സർക്കാർ എയ്ഡഡ് സ്ഥാപനങ്ങളിൽ ബിരുദം, ബിരുദാനന്തര ബിരുദം, പ്രൊഫഷണൽ കോഴ്സുകളിൽ പഠിക്കുന്ന ന്യൂനപക്ഷ മതവിഭാഗങ്ങളായ മുസ്ലീം, ക്രിസ്ത്യൻ, സിഖ്, ബുദ്ധ, ജൈന, പാഴ്സി വിഭാഗങ്ങളിൽ ദാരിദ്ര്യ രേഖയ്ക്ക് താഴെയുള്ള കുടുംബങ്ങളിലെ വിദ്യാർത്ഥിനികൾക്ക് ജനസംഖ്യാനുപാതികമായി 2021-22 അദ്ധ്യയന വർഷത്തേക്ക് സി.എച്ച്. മുഹമ്മദ് കോയ സ്കോളർഷിപ്പ്/ ഹോസ്റ്റൽ സ്റ്റൈപന്റ് നൽകുന്നതിന് സംസ്ഥാന ന്യൂനപക്ഷ ക്ഷേമ വകുപ്പ് അപേക്ഷ ക്ഷണിച്ചു.കേരളത്തിൽ പഠിക്കുന്ന സ്ഥിര താമസക്കാരായ ന്യൂനപക്ഷ മതവിഭാഗത്തിൽപ്പെട്ട വിദ്യാർത്ഥിനികൾക്കാണ് സ്കോളർഷിപ്പ്. ബിരുദത്തിന് പഠിക്കുന്നവർക്ക് 5,000 രൂപയും ബിരുദാനന്തര ബിരുദത്തിന് പഠിക്കുന്നവർക്ക് 6,000 രൂപയും, പ്രൊഫഷണൽ കോഴ്സിന് പഠിക്കുന്നവർക്ക് 7,000 രൂപയും ഹോസ്റ്റൽ സ്റ്റൈപന്റ് ഇനത്തിൽ 13,000 രൂപയും വീതവുമാണ് പ്രതിവർഷം സ്കോളർഷിപ്പ്. മെറിറ്റ് സീറ്റിൽ അഡ്മിഷൻ ലഭിച്ച് സ്വാശ്രയ മെഡിക്കൽ/ എൻജിനിയറിങ് കോളേജുകളിൽ പഠിക്കുന്നവർക്കും അപേക്ഷിക്കാം. ഒരു വിദ്യാർത്ഥിനിക്ക് സ്കോളർഷിപ്പ് അല്ലെങ്കിൽ ഹോസ്റ്റൽ സ്റ്റൈപന്റ് എന്നിവയിൽ ഏതെങ്കിലും ഒന്നിന് അപേക്ഷിക്കാം. ആദ്യ വർഷങ്ങളിൽ അപേക്ഷിക്കാൻ കഴിയാത്തവർക്കും ഇപ്പോൾ പഠിക്കുന്ന വർഷത്തേക്ക് അപേക്ഷിക്കാം. അപേക്ഷകർ യോഗ്യതാ പരീക്ഷയിൽ 50 ശതമാനത്തിൽ കുറയാത്ത മാർക്ക് നേടിയിരിക്കണം. കോളേജ് ഹോസ്റ്റലുകളിൽ താമസിക്കുന്നവർക്കും, സ്ഥാപന മേധാവി അംഗീകരിച്ചിട്ടുള്ള സ്വകാര്യ ഹോസ്റ്റലുകളിൽ താമസിക്കുന്നവർക്കും ഹോസ്റ്റൽ സ്റ്റൈപ്പന്റിനായി അപേക്ഷിക്കാം. കുടുംബ വാർഷിക വരുമാനം എട്ട് ലക്ഷം രൂപയിൽ കവിയരുത് (ബി.പി.എൽകാർക്ക് മുൻഗണന). അപേക്ഷകർക്ക് ഏതെങ്കിലും ദേശസാൽകൃത ബാങ്കിൽ സ്വന്തം പേരിൽ അക്കൗണ്ട് ഉണ്ടായിരിക്കണം. www.minoritywelfare.kerala.gov.in വഴി ഓൺലൈനായി അപേക്ഷിക്കാം. അപേക്ഷ സ്വീകരിക്കുന്ന അവസാന തീയതി ജനുവരി 20. കൂടുതൽ വിവരങ്ങൾക്ക്: 0471-2300524.

### എസ്റ്റിമേറ്റ് നൽകണം

നാർക്കോട്ടിക് ഡ്രഗ്സ് ആൻഡ് സൈക്കോട്രോപിക് റൂൾസ് 1985 പ്രകാരം റെക്കഗ്നൈസ്ഡ് മെഡിക്കൽ ഇൻസ്റ്റിറ്റിയൂഷനായി അംഗീകാരം ലഭിച്ചിട്ടുള്ള സ്ഥാപനങ്ങളും, ആശുപത്രികളും 2022 ലേക്കുള്ള എസൻഷ്യൽ നാർക്കോട്ടിക് ഡ്രഗ്സിന്റെ ആവശ്യകത സംബന്ധിച്ച എസ്റ്റിമേറ്റ് നവംബർ 30ന് മുമ്പും ഡിസംബർ 31ന് കാലാവധി അവസാനിക്കുന്ന സ്ഥാപനങ്ങൾ നിർദ്ദിഷ്ഠ മാതൃകയിൽ ഡിസംബർ 31 നകവും എസൻഷ്യൽ നാർക്കോട്ടിക് ഡ്രഗ്സിന്റെ വാങ്ങൽ, വിതരണം സംബന്ധിച്ച സ്ഥിതി വിവരകണക്ക് 2022 മാർച്ച് 31 നകവും സംസ്ഥാന ഡ്രഗ്സ് കൺട്രോളർക്ക് സമർപ്പിക്കണമെന്ന് സംസ്ഥാന ഡ്രഗ്സ് കൺട്രോളർ അറിയിച്ചു.

### ക്വട്ടേഷൻ ക്ഷണിച്ചു

മലപ്പുറം കലക്ടറേറ്റിലെ കെ.എൽ.10 എ.ജി 4243 നമ്പർ മഹീന്ദ്ര സ്കോർപ്പിയോയുടെ ബാറ്ററിയും ടയറും മാറ്റി സ്ഥാപിക്കുന്നതിന് അംഗീകൃത ഏജൻസികളിൽ നിന്നും പ്രത്യേകമായി ക്വട്ടേഷൻ ക്ഷണിച്ചു. ഡെപ്യൂട്ടി കലക്ടർ (ജനറൽ), കലക്ടറേറ്റ്, സിവിൽ സ്റ്റേഷൻ, മലപ്പുറം എന്ന വിലാസത്തിൽ സീൽ ചെയ്ത കവറിൽ ജനുവരി 10ന് വൈകീട്ട് മൂന്നിനകം ക്വട്ടേഷനുകൾ നൽകണം. അന്നേ ദിവസം വൈകീട്ട് നാലിന് ഹാജരായവരുടെ സാന്നിധ്യത്തിൽ ക്വട്ടേഷനുകൾ തുറന്ന് പരിശോധിച്ച് ഏറ്റവും കുറഞ്ഞ തുകയ്ക്കുള്ള ക്വട്ടേഷനുകൾ അംഗീകരിക്കും. സ്റ്റോർ പർച്ചേഴ്സ് പ്രകാരമുള്ള എല്ലാ നിബന്ധനകളും ക്വട്ടേഷന് ബാധകമാണ്.

### ദർഘാസ് ക്ഷണിച്ചു

വണ്ടൂർ താലൂക്ക് ആശുപത്രിയിലേക്ക് ഒരു വർഷ കാലയളവിലേക്ക് 24 മണിക്കൂർ ശുചീകരണ ജോലിയും സെക്യൂരിറ്റി ജോലിയും ചെയ്യുന്നതിനുള്ള ജീവനക്കാരെ നൽകുന്നതിന് താത്പര്യമുള്ള അംഗീകൃത ഏജൻസികളിൽ നിന്നും ദർഘാസ് ക്ഷണിച്ചു. ദർഘാസ് ജനുവരി 14ന് രാവിലെ 11 വരെ ആശുപത്രി ഓഫീസിൽ സ്വീകരിക്കും. ഫോൺ : 04931 247378.

# പെരിന്തൽമണ്ണ, തിരൂർ ഫയർഫോഴ്സിന് ആധുനിക സംവിധാനങ്ങൾ



**പെരിന്തൽമണ്ണ:** രക്ഷാപ്രവർത്തനത്തിൽ കരുത്തേകാൻ പെരിന്തൽമണ്ണ, തിരൂർ ഫയർ ഫോഴ്സിനു ആധുനിക സംവിധാനമായി. നവീനമായ ബിഎസ്-6 കാറ്റഗറിയിൽപ്പെട്ട ഫയർ ടെൻഡറിൽ 5000 ലിറ്റർ വാട്ടർ ടാങ്ക് കപ്പാസിറ്റിയും മിനിറ്റിൽ 3000 ലിറ്റർ വെള്ളം പമ്പ് ചെയ്യാൻ ശേഷിയുള്ള ഹൈപ്രഷർ പമ്പും മോണിറ്റർ ഫയർ ഫൈറ്റിംഗ് സംവിധാനവും ജിപിഎസ് മോണിട്ടറും ഈ ഫയർ ടെൻഡറിൻറെ പ്രത്യേകതയാണ്. നിലവിൽ പെരിന്തൽമണ്ണ ഫയർ സ്റ്റേഷനിൽ ഒരു ഫയർ എൻജിനും ഒരു വാട്ടർ ലോറിയുമാണുള്ളത് 44 ഫയർ ടെൻഡർ ആണ് കേരള ഫയർ ആൻഡ് റെസ്ക്യൂ ഡിപ്പാർട്ട്മെൻറ് പുതുതായി വാങ്ങിയിട്ടുള്ളത്. അതിൽ ആദ്യഘട്ടത്തിൽ 22 ഫയർ ടെൻഡർ ആണ് സംസ്ഥാനത്തെ വിവിധ ഫയർ സ്റ്റേഷനുകളിലേക്ക് നൽകുന്നത്. നവംബറിൽ മുഖ്യമന്ത്രി തിരുവനന്തപുരത്ത് പുതിയ അഗ്നിശമന വാഹനങ്ങളുടെ ഫ്ളാഗ് ഓഫ് കർമം നിർവഹിച്ചിരുന്നു.5000 ലിറ്റർ ജലം ഉൾക്കൊള്ളാൻ ശേഷിയുള്ള പുതിയ മൊബൈൽ ടാങ്കാണ് തിരൂരിനു ലഭിച്ചത്. ഫയർ എൻജിൻറെ ശേഷിക്കുറവ് കാരണം അപകടസ്ഥലത്തേക്ക് ഫയർ ഫോഴ്സ് പലപ്പോഴും കൃത്യസമയത്ത് എത്താനാകാത്ത സാഹചര്യങ്ങളുണ്ടാകാറുണ്ട്. ഈ പരിമിതിയെ മറികടക്കാൻ സഹായിക്കുന്നതാണ് പുതിയ സംവിധാനം. മൊബൈൽ ടാങ്ക് യൂണിറ്റ് കൂടി ലഭ്യമായതോടെ തിരൂർ ഫയർസ്റ്റേഷനിൽ രണ്ടു വലിയ ഫയർ എൻജിനുകളും ഒരു ചെറിയ യൂണിറ്റും സജ്ജമായി. കുറുക്കോളി മൊയ്തീൻ എംഎൽഎ ഫ്ളാഗ് ഓഫ് ചെയ്ത് വാഹനം ഉദ്ഘാടനം ചെയ്തു. തുടർന്ന് വെള്ളം പമ്പ് ചെയ്ത് ഫയർ എൻജിൻ ശക്തി തെളിയിച്ചു. എഫ്ആർഒ കെ.ടി.നൗഫൽ താക്കോൽ ഏറ്റുവാങ്ങി. നഗരസഭാ സ്ഥിരസമിതി അധ്യക്ഷൻ കെ.കെ.സലാം അധ്യക്ഷനായിരുന്നു. സ്റ്റേഷൻ ഓഫീസർ എം.കെ.പ്രമോദ്കുമാർ, അസിസ്റ്റൻറ് സ്റ്റേഷൻ ഓഫീസർ പി.സുനിൽ എന്നിവർ പ്രസംഗിച്ചു.

# പിഴ ചുമത്തിയത് 5.9 കോടി; കാറ്റിൽ പറത്തി വാഹന നിയമങ്ങൾ

**മലപ്പുറം:** കൊവിഡ് പ്രതിസന്ധിക്കിടയിലും ജില്ലയിൽ ഒരുവർഷത്തിനിടെ റോഡിലെ നിയമലംഘനങ്ങൾക്ക് പിഴ ചുമത്തിയത് 5.9 കോടി രൂപ. 26,814 കേസുകളിലായാണിത്.ജില്ലാ എൻഫോഴ്സ്മെന്റ് ആർ.ടി.ഒയുടെ കണക്ക് പ്രകാരം 2020നേക്കാൾ കൂടുതലാണിത്. ഇതിൽ പകുതിയിലധികം കേസുകളുടെ പിഴത്തുക ഇനിയും ഒടുക്കിയിട്ടില്ല.2020ൽ കൊവിഡിനെ തുടർന്നുണ്ടായ ലോക്ക്ഡൗണും നിയന്ത്രണങ്ങളും കാരണം അത്യാവശ്യ വാഹനങ്ങളേ നിരത്തിൽ ഇറങ്ങിയിരുന്നുള്ളു. 10,079 കേസുകളിലായി 1.15 കോടിയാണ് 2020ലെ പിഴത്തുക. എന്നാൽ കഴിഞ്ഞ വർഷം ലോക്ഡൗൺ നിയന്ത്രണങ്ങളിൽ ഇളവ് വരുത്തിയതോടെ റോഡുകൾ വീണ്ടും സജീവമായി. ഇതോടെ നിയമലംഘനങ്ങളുടെ തോതും വർദ്ധിച്ചു. ഹെൽമറ്റ് ധരിക്കാത്തതിനാണ് ജില്ലയിൽ ഏറ്റവും കൂടുതൽ പിഴ ചുമത്തിയിട്ടുള്ളത്. 10,302 കേസുകൾ രജിസ്റ്റർ ചെയ്തു. ഇൻഷ്വറൻസില്ലാതെ വാഹനം നിരത്തിലിറക്കൽ, വാഹനങ്ങളിലെ രൂപമാറ്റം, ലൈസൻസില്ലാതെ വാഹനമോടിക്കൽ, ഇരുചക്ര വാഹനങ്ങളിൽ രണ്ടിലധികം ആളുകൾ സഞ്ചരിക്കൽ തുടങ്ങി 85 നിയമലംഘനങ്ങൾക്കാണ് ആർ.ടി.ഒ കേസുകൾ രജിസ്റ്റർ ചെയ്തിട്ടുള്ളത്.വലിയ വില കൊടുക്കേണ്ടി വരും ഹെൽമറ്റില്ലാതെ വാഹനമോടിക്കുന്നവർക്ക് 500 രൂപയാണ് പിഴത്തുക. ഇൻഷുറൻസ് പുതുക്കാതെ നിരത്തിൽ വാഹനമോടിച്ചാൽ 2,000 രൂപ പിഴയായി നൽകണം. ലൈസൻസില്ലാതെ വാഹനമോടിച്ചാൽ ഓടിച്ചയാളും വാഹന ഉടമസ്ഥനും 5,000 വീതം പിഴയൊടുക്കണം. വാഹനങ്ങളിൽ രൂപമാറ്റം വരുത്തിയാലും 5,000 രൂപയാണ് പിഴയായി ഒടുക്കേണ്ടത്.2021ൽ രജിസ്റ്റർ ചെയ്ത പ്രധാന കേസുകൾ - പിഴയിനം ഹെൽമറ്റില്ലാത്തതിന് - 10,?302 ഇൻഷുറൻസില്ലാത്തതിന് - 4,?380 കൂളിംഗ് ഫിലിം ഒട്ടിക്കൽ - 2,?375 ലൈസൻസില്ലാത്തത് - 2,?001 പൊല്യൂഷൻ രേഖയില്ലാത്ത് - 245 സീറ്റ് ബെൽറ്റ് ധരിക്കാത്തതിന് - 1,?581 പിഴകളിങ്ങനെ ആകെ ചുമത്തിയ പിഴ - 53,997,324 പിഴയൊടുക്കിയത് - 27,009,707 ഇനിയും ബാക്കിയുള്ളത് - 26,987,617 2020ൽ വാഹനങ്ങൾ നിരത്തിലിറങ്ങാത്തതിനാൽ കേസുകൾ കുറവായിരുന്നു. എന്നാൽ റോഡുകൾ സജീവമായതോടെ കേസുകളുടെ എണ്ണവും വർദ്ധിക്കുന്നുണ്ട്. മലപ്പുറം എൻഫോഴ്സ്മെന്റ് അധികൃതർ.

# പടർന്ന് ലഹരി പുക

**മലപ്പുറം:** പരിശോധനകൾ ശക്തമാക്കുമ്പോഴും ജില്ലയിലേക്കുള്ള ലഹരി ഒഴുക്കിന് വലിയ കുറവില്ല. 2021ൽ എക്സൈസ് വകുപ്പ് മാത്രം 927.95 കിലോഗ്രാം കഞ്ചാവാണ് പിടികൂടിയത്. പൊലീസ് പിടികൂടിയ കണക്ക് കൂടി ചേർക്കുന്നതോടെ ഇത് ഇരട്ടിയിലധികമാവും.മിക്ക മാസങ്ങളിലും എക്സൈസ് വകുപ്പ് 50നും 100 കിലോഗ്രാമിനും ഇടയിൽ കഞ്ചാവ് പിടിക്കുന്നുണ്ട്. ആഗസ്റ്റിലാണ് ഏറ്റവും കൂടുതൽ പിടിച്ചത്- 213.2 കിലോഗ്രാം.സിന്തറ്റിക് ലഹരിയുടെ ഉപയോഗം യുവാക്കൾക്കിടയിൽ വർദ്ധിക്കുമ്ബോഴും പിടികൂടുന്ന ലഹരി താരതമ്യേന കുറവാണ്. ആരുടെയും ശ്രദ്ധയിൽപ്പെടാതെ എളുപ്പത്തിൽ കൊണ്ടുപോവാനും കൈമാറ്റം ചെയ്യാനും കഴിയുമെന്നതാണ് സിന്തറ്റിക് ലഹരി പിടികൂടുന്നതിലെ വെല്ലുവിളി. പലപ്പോഴും ലഹരി മാഫിയകൾക്കിടയിലെ പോരും ഒറ്റലുമാണ് വിവരങ്ങൾ ചോരാനിടയാക്കുന്നത്. മറ്റിടങ്ങളിൽ സ്കൂളുകളിൽ സ്റ്റാമ്ബ് പോലുള്ള സിന്തറ്റിക് ലഹരികൾ പിടികൂടുമ്ബോൾ ആറ് മാസത്തോളമായി ജില്ലയിൽ ഇത്തരം സംഭവങ്ങൾ റിപ്പോർട്ട് ചെയ്തിട്ടില്ലെന്ന് എക്സൈസ് വകുപ്പ് അധികൃതർ പറയുന്നു. അതേസമയം പ്രൊഫഷണൽ കോളേജുകളും മറ്റ് കലാലയങ്ങളും കേന്ദ്രീകരിച്ചുള്ള ലഹരി ഉപയോഗത്തിന് തടയിടാനായിട്ടില്ല. ഇതരസംസ്ഥാനങ്ങളിൽ നിന്നുള്ള വിദ്യാർത്ഥികൾ അടക്കമുള്ളവരാണ് സിന്തറ്റിക് ലഹരിയുടെ കാരിയർമാർ. കോഴിക്കോട് ജില്ലയോട് അതിർത്തി പങ്കിടുന്ന പ്രദേശങ്ങളിലാണ് ജില്ലയിൽ ലഹരി മൊത്ത വിൽപ്പനക്കാർ കൂടുതലായുമുള്ളത്. പരപ്പനങ്ങാടി മേഖലയിലടക്കം എക്സൈസ് അധികൃതർ പരിശോധന ശക്തമാക്കിയിട്ടുണ്ട്. കൊവിഡ് നിയന്ത്രണങ്ങൾ മൂലം വിദ്യാഭ്യാസ സ്ഥാപനങ്ങൾ കേന്ദ്രീകരിച്ച് എക്സൈസ് വകുപ്പിന്റെലഹരി വിരുദ്ധ ബോധവത്കരണ ക്ളാസുകൾ വേണ്ട വിധത്തിൽ നടത്താനാവുന്നില്ല.സിന്തറ്റിക്കിൽ അലിഞ്ഞ് മറ്റ് ലഹരികളെ അപേക്ഷിച്ച് സിന്തറ്റിക് ലഹരി ഉപയോഗിക്കുന്നവരെ അത്ര പെട്ടെന്ന് തിരിച്ചറിയാനാവില്ലെന്നതും കൂടിയ ലഹരിയും യുവതലമുറയെ ഇതിലേക്ക് ആകർഷിക്കുന്നുണ്ട്. ഒരുവർഷത്തിനിടെ 273.065 ഗ്രാം എം.ഡി.എം.എ ആണ് ജില്ലയിൽ പിടികൂടിയത്. 396.28 ഗ്രാം ഹാഷിഷ് ഓയിലും പിടികൂടി. എൽ.എസ്.ഡി, ബ്രൗൺ ഷുഗർ, ചരസ്, ഹെറോയിൻ അടക്കമുള്ളവയും പിടികൂടിയ പട്ടികയിലുണ്ട്. 5,104 ലിറ്റർ ഇന്ത്യൻ നിർമ്മിത വിദേശ മദ്യവും പിടികൂടിയിട്ടുണ്ട്. പിടികൂടുന്ന സിന്തറ്റിക് ലഹരിയുടെ പലയിരട്ടി കടത്തപ്പെടുന്നുണ്ടെങ്കിലും ഇതിന് തടയിടുക ഒട്ടും എളുപ്പമല്ലെന്നതാണ് എക്സൈസ്, പൊലീസ് വകുപ്പുകൾ നേരിടുന്ന വെല്ലുവിളി.

# സൗദി – കരിപ്പൂർ സെക്ടറിൽ വിമാനടിക്കറ്റ് നിരക്ക് കുറയും

**മലപ്പുറം:** സൗദി അറേബ്യയുമായുള്ള എയർ ബബ്ൾ കരാറിന് പിന്നാലെ സൗദി - കേരള സെക്ടറിൽ വിമാന ടിക്കറ്റ് നിരക്ക് കുറയുന്നു.ടിക്കറ്റ് നിരക്കിൽ 5,000 മുതൽ 8,000 രൂപ വരെ കുറവുണ്ട്. നേരത്തെ 42,000 രൂപ മുതൽ 45,000 വരെ നൽകേണ്ടിയിരുന്ന ടിക്കറ്റ് നിരക്കിപ്പോൾ 35,000ലേക്ക് വരെ താഴ്ന്നിട്ടുണ്ട്. നിരക്ക് വൈകാതെ വീണ്ടും കുറയുമെന്ന് ട്രാവൽസ് മേഖലയിലുള്ളവർ ചൂണ്ടിക്കാട്ടുന്നു. പ്രവാസികളുടെ ഏറെ നാളത്തെ ആവശ്യമായിരുന്നു സൗദിയുമായുള്ള എയർ ബബ്ൾ കരാർ. സൗദി കേന്ദ്രീകരിച്ചുള്ള ബഡ്ജറ്റ് എയർലൈനായ ഫ്ളൈ നാസും ഇൻഡിഗോയുമാണ് ഈ മാസം 11 മുതൽ സർവീസ് തുടങ്ങുക. നിലവിൽ ചാർട്ടർ ഫ്ളൈറ്റുകൾ മാത്രമാണ് സർവീസ് നടത്തുന്നത്. സൗദിയിലേക്ക് യാത്രക്കാരുമായി പോവുന്ന വിമാനത്തിന് തിരിച്ച് യാത്രക്കാരെ കയറ്റാൻ അനുമതിയില്ല. എന്നാൽ എയർ ബബ്ൾ കരാറിൽ രണ്ട് ഭാഗത്തേക്കും യാത്രക്കാരെ കൊണ്ടുപോവാം. ഇതാണ് നിരക്ക് കുറയാൻ കാരണം.ഫ്ളൈ നാസ് ടിക്കറ്റ് ബുക്കിംഗ് നാളെ മുതൽ തുടങ്ങും. കൊവിഡിന് മുമ്ബ് വരെ ഫ്ളൈ നാസ് കേരളത്തിലേക്ക് സർവീസ് നടത്തിയിരുന്നു. നിലവിൽ ചാർട്ടർ സർവീസ് നടത്തുന്ന സ്പൈസ് ജെറ്റ് വൈകാതെ ബബ്ൾ സർവീസിലേക്ക് മാറിയേക്കും. കരിപ്പൂർ - റിയാദ് സെക്ടറിൽ ആഴ്ചയിൽ മൂന്നും ജിദ്ദയിലേക്ക് എല്ലാ ദിവസവും സർവീസുണ്ടാവും. ഞായർ, ചൊവ്വ, വെള്ളി ദിവസങ്ങളിൽ രാവിലെ 7.30ന് റിയാദിൽ നിന്നെത്തുന്ന വിമാനം രാത്രി 8.30ന് കരിപ്പൂരിൽ നിന്ന് മടങ്ങും. ജിദ്ദയിലേക്ക് തിങ്കൾ ഒഴികെയുള്ള ദിവസങ്ങളിൽ രാത്രി 9.30നാണ് ഇൻഡിഗോയുടെ സർവീസ്. ചൊവ്വ, വ്യാഴം, വെള്ളി ദിവസങ്ങളിലാണ് ദമാമിലേക്കുള്ള സർവീസ്.ക്വാറന്റൈൻ ഇങ്ങനെ സൗദി യാത്രയ്ക്ക് 72 മണിക്കൂർ മുമ്ബുള്ള ആർ.ടി.പി.സി.ആർ സർട്ടിഫിക്കറ്റ് വേണം. മുഖീം പോർട്ടലിൽ രജിസ്റ്റർ ചെയ്യണം. ഇന്ത്യയിൽ നിന്ന് രണ്ട് ഡോസ് വാക്സിനെടുത്തവർക്ക് അഞ്ച് ദിവസം ക്വാറന്റൈനിൽ കഴിയണം. ആദ്യഡോസ് സൗദിയിൽ നിന്നും രണ്ടാം ഡോസ് ഇന്ത്യയിൽ നിന്നും എടുത്തവർക്ക് മൂന്ന് ദിവസവുമാണ് ക്വാറന്റൈൻ കാലാവധി. സൗദിയിൽ നിന്ന് രണ്ട് ഡോസുമെടുത്തവർക്ക് ക്വാറന്റൈനില്ല.

# സഞ്ചാരികളേ ഇതിലേ

**മലപ്പുറം :** സഞ്ചാരികളെ ആകർഷിക്കാൻ വേറിട്ട പദ്ധതികളുമായി ടൂറിസം വകുപ്പും ജില്ലാ ടൂറിസം പ്രൊമോഷൻ കൗൺസിലും. ജില്ലയിലെ വിനോദസഞ്ചാര കേന്ദ്രങ്ങളെക്കുറിച്ചുള്ള വിവരങ്ങൾ കൂടുതൽ പേരിൽ എത്തിച്ച് വിദേശികളടക്കമുള്ളവരെ ആകർഷിക്കാനാണ് ശ്രമം. ഇതിനായി കൂടുതൽ ടൂറിസം ഇൻഫർമേഷൻ സെന്ററുകൾ സ്ഥാപിക്കും. സഞ്ചാരി എത്തിയാൽ അയാൾക്ക് ആ നാടിനെക്കുറിച്ച് അറിയാനും മനസ്സിലാക്കാനും കഴിയുന്ന വിവരങ്ങൾ ഇതുവഴി ലഭ്യമാകും. മലപ്പുറം കോട്ടക്കുന്ന്, പടിഞ്ഞാറക്കര ബീച്ച്, റെയിൽവേ സ്റ്റേഷനുകൾ, ആഢ്യൻപാറ, നിലമ്പൂർ അടക്കം ജില്ലയിലെ എല്ലാ വിനോദ സഞ്ചാര കേന്ദ്രങ്ങളിലും ഇൻഫർമേഷൻ സെന്ററുകൾ ഒരുക്കും. സ്കൂളുകളിലെയും കോളേജുകളിലെയും ടൂറിസം ക്ലബ്ബുകൾ പുനരുജ്ജീവിപ്പിക്കും. മൈസ് ടൂറിസത്തിന് ഊന്നൽജില്ലയിലേക്ക് കൂടുതൽ സഞ്ചാരികളെ ആകർഷിക്കുന്നതിനായി മൈസ് (മീറ്റിങ്സ്, ഇൻസെന്റീവ്സ്, കൺവൻഷൻസ്, എക്സിബിഷൻസ്) ടൂറിസത്തിന് ഊന്നൽ നൽകാനാണ് ഡിടിപിസിയുടെ തീരുമാനം. ഇതുവഴി വൻകിട ബിസിനസ് സ്ഥാപനങ്ങളെയടക്കം ജില്ലയിലേക്ക് ആകർഷിക്കാനാകും. പൊന്നാനി ബിയ്യം കായലിൽ ഹൗസ് ബോട്ട് ഉൾപ്പെടെ ഒരുക്കും. വിദേശ ബോട്ട് കമ്പനികൾ ബിയ്യം കായലിൽ എത്തിയാൽ അത് ജില്ലയുടെ വിനോദ സഞ്ചാര മേഖലക്ക് മുതൽക്കൂട്ടാവും.ഉത്തരവാദിത്വ ടൂറിസം പ്രോത്സാഹിപ്പിക്കുംസംസ്ഥാന സർക്കാരിന്റെ പദ്ധതിയായ ഉത്തരവാദിത്വ ടൂറിസം കൂടുതൽ വിപുലീകരിക്കും. പ്രാദേശിക ജനവിഭാഗങ്ങളെകൂടി ഉപയോഗപ്പെടുത്തി അവർക്കുകൂടി വരുമാനം ലഭ്യമാകും. പൊന്നാനി കേന്ദ്രീകരിച്ച് എല്ലാ മാസവും രണ്ടാമത്തെ ശനിയാഴ്ച വൈകിട്ട് ആറുമുതൽ ഒമ്പതുവരെ കൾച്ചറൽ വാക്ക് സംഘടിപ്പിക്കും. ഫാം ടൂറിസം, സംസ്കാരിക ടൂറിസം (തുഞ്ചൻപറമ്പ്, മാമാങ്കം), അഡ്വെഞ്ചർ ടൂറിസം (ആഢ്യൻപാറ, കക്കാടാംപൊയിൽ), ബേഡ് വാച്ചിങ് ടൂറിസം (കടലുണ്ടി), സൈക്ലിങ് ടൂറിസം, പൊന്നാനി അടക്കമുള്ള തീരങ്ങൾ) തുടങ്ങിയവ കൂടുതൽ വിപുലമാകാനും പദ്ധതിയുണ്ട്. സഞ്ചാരികൾക്ക് മലപ്പുറത്തിന്റെ തനത് ഭക്ഷണങ്ങൾ പരിചയപ്പെടുത്തും. തീരമേഖലയിലും മധ്യമേഖലയിലെയും മലയോരത്തെയും ഭക്ഷണ വൈവിധ്യങ്ങൾ ലഭ്യമാകും. സഞ്ചാരികൾക്ക് നിളയിലൂടെ സഞ്ചരിച്ച് മത്സ്യബന്ധത്തിലേർപ്പെടാൻ താൽപ്പര്യമുണ്ടെങ്കിൽ അതിന് അവസരമൊരുക്കും.മലപ്പുറത്തിന്റെ സാധ്യത ഉപയോഗപ്പെടുത്തും പുതുവർഷത്തിൽ ജില്ലയിലേക്ക് കൂടുതൽ സഞ്ചാരികളെ ആകർഷിക്കുകയാണ് ലക്ഷ്യം. കടലും കരയും കാടും ഇത്രയും അധികമുള്ള മറ്റൊരു ജില്ല കേരളത്തിലില്ല. മലപ്പുറത്തിന്റെ സാധ്യത ഉപയോഗപ്പെടുത്താൻ ഇതുവരെ കഴിഞ്ഞിട്ടില്ല. അത് ഉപയോഗപ്പെടുത്തും. കൂടുതൽ ടൂറിസം ഇൻഫർമേഷൻ സെന്ററുകൾ സ്ഥാപിക്കും. മൈസ് ടൂറിസത്തിന്റെ സാധ്യത ഉപയോഗപ്പെടുത്തും.വിപിൻ ചന്ദ്ര (സെക്രട്ടറി, ജില്ലാ ടൂറിസം പ്രൊമോഷൻ കൗൺസിൽ)

# അപകടങ്ങൾ പതിവ്, പക്ഷേ സുരക്ഷാ നിർദ്ദേശങ്ങൾ പാലിക്കപ്പെടുന്നില്ല

**പൊന്നാനി:** കടലിൽ മത്സ്യബന്ധനത്തിനിടെ അപകടങ്ങൾ പതിവാകുമ്ബോഴും സുരക്ഷാ മാനദണ്ഡങ്ങൾ പാലിക്കുന്നതിൽ തൊഴിലാളികൾക്ക് മടി.ലൈഫ് ജാക്കറ്റും മറ്റ് സുരക്ഷാ സംവിധാനങ്ങളും കർശനമാക്കുമ്ബോഴും ഇതെല്ലാം ഉപയോഗിക്കുന്നത് പകുതിയോളം പേർ മാത്രം. രജിസ്ട്രേഷനില്ലാതെ കടലിലിറങ്ങുന്ന യാനങ്ങളുടെ എണ്ണവും നിരവധിയാണ്. ഇത്തരത്തിൽ ലൈസൻസോ രജിസ്ട്രേഷനോ ഇല്ലാതെ മത്സ്യബന്ധനത്തിനിറങ്ങുന്നവരുടെ വിവരങ്ങൾ അധികൃതരുടെ കൈയിലില്ലാത്തത് അപകടങ്ങളെത്തുടർന്നുണ്ടാകുന്ന രക്ഷാപ്രവർത്തനം ദുഷ്കരമാക്കുകയാണ്.അതേസമയം മത്സ്യബന്ധനത്തിനിറങ്ങുന്ന യാനങ്ങളുടെ ശരിയായ വിവരങ്ങൾ ഫിഷറീസ് വകുപ്പിന്റെ പക്കലുമില്ല. പലപ്പോഴും അപകടവിവരം ബന്ധുക്കളെത്തി പറഞ്ഞാലേ ഫിഷറീസ് വകുപ്പ് അറിയുന്നുള്ളൂ. തൊഴിലാളികളുടെ പേര് വിവരങ്ങൾ ഉൾപ്പെടെ ബന്ധപ്പെട്ട വകുപ്പിന്റെ കൈയിലില്ലാത്തതിനാൽ നാട്ടുകാരിൽ നിന്നാണ് പലപ്പോഴും പേര് വിവരങ്ങൾ ശേഖരിക്കുന്നത്.കടലിലിറങ്ങുകയും തിരിച്ചെത്തുകയും ചെയ്യുന്നവരുടെ വിവരങ്ങൾ ശേഖരിക്കാൻ പോലും പൊന്നാനി ഹാർബറിൽ സംവിധാനമില്ല. ഫിഷറീസ് വകുപ്പിന്റെ കടലിലെ പട്രോളിംഗും പേരിന് മാത്രമാണ് .രക്ഷാപ്രവർത്തനത്തിനുള്ള ബോട്ടും യഥാസമയം എത്താൻ കഴിയാത്ത സ്ഥിതിയിലാണ്.ബോട്ടുകളിൽ പോലും ലൈഫ് ജാക്കറ്റ് ധരിക്കാതെയാണ് മീൻപിടിത്തത്തിനായി തൊഴിലാളികൾ ഇറങ്ങുന്നത്. പേരിന് ലൈഫ് ജാക്കറ്റ് യാനങ്ങളിൽ കരുതുമെങ്കിലും മത്സ്യബന്ധന സമയത്ത് ഭൂരിഭാഗം പേരും ഇത് ഉപയോഗിക്കുന്നില്ലെന്നതാണ് വസ്തുത.വയർലെസ് സംവിധാനം ചെറിയ വള്ളങ്ങളിലില്ലാത്തതിനാൽ അപകടം അറിയിക്കാൻ കഴിയാത്ത സ്ഥിതിയാണ്. കഴിഞ്ഞ ദിവസം അപകടത്തിൽ പെട്ട വള്ളത്തിലുള്ളവർക്കും വയർലെസ് സംവിധാനമില്ലാത്തതാണ് രക്ഷാപ്രവർത്തനത്തിന് തടസമായത്. അപകടങ്ങളുണ്ടാകുമ്ബോൾ സുരക്ഷാ നിർദ്ദേശങ്ങൾ നൽകുന്ന അധികൃതർ പിന്നീട് ഇവയെല്ലാം മറക്കുന്ന സ്ഥിതിയാണ്.

# പേവിഷബാധയ്ക്ക് കുത്തിവയ്പ്പില്ല രോഗികൾ പ്രയാസത്തിൽ

**തിരൂരങ്ങാടി:** നായയോ മറ്റോ കടിച്ചാൽ പേവിഷ പ്രതിരോധത്തിന് നൽകേണ്ട ആന്റി റാബീസ് സിറം ഇല്ലാതെ തിരൂരങ്ങാടി താലൂക്ക് ആശുപത്രി.ആശുപത്രിയിലെത്തുന്നവരെ കോഴിക്കോട് മെഡിക്കൽ കോളേജ് ആശുപത്രിയിലേക്ക് റഫർ ചെയ്യുന്നതാണ് നിലവിലെ രീതി. തെരുവുനായ്ക്കൾക്ക് പുറമേ വളർത്തുനായയുടെയോ വളർത്ത് പൂച്ചയുടെയോ കടിയേറ്റാൽ പോലും ആന്റി റാബീസ് സിറം ഒരു ഡോസ് കുത്തിവയ്ക്കണം. ശേഷം നാല് ഡോസ് ഇൻട്രാ ഡെർമിൽ റാബീസ് വാക്സിൻ(ഐ.ഡി.ആർ.വി) കുത്തിവയ്ക്കണം. എന്നാൽ തിരൂരങ്ങാടി താലൂക്ക് ആശുപത്രിയിൽ ഐ.ഡി.ആർ.വി നൽകുന്നുണ്ടെങ്കിലും ആന്റി റാബീസ് സിറം ഇവിടെ നൽകുന്നില്ല. എല്ലാ സൗകര്യങ്ങളും നിലവിലുള്ള തിരൂരങ്ങാടി താലൂക്ക് ആശുപത്രിയിലെത്തുന്ന രോഗികൾക്ക് ആന്റി റാബീസ് സിറം മരുന്ന് നൽകാനുള്ള സംവിധാനം അധികൃതരുടെ ഭാഗത്ത് നിന്നും അടിയന്തരമായി ഉണ്ടാവണമെന്ന് സാമൂഹ്യ പ്രവർത്തകൻ അഷ്റഫ് കളത്തിങ്ങൽപാറ അധികാരികൾക്ക് നൽകിയ നിവേദനത്തിൽ ആവശ്യപ്പെട്ടു.

# ഹയർസെക്കൻഡറിയിലെ പാർട് ടൈം നീക്കം അനുവദിക്കില്ലെന്ന് എച്ച്എസ്എസ്ടിഎ

**മലപ്പുറം:** ഹയർ സെക്കൻഡറിയിലെ ജൂണിയർ അധ്യാപക തസ്തിക പാർട്ട്ടൈം തസ്തികയാക്കി മാറ്റാനുള്ള നീക്കം അനുവദിക്കാനാകില്ലെന്ന് ഹയർ സെക്കൻഡറി സ്കൂൾ ടീച്ചേഴ്സ് അസോസിയേഷൻ. സർക്കാർ ഹയർ സെക്കൻഡറിയിൽ സീനിയർ, ജൂണിയർ അധ്യാപക തസ്തികകൾ ഫുൾ ടൈമാണ്. 2001 ലെ സ്പെഷൽ റൂൾ പ്രകാരം ആഴ്ചയിൽ 15 പിരീഡിനു താഴെ അധ്യയന സമയമുള്ള തസ്തികൾ ജൂണിയറും 15 നു മുകളിലുള്ളത് സീനിയർ തസ്തികകളുമായാണ് വിവക്ഷിച്ചിരിക്കുന്നത്. തുടർന്നുള്ള പിഎസ്സി നിയമനങ്ങളിലെല്ലാം ഫുൾ ടൈം തസ്തികയായിട്ടാണ് അപേക്ഷ ക്ഷണിച്ചിരുന്നത്. എന്നാൽ കഴിഞ്ഞ ദിവസം വിവിധ വിഷയങ്ങളിലെ ജൂണിയർ തസ്തികകളിലേക്കു പിഎസ്സി അപേക്ഷ ക്ഷണിച്ചതിൽ പാർട്ട് ടൈം തസ്തികയായിരിക്കുമെന്ന നിബന്ധന അംഗീകരിക്കാനാകില്ലെന്ന നിലപാടിലാണ് ഹയർ സെക്കൻഡറി സ്കൂൾ ടീച്ചേഴ്സ് അസോസിയേഷൻ . പൊതുവിദ്യാഭ്യാസ ഏകീകരണത്തിൻറെ ഭാഗമായി ഹയർ സെക്കൻഡറി അധ്യാപക തസ്തികകൾ പുന:ക്രമീകരിക്കാനുള്ള നീക്കമാണോയെന്ന് വ്യക്തമാക്കാൻ സർക്കാർ തയാറാകണം. ഇരുപതു വർഷത്തെ സർവീസ് പിന്നിട്ടിട്ടും സമയ ബന്ധിതമായി സ്ഥാനക്കയറ്റം ലഭിക്കാതെ ഏറെ അവഗണന നേരിടുന്നവരാണ് ഹയർ സെക്കൻഡറി ജൂണിയർ അധ്യാപകർ. യുഡിഎഫ് സർക്കാരിൻറെ കാലത്ത് മന്ത്രിസഭാ തീരുമാനപ്രകാരം അഞ്ചുവർഷത്തെ സർവീസ് പൂർത്തിയാക്കുന്ന അധ്യാപകരെ സീനിയറാക്കാനുള്ള ഉത്തരവ് ആറുവർഷമായി മരവിപ്പിച്ചിരിക്കുകയാണ്.ഹയർസെക്കൻഡറി പ്രിൻസിപ്പൽ നിയമനത്തിനുള്ള സർവീസ് ആയിപ്പോലും ജൂണിയർ സർവീസ് പരിഗണിക്കുന്നില്ല. ഹയർ സെക്കൻഡറി സർവീസ് ഇല്ലാതിരുന്നിട്ടും ഹൈസ്കൂൾ വിഭാഗത്തിൽ നിന്നു ഹെഡ്മാസ്റ്റർമാർ പ്രിൻസിപ്പലായി വരുന്പോഴാണ് ജൂണിയർ അധ്യാപക സർവീസ് പരിഗണിക്കാതിരിക്കുന്നത്. ഇതിനും പുറമെയായി ജൂണിയർ അധ്യാപക തസ്തികകൾ പാർട്ട് ടൈമായി മാറ്റാനുള്ള ശ്രമം ജൂണിയർ തസ്തികയിലേക്ക് പ്രവേശിക്കാനിരിക്കുന്ന ഉദ്യോഗാർഥികളോടു ചെയ്യുന്ന കൊടിയ അനീതിയാണ്. ഹയർസെക്കൻഡറി മേഖലയിലെ സേവന- വേതന വ്യവസ്ഥകൾ തകിടം മറിക്കുന്ന തരത്തിൽ ജൂണിയർ തസ്തിക പാർട് ടൈം ആക്കിയുള്ള പിഎസ്സി വിജ്ഞാപനം റദ്ദു ചെയ്ത് പുന: പ്രസിദ്ധീകരിക്കണമെന്ന് എച്ച്എസ്എസ്ടിഎ സംസ്ഥാന ജനറൽ സെക്രട്ടറി അനിൽ എം. ജോർജ് ആവശ്യപ്പെട്ടു.



# കലിക്കറ്റ് പുരുഷ വോളി ടീം ഖേലോ ഇന്ത്യയിലേക്ക്

**തേഞ്ഞിപ്പലം :** അഖിലേന്ത്യ അന്തർസർവകലാശാല വോളിബോൾ ടൂർണമെന്റ് ക്വാർട്ടർ ഫൈനലിൽ പ്രവേശിച്ച കലിക്കറ്റ് സർവകലാശാല വോളിബോൾ ടീം ഖേലോ ഇന്ത്യയിലേക്ക് യോഗ്യത നേടി. ലീഗ് മത്സരങ്ങളിൽ ജിഎൻടിയു അമൃത്സറിനെ 3-2നും രാജസ്ഥാൻ സർവകലാശാലയെ 3-1നും ബുർദുവാൻ സർവകലാശാലയെ 3-0 എന്ന നിലയിലും പരാജയപ്പെടുത്തി പൂളിലെ ജേതാക്കളായാണ് കലിക്കറ്റ് സർവകലാശാല ക്വാട്ടർ ഫൈനലിൽ പ്രവേശിച്ചത്. ഇതോടെ, ബംഗളൂരു ജെയിൻ യൂണിവേഴ്സിറ്റിയിൽ നടക്കുന്ന ഖേലോ ഇന്ത്യ യൂണിവേഴ്സിറ്റി ഗെയിംസ് 2022 മത്സരിക്കാനുള്ള യോഗ്യത നേടിയ കേരളത്തിലെ ആദ്യ പുരുഷ ടീമായി കലിക്കറ്റ്.

## അറിയിപ്പ്



### ക്വട്ടേഷൻ ക്ഷണിച്ചു

പിഡബ്ല്യുഡി ബ്രിഡ്ജസ് ഡിവിഷൻ, കോഴിക്കോട്, വർക്ക് ഓർഡർ തീയതി മുതൽ 2022 മാർച്ച് 31 വരെയുള്ള കാലയളവിലേക്ക് കോൾ അടിസ്ഥാനത്തിൽ പിഡബ്ല്യുഡി ബ്രിഡ്ജുകളിൽ വാഹനങ്ങൾ വാടകയ്ക്കെടുക്കുന്നതിന് യോഗ്യരായ ടാക്സി ഉടമകളിൽ നിന്നും ട്രാവൽ ഏജൻസികളിൽ നിന്നും സീൽ ചെയ്ത മത്സര ക്വട്ടേഷൻ ക്ഷണിച്ചു. അവസാന തീയതി ജനുവരി 10 വൈകീട്ട് മൂന്ന് മണി.

### ഫയർ ആൻഡ് സേഫ്റ്റി ഡിപ്ലോമ

കോഴിക്കോട് ഗവ. ഐ.ടി. ഐയും ഐ.എം.സിയും സംയുക്തമായി നടത്തി വരുന്ന ആറ് മാസത്തെ ഡിപ്ലോമ ഇൻ ഫയർ ആൻഡ് സേഫ്റ്റി കോഴ്സിലേക്ക് അപേക്ഷ ക്ഷണിച്ചു. എസ്.എസ്.എൽ.സി, പ്ലസ് ടു, ഐ.ടി.ഐ, വിഎച്ച്എസ്ഇ, ഡിഗ്രി, ഡിപ്ലോമ, ബി.ടെക് കഴിഞ്ഞ വിദ്യാർത്ഥികൾക്ക് അപേക്ഷിക്കാമെന്ന് പ്രിൻസിപ്പാൾ അറിയിച്ചു. ഫോൺ : 8301098705.

### അപേക്ഷ ക്ഷണിച്ചു


സംസ്ഥാന സർക്കാർ വനിതാ ശാക്തീകരണം, പട്ടികജാതി/ പട്ടികവർഗ്ഗ ക്ഷേമം എന്നീ ലക്ഷ്യങ്ങൾ മുന്നിൽ കണ്ട് 2021-22 സാമ്പത്തിക വർഷത്തിൽ വനിതകളുടെ സംവിധാനത്തിൽ രണ്ട് ഫീച്ചർ ഫിലിമും, പട്ടികജാതി/ പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെടുന്ന വ്യക്തികളുടെ സംവിധാനത്തിൽ രണ്ട് ഫീച്ചർ ഫിലിമും നിർമ്മിക്കുന്നു. കെ.എസ്.എഫ്.ഡി.സിക്കാണ് നിർമ്മാണ ചുമതല. സിനിമ സംവിധാനം ചെയ്യാൻ ആഗ്രഹിക്കുന്നവർ ജനുവരി 17ന് വൈകുന്നേരം അഞ്ച് മണിക്ക് മുമ്പ് കെ.എസ്.എഫ്.ഡി.സിയിൽ പ്രൊപ്പോസൽ സമർപ്പിക്കണം. ഇതിനകം പ്രൊപ്പോസൽ സമർപ്പിച്ചവർ വീണ്ടും പ്രൊപ്പോസൽ നൽകേണ്ടതില്ല. കൂടുതൽ വിവരങ്ങൾക്ക്: www.ksfdc.in.

### എസ്.സി.ഇ.ആർ.ടി ഗവേഷണ പ്രോജക്ടുകൾ ക്ഷണിച്ചു

സംസ്ഥാന വിദ്യാഭ്യാസ ഗവേഷണ പരിശീലന സമിതി (എസ്.സി.ഇ.ആർ.ടി)യുമായി ചേർന്ന് ഗവേഷണ പ്രോജക്ടുകൾ നടത്തുന്നതിന് യൂണിവേഴ്സിറ്റികൾ, കോളേജുകൾ, ഡയറ്റുകൾ മറ്റു വിദ്യാഭ്യാസ സ്ഥാപനങ്ങൾ എന്നിവയിൽ നിന്ന് പ്രൊപ്പോസലുകൾ ക്ഷണിച്ചു. മിശ്രിതപഠനം, മൂല്യനിർണയം എന്നീ തീമുകളിലാണ് ഗവേഷണം നടത്താൻ ഉദ്ദേശിക്കുന്നത്. പ്രൊപ്പോസലുകൾ 10ന് മുമ്പായി scertresearch@gmail.com എന്ന മെയിൽ ഐ.ഡി യിൽ സ്ഥാപന മേധാവിയുടെ ശുപാർശയോടുകൂടി സമർപ്പിക്കേണ്ടതാണ്. പരമാവധി 12 ലക്ഷം രൂപയായിരിക്കണം ഗവേഷണത്തിനായി സമർപ്പിക്കേണ്ട ബജറ്റിൽ ഉൾപ്പെടുത്തേണ്ടത്. പ്രൊപ്പോസലുകൾ ഇംഗ്ലീഷിലോ മലയാളത്തിലോ തയ്യാറാക്കണം. പ്രൊപ്പോസലിന്റെ ഫോർമാറ്റ്, മറ്റ് വിശദാംശങ്ങൾ എന്നിവ www.scert-kerala.gov.in ൽ ലഭ്യമാണ്.

### പരിശീലനം

തൊഴിൽരഹിതരും 18നും 40നുമിടയിൽ പ്രായമുളളവരുമായ യുവതീ യുവാക്കൾക്ക് നിർമ്മിതി കേന്ദ്രം തിരുത്തിയാട് സെന്ററിൽ നടത്തുന്ന മോഡേൺ പെയിന്റിംഗ് പരിശീലനത്തിൽ പങ്കെടുക്കാൻ അവസരം. താൽപ്പര്യമുള്ളവർ വെള്ള കടലാസിൽ സ്വയം തയ്യാറാക്കിയ അപേക്ഷ വയസ് തെളിയിക്കുന്ന സാക്ഷ്യപ്പെടുത്തിയ രേഖകളുടെ പകർപ്പ് സഹിതം റീജിയണൽ എഞ്ചിനീയർ, കേരള സംസ്ഥാന നിർമ്മിതി കേന്ദ്രം, റീജിയണൽ സെന്റർ, പുതിയറ പി.ഒ, തിരുത്തിയാട്, കോഴിക്കോട് 673004 എന്ന വിലാസത്തിൽ 2022 ജനുവരി ഏഴിന് മൂന്ന് മണിക്ക് മുമ്പ് സമർപ്പിക്കണം. പരിശീലന കാലയളവിൽ സ്റ്റൈപ്പന്റ് ലഭിക്കും. കൂടുതൽ വിവരങ്ങൾക്ക് 0495 2772394, 8111882869.



# അനധികൃത ഖനനങ്ങൾക്കും കുന്നിടിക്കലിനുമെതിരേ റവന്യുവകുപ്പ് നടപടി

**താമരശേരി:** മേഖലയിലെ അനധികൃത ഖനനങ്ങൾക്കും കുന്നിടിക്കലിനുമെതിരെ റവന്യു വകുപ്പ് നടപടി ശക്തമാക്കി. പ്രത്യേക സ്ക്വാഡ് ബുധനാഴ്ച പുലർച്ചെ നടത്തിയ പരിശോധനയിൽ നാല് വാഹനങ്ങളും ഉച്ചയോടെ ഒരു വാഹനവും പിടിച്ചെടുത്തു. താമരശേരിയിലും പുതുപ്പാടിയിലുമാണ് മിന്നൽ പരിശോധന നടത്തിയത്. താമരശേരി താലൂക്കിലെ വിവിധ സ്ഥലങ്ങളിൽ അനധികൃത കുന്നിടിക്കലും വയൽ നികത്തലും പാറ ഖനനവും വ്യാപകമാണെന്ന പരാതിയെ തുടർന്നാണ് റവന്യൂ സക്വാഡ് മിന്നൽ പരിശോധന നടത്തിയത്. താമരശേരി ടൗണിനോട് ചേർന്ന് കാരാടിയിൽ അനധികൃതമായി കുന്നിടിക്കുകയായിരുന്ന ജെസിബിയും മണ്ണ് കടത്തുകയായിരുന്ന ടിപ്പർ ലോറിയും സ്ക്വാഡ് പിടിച്ചെടുത്തു. ആളുകളുടെ ശ്രദ്ധയിൽ പെടാതിരിക്കാൻ പ്ലാസ്റ്റിക് കൊണ്ട് മറച്ചാണ് കുന്നിടിച്ചിരുന്നത്. ഉച്ചയോടെ ഇവിടെ വീണ്ടും പാറ ഖനനം നടക്കുന്നതായ വിവരത്തെ തുടർന്ന് താമരശ്ശേരി തഹസിൽദാർ ബാലരാജന്റെ നേതൃത്വത്തിൽ പരിശോധന നടത്തുകയും കമ്പർസർ പിടികൂടുകയും ചെയ്തു. പുതുപ്പാടി വില്ലേജിൽ പെട്ട കാക്കവയൽ വനപർവം പ്രദേശത്തെ അനധികൃത പാറ ഖനനവും റവന്യൂ സ്ക്വാഡ് പിടികൂടി. പാറ പൊട്ടിക്കാനുപയോഗിച്ചിരുന്ന ഹിറ്റാച്ചി എസ്കവേറ്റർ, കമ്പർസർ എന്നിവ കസ്റ്റഡിയിലെടുത്തു. വലിയ ലോറിയിൽ കയറ്റിയാണ് എസ്കവേറ്റർ താലൂക്ക് ഓഫീസ് പരിസരത്ത് എത്തിച്ചത്. താമരശേരി താലൂക്ക് ഓഫീസിലെ സീനിയർ ക്ലാർക്കുമാരായ ടി.കെ. സുന്ദരൻ, സനിൽകുമാർ, ജഗന്നാഥൻ, ഡ്രൈവർ സുനിൽ എന്നിവരടങ്ങിയ സംഘമാണ് പരിശോധന നടത്തിയത്. ഇതു സംബന്ധിച്ച് ജില്ലാ കളക്ടർക്കും ജില്ലാ ജിയോളജി ഓഫീസർക്കും റിപ്പോർട്ട് നൽകുമെന്ന് തഹസിൽദാർ അറിയിച്ചു.

# ഹിന്ദു ഐക്യവേദിയുടെ നേതൃത്വത്തിൽ പ്രകടനം നടത്തി



**വടകര:** കേരളത്തിൽ ഒരു വർഷത്തിനിടെ തീവ്രവാദ സംഘടനകൾ സംഘപരിവാർ പ്രവർത്തകർക്കു നേരെ നടത്തിയ കൊലപാതകങ്ങളിലെ ശരിയായ പ്രതികളെ പിടികൂടുക, മുസ്ലിം തീവ്രവാദ സംഘടകൾ നിരോധിക്കുക എന്നീ ആവശ്യങ്ങൾ ഉന്നയിച്ചും എസ്ഡി പി ഐ -പിണറായി സർക്കാരിന്റെ ഹിന്ദു വിരുദ്ധ നിലപാടുകൾക്കെതിരെയും ശക്തമായ താക്കീത് ഉയർത്തികൊണ്ട് ഹിന്ദു ഐക്യവേദിയുടെ നേതൃത്വത്തിൽ വടകര നടത്തിയ പ്രകടനത്തിൽ സ്ത്രീകളും കുട്ടികളുമടക്കം രണ്ടായിരത്തിലധികം പ്രവർത്തകർ പങ്കാളികളായി.വൈകീട്ട് ഏഴുമണിക്ക് വടകര അടക്കാത്തെരു പരിസരത്തു നിന്നും ആരംഭിച്ച പ്രതിഷേധ മാർച്ച് അഞ്ചുവിളക്കു വഴി പുതിയ ബസ്സാന്റിൽ സമാപിച്ചു. തുടർന്ന് നടന്ന പ്രതിഷേധ സമ്മേളനത്തിൽ ആർ .എസ് .എസ് സംഭാഗ് കാര്യവാഹ് എൻ. കെ ബാലകൃഷ്ണൻ മാസ്റ്റർ , ആർ എസ് എസ് ജില്ലാ കാര്യവാഹ് ടി. യു രാജേഷ് , ബി ജെപി ജില്ലാ വൈസ് പ്രസിഡന്റ് രാംദാസ് മണലേരി തുടങ്ങിയവർ സംസാരിച്ചു.തീവ്രവാദ സംഘടനകൾക്കു കേരളത്തിൽ യഥേഷ്ടം വളരാനുള്ള മണ്ണാണ് ഇടതു സർക്കാർ ഇവിടെ ഒരുക്കികൊടുക്കുന്നത് . അതിനുദാഹരണമാണ് സമീപ കാലങ്ങളിൽ സംഘപരിവാർ പ്രവർത്തകർക്ക് നേരെയുള്ള കൊലപാതകങ്ങളിൽ സർക്കാരിന്റെ മൗനം. വീണ്ടും ഇത്തരം സ്ഥിതി വിശേഷം തുടരുകയാണെങ്കിൽ ജനങ്ങളെ അണിനിരത്തി പ്രതിരോധിക്കാനും,ഭരകൂട ഭീകരവാദ ഒത്തുകളിക്കെതിരെ ജന രോഷം കേരളത്തിൽ ആളിപടർത്താനും സംഘപരിവാർ സംഘടനകൾ തയാറാകുമെന്ന് നേതാക്കൾ സൂചിപ്പിച്ചു.

## ബിന്ദു അമ്മിണിയെ ആക്രമിച്ചയാളെ കണ്ടെത്തി



**കോഴിക്കോട്:** ആക്ടിവിസ്റ്റ് ബിന്ദു അമ്മിണിയെ ആക്രമിച്ചയാളെ കണ്ടെത്തി. ബേപ്പൂർ സ്വദേശി മോഹൻദാസാണ് ബിന്ദുവിനെ ആക്രമിച്ചത്.മത്സ്യത്തൊഴിലാളിയായ മോഹൻദാസ് മദ്യലഹരിയിലാണ് പരാതിക്കാരിയെ ആക്രമിച്ചതെന്ന് പൊലീസ് പറഞ്ഞു.ബിന്ദു അമ്മിണിയുടെ വിശദമായ മൊഴിയെടുക്കുമെന്നും, അതിനുശേഷമായിരിക്കും അറസ്റ്റ് രേഖപ്പെടുത്തുകയെന്നും അന്വേഷണ ഉദ്യോഗസ്ഥർ അറിയിച്ചു. സംഘർഷത്തിൽ മോഹൻദാസിനും പരിക്കേറ്റിട്ടുണ്ടെന്ന് പൊലീസ് പറഞ്ഞു.കഴിഞ്ഞ ദിവസം വൈകിട്ടായിരുന്നു ബിന്ദു അമ്മിണി ആക്രമിക്കപ്പെട്ടത്. സംഭവത്തിന് പിന്നിൽ ആർ എസ് എസ് ആണെന്നും, പൊലീസും അക്രമിയും ഒത്തുകളിക്കുകയാണെന്നും പരാതിക്കാരി ആരോപിച്ചിരുന്നു. മർദ്ദനത്തിന്റെ ദൃശ്യങ്ങളും ബിന്ദു ഫേസ്ബുക്കിലൂടെ പുറത്തുവിട്ടിരുന്നു.

# എല്ലാ പി.എച്ച്.സികളും വൈകാതെ കുടുംബാരോഗ്യ കേന്ദ്രങ്ങളാവും



**കോഴിക്കോട്:** സംസ്ഥാനത്തെ പ്രാഥമികാരോഗ്യകേന്ദ്രങ്ങൾ കുടുംബാരോഗ്യ കേന്ദങ്ങളാക്കി ഉയർത്തുന്നതിനയുള്ള പ്രവർത്തനങ്ങൾ ഈ വർഷത്തോടെ പൂർത്തിയാകുമെന്ന് ആരോഗ്യമന്ത്രി വീണ ജോർജ് പറഞ്ഞു. കോഴിക്കോട് ജില്ലയിൽ 20 പ്രാഥമികാരോഗ്യ കേന്ദ്രങ്ങളാണ് കുടുംബാരോഗ്യ കേന്ദ്രങ്ങളായി മാറാനുള്ളത്.നവജാത ശിശുക്കൾക്ക് മികച്ച ചികിത്സ ലഭ്യമാക്കുന്ന നിയോ ക്രാഡിൽ പദ്ധതിയുടെ സംസ്ഥാനത്തെ പ്രഥമ യൂണിറ്റ് ഗവ. മെഡിക്കൽ കോളേജിൽ ഓൺലൈനായി ഉദ്ഘാടനം ചെയ്യുകയായിരുന്നു അവർ.ശിശുമരണനിരക്ക് കുറയ്ക്കുകയെന്ന സർക്കാരിന്റെ ലക്ഷ്യത്തിന് ആക്കം കൂട്ടാൻ നിയോ ക്രാഡിൽ പദ്ധതി വഴി സാധിക്കും. സംസ്ഥാനത്ത് ആയിരം കുഞ്ഞുങ്ങൾ ജനിക്കുമ്പോൾ 5 കുഞ്ഞുങ്ങൾ മരിക്കുന്ന സാഹചര്യമാണ്. ഇത് വികസിതരാജ്യങ്ങൾക്കൊപ്പമുള്ളതാണെങ്കിലും ഇനിയും കുറയ്ക്കാനുള്ള അതിതീവ്ര പ്രവർത്തനങ്ങളാണ് ഏറ്റെടുക്കുന്നത്.സർക്കാർ ആശുപത്രികളും സ്വകാര്യ ആശുപത്രികളും മാതൃശിശു സൗഹൃദമാക്കാനുള്ള പ്രവർത്തനവും നടന്നുകൊണ്ടിരിക്കുകയാണ്. വനിതാ ശിശു വികസന വകുപ്പുമായി ചേർന്നു പൊതുഇടങ്ങൾ മാതൃശിശു സൗഹൃദമാക്കുന്നതിനുള്ള പ്രവർത്തനം ആരംഭിച്ചു കഴിഞ്ഞു. കോഴിക്കോട് മെഡിക്കൽ കോളേജിനെ മാതൃകാ മെഡിക്കൽ കോളേജാക്കാനാണ് ശ്രമം.സബ് സെന്ററുകൾ ഹെൽത്ത് ആൻഡ് വെൽനസ് സെന്ററുകളാക്കി ഉയർത്തുന്നത് സംസ്ഥാനത്തുടനീളം നടപ്പാക്കും. ജീവിതശൈലീ രോഗങ്ങൾ കുറയ്ക്കാനുള്ള ജനകീയ കാമ്പയിനിന് ഈ മാസം തുടക്കം കുറിക്കുമെന്നും അവർ പറഞ്ഞു.എയിംസ് സ്ഥാപിക്കാൻ കോഴിക്കോട്ട് സ്ഥലം ലഭ്യമാണെന്ന് മുഖ്യമന്ത്രി പ്രധാനമന്ത്രിയെയും കേന്ദ്ര ആരോഗ്യമന്ത്രിയെയും അറിയിച്ചിട്ടുണ്ട്. അനുമതി ലഭിച്ചാലുടൻ നിർമ്മാണ പ്രവർത്തനങ്ങൾക്ക് തുടക്കം കുറിക്കും.ചടങ്ങിൽ മന്ത്രി പി.എ.മുഹമ്മദ് റിയാസ് മുഖ്യാതിഥിയായിരുന്നു. തോട്ടത്തിൽ രവീന്ദ്രൻ എം.എൽ.എ അദ്ധ്യക്ഷത വഹിച്ചു. നിയോ ക്രാഡിൽ ലോഗോ പ്രകാശനം എം.കെ.രാഘവൻ എം.പി യും വെബ് സൈറ്റ് ഉദ്ഘാടനം മേയർ ഡോ.ബീന ഫിലിപ്പും നിർവഹിച്ചു. ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് ഷീജ ശശി, കളക്ടർ എൻ.തേജ് ലോഹിത് റെഡ്ഡി, ആരോഗ്യ - കുടുംബക്ഷേമ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി ഡോ.രാജൻ എൻ.ഖോബ്രഗഡെ, എൻ.എച്ച്എം ഡയറക്ടർ ഡോ.രത്തൻ യു.കേൽകർ, ആരോഗ്യവകുപ്പ് ഡയറക്ടർ വി.ആർ. ഡോ.രാജു, എൻ.എച്ച്എം ഡിസ്ട്രിക്ട് പ്രോഗ്രാം മാനേജർ ഡോ.എ നവീൻ, മെഡിക്കൽ കോളേജ് പ്രിൻസിപ്പൽ ഡോ.വി.ആർ. രാജേന്ദ്രൻ തുടങ്ങിയവർ സംബന്ധിച്ചു. ജില്ലാ മെഡിക്കൽ ഓഫീസർ ഡോ. വി.ഉമ്മർ ഫാറൂഖ് സ്വാഗതവും ഐ.എം.സി.എച്ച് സൂപ്രണ്ട് ഡോ.സി.ശ്രീകുമാർ നന്ദിയും പറഞ്ഞു.

## ഡ്രെയിനേജ് തകർന്നു ; ആശങ്കയിൽ നാട്ടുകാർ



**കൊയിലാണ്ടി:** ഒന്നും രണ്ടുമല്ല 25 വർഷമായി ഈ നാറ്റം സഹിച്ചാണ് ഞങ്ങൾ നടക്കുന്നത്. ഇത് എന്നാണ് ശരിയാക്കുന്നത്കൊയിലാണ്ടിക്കാരുടെ ഈ ചോദ്യത്തിന് അധികാരികളിൽ നിന്ന് മറുപടി ഒന്നുമില്ല. ഓരോ തദ്ദേശ തിരഞ്ഞെടുപ്പിലെയും പ്രധാനചർച്ചാ വിഷയം ഇത് തന്നെയായിരിക്കും. എന്നാൽ കാലം ഇത്രയായിട്ടും മാറ്റം ഒന്നുമില്ലെന്ന് മാത്രം. കൊയലാണ്ടി താലൂക്ക് ആശുപത്രി തോട്ടു മുഖം ഡ്രെയിനേജ് തകർന്നതോടെ ദുരിതത്തിലായി കാൽനടയാത്രക്കാർ. ദുർഗന്ധവും കൊതുകുകടിയും സഹിച്ചാണ് നാട്ടുകാരുടെ യാത്ര. നഗരസഭയിലെ 39-ാം ഡിവിഷനിലൂടെയാണ് ടൗണിലെ ഏക ഡ്രെയിനേജ് കടന്ന് പോകുന്നത്. ഡ്രെയിനേജിന്റെ അടിത്തട്ടും മുകൾ ഭാഗത്തെ സ്ലാബും പലയിടങ്ങളിലായി തകർന്നു കിടക്കുകയാണ്. റോഡിനടിയിലൂടെ പോകുന്ന പൈപ്പിൽനിന്നു പുറത്തുവരുന്ന മലിനജലം റോഡിൽ കെട്ടിക്കിടക്കുകയാണ്. മഴസമയത്താണ് പ്രശ്നം രൂക്ഷമാകുന്നത്. വലിയ തോതിൽ മാലിന്യം പുറത്തെത്തും. മാലിന്യം കലർന്ന മഴവെള്ളത്തിൽക്കൂടി നടക്കേണ്ട ഗതികേടിലാണ് പ്രദേശത്തു താമസിക്കുന്നവർ.താലൂക്ക് ആശുപത്രി, ട്രാഫിക്ക് പൊലീസ് സ്റ്റേഷൻ, വില്ലേജ് ഓഫീസ്, സബ്ബ് ജയിൽ, തുടങ്ങി നിരവധി സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നത് ഈ ഭാഗത്താണ്. മലിന ജലം ഒഴുകിയെത്തുന്ന തോട്ടുമുഖത്തിനടുത്താണ് പള്ളി, മദ്രസ, സ്കൂൾ എന്നിവ പ്രവർത്തിക്കുന്നത്. മൂക്കുപൊത്താതെ ഈ പ്രദേശത്തുകൂടെ സഞ്ചരിക്കാൻ കഴിയാത്ത അവസ്ഥയാണന്ന് നാട്ടുകാർ പറയുന്നത്. നഗരം വികസിക്കുന്നതിനനുസരിച്ച് മാലിന്യത്തിന്റെ അളവും വർദ്ധിക്കുകയാണ്.നഗരസഭയിലെ ഏറ്റവും ജനസാന്ദ്രതകൂടിയ ഡിവിഷനുകളിലൊന്നാണ് 39ാം ഡി വിഷൻ. മലിന ജലം സമീപത്തെ കിണറുകളിലേക്കും എത്തുന്നുണ്ടോ എന്ന ആശങ്കയിലാണ് നാട്ടുകാർ.

# തക്കാളി വില കുത്തനെ ഇടിഞ്ഞു



**കോഴിക്കോട്:** മലയാളിയുടെ അടുക്കളയെ പൊള്ളിച്ച തക്കാളി വില കുത്തനെ ഇടിഞ്ഞു. കിലോയ്ക്ക് 70 മുതൽ 90 വരെയായിരുന്ന തക്കാളി വില 35 രൂപയിലേക്കെത്തി.വഴിയോര കച്ചവടക്കാരിൽ നിന്ന് 100 രൂപയ്ക്ക് 3 കിലോ തക്കാളി കിട്ടും. വരും ദിവസങ്ങളിൽ തക്കാളി വില 20 രൂപയിലെത്തുമെന്നാണ് കച്ചവടക്കാർ പറയുന്നത്. തമിഴ്നാട്ടിലെയും കർണാടകയിലേയും പ്രമുഖ മാർക്കറ്റുകളിലേക്ക് കൂടുതൽ തക്കാളി എത്തിത്തുടങ്ങിയതാണ് വില കുറയാൻ കാരണമായത്. കാലാവസ്ഥ അനുകൂലമായതിനാൽ ഉത്പാദനവും വർദ്ധിച്ചു. കോയമ്പത്തൂർ, മധുര, ഡിണ്ടിഗൽ, തിരുനെൽവേലി എന്നിവിടങ്ങളിൽ നിന്നാണ് കോഴിക്കോടേക്ക് തക്കാളി കൂടുതലായും എത്തുന്നത്. വടക്ക്-കിഴക്കൻ മൺസൂൺ ശക്തിപ്പെടുകയും വലിയ തോതിൽ കൃഷിനാശം ഉണ്ടായതുമാണ് തക്കാളിക്ക് ക്ഷാമം അനുഭവപ്പെട്ടതും വില കുത്തനെ കൂടാൻ കാരണമായതും. തക്കാളിക്കൊപ്പം സവാള, ബീൻസ്, വെള്ളരി, മത്തൻ എന്നിവയുടെ വില കുറഞ്ഞിട്ടുണ്ട്. കിലോ 50 വരെ പോയിരുന്ന സവാളയ്ക്ക് 40 രൂപയാണ് വിപണി വില. ബീൻസിന് കിലോ 80 ഉണ്ടായിരുന്നത് 30 രൂപയായി. വെള്ളരി കിലോ 18 രൂപയ്ക്കാണ് വിൽക്കുന്നത്. നേരത്തെ കിലോയ്ക്ക് 70 രൂപ വരെ പോയിരുന്നു.പൊതുവിപണിയിൽ തക്കാളി വില കുതിച്ചതോടെ വില പിടിച്ചുകെട്ടാൻ കൃഷി വകുപ്പ് വി.എഫ്.പി.സി.കെ, ഹോർട്ടി കോർപ്പ് എന്നിവയുടെ സംയുക്താഭിമുഖ്യത്തിൽ 'തക്കാളി വണ്ടി' പോലുള്ള സംവിധാനങ്ങൾ തുടങ്ങിയിരുന്നു. വീടുകളിൽ അടുക്കളത്തോട്ടവും വ്യാപകമായിരുന്നു.

## പശുവിനു ഫയർഫോഴ്സ് രക്ഷകരായി

**പേരാമ്പ്ര:** ചതുപ്പിൽ താണു പോയ പശുവിന് ഫയർഫോഴ്സ് രക്ഷകരായി. കായണ്ണ ബസാറിന് സമീപമുള്ള വയലിലെ ചതുപ്പിൽ താണു പോയ മണ്ണാൻ കണ്ടി മീത്തൽ മുഹമ്മദിന്റെ പശുവിനെയാണ് അഗ്നി രക്ഷാസേന രക്ഷപ്പെടുത്തിയത്. ചളിയും വെള്ളക്കെട്ടും നിറഞ്ഞ ചതുപ്പിൽ കഴുത്തോളം താണു പശു അപകടാവസ്ഥയിലായപ്പോൾ നാട്ടുകാർ ഫയർ സ്റ്റേഷനിൽ വിവരമറിയിക്കുകയായിരുന്നു. പേരാമ്പ്രയിൽ നിന്നുമെത്തിയ സേനാഗംങ്ങൾ നാട്ടുകാരുടെ സഹായത്തോടെ ഹോസ്ബെൽറ്റും റോപ്പും ഉപയോഗിച്ച് പശുവിനെ സുരക്ഷിതമായി കരയിലെത്തിച്ചു. സീനിയർ ഫയർ ഓഫീസർ കെ. ദിലീപിൻറെ നേതൃത്വത്തിൽ നടന്ന രക്ഷാ പ്രവർത്തനത്തിൽ എൻ.എം. ലതീഷ്, പി.ആർ. സത്യനാഥ്, കെ. അജേഷ്, എസ്.ആർ. സാരംഗ്, വി.കെ. ബാബു എന്നിവർ പങ്കാളികളായി.

## അറിയിപ്പ്



### അപേക്ഷ ക്ഷണിച്ചു

ദേശീയ നഗര ഉപജീവന മിഷൻ പ്രകാരം സുൽത്താൻ ബത്തേരി നഗരസഭയിൽ വിവിധ പദ്ധതി പ്രവർത്തനങ്ങൾ ഫീൽഡ് തലത്തിൽ നടപ്പിലാക്കുന്നതിന് കമ്മ്യൂണിറ്റി ഓർഗനൈസർമാരെ കരാർ അടിസ്ഥാനത്തിൽ നിയമിക്കുന്നതിന് അപേക്ഷ ക്ഷണിച്ചു. അപേക്ഷകർ സുൽത്താൻ ബത്തേരി നഗരസഭാ പരിധിയിലുള്ള കുടുംബശ്രീ കുടുംബാംഗങ്ങളായ വനിതകളായിരിക്കണം. അടിസ്ഥാന യോഗ്യത- പ്ലസ് ടു (കമ്പ്യൂട്ടർ പരിജ്ഞാനം അഭികാമ്യം). സാമൂഹ്യ വികസനവുമായി ബന്ധപ്പെട്ട മേഖലയിൽ 3 വർഷത്തെ പ്രവൃത്തി പരിചയമുണ്ടായിരിക്കണം. ഇംഗ്ലീഷ് ഭാഷ പ്രാവീണ്യം അധിക യോഗ്യതയായിരിക്കും. എസ്.ജെ.എസ്.ആർ.വൈ പദ്ധതിയിൽ സി.ഇ.ഒ മാരായി പ്രവൃത്തി പരിചയമുള്ളവർക്കു മുൻഗണന. പ്രായം 40 കവിയരുത്. മാസ ശമ്പളം 10000 രൂപ. വിലാസം: കുടുബശ്രീ ജില്ലാ മിഷൻ ഓഫീസ് പോപ്പുലർ ബിൽഡിംഗ് സിവിൽ സ്റ്റേഷന് എതിർവശം കൽപ്പറ്റ നോർത്ത്, പിൻ: 673 122. അപേക്ഷകൾ ജനുവരി 10 ന് വൈകീട്ട് 5 നുള്ളിൽ സമർപ്പിക്കം. ഫോൺ: 04936 206 589 , 04936 299370.

### ടെണ്ടർ ക്ഷണിച്ചു

മഹാത്മാ ഗാന്ധി ദേശീയഗ്രാമീണ തൊഴിലുറപ്പ് പദ്ധതി ജില്ലാ ഓഫീസിലേക്ക് 3 ലാപ്ടോപ്പും, ഒരു സ്കാനറും, ഒരു പ്രിന്ററും വിതരണം ചെയ്യുന്നതിനായി മത്സര സ്വഭാവമുള്ള ടെണ്ടർ ക്ഷണിച്ചു. ടെണ്ടറുകൾ മുദ്ര വെച്ച കവറിൽ ജനുവരി 10ന് ഉച്ചയ്ക്ക് 12ന് മുമ്പായി ഈ ഓഫീസിൽ ലഭ്യമാക്കേണ്ടതാണ്. അന്നേ ദിവസം 3ന് ടെണ്ടർ തുറക്കും. കൂടുതൽ വിവരങ്ങൾക്ക് പ്രവൃത്തി ദിവസങ്ങളിൽ ഓഫീസിൽ നേരിട്ട് ബന്ധപ്പെടുക. ഫോൺ: 04936 205959, 296959.

### അപേക്ഷിക്കാം

സംസ്ഥാന സർക്കാർ വനിതാ ശാക്തീകരണം, പട്ടികജാതി/ പട്ടികവർഗ്ഗ ക്ഷേമം എന്നീ ലക്ഷ്യങ്ങൾ മുന്നിൽ കണ്ട് 2021-22 സാമ്പത്തിക വർഷത്തിൽ വനിതകളുടെ സംവിധാനത്തിൽ രണ്ട് ഫീച്ചർ ഫിലിമും, പട്ടികജാതി/ പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെടുന്ന വ്യക്തികളുടെ സംവിധാനത്തിൽ രണ്ട് ഫീച്ചർ ഫിലിമും നിർമ്മിക്കുന്നു. കെ.എസ്.എഫ്.ഡി.സിക്കാണ് നിർമ്മാണ ചുമതല. സിനിമ സംവിധാനം ചെയ്യാൻ ആഗ്രഹിക്കുന്നവർ ജനുവരി 17ന് വൈകുന്നേരം അഞ്ച് മണിക്ക് മുമ്പ് കെ.എസ്.എഫ്.ഡി.സിയിൽ പ്രൊപ്പോസൽ സമർപ്പിക്കണം. ഇതിനകം പ്രൊപ്പോസൽ സമർപ്പിച്ചവർ വീണ്ടും പ്രൊപ്പോസൽ നൽകേണ്ടതില്ല. കൂടുതൽ വിവരങ്ങൾക്ക്: www.ksfdc.in.

### അപേക്ഷ ക്ഷണിച്ചു

സംസ്ഥാന പട്ടികജാതി പട്ടികവർഗ വികസന കോർപ്പറേഷൻ ദേശീയ പട്ടികജാതി പട്ടികവർഗ ധനകാര്യ വികസന കോർപ്പറേഷനുകളുടെ സഹായത്തോടെ നടപ്പിലാക്കുന്ന സ്വയം തൊഴിൽ പദ്ധതികൾ പ്രകാരം വായ്പ അനുവദിക്കുന്നതിനായി ജില്ലയിൽ നിന്നുള്ള പട്ടികവർഗ യുവതികളിൽ നിന്നും അപേക്ഷ ക്ഷണിച്ചു. 60,000 രൂപ മുതൽ 4,00,000 രൂപ വരെയാണ് സ്വയം തൊഴിൽ പദ്ധതി തുക. അപേക്ഷകർ തൊഴിൽ രഹിതരും 18നും 55നും ഇടയിൽ പ്രായമുള്ളവരും ആയിരിക്കണം. കുടുംബ വാർഷിക വരുമാനം 3,00,000 രൂപയിൽ കവിയരുത്. അനുവദനീയമായ വായ്പ തുക ഉപയോഗിച്ച് കൃഷി ഒഴികെ മറ്റേതൊരു സ്വയംതൊഴിൽ പദ്ധതിയിലും ഗുണഭോക്താവിന് ഏർപ്പെടാവുന്നതാണ്. വായ്പാതുക 7 ശതമാനം പലിശ സഹിതം 60 മാസ ഗഡുക്കളായാണ് തിരിച്ചടക്കേണ്ടത്. തിരഞ്ഞെടുക്കപ്പെടുന്ന ഗുണഭോക്താക്കൾ വായ്പയ്ക്ക് ഈടായി മതിയായ വസ്തു ജാമ്യം അല്ലെങ്കിൽ ഉദ്യോഗസ്ഥ ജാമ്യം ഹാജരാക്കേണ്ടതാണ്. താത്പ്പര്യമുള്ളവർ അപേക്ഷാ ഫോമിനും, വിശദ വിവരങ്ങൾക്കുമായി കൽപ്പറ്റ പിണങ്ങോട് റോഡ് ജംഗ്ഷനിൽ പ്രവർത്തിക്കുന്ന കോർപ്പറേഷന്റെ ജില്ലാ ഓഫീസുമായി ബന്ധപ്പെടണം. ഫോൺ: 04936 202869, 9400068512



# അവധിക്കാലത്ത് കുറുവ ദ്വീപിലെത്തിയത് പതിനായിരത്തിലധികം സഞ്ചാരികൾ

**മാനന്തവാടി:** അവധിക്കാലത്ത് കുറുവ ദ്വീപിലെത്തിയത് പതിനായിരത്തിലധികം സഞ്ചാരികൾ. വരുമാനയിനത്തിൽ ലഭിച്ചത് 10 ലക്ഷത്തോളം രൂപ. ഹൈക്കോടതിയുടെ ഇടക്കാല ഉത്തരവിനെ തുടർന്ന് 2019 മാർച്ച് 22നാണ് കുറുവ ദ്വീപിൽ സഞ്ചാരികൾക്ക് പ്രവേശനം നിരോധിച്ചത്. പ്രദേശവാസികളായ 38 ഓളം പേർ ചേർന്ന് നൽകിയ പൊതുതാത്പ്പര്യ ഹർജി പരിഗണിച്ച് കോടതിയുടെ നിർദേശപ്രകാരം നിയന്ത്രണങ്ങളോടെ 2021 ഒക്ടോബർ രണ്ട് മുതലാണ് വീണ്ടും ദ്വീപിൽ സഞ്ചാരികൾക്ക് പ്രവേശനം അനുവദിച്ച് തുടങ്ങിയത്. വനം വകുപ്പിൻറെ നിയന്ത്രണത്തിലുള്ള പാക്കം വഴിയും ,ഡി ടി പി സി നിയന്ത്രണത്തിലുള്ള പാൽ വെളിച്ചം വഴിയും പ്രതിദിനം 575 പേർക്ക് വീതമാണ് പ്രവേശനം. ക്രിസ്മസ് അവധി തുടങ്ങിയത് മുതൽ തന്നെ ഇരുഭാഗങ്ങളിലൂടെയുമുള്ള പ്രവേശന ടിക്കറ്റുകൾ 12 മണിയോടെ കഴിയുന്ന അവസ്ഥയുമായിരുന്നു. ഡിടിപിസി നിയന്ത്രണത്തിലുള്ള കൗണ്ടറിൽ അവധിക്കാലത്ത് 4,33,230യും വനം വകുപ്പ് കൗണ്ടറിൽ 4,91,000 രൂപയും വരുമാനമായി ലഭിച്ചു.ഡിടിപിസി കൗണ്ടറിൽ ജിഎസ്ടി ഉൾപ്പെടെ ഒരാൾക്ക് 89 രൂപയും വനം വകുപ്പ് കൗണ്ടറിൽ 97 രൂപയുമാണ് പ്രവേശന നിരക്കായി ഈടാക്കുന്നത്. രാവിലെ 9.30 മുതൽ വൈകുന്നേരം 3.30 വരെയാണ് പ്രവേശനം. ചങ്ങാട സവാരിക്കും ഇവിടെ ഏറെ പ്രിയമേറുകയാണ്. ക്രിസ്മസിന് ശേഷമുള്ള മൂന്ന് ദിവസങ്ങളിൽ മാത്രം ചങ്ങാട സവാരിയിൽ നിന്ന് ലഭിച്ചത് 79000 രുപയാണ്. 6 ചങ്ങാടങ്ങളാണ് സവാരിക്കായി ഡി ടി പി സി സജ്ജീകരിച്ചിട്ടുള്ളത്. രണ്ട് പേർക്ക് 150 രൂപയും 500 രൂപയുമായാണ് ടിക്കറ്റ് നിരക്കുകൾ. ദ്വീപിൻറ സൗന്ദര്യവും ചങ്ങാട സവാരിയും ആസ്വദിക്കാനുമായി അയൽ സംസ്ഥാനങ്ങളിൽ നിന്നുൾപ്പെടെ നിത്യേന നിരവധി പേരാണ് ദ്വീപ് സന്ദർശിക്കാനെത്തുന്നത്. അതേസമയം സഞ്ചാരികളുടെ എണ്ണത്തിൽ നിയന്ത്രണങ്ങൾ ഉള്ളതിനാൽ നൂറുകണക്കിനാളുകളാണ് ടിക്കറ്റ് ലഭിക്കാതെ നിരാശയോടെ മടങ്ങുന്നത്. ദ്വീപിൽ പ്രവേശിപ്പിക്കുന്നവരുടെ എണ്ണം വർധിപ്പിക്കാൻ നടപടി ഉണ്ടാകണമെന്നാണ് ആവശ്യം ഉയരുന്നത്.

# കൽപ്പറ്റയിൽ ശ്രീനാരായണ ഗുരുമന്ദിരം കുറ്റിയടിക്കൽ കർമ്മം നടത്തി

**കൽപ്പറ്റ :** എസ്.എൻ.ഡി.പി. യോഗം കൽപ്പറ്റ യൂണിയൻ നിർമ്മിക്കുന്ന ശ്രീനാരായണ ഗുരുമന്ദിരത്തിന്റെ കുറ്റിയടിക്കൽ കർമ്മം യൂണിയൻ പരിധിയിലുള്ള മുഴുവൻ ശാഖായോഗങ്ങളുടെ പ്രതിനിധികളുടെയും പോഷക സംഘടനകളായ വനിതാ സംഘങ്ങൾ, യൂത്ത് മൂവ്മെന്റ്, സൈബർ സേന എന്നിവയുടെ പ്രതിനിധികളുടെയും സാന്നിധ്യത്തിൽ നടന്നു. എസ്.എൻ.ഡി.യോഗം കൽപ്പറ്റ - യൂണിയൻ വനിതാസംഘം പ്രസിഡന്റ് പി.എൻ.പത്മിനി ടീച്ചർ കുറ്റിയടിക്കൽ കർമ്മം നടത്തി.ഇതോടനുബന്ധിച്ച് നടത്തിയ ഭൂമിപൂജക്ക് കെ.ആർ. ശിവദാസ് അയ്യർ മുഖ്യ കാർമ്മികത്വം വഹിച്ചു. ചടങ്ങിൽ ജില്ലാ മെഡിക്കൽ ഓഫീസർ (ഹോമിയോ) ഡോ. ശോഭ, മെഡിക്കൽ ഓഫീസർമാരായ ഡോ. സംഗീത, ഡോ. സോമി സോമൻ, കെ.ആർ. കൃഷ്ണൻ, എം. മോഹനൻ, സാജൻ പൊരുന്നിക്കൽ, ശ്രീദേവി ബാബു, പി.ബി.ശശിധരൻ, എം.പി.പ്രകാശൻ, മോഹനൻ കേളനാംതടത്തിൽ, ഗിരീഷ് ഗണപതിയിൽ, അരവിന്ദാക്ഷൻ മാസ്റ്റർ, എൻ. മണിയപ്പൻ, അനസൂയ രവി എന്നിവർ ആശംസകളർപ്പിച്ച് സംസാരിച്ചു. ദേശീയ പാതയോരത്ത് കുളത്തിനാൽ ഫാമിലി സംഭാവനയായി നൽകിയ സ്ഥലത്താണ് ഗുരുമന്ദിരം നിർമ്മിക്കുന്നത്



# പഴശ്ശിരാജ കോളേജിൽ അഗ്നിബാധ; ചങ്കിടിപ്പായി മോക്ഡ്രിൽ

**പുൽപ്പള്ളി :** കോളേജിന്റെ പുതിയ കെട്ടിടത്തിൽ തീ ആളിപ്പടരുന്നത് കണ്ട് അധ്യാപകരും വിദ്യാർഥികളും ഞെട്ടി. കെട്ടിടത്തിന്റെ ഉള്ളിൽ കുടുങ്ങിയ ഓരോരുത്തരെയും അഗ്നിരക്ഷാ സേനാംഗങ്ങൾ പുറത്തെത്തിച്ചു. ആ 25 മിനിറ്റിന്റെ ചങ്കിടിപ്പിനുശേഷമാണ് കാര്യം മനസ്സിലായത്.പഴശ്ശിരാജ കോളേജും സുൽത്താൻ ബത്തേരി അഗ്നിരക്ഷാ സേനയും സംഘടിപ്പിച്ച മോക് ഡ്രിൽ ആണ് സംഭവമെന്ന്. സ്റ്റേഷൻ ഓഫീസർ നിധീഷ് കുമാറിന്റെ നേതൃത്വത്തിൽ അസി. സ്റ്റേഷൻ ഓഫീസർ ഐ ജോസഫ്, സി ടി സൈദലവി, ഫയർ ആൻഡ് റെസ്ക്യൂ ഓഫീസർമാരായ കെ സിജു, എൻ എസ് അനൂപ്, കെ അജിൽ, സുജയ് ശങ്കർ, കീർത്തിക് കുമാർ, എം സുധീഷ്, സുഭാഷ്, സി ബേസിൽ ജോസ്, ഹോം ഗാർഡ് ഷിനോജ് ഫ്രാൻസിസ്, സിവിൽ ഡിഫൻസ് അംഗങ്ങളായ ദീപേഷ്, അസീസ്, സ്മിത, ഷിനി എന്നിവരും കോളേജ് പ്രിൻസിപ്പൽ ഉൾപ്പെടെ അധ്യാപകരും പങ്കെടുത്തു.

# സ്ത്രീവിരുദ്ധ പരാമർശം; പ്രതിക്കൂട്ടിലാവുന്നത് കോൺഗ്രസ് നേതൃത്വം

**കൽപ്പറ്റ :** സ്ത്രീവിരുദ്ധ പരാമർശം നടത്തിയതിന് വയനാട് ഡിസിസി പ്രസിഡന്റ് എൻ ഡി അപ്പച്ചനെതിരെ നിയമനടപടികളിലേക്ക് കോൺഗ്രസ് പ്രവർത്തക കടന്നതോടെ പ്രതിക്കൂട്ടിലാവുന്നത് കോൺഗ്രസ് നേതൃത്വം. കോൺഗ്രസിന്റെ സ്ത്രീവിരുദ്ധതയുടെ മറ്റൊരുദാഹരണമായി മാറുകയാണ് വെള്ളമുണ്ട സ്വദേശിനി വിജിതയെ അപമാനിച്ച സംഭവം. കോൺഗ്രസ് നേതൃത്വത്തിൽ നടന്ന അപമാനത്തിനെതിരെ മാനന്തവാടി പ്രസ്ക്ലബ്ബിൽ നടന്ന വാർത്താസമ്മേളനത്തിൽ ഗർഭിണിയായ യുവതി പൊട്ടിക്കരഞ്ഞാണ് തന്റെ ദുരനുഭവം വിവരിച്ചത്. കാണാൻ കൊണമില്ലാത്ത, ഗ്ലാമറില്ലാത്ത വ്യക്തിയെ മത്സരിപ്പിച്ചതിനാലാണ് തോറ്റത്'. കോൺഗ്രസ് പ്രവർത്തകയായ ആദിവാസി സ്ത്രീയെ അപമാനിച്ചുകൊണ്ടുള്ള വയനാട് ഡിസിസി പ്രസിഡന്റിന്റെ വാക്കുകൾ ഇങ്ങനെ പോവും. വെള്ളമുണ്ടയിൽ നടന്ന മണ്ഡലം കമ്മിറ്റി യോഗത്തിലാണ് തദ്ദേശ തെരഞ്ഞെടുപ്പിലെ തോൽവിയുടെ പേരിൽ യുവതിയെ അപമാനിച്ചത്. എന്നാൽ ഇതിനെതിരെ പരാതി നൽകിയപ്പോൾ യൂത്ത് കോൺഗ്രസ് മാനന്തവാടി നിയോജകമണ്ഡലം സെക്രട്ടറി കൂടിയായ വിജിത കൂടുതൽ അപമാനിതയാവുകയായിരുന്നു. സംഭവത്തിൽ ആദ്യം ജില്ലാ നേതൃത്വത്തിനും പിന്നീട് സംസ്ഥാന ദേശീയ നേതൃത്വത്തിനും പരാതി നൽകിയിട്ടും നീതി ലഭിച്ചില്ലെന്ന് യുവതി പറഞ്ഞു. തെളിവുകൾ സഹിതം പരാതിയുണ്ടായിട്ടും ദേശീയ നേതാക്കളായ രാഹുൽ ഗാന്ധി എംപി, താരീഖ് അൻവർ എന്നിവരടക്കമുള്ളവർ യുവതിയുടെ പരാതി അവഗണിക്കുകയായിരുന്നു. പ്രതിപക്ഷനേതാവിനും പരാതി അയച്ചിരുന്നു.ജില്ലയിൽ വന്നാൽ ആദിവാസിഷോ കാണിക്കുന്ന രാഹുൽഗാന്ധി ഉൾപ്പെടെയുള്ളവർ വനിതയായ ആദിവാസി സ്ത്രീ അപമാനിക്കപ്പെട്ട സംഭവത്തിൽ മൗനം പാലിക്കുന്നത് കോൺഗ്രസിന് നാണക്കേടാണെന്ന് കോൺഗ്രസ് പ്രവർത്തകർ തന്നെ പറയുന്നു. കെപിസിസി അംഗം മുഹമ്മദ് നിയാസ് യുവതിയെ കണ്ട് രണ്ട് ദിവസത്തിനകം സംഭവത്തിൽ നടപടിയുണ്ടാകുമെന്ന് ഉറപ്പുനൽകിയെന്ന് യുവതി വെളിപ്പെടുത്തി. ഇത് കോൺഗ്രസിനെ അലട്ടുന്നുണ്ട്. ഡിസിസി പ്രസിഡന്റ് എൻ ഡി അപ്പച്ചനെതിരെ യുവതി ഡിവൈഎസ്പിക്കും കേന്ദ്ര, സംസ്ഥാന പട്ടികജാതി-പട്ടികവർഗ കമീഷനും പരാതി നൽകിയതോടെ പൊലീസും മറ്റ് അന്വേഷക ഏജൻസികൾക്കും അപ്പച്ചനിൽനിന്ന് തെളിവെടുക്കേണ്ടിവരും. ഇതെല്ലാം കോൺഗ്രസിനെ പ്രതിരോധത്തിലാക്കും.

# ചർച്ചയിൽ വീണ്ടും കടമാൻതോട്, തൊണ്ടാർ പദ്ധതികൾ

**കൽപ്പറ്റ:** ബത്തേരി താലൂക്കിലെ പുൽപ്പള്ളി കടമാൻതോട്, മാനന്തവാടി താലൂക്കിലെ എടവക തൊണ്ടാർ ജലസേചന പദ്ധതികളെക്കുറിച്ചുള്ള ചർച്ച വയനാട്ടിൽ വീണ്ടും സജീവമായി. രണ്ടു പദ്ധതികളും ജനപിന്തുണയോടെ യാഥാർഥ്യമാക്കാൻ സർക്കാർ ആഗ്രഹിക്കുന്നുവെന്ന ജലവിഭവ മന്ത്രി റോഷി അഗസ്റ്റിൻറെ പ്രസ്താവനയോടു പരിസ്ഥിതി പ്രവർത്തകർ ശക്തമായി പ്രതികരിച്ചതാണ് ചർച്ചയ്ക്ക് ആധാരം. വർധിച്ച അളവിൽ വെള്ളം കെട്ടിനിർത്തുന്ന അണകൾക്കു പകരം ഇടത്തരം തടയണകളാണ് നിർമിക്കേണ്ടതെന്നു അഭിപ്രായമാണ് ജില്ലയിൽ പൊതുവെ ഉയരുന്നത്. കബനി സബ് ബേസിനിൽനിന്നു കേരളത്തിന് അനുവദിച്ചതിൽ 12 ടിഎംസി ഉപയോഗപ്പെടുത്തുന്നതിനു ജലവിഭവ വകുപ്പ് ആസൂത്രണം ചെയ്തതിൽ ഉൾപ്പെട്ടതാണ് കടമാൻതോട്, തൊണ്ടാർ പദ്ധതികൾ. നൂൽപ്പുഴ, ചുണ്ടാലി, കല്ലാപതി, ചേകാട്ട്, മഞ്ചാട്ട്, തിരുനെല്ലി, പെരിങ്ങോട്ടുപുഴ എന്നിവയാണ് മറ്റു പദ്ധതികൾ. തദ്ദേശവാസികളിൽ ഒരു വിഭാഗത്തിൻറെ എതിർപ്പുമൂലം ഈ പദ്ധതികളുടേയും പ്രവർത്തനങ്ങളുമായി മുന്നോട്ടുപോകാൻ ജലവിഭവ വകുപ്പിനു കഴിഞ്ഞിരുന്നില്ല. ഇതിനിടെയാണ് കടമാൻതോട്, തൊണ്ടാർ പദ്ധതികൾ ജനപിന്തുണയോടെ പൂർത്തിയാക്കാൻ സർക്കാർ ആഗ്രഹിക്കുന്നതായി ജലവിഭവ മന്ത്രി പറഞ്ഞത്. വയനാട്ടിൽ ജലസംഭരണത്തിന് കൂടുതൽ അണകൾ ആവശ്യമാണെന്നു അദ്ദേഹം വ്യക്തമാക്കുകയുമുണ്ടായി. 1990ൽ രൂപീകരിച്ച കാവേരി നദീജലതർക്ക ട്രിബ്യൂലിൻറെ 2007ലെ അന്തിമ വിധിയനുസരിച്ച് കബനി ജലത്തിൽ 21 ടിഎംസി വയനാടിനു അവകാശപ്പെട്ടതാണ്. ഇതിൽ ഏകദേശം ഒന്പതു ടിഎംസി വെള്ളമാണ് ബാണാസുര, കാരാപ്പുഴ അണകളിലടക്കം ജില്ലയിൽ ഉപയോഗപ്പെടുത്തുന്നത്. ബാക്കി ജലം കർണാടകയിലേക്കു ഒഴുകുകയാണ്. കബനിയിലൂടെ കർണാടകയിലേക്കു പ്രവഹിക്കുന്നതിൽ 0.697 ടിഎംസി വെള്ളം ഉപയോഗപ്പെടുത്തുകയാണ് കടമാൻതോട് പദ്ധതിയിലൂടെ ലക്ഷ്യമിടുന്നത്.എടവക പഞ്ചായത്തിലെ മൂളിത്തോടിനു കുറുകെയാണ് തൊണ്ടാർ പദ്ധതിക്കായി 205 മീറ്റർ നീളത്തിലും 8.5 മീറ്റർ ഉയരത്തിലും അണ നിർമിക്കേണ്ടത്. കടമാൻതോട്, തൊണ്ടാർ പദ്ധതികളെ അനുകൂലിച്ചും പ്രതികൂലിച്ചും ജനം രംഗത്തുണ്ട്. വേനൽക്കാലങ്ങളിൽ കടുത്ത ജലക്ഷാമത്തിൻറെ പിടിയിലമരുന്ന പുൽപ്പള്ളി, മുള്ളൻകൊല്ലി പഞ്ചായത്തുകളെ സംബന്ധിച്ചിടത്തോളം കടമാൻതോട് പദ്ധതി അനിവാര്യതയാണെന്ന അഭിപ്രായത്തിലാണ് ജനങ്ങളിൽ ഒരു വിഭാഗം. എന്നാൽ അണ നിർമിക്കുന്പോൾ വെള്ളത്തിനടിയിലാകുന്ന പ്രദേശങ്ങളിലുള്ളവർ പദ്ധതി അനുവദിക്കില്ലെന്ന നിലപാടിലാണ്. തൊണ്ടാർ പദ്ധതിയുമായി ബന്ധപ്പെട്ടും ജനം രണ്ടു തട്ടിലാണ്. ഇനിയും ഒരണക്കെട്ടുകൂടി താങ്ങാനുള്ള ശേഷി വയനാടിനു ഇല്ലെന്നാണ് ജില്ലയിലെ പരിസ്ഥിതി പ്രവർത്തകരുടെ അഭിപ്രായം. വയനാട്ടിൽ പുതിയ ജലപദ്ധതികളല്ല, കാർഷികസമൃദ്ധി നിലനിർത്താനുതകുന്ന ജലവിഭവ പുനരുജ്ജീവനമാണ് ആവശ്യമെന്നും വയനാട് പ്രകൃതി സംരക്ഷണ സമിതിയിലെ എൻ. ബാദുഷ, ബാബു മൈലന്പാടി, പി.എം. സുരരഷ്, തോമസ് അന്പലവയൽ, സണ്ണി മരക്കടവ്, സി.എ. ഗോപാലകൃഷ്ണൻ, എം. ഗംഗാധരൻ എന്നിവർ പറയുന്നു. കൃഷി വികസനത്തിന് വേണ്ടി അനേകായിരം കോടി രൂപ മുടക്കിയ ബാണാസുര, കാരാപ്പുഴ പദ്ധതികൾ ടൂറിസം വികസനത്തിലേക്ക് പരിമിതപ്പെടുത്തേണ്ട ദയനീയ അവസ്ഥയിൽനിന്നു സർക്കാരും വിദഗ്ധർ ചമയുന്നവരും പഠിക്കാം ഉൾക്കൊള്ളാത്തതു അദ്ഭുതകരമാണെന്ന വിമർശനവും പ്രകൃതി സംരക്ഷണ സമിതി നടത്തുന്നുണ്ട്.

# കെഎസ്ആർടിസി ബസിൽ നിന്നും കഞ്ചാവ് പിടികൂടി


**സുൽത്താൻ ബത്തേരി:** മുത്തങ്ങ എക്സൈസ് ചെക്ക് പോസ്റ്റിൽ വാഹന പരിശോധനയ്ക്കിടെ ആളില്ലാത്ത നിലയിൽ കെഎസ് ആർടിസി ബസിൽ നിന്നും കഞ്ചാവ് പിടികൂടി. ബാഗിൽ സൂക്ഷിച്ചിരുന്ന 1.100 കിലോഗ്രാം കഞ്ചാവാണ് ബസിൽ നിന്ന് കണ്ടെടുത്തത്. മൈസൂരുവിൽ നിന്നും പെരിന്തൽമണ്ണയിലേക്ക് പോകുന്ന കെഎസ്ആർടിസി ബസിൽ നിന്നുമാണ് കഞ്ചാവ് കണ്ടെടുത്തത്. സംഭവത്തിൽ എക്സൈസ് കേസെടുത്തു. എക്സൈസ് ഇൻസ്പെക്ടർ എ. പ്രജിത്തിൻറെ നേതൃത്വത്തിൽ പിഒമാരായ ബാബു മൃദുൽ, വി. സുരേഷ്, എ.സി. ചന്ദ്രൻ, സിഇഒ ജോബിഷ് എന്നിവർ ചേർന്നാണ് പരിശോധന നടത്തി കഞ്ചാവ് പിടികൂടിയത്.

WAYANAD

KANNUR

## അറിയിപ്പ്

### അപേക്ഷിക്കാം



കണ്ണൂർ ഗവ.എഞ്ചിനീയറിങ് കോളേജിലെ കണ്ടിന്യൂയിങ് എജുക്കേഷൻ സെന്ററിന് കീഴിൽ ഇലക്ട്രിക്കൽ ആന്റ് ഇലക്ട്രോണിക്സ് എഞ്ചിനീയറിങ് വിഭാഗം തുടങ്ങുന്ന സോളാർ ടെക്നീഷ്യൻ കോഴ്സിന് അപേക്ഷക്ഷണിച്ചു. എസ് എസ് എൽ സി, ഐ ടി ഐ, വയർമാൻ, ഇലക്ട്രീഷ്യൻ, കെ ജി സി ഇ, ഡിപ്ലോമ, ഇലക്ട്രിക്കൽ കോൺട്രാക്ടേഴ്സ് യോഗ്യതയുള്ളവർക്ക് അപേക്ഷിക്കാം. പത്ത് ദിവസത്തെ കോഴ്സിന് 4000 രൂപയാണ് ഫീസ്. അവധി ദിവസങ്ങളിലാണ് ക്ലാസ്. അപേക്ഷാ ഫോറം കോളേജിലെ കണ്ടിന്യൂയിങ് എജുക്കേഷൻ സെന്ററിൽ ലഭിക്കും. ജനുവരി 21ന് വൈകിട്ട് നാല് മണി വരെ അപേക്ഷ സ്വീകരിക്കും. ഫോൺ: 9446031710, 9446680061.

### തീയതി നീട്ടി

ഐഎച്ച്ആർഡി ആരംഭിക്കുന്ന വിവിധ കോഴ്സുകളിലേക്ക്അപേക്ഷിക്കാനുള്ള തീയതി ജനുവരി 15 വരെ നീട്ടി.പി.ജി ഡിപ്ലോമ ഇൻ കമ്പ്യൂട്ടർ ആപ്ലിക്കേഷൻസ് (പിജിഡിസിഎ), ഡാറ്റ എൻട്രി ടെക്നിക്സ് ആൻഡ് ഓഫീസ് ഓട്ടോമേഷൻ (ഡിഡിടിഒഎ), ഡിപ്ലോമ കമ്പ്യൂട്ടർ ആപ്ലിക്കേഷൻസ് (ഡിസിഎ), സർട്ടിഫിക്കറ്റ് കോഴ്സ് ഇൻ ലൈബ്രറി ആൻഡ് ഇൻഫർമേഷൻ സയൻസ് (സിസിഎൽഐഎസ്), ഡിപ്ലോമ ഇൻ കമ്പ്യൂട്ടറൈസ്ഡ് ഫിനാൻഷ്യൽ അക്കൗണ്ടിംഗ് (ഡിസിഎഫ്എ), പി.ജി ഡിപ്ലോമ ഇൻ സൈബർ ഫോറൻസിക്സ് ആൻഡ് സെക്യൂരിറ്റി (പിജിഡിസിഎഫ്), അഡ്വാൻസ്ഡ് ഡിപ്ലോമ ഇൻ ബയോമെഡിക്കൽ എൻജിനീയറിംഗ് (എഡിബിഎംഇ), ഡിപ്ലോമ ഇൻ ലോജിസ്റ്റിക്സ് ആൻഡ് സപ്ലൈ ചെയ്ൻ മാനേജ്മെൻറ് (ഡിഎൽഎസ്എം), പി.ജി ഡിപ്ലോമ ഇൻ എംബെഡഡ് സിസ്റ്റം ഡിസൈൻ (പിജിഡിഇഡി), സർട്ടിഫിക്കറ്റ് കോഴ്സ് ഇൻ കമ്പ്യൂട്ടർ നെറ്റ്വർക്ക് അഡ്മിനിസ്ട്രേഷൻ (സിസിഎൻഎ) എന്നിവയാണ് കോഴ്സുകൾ. കൂടുതൽ വിവരങ്ങൾക്ക് www.ihrd.ac.in എന്ന വെബ്സൈറ്റ് സന്ദർശിക്കുക.

### പ്രവേശനം ആരംഭിച്ചു

സ്റ്റേറ്റ് റിസോഴ്സ് സെന്റർ കേരളം എസ് ആർ സി കമ്മ്യൂണിറ്റി കോളേജ് ആരംഭിക്കുന്ന അക്യുപ്രഷർ ആന്റ് ഹോളിസ്റ്റിക് ഹെൽത്ത് കെയർ സർട്ടിഫിക്കറ്റ്, ഡിപ്ലോമ കോഴ്സുകളിലേക്ക് അപേക്ഷിക്കാം. സർട്ടിഫിക്കറ്റ് കോഴ്സിന് ആറുമാസവും ഡിപ്ലോമയ്ക്ക് ഒരു വർഷവുമാണ് കാലാവധി. എസ്എസ്എൽസി/പ്ലസ് ടു പാസായവർക്ക് അപേക്ഷിക്കാം. അപേക്ഷാ ഫോറം തിരുവനന്തപുരത്ത് നന്ദാവനം പോലീസ് ക്യാമ്പിന് സമീപം പ്രവർത്തിക്കുന്ന എസ്ആർസി ഓഫീസിലും www.srccc.in എന്ന വെബ്സൈറ്റിലും ലഭിക്കും. അപേക്ഷ ലഭിക്കേണ്ട അവസാന തീയതി ജനുവരി 15. വിലാസം: ഡയറക്ടർ, സ്റ്റേറ്റ് റിസോഴ്സ് സെന്റർ, നന്ദാവനം, വികാസ് ഭവൻ പി ഒ, തിരുവനന്തപുരം-33. ഫോൺ: 04971 2325102. കൂടുതൽ വിവരങ്ങൾക്ക് ഹിമാലയ ഹെറിറ്റേജ് റിസർച്ച് അക്കാദമി ഓഫ് ട്രഡീഷണൽ ഹീലിങ്: 9447126919, അക്കാദമി ആന്റ് ടെക്നിക്കൽ എഡ്യുക്കേഷൻ സൊസൈറ്റി: 8714449000, ക്രിയേറ്റീവ് എർത്ത് മൈൻഡ് കെയർ, യോഗ ആന്റ് അക്യുകെയർ ഇൻസ്റ്റിറ്റ്യൂട്ട് ഫോർ ട്രഡീഷണൽ ഹീലിങ് ആന്റ് റിസർച്ച്: 6282880280, 9496233868. സ്ഥിതി യോഗ സെന്റർ: 9495213775.

### തീയതി നീട്ടി

ഐഎച്ച്ആർഡി ആരംഭിക്കുന്ന വിവിധ കോഴ്സുകളിലേക്ക്അപേക്ഷിക്കാനുള്ള തീയതി ജനുവരി 15 വരെ നീട്ടി.പി.ജി ഡിപ്ലോമ ഇൻ കമ്പ്യൂട്ടർ ആപ്ലിക്കേഷൻസ് (പിജിഡിസിഎ), ഡാറ്റ എൻട്രി ടെക്നിക്സ് ആൻഡ് ഓഫീസ് ഓട്ടോമേഷൻ (ഡിഡിടിഒഎ), ഡിപ്ലോമ കമ്പ്യൂട്ടർ ആപ്ലിക്കേഷൻസ് (ഡിസിഎ), സർട്ടിഫിക്കറ്റ് കോഴ്സ് ഇൻ ലൈബ്രറി ആൻഡ് ഇൻഫർമേഷൻ സയൻസ് (സിസിഎൽഐഎസ്), ഡിപ്ലോമ ഇൻ കമ്പ്യൂട്ടറൈസ്ഡ് ഫിനാൻഷ്യൽ അക്കൗണ്ടിംഗ് (ഡിസിഎഫ്എ), പി.ജി ഡിപ്ലോമ ഇൻ സൈബർ ഫോറൻസിക്സ് ആൻഡ് സെക്യൂരിറ്റി (പിജിഡിസിഎഫ്), അഡ്വാൻസ്ഡ് ഡിപ്ലോമ ഇൻ ബയോമെഡിക്കൽ എൻജിനീയറിംഗ് (എഡിബിഎംഇ), ഡിപ്ലോമ ഇൻ ലോജിസ്റ്റിക്സ് ആൻഡ് സപ്ലൈ ചെയ്ൻ മാനേജ്മെൻറ് (ഡിഎൽഎസ്എം), പി.ജി ഡിപ്ലോമ ഇൻ എംബെഡഡ് സിസ്റ്റം ഡിസൈൻ (പിജിഡിഇഡി), സർട്ടിഫിക്കറ്റ് കോഴ്സ് ഇൻ കമ്പ്യൂട്ടർ നെറ്റ്വർക്ക് അഡ്മിനിസ്ട്രേഷൻ (സിസിഎൻഎ) എന്നിവയാണ് കോഴ്സുകൾ. കൂടുതൽ വിവരങ്ങൾക്ക് oww.ihrd.ac.in എന്ന വെബ്സൈറ്റ് സന്ദർശിക്കുക.



# കുടക് ജില്ലയിൽ വാരന്ത്യ കർഫ്യു പുനസ്ഥാപിച്ചു : മാക്കൂട്ടം ചുരം വഴിയുള്ള യാത്രാനിയന്ത്രണം 19 വരെ നീട്ടി

**ഇരിട്ടി :** ഒമിക്രോൺ വ്യാപന പശ്ചാത്തലത്തിൽ കുടക് ജില്ലയിൽ നിലവിലുള്ള യാത്രാ നിയന്ത്രണം അതേ പടി തുടരുന്നതോടൊപ്പം വാരന്ത്യ കർഫ്യു പുനസ്ഥാപിച്ചു. മാക്കുട്ടം ചുരം പാതവഴി കർണ്ണാടകത്തിലേക്ക് പ്രവേശിക്കുന്നതിന് ആർടിപിസിആർ നിർബന്ധമാക്കിക്കൊണ്ടുള്ള ഉത്തരവ് 19 വരെ നീട്ടി. ഇതോടെ കുടകിൽ നിലനിൽക്കുന്ന നിയന്ത്രണങ്ങൾ 180 ദിവസം പിന്നിട്ടു. നേരത്തെ ഇറക്കിയ നിയന്ത്രണ ഉത്തരവിന്റെ കാലാവധി അഞ്ചിന് അവസാനിച്ചിരുന്നു. വെള്ളിയാഴ്ച്ച രാത്രി 10മണിമുതൽ തിങ്കളാഴ്ച്ച പുലർച്ചെ അഞ്ചുമണിവരെയാണ് കർഫ്യു. ചുരം പാത വഴി കുടകിലേക്ക് പ്രവേശിക്കുന്നതിന് വ്യക്തികൾക്ക് 72 മണിക്കൂറിനുള്ളിൽ എടുത്ത ആർടിപിസിആർ കോവിഡില്ലാ സർട്ടിഫിക്കറ്റും ചരക്ക് വാഹന തൊഴിലാളികൾക്ക് ഏഴുദിവസത്തിനുള്ളിൽ എടുത്ത സർട്ടിഫിക്കറ്റും നിർബന്ധമാക്കിയ നടപടി അതേപടി തുടരാനാണ് തീരുമാനം. ഒമിക്രോൺ രോഗികളുടെ എണ്ണം വർധിച്ചതോടെ മതപരമായ ചടങ്ങളുകൾ ഉൾപ്പെടെ ആളുകൾ കൂടുന്ന എല്ലാ പരിപാടികൾക്കും നിയന്ത്രണം ഏർപ്പെടുത്തി.കുടക് ജില്ലയിൽ രോഗികളുടെ എണ്ണം ഒരു ശതമാനത്തിലും താഴെയാണ്. അതുകൊണ്ട് തന്നെ മുഖാവരണം ഉൾപ്പെടെയുള്ള നിയന്ത്രണങ്ങളിൽ കർശന നിയന്ത്രണം ഉണ്ടായിരുന്നില്ല. പാർക്കുകളും സഞ്ചാര കേന്ദ്രങ്ങളുമൊക്കെ സജീവമായിക്കൊണ്ടിരിക്കുന്നതിനിടെയാണ് വീണ്ടും രോഗവ്യാപന സാധ്യത റിപ്പോർട്ട് ചെയ്തിരിക്കുന്നത്. മുഖാവരണം ഉൾപ്പെടെ കർശനമാക്കാനുള്ള നടപടികളും ആരംഭിച്ചിട്ടുണ്ട്. മാക്കൂട്ടം അതിർത്തിയിൽ നിലവിലുള്ള പരിശോധന ശക്തമാക്കി. ആർ ടി പി സി ആർ പരിശോധനാ റിപ്പോർട്ട് ഇല്ലാത്തവരെ കടത്തിവിട്ട പോലീസ് ഉദ്യോഗസ്ഥർക്കെതിരെ കഴിഞ്ഞ ദിവസം നടപടിയുണ്ടായി. ചെക്ക് പോസ്റ്റിൽ സ്ഥാപിച്ച നിരീക്ഷണ ക്യാമറ പരിശോധിച്ചതിൽ നിന്നും പണം വാങ്ങി ചിലരെ കടത്തി വിടുന്നതായുള്ള പരാതിയിൽ കഴമ്പുണ്ടെന്ന് കണ്ടതിനെ തുടർന്നാണ് നടപടി.

## അപകടത്തിൽപ്പെട്ട കാറിൽ നിന്നും എംഡിഎംഎ യുമായി യുവാവിനെ പോലീസ് പിടികൂടി

**പയ്യന്നൂർ:** വാഹന അപകടത്തിൽ കാർ കസ്റ്റഡിയിലെടുത്ത പോലീസ് പരിശോധനയിൽ മയക്കുമരുന്ന് കേസിലെ മുൻ പ്രതിയെ മാരക ലഹരി മരുന്നായ എം.ഡി.എം.എ.യുമായി പോലീസ് പിടികൂടി. ഏഴോം നെരുവമ്പ്രം ചെങ്ങലിലെ നസീമ മൻസിലിൽ മുഹമ്മദ് ജിഷാനെ(32)യാണ് പയ്യന്നൂർ പോലീസ് ഇൻസ്പെക്ടർ മഹേഷ് കെ.നായരും സംഘവും അറസ്റ്റ് ചെയ്തത്.ഇന്നലെ ഉച്ചയോടെ പെരുമ്പലത്തീഫിയ്യ സ്കൂളിന് സമീപം വെച്ചായിരുന്നു മറ്റൊരു കാറുമായി കൂട്ടിയിടിച്ച് അപകടമുണ്ടായത്.വിവരമറിഞ്ഞെത്തിയ പോലീസ് കാർ കസ്റ്റഡിയിലെടുത്തു രേഖകൾ പരിശോധിച്ചപ്പോൾ ആർസിയിൽ നീല കളറായി രേഖപ്പെടുത്തിയിരുന്ന കാർ ചുകന്ന നിറത്തിലാക്കി മാറ്റിയതായി കണ്ടെത്തി. തുടർന്ന് കാറിന്റെ യഥാർഥ ഉടമയെ പോലീസ് സ്റ്റേഷനിലേക്ക് വിളിച്ചു വരുത്തുകയും കാർ പരിശോധിച്ചപ്പോഴാണ് സ്റ്റിയറിംങ്ങിന് സമീപം രഹസ്യ അറയുണ്ടാക്കി വില്പനക്കായി സൂക്ഷിച്ച മാരക ലഹരി മരുന്നായ രണ്ടുഗ്രാം എംഡിഎംഎ കണ്ടെത്തിയത്. രാത്രിയോടെ മയക്കുമരുന്നുമായി മുഹമ്മദ് ജിഷാനെ പോലീസ് അറസ്റ്റു ചെയ്തു. മാസങ്ങൾക്ക് മുമ്പ് ലഹരി മരുന്നുമായി എക്സൈസ് സംഘം പയ്യന്നൂരിൽ വെച്ച് ഇയാളെ പിടികൂടിയിരുന്നു.

## ഉറങ്ങിക്കിടക്കുകയായിരുന്ന വീട്ടമ്മയുടെ മാല കവർന്നു

**തളിപ്പറമ്പ:** ഉറങ്ങിക്കിടക്കുകയായിരുന്ന വിട്ടമ്മയുടെ നാലരപ്പവന്റെ സ്വർണ്ണമാല കവർന്നു. തൃച്ചംബരം ഇലത്താളം വയലിലെ കെ.വി ഗോപാലകൃഷ്ണന്റെ ഭാര്യ സാവിത്രിയുടെ മാലയാണ് മോഷ്ടാവ് കവർന്നത്. ഇന്ന് പുലർച്ചെ എഴുന്നേറ്റപ്പോൾ മാല കാണാത്തതിനെ തുടർന്ന് തിരയുന്നതിനിടെ അടുക്കള വാതിൽ തുറന്ന നിലയിൽ കാണുകയായിരുന്നു വാതിലിന്റെ കൊളുത്ത് തകർത്തിട്ടുണ്ട്. ഇതു വഴി വന്ന മോഷ്ടാവ് മാലയുമായി രക്ഷപ്പെടുകയായിരുന്നു എന്നാണ് സൂചന. തൊട്ടടുത്ത കെ.വി കരുണാകരൻ നമ്പ്യാരുടെ വീടിന്റെ അടുക്കള ഭാഗത്തെ വാതിൽ തകർത്തിട്ടുണ്ട്.

## അക്ഷരങ്ങൾ വെളിച്ചമാകും

**കണ്ണൂർ :** മലയാളവും ഇംഗ്ലീഷും ഹിന്ദിയും ഫ്രഞ്ചും മാത്രമല്ല ഈ ലാംഗ്വേജ് ലാബിൽ ഇനി വാക്കുകളായി ചിറകുതേടുക. കാണാത്ത ലോകത്തെ അക്ഷരങ്ങളും വാക്കുകളും ഇനിയിവരിൽ വെളിച്ചമായി നിറയും. വളരുന്നിടത്തോളം ഈ വെളിച്ചം അവരുടെ കൈപിടിക്കും. തളിപ്പറമ്പ് നോർത്ത് ബിആർസിയുടെ ഭാഗമായ ലാംഗ്വേജ് ലാബിലാണ് കാഴ്ച പരിമിതിയുള്ള കുട്ടികൾക്ക് ബ്രെയിൽ ലിപിയിൽ പരിശീലനം തുടങ്ങിയത്. ബ്രെയിൽ ലിപിയുടെ ഉപജ്ഞാതാവ് ലൂയി ബ്രെയിലിന്റെ ജന്മദിനാഘോഷത്തോടനുബന്ധിച്ചാണ് തളിപ്പറമ്പ് നോർത്ത് ഉപജില്ലയിലെ കാഴ്ച പരിമിതിയുള്ള കുട്ടികൾക്കായി പരിശീലനപദ്ധതി ആരംഭിച്ചത്. ബുധൻ, ശനി ദിവസങ്ങളിലാണ് നിലവിൽ ഒമ്പതുകുട്ടികൾക്ക് പ്രത്യേക പരിശീലനം നൽകുന്നത്. സംസ്ഥാനത്ത് തന്നെ ആദ്യമാണിത്. ബിആർസിയിലെ സ്പെഷ്യൽ എഡ്യുക്കേറ്ററായ പി വിനോദ് കുമാറാണ് കുട്ടികൾക്ക് ബ്രെയിൽ ലിപി പഠിപ്പിക്കുന്നത്. നെല്ലിപ്പറമ്പ് സ്വദേശിയായ വിനോദ് കുമാർ കാഴ്ച പരിമിതി മറികടന്നാണ് സ്പെഷ്യൽ എഡ്യുക്കേറ്ററായത്. മൊബിലിറ്റി പരിശീലനവും 'വാക്ക് വെളിച്ചം' എന്ന പഠനപദ്ധതിയുടെ ഭാഗമായുണ്ട്. ലാംഗ്വേജ് ലാബിലെ വഴിയിലുള്ള പടികൾ കയറുന്നതും മറ്റും ഇവർക്ക് ചലനത്തിനാവശ്യമായ പരിശീലനമായി രൂപപ്പെടുത്തും. ചെസ് പരിശീലനവും ഉൾപ്പെടുത്തിയിട്ടുണ്ട്. കുട്ടികൾക്കൊപ്പമെത്തുന്ന രക്ഷിതാക്കൾക്കും ലഭ്യമാകുന്ന രീതിയിലാണ് പരിശീലനം.പരിശീലനത്തിനെത്തുന്ന കുട്ടികൾക്ക് ഉയർന്ന ക്ലാസുകളിലെത്തുന്നതുവരെ തുടർ പരിശീലനവും ലഭ്യമാക്കുന്ന രീതിയിലാണ് പരിപാടി. പരിശീലന ദിവസങ്ങളിൽ ഭക്ഷണവും നൽകുന്നുണ്ട്. എസ്എസ്കെ ജില്ലാ പ്രോഗ്രാം ഓഫീസർ ഡോ. രമേശൻ കടൂർ ഉദ്ഘാടനംചെയ്തു. എസ് പി രമേശൻ, എ പ്രേംജി തുടങ്ങിയവർ പങ്കെടുത്തു.

## തലശ്ശേരി–കുടക് റോഡ് ദേശീയപാതയാക്കണം



**തലശ്ശേരി :** തലശ്ശേരി-കുടക് റോഡ് ദേശീയപാതയായി ഉയർത്തണമെന്ന് നിർമാണമേഖലയിൽ പ്രവർത്തിക്കുന്ന സാങ്കേതികവിദഗ്ധരുടെ സംഘടന റെൻസ്ഫെഡ് ജില്ലാ കൺവെൻഷൻ ആവശ്യപ്പെട്ടു. എ.എൻ. ഷംസീർ എം.എൽ.എ. ഉദ്ഘാടനം ചെയ്തു. ജില്ലാ പ്രസിഡൻറ് കെ.പി. പ്രദീപ് കുമാർ അധ്യക്ഷനായി. നഗരസഭ ചെയർപേഴ്സൺ കെ.എം. ജമുനാറാണി മുഖ്യാതിഥിയായി. ഷിനു ചൊവ്വയെ അനുമോദിച്ചു. പി.വി. അനീസ്, ടി.കെ. മുഹമ്മദ് നസീം എന്നിവർ സംസാരിച്ചു. സംഘടന സെക്ഷൻ സംസ്ഥാന പ്രസിഡന്റ് കെ. മനോജ് ഉദ്ഘാടനം ചെയ്തു.കെ. രഞ്ജിത്ത്, പി.പി. വിജു, എ. അബ്ദുൾ സലാം, പി.ജി. ജിയേഷ്, ടി.സി.വി. പ്രദീപകുമാർ, വി. രജിന, ടി.പി. മനോജ്, പി. ദീപക് കുമാർ, വിഷ്ണുപ്രസാദ്, കെ.ഇ. അനിൽകുമാർ, വി.വി. സന്തോഷ്, പി.പി. സതീഷ് കുമാർ, എം.വി. സ്മിത എന്നിവർ സംസാരിച്ചു. അബ്ദുൾ മുനീർ ക്ലാസെടുത്തു.

## തോട് നവീകരണത്തിന് 10.41 കോടിയുടെ ഭരണാനുമതി

**മട്ടന്നൂർ :** കണ്ണൂർ വിമാനത്താവളത്തിനോടനുബന്ധിച്ച് കൊതേരി, കാര തോടുകളുടെ നവീകരണത്തിന് 10.41 കോടിയുടെ ഭരണാനുമതി. കെ കെ ശൈലജ എംഎൽഎയുടെ ഇടപെടലിനെതുടർന്നാണ് നടപടി. തോടുകൾ വീതികൂട്ടി നവീകരിക്കുന്നതിനും, ഓവുചാലുകൾ നിർമിക്കുന്നതിനും, ജനവാസകേന്ദ്രങ്ങളിൽ തോടിന് മുകളിൽ സ്ലാബിട്ട് യാത്രായോഗ്യമാക്കുന്നതിനുമാണ് തുക അനുവദിച്ചത്. കണ്ണൂർ വിമാനത്താവളത്തിന് ചുറ്റും ചെറുകിട ജലസേചനവിഭാഗം 16 ഓവുചാലുകൾ പൂർത്തികരിച്ചിട്ടുണ്ട്. ഇതിന് 49.59 കോടി രൂപയുടെ ഭരണാനുമതി 2017 ഫെബ്രുവരിയിൽ ലഭിച്ചിരുന്നു. നാല് പുതിയ ഓവുചാലുകളും പൂർത്തിയായ ഓവുചാലുകൾക്ക് മുകളിൽ സ്ളാബ് നിർമിക്കുന്നതിനുമാണ് ഇപ്പോൾ ഭരണാനുമതി ലഭിച്ചത്. പുതുതായി ഭരണാനുമതി ലഭിച്ച പ്രവൃത്തി ഊരാളുങ്കൽ സൊസൈറ്റിയെ ഏൽപ്പിച്ചുകൊണ്ട് സർക്കാർ ഉത്തരവിറക്കി. വിമാനത്താവളം പ്രദേശത്തെ ജനങ്ങളുടെ ഏറെനാളത്തെ ആവശ്യങ്ങൾക്കും യാത്രാ ദുരിതത്തിനുമാണ് ഇതോടെ അറുതിയാവുന്നത്. തോടുകൾക്ക് വീതി കുറവായതിനാൽ സമീപ പ്രദേശങ്ങളിലെ വീടുകളിലേക്കും കൃഷിയിടങ്ങളിലേക്കും വെള്ളവും ചെളിയും കയറുന്നതിനും കൃഷി നശിക്കുന്നതിനും ഇതോടെ ശാശ്വത പരിഹാരമാവും.

## കണ്ണൂർ കോട്ട വീണ്ടും പ്രകാശം പരത്തും

**കണ്ണൂർ :**കോട്ടയിലെ ലൈറ്റ് ആൻഡ് സൗണ്ട് ഷോ പുനരാരംഭിക്കുന്നു. ജനുവരി ഒമ്പതിന് ലൈറ്റ് ആൻഡ് സൗണ്ട് ഷോയുടെ ട്രയൽ നടക്കുമെന്ന് ഡി.ടി.പി.സി അധികൃതർ അറിയിച്ചു. ട്രയൽ വിജയകരമായാൽ ഒരുമാസത്തിനകം ഷോ പൂർണതോതിൽ പുനരാരംഭിക്കുമെന്ന് അധികൃതർ അറിയിച്ചു. അഴിമതിയുടെ പേരിൽ വിജിലൻസ് അന്വേഷണം നേരിടുന്നതിനിടെയാണ് ലൈറ്റ് ആൻഡ് സൗണ്ട് ഷോ പുനരാരംഭിക്കാനുള്ള നീക്കവുമായി ഡി.ടി.പി.സി രംഗത്തെത്തിയത്.ബംഗളൂരു ആസ്ഥാനമായുള്ള ക്രാഫ്റ്റ് ലൈറ്റ് എന്ന സ്വകാര്യ കമ്പനിയാണ് ലൈറ്റ് ആൻഡ് സൗണ്ട് സംവിധാനത്തിൻറെ അറ്റകുറ്റപ്പണി പൂർത്തിയാക്കിയത്. രാമചന്ദ്രൻ കടന്നപ്പള്ളി എം.എൽ.എയുടെ നിർദേശത്തിന് പിന്നാലെയാണ്, പ്രവൃത്തി ഏകദേശം പൂർത്തിയായതായും ഒമ്പതിന് ട്രയൽറൺ നടത്തുമെന്നും ഡി.ടി.പി.സി അറിയിച്ചത്.

## മയക്കുമരുന്നുമായി 5 പേർ പിടിയിൽ



**തലശേരി :** മയക്കുമരുന്നുമായി അഞ്ചുപേരെ ഹോട്ടൽ മുറിയിൽ നിന്ന് പിടികൂടി. ഓടിരക്ഷപ്പെടുന്നതിനിടെ പരിക്കേറ്റ യുവാവ് സ്വകാര്യ ആശുപത്രിയിൽ ചികിത്സയിൽ. ഈങ്ങയിൽപീടിക ഷബ്നാസിൽ പി പി മുഹമ്മദ് ഫായിസ് (19), കൂളിബസാർ മർവയിൽ മുഹമ്മദ് സിദാൻ റാഫ് (20), കൂളിബസാർ ഞാലിൽ ഹൗസിൽ ജെബിൻ സിറാബ് (20), കൂളിബസാർ റിയ മൻസിലിൽ മുഹമ്മദ് റാഹിൽ (19) എന്നിവരാണ് അറസ്റ്റിലായത്. രക്ഷപ്പെടാൻ ശ്രമിക്കുന്നതിനിടെ പരിക്കേറ്റ മുഴപ്പിലങ്ങാട്ടെ അർഷാദ് സ്വകാര്യ ആശുപത്രിയിൽ ചികിത്സയിലാണ്. കോടതി പരിസരത്തെ ഹോട്ടൽമുറിയിൽ പൊലീസും സ്പെഷ്യൽ സ്ക്വാഡും നടത്തിയ പരിശോധനയിലാണ് എംഡിഎംഎയുമായി പിടിയിലായത്. ഇവർ മയക്കുമരുന്ന് ഉപയോഗിക്കുകയും മറ്റുള്ളവർക്ക് എത്തിച്ച് കൊടുക്കുന്നവരുമാണ്. ഇവരിൽ നിന്ന് 2.040 ഗ്രാം എംഡിഎംഎ കണ്ടെടുത്തിട്ടുണ്ട്. എസ് ഐ ആർ മനു, അരുൺ, രാജീവൻ വളയം, കെ സുധീഷ് എന്നിവരുടെ നേതൃത്വത്തിലായിരുന്നു പരിശോധന.

## പൊലീസ് സ്റ്റേഷൻ പ്രവൃത്തിക്കെത്തിയ തൊഴിലാളി കവർച്ചക്കിരയായി

**തളിപ്പറമ്പ്:** പൊലീസ് സ്റ്റേഷന്റെ നിർമ്മാണ പ്രവർത്തനങ്ങൾക്കെത്തിയ തൊഴിലാളികളുടെ പേഴ്സും രണ്ട് മൊബൈൽ ഫോണുകളും മോഷ്ടാക്കൾ കവർന്നു. പരിയാരം പൊലീസ് സ്റ്റേഷന്റെ പുതിയ ബിൽഡിംഗിന്റെ ഇലക്ട്രിക്കൽ പണിക്ക് എത്തിയ തൊഴിലാളിയാണ് കവർച്ചയ്ക്കിരയായത്.തൊഴിലാളികൾ ഉച്ചക്ക് ഭക്ഷണം കഴിച്ചുകൊണ്ടിരിക്കെയായിരുന്നു കവർച്ച. അഴിച്ച് വച്ച വസ്ത്രത്തിന്റെ പോക്കറ്റിൽ നിന്നും പേഴ്സ് ആണ് കവർന്നത്. ഇതിൽ രണ്ടായിരത്തോളം രൂപയുണ്ടായിരുന്നു. പേഴ്സിൽ ഉണ്ടായിരുന്ന സ്കൂട്ടറിന്റെ താക്കോലെടുത്ത് ഡിക്കി തുറന്ന് അതിനകത്ത് സൂക്ഷിച്ച മൊബൈൽ ഫോണുകളും മോഷ്ടിച്ചത്. തൊഴിലാളികൾ പരിയാരം സ്റ്റേഷനിൽ പരാതി നൽകിയിട്ടുണ്ട്. മോഷ്ടാവിനെ കണ്ടെത്താൻ അന്വേഷണമാരംഭിച്ചു. നിരവധി തൊഴിലാളികളാണ് ഇവിടെ ജോലിചെയ്തുവരുന്നത്.

## അറിയിപ്പ്

### അപേക്ഷിക്കാം

സംസ്ഥാന അസംഘടിത തൊഴിലാളി സാമൂഹ്യ സുരക്ഷാ ബോർഡിൽ അംഗങ്ങളായവരുടെ മക്കൾക്ക് 2021-22 വർഷത്തെ വിദ്യാഭ്യാസ ആനുകൂല്യത്തിന് അപേക്ഷിക്കാനുള്ള തീയതി 2022 ജനുവരി 31 വരെ നീട്ടി. ഫോൺ: 0497 2970272

### പരിശീലനം

പട്ടികജാതി വികസന വകുപ്പിന്റെ നേതൃത്വത്തിൽ ജില്ലയിലെ പട്ടികജാതി വിഭാഗത്തിൽപ്പെട്ട യുവജനങ്ങൾക്ക് മൂന്നു മാസത്തെ സൗജന്യ ഡ്രൈവിംഗ് പരിശീലനം നൽകുന്നു. കാസർകോട് വിദ്യാനഗറിലുള്ള ഗവ.ഐ.ടി.ഐയിലാണ് പരിശീലനം. പരിശീലനകാലയളവിൽ പഠിതാക്കൾക്ക് സ്റ്റൈപെൻഡ് നൽകും. താല്പര്യമുള്ളവർ ജാതി, വരുമാനം ,വയസ്സ്, വിദ്യാഭ്യാസ യോഗ്യത തെളിയിക്കുന്ന സർട്ടിഫിക്കറ്റുകളും റേഷൻകാർഡ്, ആധാർകാർഡ്, സ്കൂൾ സർട്ടിഫിക്കറ്റുകൾ എന്നിവയും പകർപ്പുകളും സഹിതം ജനുവരി ആറിന് രാവിലെ 10 ന് വദ്യാനഗറിലുള്ള ഗവ. ഐടിഐ യിൽ എത്തണം. ഫോൺ : 04994256440

### അപേക്ഷാ തീയതി നീട്ടി

ഐ.എച്ച്.ആർ.ഡിയുടെ ആഭിമുഖ്യത്തിൽ ആരംഭിക്കുന്ന വിവിധ കോഴ്സുകൾക്ക് അപേക്ഷിക്കുവാനുള്ള തീയതി ജനുവരി 15 വരെ നീട്ടി. കോഴ്സ് സംബന്ധമായ വിവരങ്ങൾളും അപേക്ഷാ ഫോമും **www.ihrd.ac.in** ൽ ലഭിക്കും.

### പരിശീലന ക്യാമ്പ്

പുതിയ സംരംഭം ആരംഭിക്കാൻ ഉദ്ദേശിക്കുന്ന പ്രവാസികൾക്കും വിദേശത്തു നിന്ന് തിരിച്ചെത്തിയവർക്കുമായി നോർക്ക ബിസിനസ്സ് ഫെസിലിറ്റേഷൻ സെന്റർ മലബാർ മേഖലയിൽ ഏകദിന പരിശീലന പരിപാടി നടത്തും. ജനുവരി 24ന് കോഴിക്കോട് നടക്കുന്ന പരിപാടിയിൽ പാലക്കാട് മുതൽ കാസർകോട് വരെ ജില്ലകളിലുള്ളവർക്ക് പങ്കെടുക്കാം. ജനുവരി 15 വരെ നോർക്ക ബിസിനസ്സ് ഫെസിലിറ്റേഷൻ സെന്ററിൽ സൗജന്യമായി രജിസ്റ്റർ ചെയ്യണം. ഫോൺ- 0471 2770534 ഇ-മെയിൽ **nbfc.coordinator@gmail.com**

### അപേക്ഷിക്കാം

സംസ്ഥാനത്തെ ഏഴ് തീരദേശ പോലീസ് സ്റ്റേഷനുകളിൽ ഒഴിവുള്ള 36 കോസ്റ്റൽ വാർഡൻ തസ്തികയിൽ കരാർ അടിസ്ഥാനത്തിൽ നിയമനം നടത്തുന്നു. തീരപ്രദേശത്ത് താമസിക്കുന്ന പരമ്പരാഗത മത്സ്യ തൊഴിലാളി വിഭാഗങ്ങളിൽപ്പെട്ട ഉദ്യോഗാർഥികൾക്ക് അപേക്ഷിക്കാം. നിയമനത്തിൽ സ്ത്രീകൾക്ക് മുൻഗണന നൽകും. തൃക്കരിപ്പൂർ, ബേക്കൽ, കുമ്പള,അഴീകോട്, മുനക്കകടവ്, അഴീക്കൽ, തലശ്ശേരി എന്നീ തീരദേശ പോലീസ് സ്റ്റേഷനുകളിലാണ് ഒഴിവുകൾ. പ്രായം 2021 ജനുവരി ഒന്നിന് 18 നും 50 നും മദ്ധ്യേ. പ്രായം കുറഞ്ഞവർക്ക് മുൻഗണന ലഭിക്കും. പത്താം തരം അല്ലെങ്കിൽ തത്തുല്യ പരീക്ഷ പാസായിരിക്കണം. കടലിൽ നീന്താനുള്ള കഴിവ് നിർബന്ധമാണ്. അപേക്ഷാ ഫോം കേരള പോലീസിന്റെ ഔദ്യോഗിക വെബ്സൈറ്റായ www.keralapolice.gov.in ൽ ലഭ്യമാണ്. പ്രായം, വിദ്യാഭ്യസ യോഗ്യത, ഫിഷർമെൻ സർട്ടിഫിക്കറ്റ്, നേറ്റിവിറ്റി സർട്ടിഫിക്കറ്റ്, റേഷൻ കാർഡ് എന്നീ രേഖകളുടെ സ്വയം സാക്ഷ്യപ്പെടുത്തിയ പകർപ്പുകൾ സഹിതം അപേക്ഷകൾ സഹിതം തീരദേശ പോലീസ് ആസ്ഥാനത്ത് ജനുവരി 15 ന് വൈകിട്ട് അഞ്ചിനകം നേരിട്ടോ ഇൻസ്പെക്ടർ ജനറൽ ഓഫ് പോലീസ്, കോസ്റ്റൽ പോലീസ്, കോസ്റ്റൽ പോലീസ് ഹെഡ്ക്വാർട്ടേഴ്സ്, മറൈൻ ഡ്രൈവ്, എറണാകുളം ജില്ല, പിൻകോഡ്- 682031 എന്ന വിലാസത്തിലോ ലഭിക്കണം.



# ദേശീയപാതാ വികസനം : പുഴയോരത്തെ കൃത്രിമ തടാകവും മറയുന്നു

**നീലേശ്വരം:** കാര്യങ്കോട് പാലത്തിനു സമീപം തേജസ്വിനി പുഴയോരത്തെ കൃത്രിമ തടാകവും ഇനി ചരിത്രത്താളുകളിലേക്ക്. 58 വർഷം മുമ്പ് ഇന്നത്തെ പാലം നിർമിച്ച കാലത്താണ് പാലത്തിന്റെ സുരക്ഷയ്ക്കായി പുഴയിൽ ബണ്ട് കെട്ടി കൃത്രിമ തടാകം നിർമിച്ചത്. പാലത്തോടു ചേർന്ന ഭാഗത്ത് പുഴയിലെ മലവെള്ളപ്പാച്ചിലിന്റെ ശക്തി കുറയ്ക്കുകയായിരുന്നു ലക്ഷ്യം. പിന്നീട് ഇത് വൈകുന്നേരങ്ങളിലെ ഒത്തുകൂടലിന്റെ കേന്ദ്രവും ഉത്തരമലബാർ ജലോത്സവം നടക്കുമ്പോൾ അതിന്റെ ഗാലറിയുമായി മാറി. ആൽബങ്ങളും ഹ്രസ്വചിത്രങ്ങളും എടുക്കുന്നവരുടേയും വിവാഹ ഷൂട്ടിംഗുകാരുടെയും ഇഷ്ട ലൊക്കേഷനുകളിലൊന്നുമായി. രാവിലെയും വൈകുന്നേരവും ഈ ബണ്ടിനു മുകളിൽ നിന്നുള്ള പുഴയുടെ കാഴ്ചകൾക്ക് അപൂർവ ചാരുതയായിരുന്നു.ദേശീയപാതാ വികസനത്തോടനുബന്ധിച്ച് നിലവിലുള്ള ബണ്ടിനോട് ചേർന്നു നിൽക്കുന്ന തടാകം മണ്ണിട്ട് നികത്താനാണ് തീരുമാനം. തൊട്ടടുത്ത് പുതിയൊരു പാലം കൂടി വരുമെങ്കിലും പുതിയ കാലത്തെ സാങ്കേതികവിദ്യകൾ ഉപയോഗിക്കുമ്പോൾ പാലത്തിന്റെ സുരക്ഷയ്ക്ക് വീണ്ടുമൊരു ബണ്ടൊന്നും നിർമിക്കാനിടയില്ല.

## ആശങ്കപ്പെടേണ്ട സാഹചര്യമില്ല, നിയന്ത്രണങ്ങൾ തുടരും

**കാസർകോട്**: കൊവിഡ് 19 വ്യാപനത്തിൽ സർക്കാരിന്റെ പുതിയ ഉത്തരവ് പ്രകാരം പൊതു ചടങ്ങുകളിൽ തുറന്ന സ്ഥലത്താണെങ്കിൽ പരമാവധി 150 പേർക്കും ആവശ്യമായ വായു സഞ്ചാരം ഉറപ്പ് വരുത്തിയ ഹാളുകൾ, മുറികൾ തുടങ്ങിയവയിൽ 75 പേർക്കും മാത്രമാണ് പങ്കെടുക്കാൻ അനുമതിയെന്ന് ജില്ലാ കളക്ടർ ഭണ്ഡാരി സ്വാഗത് രൺവീർ ചന്ദ് കൊറോണ കോർ കമ്മിറ്റി യോഗത്തിൽ പറഞ്ഞു.നിലവിലെ സാഹചര്യത്തിൽ രോഗവ്യാപനവുമായി ബന്ധപ്പെട്ട് ജില്ലയിൽ വെല്ലുവിളികളില്ലെന്ന് ജില്ലാ മെഡിക്കൽ ഓഫീസർ (ആരോഗ്യം) ഡോ. കെ ആർ രാജൻ പറഞ്ഞു. ജില്ലയിൽ നിലവിൽ ആക്ടീവ് പോസിറ്റീവ് കേസുകൾ കുറവാണ്. പ്രതിദിനം 50ൽ കുറവ് കേസുകൾ മാത്രമാണ് കഴിഞ്ഞ കുറേ ദിവസങ്ങളിലായി റിപ്പോർട്ട് ചെയ്തത്. വിവിധ ആശുപത്രികളിൽ കൊവിഡ് രോഗികൾക്കായി സജ്ജീകരിച്ചിട്ടുള്ള 220 ബെഡുകളിൽ 11 ശതമാനത്തിൽ മാത്രമാണ് രോഗികളുള്ളതെന്നും ഡിഎംഒ (ആരോഗ്യം) അറിയിച്ചു.ജനങ്ങൾ കൊവിഡ് മാർഗനിർദേശങ്ങൾ പാലിക്കുന്നുണ്ടെന്ന് പൊലീസ് ഉറപ്പുവരുത്തുമെന്ന് ജില്ലാ പൊലീസ് മേധാവി വൈഭവ് സക്സേന പറഞ്ഞു.ജില്ലാ കളക്ടർ ഭണ്ഡാരി സ്വാഗത് രൺവീർ ചന്ദ് യോഗത്തിൽ അധ്യക്ഷത വഹിച്ചു. ജില്ലാ പൊലീസ് സൂപ്രണ്ട് വൈഭവ് സക്സേന , സബ്കളക്ടർ ഡി ആർ മേഘശ്രീ, എഡിഎം എ കെ രമേന്ദ്രൻ, ഡിഎംഒ (ആരോഗ്യം) ഡോ കെ ആർ രാജൻ വ്യവസായ കേന്ദ്രം ജനറൽ മാനേജർ കെ സജിത് കുമാർ, വിവിധ വകുപ്പുകളുടെ ജില്ലാതല ഓഫീസർമാർ തുടങ്ങിയവർ വീഡിയോ കൺഫറൻസിലൂടെ യോഗത്തിൽ പങ്കെടുത്തു.ചട്ടഞ്ചാലിൽ ജില്ലാ പഞ്ചായത്ത് നിർമിക്കുന്ന ഓക്സിജൻ പ്ലാന്റിന്റെ പ്രവൃത്തി പൂർത്തീകരിക്കാൻ പിഡബ്ല്യൂഡി ഇലക്ട്രിക്കൽ വിഭാഗത്തിൽ നിന്ന് എസ്റ്റിമേറ്റ് ലഭ്യമാക്കി തുടർ നടപടികൾ സ്വീകരിക്കാൻ തീരുമാനിച്ചു.ചട്ടഞ്ചാലിൽ നിർമ്മിക്കുന്ന ഓക്സിജൻ പ്ലാന്റിന്റെ പ്രവർത്തനം ഒരു മാസത്തിനകം ആരംഭിക്കാൻ സാധ്യതയില്ലാത്തതിനാൽ പോസിറ്റീവ് കേസുകളിൽ വർദ്ധനവുണ്ടായാൽ ജില്ലയ്ക്ക് ആവശ്യമായ ഓക്സിജൻ ലഭ്യമാക്കുതിനുള്ള മുൻകരുതൽ മെഡിക്കൽ നടപടികൾ സ്വീകരിക്കേണ്ടതുണ്ടെന്ന് ജില്ലാ കളക്ടർ അറിയിച്ചു.തൊഴിൽ വകുപ്പ് കാഞ്ഞങ്ങാട് നെഹ്റു കോളേജിൽ നടത്തുന്ന തൊഴിൽ മേള കൊവിഡ് പ്രോട്ടോകോൾ കർശനമായി പാലിച്ചുകൊണ്ട് നടത്തുന്നതിന് ഡിഎംഒ അനുമതി നൽകി.കൊവിഡ് മൂന്നാം തരംഗം പെട്ടെന്ന് ഉണ്ടാവുകയാണെങ്കിൽ നേരിടാൻ ആക്ഷൻ പ്ലാൻ തയ്യാറാക്കി വെക്കേണ്ടതുണ്ടെന്ന് സബ് കളക്ടർ ഡി ആർ മേഘശ്രീ നിർദേശിച്ചു. ആശുപത്രികളിൽ കൊവിഡ്രോഗികൾക്ക്കൂടുതൽ ബെഡുകൾ സജ്ജീകരിക്കേണ്ടതുണ്ടെങ്കിൽ എവിടെയൊക്കെ എന്നും ,സി.എഫ്.എൽ.റ്റി.സി , ഡി.സി.സികൾ ആരംഭിക്കേണ്ടി വന്നാൽ ഉപയോഗിക്കാവുന്ന കെട്ടിടങ്ങൾ സംബന്ധിച്ചുമുള്ള വിവരങ്ങൾ തയ്യാറാക്കി വെക്കണമെന്നും സബ് കളക്ടർ അറിയിച്ചു.ജില്ലയിൽ വിവിധ വകുപ്പുകളുടെ സഹകരണത്തോടെ നടത്തി വരുന്ന ഐഇസി ആക്റ്റിവിറ്റികൾ പുതിയ സാഹചര്യത്തിൽ പുനരാരംഭിക്കേണ്ടതുണ്ടെന്ന് ജില്ലാ ഇൻഫർമേഷൻ ഓഫീസർ നിർദേശിച്ചു. എല്ലാ ബുധനാഴ്ചകളിലും ഉച്ചയ്ക്ക് ശേഷം 3 മണിക്ക് ഐഇസി കോ-ഓർഡിനേഷൻ കമ്മിറ്റി യോഗം ചേരും.ജില്ലയിൽ 18 വയസ്സിനു മുകളിലുള്ളവരുടെ ഫസ്റ്റ് ഡോസ് വാക്സിനേഷൻ 98.6 ശതമാനവും സെക്കന്റ് ഡോസ് 90 ശതമാനത്തോളവും പൂർത്തിയായതായും 15 വയസ്സ് മുതൽ 18 വയസ്സ് വരെയുള്ളവരുടെ വാക്സിനേഷൻ മികച്ച രീതിയിൽ പുരോഗമിക്കുന്നതായും ജില്ലാ മെഡിക്കൽ ഓഫീസർ അറിയിച്ചു. നിലവിലുള്ള സർക്കാർ നിർദേശ പ്രകാരം വാക്സിനേഷൻ സെന്ററുകളിൽ മാത്രമാണ് വാക്സിൻ നൽകുന്നത്. സർക്കാർ ഉത്തരവുണ്ടായാൽ മാത്രം സ്കൂളുകളും കോളേജുകളും കേന്ദ്രീകരിച്ച് വാക്സിൻ നൽകുമെന്നും ഡിഎംഒ പറഞ്ഞു

## താലൂക്ക് വികസന സമിതി യോഗം ചേർന്നു

**കാസർകോട്:** കഴിഞ്ഞ സാമ്പത്തിക വർഷം കാസർകോട് ബ്ലോക്ക് പഞ്ചായത്തിന് തകർന്ന റോഡ് നന്നാക്കാൻ ഫ്ളഡ് ഫണ്ടിൽ നിന്നും 77 ലക്ഷം രൂപ അനുവദിച്ചിരുന്നുവെങ്കിലും ആകെ അനുവദിച്ച തുകയുടെ 25% മാത്രമേ എസ്റ്റിമേറ്റ് പൂർത്തിയാക്കിയിട്ടുള്ളു. അതിനാൽ ബ്ലോക്കിനു ലഭിക്കേണ്ട തുക നഷ്ടമാകാതിരിക്കുന്നതിനുള്ള നടപടി അടിയന്തിരമായി സ്വീകരിക്കണമെന്ന് യോഗം ആവശ്യപ്പെട്ടു. പട്ടികജാതി പട്ടികവർഗ കോളനികളിൽ കുടിവെള്ള ക്ഷാമം പരിഹരിക്കാൻ , കുഴൽ കിണർ കുഴിക്കുന്നതിന് സർക്കാറിൽ നിന്നുള്ള പ്രത്യേക അനുമതി ലഭ്യമാക്കമണമെന്നും യോഗത്തിൽ ആവശ്യം ഉയർന്നു. കാസർകോട് താലൂക്കിലെ വിവിധ സർക്കാർ ഓഫീസുകളിലെ ഉദ്യോഗസ്ഥരുടെ കുറവ് നികത്തണമെന്നും യോഗം ആവശ്യപ്പെട്ടു. കുമ്പള ഭാഗത്തു നിന്നും മധൂർ ക്ഷേത്രത്തിലേക്ക് പോകുന്നതിന് കുമ്പള-ചൗക്കി-ഉളയത്തടുക്ക റൂട്ടിൽ ബസ് സൗകര്യം ഏർപ്പെടുത്തണമെന്ന് യോഗം ആവശ്യപ്പെട്ടു. പുതുക്കോളി-എണിയാർപ്പ് എന്ന സ്ഥലത്ത് 3 സെന്റ് സ്ഥലം വീതം പട്ടയം അനുവദിച്ച നിരവധി കുടുംബങ്ങൾക്ക് റോഡ് സൗകര്യം നൽകണമെന്നും യോഗത്തിൽ ആവശ്യം ഉയർന്നു. യോഗത്തിൽ കാസർകോട് ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റ് സി.എ സൈമ , ചെങ്കള ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് ഖാദർ ബദരീയ, ബദിയടുക്ക ഗ്രാമപഞ്ചായത്ത് ബി. ശാന്ത, ബെള്ളൂർ ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് ശ്രീധരൻ , കുമ്പഡാജെ ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് ഹമീദ് പൊസളിഗെ, ഐ.യു.എം.എൽ പ്രതിനിധി മൂസ ബി ചെർക്കള, സി.പി.ഐ(എം) പ്രതിനിധി കെ.എ. മുഹമ്മദ് ഹനീഫ, ജനതാദൾ (എസ്) പ്രതിനിധി അബ്ദുൾ റഹ്മാൻ ബാങ്കോട്, ഡി.സി.കെ. പ്രതിനിധി പി.കെ. മുഹമ്മദ്, ഐ.എൻ.എൽ പ്രതിനിധി കരുൺ താപ്പ, ജെ.കെ.സി പ്രതിനിധി സണ്ണി അരമന, കേരള കോൺഗ്രസ് (ബി) പ്രതിനിധി കുട്ടിയാനം മുഹമ്മദ് കുഞ്ഞി എന്നിവരും വകുപ്പുതല ഉദ്യോഗസ്ഥരും യോഗത്തിൽ പങ്കെടുത്തു.

## കൃഷി, റവന്യൂ വകുപ്പുകൾ തമ്മിൽ തർക്കം: ലൈഫ് പദ്ധതി ഇഴയുന്നു

**കാസർകോട്**: ലൈഫ് ഭവന പദ്ധതിയുടെ പുതിയ ഘട്ടത്തിലെ ഗുണഭോക്താക്കളെ കണ്ടെത്താനുള്ള സർവേ ഇഴയുന്നു. കൃഷി വകുപ്പിലെ ജീവനക്കാരും അർഹതാ പരിശോധനയിൽ പങ്കെടുക്കണമെന്ന് നിർദേശമുണ്ടായിരുന്നു. എന്നാൽ ഔദ്യോഗികമായി നിർദേശം ലഭിച്ചിട്ടില്ലെന്നാണു കൃഷി വകുപ്പ് അധികൃതർ പറയുന്നത്. തദ്ദേശ സ്ഥാപന സെക്രട്ടറിമാർക്കു കൃഷിഭവനുകളിൽ നിന്ന് ഔദ്യോഗിക നിർദേശമില്ലാതെ പങ്കെടുക്കില്ലെന്ന് അറിയിക്കുകയും ചെയ്തു. ലൈഫ് പട്ടികയിൽ ആദ്യഘട്ടത്തിൽ ഉൾപെടാത്തവരിൽ നിന്ന് 2020 ഓഗസ്റ്റ്, സെപ്റ്റംബർ മാസങ്ങളിലും 2021 ഫെബ്രുവരിയിലുമായാണ് അപേക്ഷകൾ സ്വീകരിച്ചത്. മുൻപു ഗുണഭോക്താക്കളെ കണ്ടെത്തുന്നതിനായി കുടുംബശ്രീയുടെ നേതൃത്വത്തിലായിരുന്നു സർവേ നടത്തിയത്. തുടർന്ന് ഗ്രാമപഞ്ചായത്ത് സെക്രട്ടറിക്കും, കലക്ടർക്കും അപ്പീൽ നൽകാൻ അവസരമുണ്ടായിരുന്നു. 2021 നവംബറിൽ അർഹതാ പരിശോധന തുടങ്ങി. എന്നാൽ 52 ശതമാനം മാത്രമാണു പൂർത്തിയായത്. ലൈഫ് ഭവനപദ്ധതിയുടെ പരിശോധനകളിൽ കൃഷി വകുപ്പിലെ ഉദ്യോഗസ്ഥരും പങ്കെടുക്കണമെന്നു ഡിസംബർ നാലിന് നടന്ന ഉന്നത യോഗത്തിൽ തീരുമാനമായിരുന്നു. അപേക്ഷകളുടെ പരിശോധനയെച്ചൊല്ലി തദ്ദേശ, കൃഷി വകുപ്പുകൾ തമ്മിൽ ഏറ്റുമുട്ടൽ രൂക്ഷമായ സാഹചര്യത്തിലാണു ചീഫ് സെക്രട്ടറിയുടെ നേതൃത്വത്തിൽ യോഗം ചേർന്നത്. ലൈഫ്പദ്ധതി അപേക്ഷകൾ പരിശോധിക്കാൻ കൃഷി അസിസ്റ്റന്റുമാരുടെ സേവനം വിട്ടുകൊടുക്കില്ലെന്ന കൃഷിവകുപ്പിന്റെ തീരുമാനത്തിൻറെകൂടി പശ്ചാത്തലത്തിലായിരുന്നു അന്നു യോഗം. തദ്ദേശ സ്ഥാപനങ്ങളുടെ കീഴിൽ വരുന്ന വകുപ്പുകളിലെ ഉദ്യോഗസ്ഥരുടെ സേവനം വിട്ടുകൊടുക്കേണ്ടതില്ലെന്നു നിർദേശിക്കാൻ സാധിക്കില്ലെന്നും അധികൃതർ യോഗത്തിൽ വ്യക്തമാക്കിയിരുന്നു. എന്നാൽ തർക്കം തുടരുന്ന സാഹചര്യത്തിൽ സംസ്ഥാനതലത്തിൽ ഇടപെടൽ വേണമെന്ന ആവശ്യം ശക്തമാണ്. ലൈഫ് പുതിയ ഘട്ടത്തിൻറെ സർവേ സംബന്ധിച്ച വൈകുന്നുവെന്ന പരാതികൾ ഉയരുന്നുണ്ടെങ്കിലും അതു നിലവിലെ ജോലികളെ ബാധിക്കുന്നില്ലെന്നാണ് ലൈഫ് മിഷൻ അധികൃതർ വ്യക്തമാക്കുന്നത്. ജില്ലയിലാകെ 10,000 വീടുകൾ പൂർത്തിയാക്കി.ചട്ടഞ്ചാലിലെ ഭവന സമുച്ചയ നിർമാണം പുനരാരംഭിച്ചു. ആദ്യഘട്ടത്തിൽ ഭവന നിർമാണം പൂർത്തീകരിക്കാൻ സാധിക്കാതെ നിർമാണം നിലച്ചുപോയ ഭവനങ്ങളിൽ കണ്ടെത്തിയ 2920 ഗുണഭോക്താക്കളിൽ 2876 വീടുകളുടെ നിർമാണം പൂർത്തീകരിച്ചു. രണ്ടാംഘട്ടത്തിൽ ഭൂമിയുള്ള ഭവനരഹിതർക്കുവേണ്ടിയുള്ള ഭവന നിർമാണമാണ് നടന്നത്. 3830 ഗുണഭോക്താക്കളിൽ 3488 വീടുകളുടെ നിർമാണം പൂർത്തീകരിച്ചു. ഭൂരഹിത ഭവനരഹിതർക്ക് ഭൂമിയും വീടും ലഭ്യമാക്കുക എന്ന ദൗത്യമാണ് ലൈഫ് മൂന്നാംഘട്ടത്തിൽ ലക്ഷ്യമിട്ടിട്ടുള്ളത്. ഇതിൽ 761 പേരിൽ 458 വീട് പൂർത്തീകരിച്ചു. എസ് സി, എസ്ടി, ഫിഷറീസ് വകുപ്പ് മുഖാന്തരം ലൈഫ് മിഷന് കൈമാറിയ അഡീഷണൽ ലിസ്റ്റിൽ ഉൾപ്പെട്ട ഗുണഭോക്താക്കൾക്ക് ധനസഹായം നൽകിവരുന്നു. 1502 കുടുംബങ്ങളിൽ 44 വീടുകളുടെ നിർമാണം പൂർത്തീകരിച്ചിട്ടുണ്ട്. ലൈഫ് പിഎംഎവൈ റൂറൽ 666 വീടുകളും, പിഎംഎവൈ അർബൻ 1605 വീടുകളും പട്ടികജാതി വകുപ്പിൽ 623 വീടുകളും പട്ടിക വർഗ വകുപ്പിൽ 25 വീടുകളും ഫിഷറീസ് വകുപ്പിൽ 80 വീടുകളും മൈനോറിറ്റി വകുപ്പിൽ 138 വീടുകളുടെ നിർമാണവും പൂർത്തീകരിച്ചു.

## കോവിഡ് മരണം: ധനസഹായ വിതരണം വേഗത്തിലാക്കും

**കാസർകോട്**: ജില്ലയിൽ കോവിഡ് ബാധിച്ച് മരിച്ചവരുടെ ആശ്രിതർക്കുള്ള ധനസഹായ വിതരണം വേഗത്തിലാക്കാൻ നടപടികൾ സ്വീകരിക്കും. ജില്ലാ കളക്ടർ സ്വാഗത് ഭണ്ഡാരിയുടെ അധ്യക്ഷതയിൽ ഓൺലൈനിൽ ചേർന്ന തദ്ദേശ സ്വയംഭരണ സ്ഥാപന അധ്യക്ഷൻമാരുടെയും ഉദ്യോഗസ്ഥരുടെയും ആരോഗ്യ പ്രവർത്തകരുടെയും തഹസിൽദാർമാരുടെയും യോഗത്തിലാണ് തീരുമാനം. കോവിഡ് മരണ ലിസ്റ്റിൽ ഉൾപ്പെടുന്നതിനുള്ള അപ്പീൽ പരിഗണിക്കുന്നതിന് അപ്പീൽ കമ്മിറ്റി ഇന്നു യോഗം ചേരും. ഇതുവരെ ലഭിച്ച 100 അപ്പീലുകൾ കമ്മിറ്റി പരിഗണിക്കും. ഇത് കൂടാതെ ജനുവരി മൂന്നാം വാരം തഹസിൽദാർമാർ നാല് താലൂക്കുകളിലും അദാലത്ത് സംഘടിപ്പിക്കും. കോവിഡ് ബാധിച്ച് മരിച്ചവരുടെ ഡെത്ത് ഡിക്ലറേഷൻ സർട്ടിഫിക്കറ്റ് ആശ്രിതർക്ക് നേരിട്ട് ലഭ്യമാക്കാൻ പ്രാഥമികാരോഗ്യ കേന്ദ്രങ്ങളിലെയും കുടുംബാരോഗ്യകേന്ദ്രങ്ങളിലെയും ആരോഗ്യപ്രവർത്തകർക്ക് ജില്ലാ കളക്ടർ നിർദേശം നൽകി. നിലവിൽ പഞ്ചായത്തുകളിൽ നിന്നും വില്ലേജ് ഓഫീസുകളിൽ നിന്നും ആശ്രിതരെ ഫോണിൽ ബന്ധപ്പെടുന്നുണ്ടെങ്കിലും മരണസർട്ടിഫിക്കറ്റ് ലഭിക്കാത്തതിനാൽ അപേക്ഷ സമർപ്പിക്കാൻ സാധിക്കുന്നില്ലെന്ന പരാതി ഉയർന്ന സാഹചര്യത്തിലാണ് ആരോഗ്യപ്രവർത്തകരെ ചുമതലപ്പെടുത്തിയത്.ജില്ലയിലെ മുഴുവൻ കോവിഡ് ബാധിച്ച് മരിച്ചവരുടെ ആശ്രിതർക്ക് ധനസഹായം ലഭ്യമാക്കുകയാണ് ലക്ഷ്യം. ജില്ലയിൽ ഇതുവരെ 840 പേരാണ് കോവിഡ് ബാധിച്ച് മരിച്ചതായി സ്ഥിരീകരിച്ചത്. ഇതിൽ നഷ്ടപരിഹാരം ലഭിക്കാനായി 403 അപേക്ഷകളാണ് ലഭിച്ചത്. ധനസഹായത്തിനുള്ള അപേക്ഷയോടൊപ്പം. കോവിഡ് ബാധിച്ച് മരിച്ചവരുടെ ആശ്രിതർക്ക് ധനസഹായം ലഭിക്കുന്നത് ഡിഎംഒ അനുവദിക്കുന്ന ഡെത്ത് ഡിക്ലറേഷൻ സർട്ടിഫിക്കറ്റ് മതിയാവും. ഐസിഎംആർ സർട്ടിഫിക്കറ്റ് നിർബന്ധമല്ല. ഇവയിലേതെങ്കിലും ഒന്നുണ്ടെങ്കിൽ ധനസഹായത്തിന് അപേക്ഷിക്കാം. അപേക്ഷയോടൊപ്പം റേഷൻ കാർഡ്, ആധാർ കാർഡ്, ബാങ്ക് പാസ്ബുക്ക് എന്നിവയുടെ പകർപ്പുകൾകൂടി വെക്കണം. അക്ഷയ കേന്ദ്രങ്ങൾ മുഖേനയാണ് അപേക്ഷിക്കേണ്ടത്.

## വിദ്യാർഥിനിക്കു നേരേ നഗ്നതാപ്രദർശനം: യുവാവ് അറസ്റ്റിൽ

**കാഞ്ഞങ്ങാട്:** വിദ്യാർഥിനിക്ക് നേരെ നഗ്നതാപ്രദർശനം നടത്തിയ തേപ്പ് തൊഴിലാളിയായ യുവാവ് അറസ്റ്റിൽ. രാവണീശ്വരം സ്വദേശിയായ രാജേന്ദ്രൻ (29) ആണ് അറസ്റ്റിലായത്. തിങ്കളാഴ്ച ഉച്ചകഴിഞ്ഞ് മൂന്നോടെ മുതിയാക്കലിൽ വെച്ചാണ് സംഭവം. സ്കൂളിൽ നിന്നും വരികയായിരുന്ന വിദ്യാർഥിനിയോട് വിജനമായ സ്ഥലത്ത് വച്ച് വഴി ചോദിച്ച അടുത്തെത്തിയ രാജേന്ദ്രൻ നഗ്നതാപ്രദർശനം നടത്തുകയായിരുന്നു. ഭയന്നുവിറച്ച പെൺകുട്ടി ബഹളം വെച്ചപ്പോൾ ഇയാൾ ഓടി രക്ഷപെട്ടു. വീട്ടുകാർ ബേക്കൽ പോലീസിൽ നൽകിയ പരാതിയുടെ അടിസ്ഥാനത്തിൽ പ്രദേശത്തെ നിരവധി സിസിടിവി കാമറകൾ പരിശോധിച്ചപ്പോഴാണ് പ്രതിയെക്കുറിച്ച് സൂചന ലഭിച്ചത്.ഇൻസ്പെക്ടർ യു.പി. വിപിന്റെ നേതൃത്വത്തിൽ അന്നേ ദിവസം അർധരാത്രിയോടെ പ്രതിയെ വീട്ടിലെത്തി പിടികൂടി. പോക്സോ നിയമപ്രകാരം കേസെടുത്ത പ്രതിയെ ഹൊസ്ദുർഗ് കോടതിയിൽ ഹാജരാക്കുകയും 14 ദിവത്തേയ്ക്ക് റിമാൻഡ് ചെയ്യുകയും ചെയ്തു.

## നീരൊഴുക്ക് കുറഞ്ഞിട്ടും ഷട്ടർ അടച്ചില്ല

**ഭീമനടി:** ചൈത്രവാഹിനി പുഴയിൽ നീരൊഴുക്ക് കുറഞ്ഞിട്ടും മാങ്ങോട് ചെക്ക് ഡാമിന്റെ ഷട്ടറുകൾ ഇനിയും അടച്ചിട്ടില്ല. മലയോരത്തെ ഏറ്റവും വലിയ കുടിവെള്ള പദ്ധതിയാണിത്. വെസ്റ്റ് എളേരി പഞ്ചായത്തിലെ കുടിവെള്ള പദ്ധതിയാണിതെങ്കിലും വേനൽ കടുക്കുമ്പോൾ കിനാനൂർ -കരിന്തളം, ഈസ്റ്റ് എളേരി, ബളാൽ ഉൾപ്പെടെയുള്ള പഞ്ചായത്തുകളിലേക്ക് ലോറിയിൽ വെള്ളം വിതരണം ചെയ്യുന്നതും ഇവിടെ നിന്നാണ്. ചൈത്രവാഹിനി പുഴയിലെ എരുമക്കയത്ത് നിന്നും പമ്പ് ചെയ്യുന്ന വെള്ളം, എളേരി മുച്ചൻ കല്ലിലെ ശുദ്ധീകരണ പ്ലാൻറിൽ എത്തിച്ചാണ് വിതരണം ചെയ്യുന്നത്. ചെക്ക്ഡാമിനുള്ളിൽ മണൽ അടിഞ്ഞുകൂടിയത് കാരണം ഇത്തവണ സംഭരണ ശേഷി നന്നേ കുറയും. കഴിഞ്ഞ മഴക്കാലത്ത് ഒഴുകിയെത്തിയ മണൽ കയങ്ങളെ വരെ മൂടിയിരിയ്ക്കുകയാണ്. ചെക്ക്ഡാമിന്റെ ഷട്ടർ അടയ്ക്കുന്നതിന് മുൻപ് ഈ മണൽ നീക്കം ചെയ്യാനുള്ള നടപടി ഉണ്ടായില്ലെങ്കിൽ ഇത്തവണ ആവശ്യത്തിനുള്ള വെള്ളം സംഭരിയ്ക്കാൻ സാധിക്കില്ല.



# ബിഗോസിന്റെ ഇലക്ട്രിക് സ്കൂട്ടർ കേരള വിപണിയിൽ

## സിഎംഎച്ച് മോട്ടോഴ്സിന്റെ പ്രഥമ ഷോറൂം കോഴിക്കോട് തുറന്നു

**കോഴിക്കോട്:** വൈദ്യുതോല്പന്ന രംഗത്തെ മുൻനിരക്കാരായ ആർആർ ഗ്ലോബലിന്റെ ഭാഗമായ ബിഗോസ്, കേരള വിപണിയിൽ പ്രവേശിച്ചു. ബിഗോസ് ഇരുചക്ര വാഹന വിതരണത്തിനായി, എംസിഎച്ച് മോട്ടോഴ്സുമായി കരാർ ഒപ്പിട്ടു.കണ്ണൂർ റോഡിൽ, വെസ്റ്റ് ഹിൽ, കളത്തിങ്കൽ ആർക്കേഡിൽ സിഎംഎച്ച് ഷോറൂം പ്രശസ്ത ചലച്ചിത്ര താരം സാനിയ ഇയ്യപ്പൻ ഉദ്ഘാടനം ചെയ്തു.ബിഗോസിന്റെ പ്രശസ്തമായ ബി8, എ2 മോഡൽ വൈദ്യുത സ്കൂട്ടറുകൾ ആണ് കോഴിക്കോട്ട് അവതരിപ്പിച്ചിരിക്കുന്നത്.ബിഗോസ് വെബ്സൈറ്റിലൂടെ ബുക്കു ചെയ്യപ്പെട്ട, 50 ഇരുചക്രവാഹനങ്ങളുടെ വിതരണവും നടന്നു. ടെസ്റ്റ് റൈഡിൽ താല്പര്യമുള്ളവർക്ക് അതിനുള്ള സൗകര്യവും ഒരുക്കിയിട്ടുണ്ട്. ബിഗോസിന്റെ ബി8, എ2 വൈദ്യുത സ്കൂട്ടറുകൾ സമാനതകൾ ഇല്ലാത്തതാണെന്ന് ആർആർ ഗ്ലോബൽ ഫൗണ്ടറും ബിഗോസിന്റെ എംഡിയുമായ ഹേമന്ദ് കബ്റ പറഞ്ഞു.വളർന്നുകൊണ്ടിരിക്കുന്ന വൈദ്യുത വാഹന വിപണിയിൽ ബിഗോസിന് വൻ സ്വാധീനം ആണുള്ളതെന്ന് സിഎംഎച്ച് മോട്ടോഴ്സ് ഡീലർ പ്രിൻസിപ്പാൾ നവാസ് ചെയ്യാൻ പറഞ്ഞു.എ-2 ലീഥിയം ഇയോണിന് 67999 രൂപയും ബിഎട്ട്- ലീഥിയം ഇയോണിന്റെ വില 82,999 രൂപയുമാണ്.സിൽക്ക് ബ്ലൂ, സ്പാർക്കിളിങ്ങ് ബ്ലൂ, നെബുല ഗ്രേ, പേൾ വൈറ്റ് നിറങ്ങളിൽ ലഭ്യം. https://www.BGAUSS.com/ ബിഗോസ് ബുക്കു ചെയ്യാം. റിമൂവബിൾ ബാറ്ററി, ആന്റി തെഫ്റ്റ് അലാറം, ആന്റി തെഫ്റ്റ് മോട്ടോർ ലോക്കിങ്ങ്, എൽഇഡി ഇൻസ്ട്രമെന്റൽ പാനൽ, മൾട്ടി കളേർഡ് ഡിജിറ്റൽ ഡിസ്പ്ലേ തുടങ്ങി ഒട്ടേറെ സവിശേഷതകൾ നിറഞ്ഞതാണ് ബിഗോസ് ഇരുചക്ര വാഹനങ്ങൾ




# നികുതിവെട്ടിപ്പിൽ ഷവോമി, 653 കോടി വെട്ടിച്ചുവെന്ന് ഡിആർഐയുടെ കണ്ടെത്തൽ

നികുതിവെട്ടിപ്പിൽ ഉൾപ്പെട്ട് ചൈനീസ് മൊബൈൽ നിർമാതാക്കളായ ഷവോമി. 653 കോടിയുടെ നികുതിവെട്ടിച്ചുവെന്നാണ് കണ്ടെത്തിയിരിക്കുന്നത്.ഷവോമി നികുതി വെട്ടിപ്പ് നടത്തിയെന്ന് ഡയറക്ടറേറ് ഓഫ് റവന്യു ഇന്റലിജൻസ് കണ്ടെത്തി. ഷവോമി ഉത്പന്നങ്ങൾക്ക് വില കുറച്ച് കാണിക്കുകയും തുടർന്ന് ഡ്യൂട്ടിവെട്ടിപ്പ് നടത്തുകയും ചെയ്യുകയായിരുന്നു. ഇതേ തുടർന്ന് ഡയറക്ടറേറ് ഓഫ് റവന്യു ഇന്റലിജൻസ് ഷവോമിയ്ക്ക് നോട്ടീസ് നൽകി. വെട്ടിച്ച തുക തിരികെ പിടിക്കുന്നതിനായാണ് ഡിആർഐ ഷവോമിയ്ക്ക് നോട്ടീസ് നൽകിയിരിക്കുന്നത്. ഷവോമിക്കെതിരെ ഡയറക്ടറേറ് ഓഫ് റവന്യു ഇന്റലിജൻസ് നടത്തിയ അന്വേഷണത്തിൽ നികുതി വെട്ടിപ്പിന് തെളിവുകൾ കണ്ടെത്തുവാൻ സാധിച്ചുവെന്ന് ധനകാര്യ മന്ത്രാലയവും വ്യക്തമാക്കി. നികുതി വെട്ടിപ്പിനായി ഷവോമിയുടെ ഇന്ത്യയിലെ കരാറുകാരും കൂട്ടുനിന്നുവെന്നാണ് ഡിആർഐയുടെ കണ്ടെത്തൽ. ഡ്യൂട്ടിയിനത്തിൽ സർക്കാരിന് ലഭിക്കേണ്ടിയിരുന്ന കോടികൾ നഷ്ടപ്പെട്ടതായാണ് ഡയറക്ടറേറ് ഓഫ് റവന്യു ഇന്റലിജൻസ് കണ്ടെത്തിയിരിക്കുന്നത്.

# പത്ത് വർഷം പ്രായമായ ഡീസൽ വാഹനങ്ങളുടെ ഡി–രജിസ്ട്രേഷൻ: നിരത്തിൽ നിന്നൊഴിയുക ഒരു ലക്ഷം വാഹനങ്ങൾ

മലിനീകരണം കുറയ്ക്കുന്നതിന്റെ ഭാഗമായി പത്ത് വർഷത്തിലധികം പഴക്കമുള്ള ഡീസൽ വാഹനങ്ങൾ ഡിരജിസ്റ്റർ ചെയ്യാനൊരുങ്ങി ഡൽഹി.ഒരു ലക്ഷത്തിലധികം ഡീസൽ വാഹനങ്ങൾ ഇതോടെ നിരത്തിൽ നിന്നൊഴിയുമെന്നാണ് കണക്കുകൾ. ഡീസൽ വാഹനങ്ങൾക്ക് പുറമെ, 15 വർഷം പഴക്കമുള്ള പെട്രോൾ വാഹനങ്ങളും ഡി-രജിസ്റ്റർ ചെയ്യുമെന്നാണ് വിവരം.അന്തരീക്ഷ മലിനീകരണം ഉയരുന്നത് കണക്കിലെടുത്ത് 2016-ലാണ് ഡീസൽ വാഹനങ്ങളുടെ രജിസ്ട്രേഷൻ കാലാവധി 15 വർഷത്തിൽ നിന്ന് 10 വർഷമായി ചുരുക്കാൻ ഡൽഹി ഗതാഗത വകുപ്പ് നിയമം പാസാക്കിയത്. പെട്രോൾ വാഹനങ്ങൾക്ക് 15 വർഷം തന്നെ ഉപയോഗിക്കാം. ഡൽഹിയിലെ പൊതുനിരത്തുകളിൽ മൂന്നിലൊന്നും ഡീസൽ വാഹനങ്ങളാണ്.വാഹനങ്ങളുടെ ആയുസ് കൂടുന്നതിന് അനുസരിച്ച് മലിനീകരണവും വർധിക്കാനിടയുണ്ട്. അതേസമയം ഡി-രജിസ്റ്റർ ചെയ്യുന്ന വാഹനങ്ങൾ ഡീസൽ വാഹനങ്ങൾ അനുവദിക്കുന്ന മറ്റ് സംസ്ഥാനങ്ങളിൽ വീണ്ടും രജിസ്റ്റർ ചെയ്യാൻ അനുവദിക്കുമെന്നും ഡൽഹി ഗതാഗതമന്ത്രി കൈലാഷ് ഗലോട്ട് അറിയിച്ചു.

PRAVASI-WORLD



# അമേരിക്കയുൾപ്പടെ വിദേശ രാജ്യങ്ങളിൽ ഒഐസിസിയെ ശക്തിപ്പെടുത്തും ;ഗ്ലോബൽ ചെയർമാൻ കുമ്പളത്ത് ശങ്കരപ്പിള്ള

പി.പി.ചെറിയാൻ

**ഹൂസ്റ്റൺ :** ഒ.ഐ.സി.സി മെമ്പർഷിപ്പ് കാമ്പയിനുകളുടെയും പുനഃസംഘടനയുടെയും മുന്നോടിയായി ഒ.ഐ.സി.സി അമേരിക്കയുൾപ്പടെ വിവിധരാജ്യങ്ങളിൽ പുതിയ കോർഡിനേറ്റർമാരെയും ഭാരവാഹികളെയും നിയമിച്ചതായി ഒ.ഐ.സി.സി. യുടെ ഗ്ലോബൽ ചെയർമാൻ കുമ്പളത്ത് ശങ്കരപ്പിള്ള അറിയിച്ചു. കോൺഗ്രസിന്റെ പ്രവാസി സംഘടനയായ ഒ.ഐ.സി.സി. ഗ്ലോബൽ കമ്മിറ്റി ചെയർമാനായി കുമ്പളത്ത് ശങ്കരപ്പിള്ള ചുമതലയേറ്റതിന് ശേഷം യു എസ് എ , കാനഡ , യൂറോപ്യൻ രാജ്യങ്ങളിലും ഉൾപ്പെടെ മിഡിൽ ഈസ്റ്റിലും പുതിയ ഭാരവാഹികളെ ഉൾപ്പെടുത്തി സംഘടനാ സംവിധാനം സജീവമാക്കുന്നതിന്റെ ഭാഗമായാണ് പുതിയ നീക്കം.ഒ.ഐ.സി.സി യെ വിദേശ രാജ്യത്തും വിവിധ രാജ്യങ്ങളിൽ മെമ്പർഷിപ്പ് കാമ്പയിനുകൾ നടത്തി നാഷണൽ, റീജിണൽ, ജില്ലാ-ഏരിയാ കമ്മിറ്റികൾ പുനഃസംഘടിപ്പിക്കുക, പരമാവധി കോൺഗ്രസ് പ്രവർത്തകരെ കണ്ടെത്തി സംഘടനയുടെ ഭാഗമാക്കുക, നിലവിൽ കമ്മിറ്റികൾ ഇല്ലാത്ത സ്ഥലങ്ങളിൽ അഡ് ഹോക്ക് കമ്മിറ്റികൾ രൂപീകരിക്കുക, നിർജീവമായ കമ്മിറ്റികൾക്ക് പുതിയ നേതൃത്വത്തെ കണ്ടെത്തുക എന്നിവയുൾപ്പെടെ നിരവധി പ്രവർത്തനങ്ങളാണ് പുതിയ നേതൃത്വത്തിനുള്ളതെന്ന് ഗ്ലോബൽ ചെയർമാൻ കുമ്പളത്ത് ശങ്കരപ്പിള്ള പറഞ്ഞു. സംഘടനാപരമായ എല്ലാ ആശയ കുഴപ്പങ്ങളും പരിഹരിച്ചുകൊണ്ട്, വരുംദിവസങ്ങളിൽ പ്രവാസ മേഖലയിലെ ഏറ്റവും കരുത്തുള്ള പ്രസ്ഥാനമായി ഒ.ഐ.സി.സി മാറുമെന്നും കുമ്പളത്ത് ശങ്കരപ്പിള്ള പറഞ്ഞു.പാർട്ടി ഏൽപ്പിച്ച പുതിയ ദൗത്യം നിഷ്പക്ഷമായി നിറവേറ്റുമെന്നും അർഹരായ എല്ലാവർക്കും പുതിയ കമ്മിറ്റികളിൽ അർഹമായ പരിഗണന ഉറപ്പുവരുത്തുമെന്നും വിഭാഗീയ പ്രവർത്തനങ്ങളും അച്ചടക്ക ലംഘനങ്ങളും അനുവദിക്കില്ലെന്നും അദ്ദേഹം കൂട്ടിച്ചേർത്തു. പ്രവാസി വിഷയങ്ങളിൽ സജീവമായി ഇടപെടുന്ന കെ.പി.സി.സി പ്രസിഡന്റ് കെ. സുധാകരനെ അഭിനന്ദിക്കുന്നതായും എല്ലാ വിധ പിന്തുണ അറിയിക്കുന്നതായും അദ്ദേഹം വ്യക്തമാക്കി. കോവിഡ് പാന്റാമിക് വേളയിൽ പ്രവാസികൾ അനുഭവിച്ച കഷ്ടതകളിൽ അവർക്ക് താങ്ങായി നിന്ന ബഹുമാനപ്പെട്ട രമേശ് ചെന്നിത്തലയെയും അദ്ദേഹം ഓർമിച്ചു.കോവിഡ് മൂലം പ്രവാസലോകത്ത് മരിച്ചവരിൽ ഏറെയും സാധാരണക്കാരും തൊഴിലാളികളുമാണ്. വലിയ ബാധ്യതയോടെയാണ് ഇവർ പ്രവാസലോകത്തേക്ക് എത്തിയത് തന്നെ. കോവിഡ് കാലത്തുണ്ടായ പ്രതിസന്ധി ഇവരിൽ പലരേയും സാമ്പത്തികമായി ദുരിതത്തിലാഴ്ത്തിയിരുന്നു. ഇവരുടെ മരണത്തോടെ ആ കുടുംബങ്ങൾ തീർത്തും ഒറ്റപ്പെട്ട അവസ്ഥയിലാണ്. സർക്കാരുകളുടെ ചില അനാവശ്യമാന ദണ്ഡങ്ങളെ തുടർന്ന് ഇത്തരം സഹായങ്ങൾക്ക് പുറത്തുനിൽക്കേണ്ടി വരുന്ന കുടുംബങ്ങളും ഏറെയാണെന്ന് അദ്ദേഹം വ്യക്തമാക്കി.മരണപ്പെട്ട പ്രവാസികളുടെ കുടുംബങ്ങൾക്കായി സർക്കാർ പ്രത്യേക സാമ്പത്തിക പാക്കേജുകൾ പ്രഖ്യാപിക്കണം. അവരുടെ മുന്നോട്ടുള്ള ജീവിത ചെലവുകൾക്കായി ചെറുകിട പദ്ധതികൾ തുടങ്ങുന്നതിന് പലിശരഹിത വായ്പ നൽകുക, കുട്ടികളുടെ പഠനചെലവ് ഏറ്റെടുക്കുക തുടങ്ങിയ ഉത്തരവാദിത്വങ്ങൾ സർക്കാർ ഏറ്റെടുക്കണം. ഈ വിഷയങ്ങളിലെ അവ്യക്തത നീക്കണം എന്ന് ആവശ്യപ്പെട്ട് പ്രധാനമന്ത്രി, മുഖ്യമന്ത്രി എന്നിവർക്ക് നിവേദനം നൽകി.കേരളം വളരെയധികം പ്രതീക്ഷയോടെ മുന്നോട്ട് വച്ച ലോക കേരളസഭ അങ്ങേയറ്റം പരാജയമായിരുന്നു. അതിന് ചിലവാക്കിയ കോടികൾ നേർക്ക വഴി സാധാരണ പ്രവാസികളിലേക്ക് എത്തിക്കണമായിരുന്നു. കേരള മുഖ്യമന്ത്രിയുടെ ലോക കേരളസഭയെക്കുറിച്ചുള്ള ആശയങ്ങളും കാഴ്ചപ്പാടും വളരെയധികം നല്ലതാണെങ്കിലും പ്രവർത്തികമാക്കാൻ സാധിക്കാത്തത് മൂലം അത് കേവലം ഒരു പ്രഹസനം മാത്രമായിരുന്നു. വളരെയധികം അനുഭവസമ്പത്തും സാങ്കേതിക കഴിവുകളും ഉള്ള നിരവധി പ്രവാസികൾ കേരളത്തെ ഉപേക്ഷിച്ച് മറ്റു സ്ഥലങ്ങളിലേക്ക് ചേക്കേറുന്നത് ഇനിയും പുതിയ സുഗതന്മാർ ഉണ്ടാവാതിരിക്കാനുള്ള മുൻ കരുതലായിട്ടാണെന്നും അദ്ദേഹം പറഞ്ഞു. പ്രവാസികൾക്ക് വളക്കൂറുള്ള മണ്ണല്ല കേരളത്തിൽ ഇപ്പോഴുള്ളത്. കരളത്തിൽ രാഷ്ട്രീയപരമായും, വ്യവസായികമായും മൊത്തത്തിലുള്ള മാറ്റം പ്രവാസിക്ക് അനുകൂലമായിരിക്കും. ഒ.ഐ.സി.സി മിഡിൽ ഈസ്റ്റ് കൺവീനർമാരുടെ യോഗം ജനുവരി അവസാനത്തോടെ കെപിസിസി പ്രസിഡന്റിന്റെ അദ്ധ്യക്ഷതയിൽ ചേരുവാൻ തീരുമാനിച്ചിട്ടുണ്ട് എന്നും ഗ്ലോബൽ പ്രസിഡന്റ് അറിയിച്ചു.ഒ.ഐ.സി.സിയുടെ അമേരിക്കയിലെ പ്രവർത്തനം നാഷണൽ കോ ഓഡിനേറ്റർ ജെയിംസ് കൂടലിന്റെയും റീജണൽ കോ ഓർഡിനേറ്റർമാരായ ജീമോൻ റാന്നി, സന്തോഷ് ഏബ്രാഹാം എന്നിവരുടെ നേതൃത്വത്തിൽ നടന്നു വരുന്നതായി ശങ്കരപ്പിള്ള കുമ്പളത്ത് അറിയിച്ചു. ഇതിന്റെ ഭാഗമായി രൂപരേഖകൾ തയാറായി കഴിഞ്ഞു. യൂറോപ്പ്, കാനഡ അടക്കമുള്ള രാജ്യങ്ങളിലും കോൺഗ്രസിനെ ശകതിപ്പെടുത്താനുള്ള പ്രവർത്തനങ്ങൾ അവസാനഘട്ടത്തിലാണെന്ന് കുമ്പളത്ത് ശങ്കരപ്പിള്ള അറിയിച്ചു.ഒഐസിസി കാനഡ ഓവർസീസ് കൾച്ചറൽ കോൺഗ്രസ് മെമ്പർഷിപ്പ് വിതരണത്തിന്റെ ആദ്യ ഘട്ടത്തിന് തുടക്കമായി. കെപിസിസി ആസ്ഥാനത്ത് നടന്ന ചടങ്ങിൽ കാനഡയിൽ നിന്നുള്ള നൂറു മെമ്പർഷിപ്പ് കാനഡ നാഷണൽ കമ്മിറ്റി പ്രസിഡന്റ് പ്രിൻസ് കാലായിൽ കെ.പി.സി.സി അധ്യക്ഷൻ കെ.സുധാകരന് കൈമാറി. കൂടുതൽ അംഗങ്ങളെ ഉൾപ്പെടുത്തി രണ്ടാമത്തെ ഘട്ടത്തെ പ്രവര്ത്തനങ്ങൾ ഉടൻ പൂർത്തീകരിക്കുമെന്ന് പ്രിൻസ് കാലായിൽ പറഞ്ഞു. കാനഡ ഒഐസി സി കമ്മിറ്റിയുടെ പ്രവർത്തനങ്ങൾക്കു കെപിസിസി പ്രസിഡന്റ് എല്ലാ ഭാവുകങ്ങളും ആശംസിച്ചു ചടങ്ങിൽ ഒഐസിസി ഓഫീസ് സെക്രട്ടറി കെ.ജി ബാബുരാജ്, കെപിസിസി ഓഫീസ് സെക്രട്ടറി ഉണ്ണിത്താൻ തുടങ്ങിയവർ പങ്കെടുത്തു.



# ഇന്ധന വില വർധിപ്പിച്ചതിനെ തുടർന്ന് സർക്കാരിനെ താഴെ ഇറക്കി കസാഖ് ജനത; അടിയന്തരാവസ്ഥ പ്രഖ്യാപിച്ചു

കസാഖിസ്ഥാനിൽ ബുധനാഴ്ച ദേശീയ അടിയന്തരാവസ്ഥ പ്രഖ്യാപിച്ചു. ഇന്ധന വില വർദ്ധനവിനെതിരെ തെരുവുകൾ കീഴടക്കിയ പ്രക്ഷോഭം ആക്രമണങ്ങളിലേക്ക് വഴിമാറിയതോടെയാണ് തീരുമാനം.സർക്കാർ ഓഫീസുകളും സർക്കാർ സ്ഥാപനങ്ങളും ആക്രമണത്തിന് ഇരയായി എന്നാണ് റിപ്പോർട്ടുകൾ. കസാഖിസ്ഥാൻറെ സാമ്ബത്തിക തലസ്ഥാനമായ അൽമറ്റിയിലും, തലസ്ഥാനമായ നൂർ സുൽത്താനിലും വൻ റാലികൾ നിരോധിച്ചതായി കസാഖി ദേശീയ ടെലിവിഷനെ ഉദ്ധരിച്ച് റഷ്യൻ വാർത്ത ഏജൻസി റിപ്പോർട്ട് ചെയ്യുന്നു.ഇന്ധന വില വർദ്ധനയ്ക്കെതിരെ ഇത്തരമൊരു അക്രമം തള്ളിക്കളയാനാകില്ലെന്നും അവകാശപ്പെട്ട കസാഖ് പ്രസിഡൻറ് കാസിം-ജോമാർട്ട് ടോകയേവ് എന്നാൽ അപകടകരമായ ആക്രമണം നേരിടാൻ വേണ്ട നടപടികൾ സ്വീകരിക്കാൻ നിർദേശിച്ചു. അൽമാട്ടി, പടിഞ്ഞാറൻ മാംഗിസ്റ്റോ പ്രവിശ്യ എന്നിവിടങ്ങളിൽ രണ്ട് ആഴ്ചത്തെ അടിയന്തരാവസ്ഥ പ്രഖ്യാപിച്ചെന്നാണ് റിപ്പോർട്ട്. കഴിഞ്ഞ ദിവസങ്ങളിൽ അതിരൂക്ഷമായ അക്രമത്തെ തുടർന്ന് 100 ഓളം പൊലീസുകാർക്ക് പരിക്കേറ്റു. ഇതേതുടർന്ന് ഇന്ന് കസാഖിസ്ഥാൻ പ്രസിഡൻറ് കാസിം-ജോമാർട്ട് ടോകയേവ് സർക്കാറിൻറെ രാജി സ്വീകരിച്ചതായി റോയിറ്റേഴ്സ് റിപ്പോർട്ട് ചെയ്തു. ഒടുവിൽ, രാജ്യത്തെ എണ്ണയ്ക്ക് വില കൂട്ടിയതിനെ തുടർന്ന് രാജിവച്ചൊഴിയുന്ന ഈ വർഷത്തെ ആദ്യ സർക്കാറായി കസാഖിസ്ഥാൻ ഭരണകൂടം.

# ഉക്രൈൻ അതിർത്തിയിൽ റഷ്യ നടത്തുന്ന സൈനിക നീക്കം അതീവ അപകടകരമെന്ന് പ്രതിരോധ സെക്രട്ടറിമാർ

**അമേരിക്ക:** ഉക്രൈൻ അതിർത്തിയിൽ റഷ്യ നടത്തുന്ന സൈനിക നീക്കം ലോകരാഷ്ട്രങ്ങളെ അസ്വസ്ഥരാക്കുന്നു. റഷ്യൻ നീക്കത്തിന്റെ ഗൗരവം കണക്കിൽ എടുത്ത് കൊണ്ട് യു.എസ്, യു.കെ പ്രതിരോധ സെക്രട്ടറിമാർ ചർച്ച നടത്തി.അമേരിക്കൻ പ്രതിരോധ സെക്രട്ടറി ലോയ്ഡ് ഓസ്റ്റിനും, ഇംഗ്ലണ്ടിൽ സമാന പദവി കൈയ്യാളുന്ന ബെൻ വാലസും തമ്മിലാണ് ഈ വിഷയത്തിൽ ചർച്ച നടത്തിയത്.ഉക്രൈനയിൽ റഷ്യ നടത്തുന്ന അധിനിവേശ ശ്രമം, യു.എസ് ബ്രിട്ടീഷ് താൽപര്യങ്ങൾക്കു വിരുദ്ധമാണ്.അതിലേറെ, അത് ഇരുരാജ്യങ്ങളുടെയും അഭിമാന പ്രശ്നമാണ്. 2024-ൽ, ലോകരാഷ്ട്രങ്ങൾ നോക്കി നിൽക്കവേയായിരുന്നു ഉക്രൈന്റെ ഭാഗമായ ക്രിമിയയെ ആക്രമിച്ചു കീഴടക്കി റഷ്യ തങ്ങളുടെ സാമ്രാജ്യത്തോട് ചേർത്തത്.



# ജോക്കോവിച്ചിന് എൻട്രിവിസ നിഷേധിച്ച്ഓസ്ട്രേലിയ, മെൽബൺ വിമാനത്താവളത്തിൽ തടഞ്ഞുവെച്ചു

**സിഡ്നി:** ടെന്നീസ് ലോക ഒന്നാം നമ്പർതാരം നോവാക്ക് ജോക്കോവിച്ചിന് എൻട്രിവിസ നിഷേധിച്ച് ഓസ്ട്രേലിയ. താരത്തെയും ടീമിനെയും മെൽബൺ വിമാനത്താവളത്തിൽ തടഞ്ഞുവെയ്ക്കുകയും തിരിച്ചയയ്ക്കുകയും ചെയ്തുവെന്നാണ് പുറത്തുവരുന്ന റിപ്പോർട്ടുകൾ. വാക്സിനേഷൻ ഒഴിവാക്കലിന് വേണ്ട നടപടികൾ താരം പാലിച്ചില്ലെന്നാണ് ആരോപണം. 2022 ലെ ഓസ്ട്രേലിയൻ ഓപ്പണിൽ എല്ലാവരും കോവിഡ് 19 നെതിരേ വാക്സിനേഷൻ എടുത്തിരിക്കണമെന്ന നിയമം ഓസ്ട്രേലിയ കർക്കശമാക്കിയിട്ടുണ്ട്. വാക്സിനേഷനോ അല്ലെങ്കിൽ രോഗമില്ലെന്ന രണ്ടു സ്വതന്ത്ര പാനൽ വിദഗ്ദ്ധരുടെ ആരോഗ്യനിർണയമോ വേണ്ടിവരും.താരത്തെ പുറത്താക്കിയ നടപടി ഓസ്ട്രേലിയയും സെർബിയയും തമ്മിലുള്ള പ്രശ്നമായി മാറിയിട്ടുണ്ട്. ഓസ്ട്രേലിയയ്ക്കെതിരെ പൊട്ടിത്തെറിച്ച് സെർബിയൻ പ്രസിഡന്റ് രംഗത്ത് വന്നിട്ടുണ്ട്. ലോകത്തെ ഏറ്റവും മികച്ച ടെന്നീസ് താരത്തിനെതിരേയുള്ള മോശം പെരുമാറ്റം ഉടൻ തന്നെ അവസാനിപ്പിക്കുമെന്നും സെർബിയയിലെ മുഴുവൻ പേരും ഒപ്പമുണ്ടെന്ന് ജോക്കോവിക്കിനെ ഫോണിൽ വിളിച്ചു പറയുകയും ചെയ്തതായി പ്രസിഡന്റ് അലക്സാണ്ടർ വുസിച്ച് ഇൻസ്റ്റാഗ്രാമിൽ കുറിച്ചു. താരത്തിന് രാജകീയ തിരിച്ചുവരവ് നൽകണമെന്ന് ജോക്കോവിച്ചിൻറെ പിതാവ് ആവശ്യപ്പെട്ടു. മകനെ നാലു മണിക്കൂറോളം മെൽബൺ വിമാനത്താവളത്തിൽ കുറ്റവാളിയെപോലെ തടഞ്ഞുവെച്ചെന്നും പിതാവ് ജാൻ ജോക്കോവിച്ചും പറഞ്ഞു. സെർബിയൻ മാധ്യമങ്ങളും വിഷയം ഏറ്റെടുത്തിരിക്കുകയാണ്. അതേസമയം മരണനിരക്ക് കുറയ്ക്കാനാണ് ഓസ്ട്രേലിയ അതിർത്തി നയത്തിന്റെ കാര്യത്തിൽ കർശന നിലപാട് എടുക്കുന്നതെന്നാണ് ഓസ്ട്രേലിയൻ പ്രധാനമന്ത്രി സ്കോട്ട് മോറിസൺ പറഞ്ഞത്.

EDITORS CHOICE







# കമ്മ്യൂണിസം പറഞ്ഞാൽ അമേരിക്കയിൽ ചികിത്സക്കുപോകാൻ പാടില്ലേ, കേസിൽ പ്രതിയാക്കപ്പെട്ട ഒരാൾക്ക് അഭിമുഖം കൊടുക്കാൻ പാടില്ലേ?

കൊച്ചി: മുഖ്യമന്ത്രി പിണറായി വിജയൻ വീണ്ടും അമേരിക്കയിൽ ചികിത്സയ്ക്ക് പോകുന്നു എന്ന വാർത്ത സോഷ്യൽ മീഡിയയിൽ വലിയ ചർച്ചയായിരുന്നു. മുതലാളിത്ത രാജ്യത്ത് കമ്യൂണിസ്റ്റ് നേതാവ് ചികിത തേടിപ്പോകുന്നതിനെ ഒരു വിഭാഗം ആളുകൾ വിമർശിച്ചിരുന്നു. ഇപ്പോൾ ഈ വിഷയത്തിൽ പ്രതികരണവുമായി രംഗത്ത് വന്നിരിക്കുകയാണ് നടൻ ഹരീഷ് പേരടി.

കമ്മ്യൂണിസം പറഞ്ഞു എന്ന ഒറ്റ കാരണം കൊണ്ട് ഒരാൾക്ക് അമേരിക്കയിൽചികിത്സയ്ക്ക് വേണ്ടി പോകാൻ പാടില്ലേയന്ന് ഹരീഷ് തന്റെ ഫേസ്ബുക്ക് പോസ്റ്റിൽ ചോദിക്കുന്നു. നദിയെ ആക്രമിച്ച കേസിൽ പ്രതിചേർക്കപ്പെട്ട നടൻ ദിലീപിനെതിരായ വിമർശനത്തിനെതിരെയും ഹരീഷ് പ്രതികരണവുമായി രംഗത്ത് വന്നു. കുറ്റവാളിയാണ് എന്ന് കോടതി പറയാത്ത കാലത്തോളം ഒരു കേസിൽ പ്രതിയാക്കപ്പെട്ട ഒരാൾക്ക് അഭിമുഖം കൊടുക്കാൻ പാടില്ലേ എന്നും ഹരീഷ് ചോദിക്കുന്നു. ഇതിനെയൊക്കെ വിമർശിക്കുന്നവരുടെ മാനസിക ആരോഗ്യനില പരിശോധിക്കണമെന്നും ഹരീഷ് കൂട്ടിച്ചേർത്തു.

**ഹരീഷ് പേരാടിയുടെ ഫേസ്ബുക്ക് പോസ്റ്റിന്റെ പൂർണ്ണരൂപം;**
കമ്മ്യൂണിസം പറഞ്ഞു എന്ന ഒറ്റ കാരണം കൊണ്ട് ഒരാൾക്ക് അമേരിക്കയിൽ ചികൽസക്കുവേണ്ടി പോകാൻ പാടില്ലെ?..കുറ്റവാളിയാണ് എന്ന് കോടതി പറയാത്ത കാലത്തോളം ഒരു കേസിൽ പ്രതിയാക്കപ്പെട്ട ഒരാൾക്ക് മനോരമയുടെ വനിതയിൽ അഭിമുഖം കൊടുക്കാൻ പാടില്ലെ?..സത്യത്തിൽ ഇതിനെയൊക്കെ വിമർശിക്കുന്നവരുടെ മാനസിക ആരോഗ്യമല്ലെ പരിശോധിക്കപെടെണ്ടത്?.

RNI No: KERMAL2018/76732. Printed, Published & Owned by K.K. Rajendran and printed at Oruma Printers & Publishers Ltd, Sree Sankara Industrial Estate, Chiyyaram P.O, Thrissur- 680026 Kerala, and published at Kayceekeyar Print and Visual Media Pvt. Ltd., Rohini Plaza, Masjid Road, Kokkalai, Thrissur - 680021,Kerala. Editor: K.K. Rajendran (Responsible for selection of news under PRB Act 1867), Executive Editor: K. R. Krishna Kumar. Phone: 0484-4865460. E-mail: centraldesknews@gmail.com Online & Epaper: www.keralapranamam.com